# അന്ത്യനാളിന്റെ അടയാളങ്ങൾ

## സൂറത്തുൽകഹ്ഫിൽ

•

بسم الله الرحمن الرحيم

# അന്ത്യനാളിന്റെ അടയാളങ്ങൾ

## സൂറത്തുൽ കഹ്ഫിൽ

•

ഹാറൂൻ യഹ്‌യ

വിവർത്തനം:
കാദർ ഫൈസി

വിചാരം
ബുക്സ്

ഐ.പി.എച്ച്. ടവർ
പോസ്റ്റോഫീസ് റോഡ്, തൃശൂർ-1
ഫോൺ: 0487-2426476, 9847367074, 9447201551

# വായനക്കാരോട്

●

**പ**രിണാമ സിദ്ധാന്തത്തിന്റെ തകർച്ചയെക്കുറിച്ചുള്ള ഒരു പ്രത്യേക അധ്യായം ഈ ഗ്രന്ഥത്തോടൊപ്പം ചേർത്തിട്ടുണ്ട്. എല്ലാതരം ആത്മീയവിരുദ്ധ തത്ത്വശാസ്ത്രങ്ങൾക്കും അടിത്തറയായി നിലകൊള്ളുന്ന പരിണാമ സിദ്ധാന്തം കഴിഞ്ഞ 140-ൽ പരം വർഷങ്ങളായി അല്ലാഹുവിനെയും അവന്റെ പ്രപഞ്ച സൃഷ്ടിയേയും നിഷേധിച്ചുകൊണ്ട്, ജനങ്ങളെ അവരുടെ വിശ്വാസത്തിൽനിന്ന് വ്യതിചിലിപ്പിക്കാനും, അവരിൽ സംശയങ്ങൾ ഉണ്ടാക്കാനും കാരണമായിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ സിദ്ധാന്തത്തിന്റെ വഞ്ചനകൾ തുറന്നുകാണിക്കുക എന്നത് പ്രധാനപ്പെട്ട ഒരു കടമയും അനുപേക്ഷണീയമായ ഒരു കർത്തവ്യവുമാണ്.

ഗ്രന്ഥകർത്താവിന്റെ എല്ലാ പുസ്തകങ്ങളും വിശ്വാസസംബന്ധമായ വിഷയങ്ങളെ വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ വിശദീകരിക്കുന്നവയാണ്. അവ അല്ലാഹുവിന്റെ സൂക്തങ്ങളെ ആധാരമാക്കി വായനക്കാരുടെ ഹൃദയത്തിൽ ഒരു സംശയത്തിനും ഇടവരുത്താത്ത രീതിയിൽ ആത്മാർഥമായും അനർഗളമായും ലളിതമായ ശൈലിയിൽ വിശദീകരിച്ചിരിക്കുന്നു. ഏതു പ്രായക്കാർക്കും, ഏതു സാമൂഹിക തുറയിലുള്ളവർക്കും ഇവ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്.

ഗ്രന്ഥകർത്താവിന്റെ എല്ലാ കൃതികളും വായനക്കാർക്ക് കൂട്ടായി ചർച്ച ചെയ്യാവുന്നതാണ്. വായനക്കാർ ഇതിൽനിന്നും കിട്ടുന്ന ആശയങ്ങൾ കൂട്ടായ് ചർച്ചക്ക് നീക്കിവെക്കുകയാണെങ്കിൽ അവർക്കത് വളരെ ഉപകാരപ്രദമാകും. ഈ കൃതിയിൽനിന്നു കിട്ടിയ ചിന്തകളും ആശയങ്ങളും ഗ്രന്ഥകർത്താവിന്റെ മറ്റു കൃതികളുമായി ബന്ധിപ്പിച്ചു പഠിക്കാവുന്നതുമാണ്.

# ഹാറൂൻ യഹ്‌യ

**ഹാ**റൂൻ യഹ്‌യ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന ഗ്രന്ഥകാരൻ 1950-ൽ തുർകിയിലെ അങ്കാറയിൽ ജനിച്ചു. ജന്മദേശത്തെ പ്രൈമറി, സെക്കന്ററി വിദ്യാഭ്യാസത്തിനുശേഷം മീമാർ സിനാൻ യൂണിവേഴ്സിറ്റിയിൽനിന്ന് കലയും സംഗീതവും തുടർന്ന് ഇസ്തംബൂൾ യൂണിവേഴ്സിറ്റിയിൽനിന്ന് തത്ത്വശാസ്ത്രവും അഭ്യസിച്ചു. 1980-കൾ മുതൽ രാഷ്ട്രീയവും ശാസ്ത്രീയവും വിശ്വാസപരവുമായ വിഷയങ്ങളെ സംബന്ധിച്ച് അനേകം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. പരിണാമവാദത്തിന്റെ കള്ളത്തരങ്ങൾ അനാവരണം ചെയ്യുന്ന ഒട്ടേറെ കൃതികളുടെ രചയിതാവ് എന്ന നിലക്കാണ് ഹാറൂൻ യഹ്‌യ പരക്കെ അറിയപ്പെടുന്നത്. അതിന്റെ അപ്രസക്തമായ അവകാശവാദങ്ങളെയും കമ്യൂണിസവും ഫാഷിസവും പോലുള്ള കപട പ്രത്യയശാസ്ത്രങ്ങളുമായുള്ള രഹസ്യബന്ധത്തെയും അദ്ദേഹം ഈ കൃതികളിൽ തുറന്നുകാട്ടുന്നു. തങ്ങളുടെ ജീവിതകാലത്ത് ദൈവനിഷേധത്തിനെതിരെ പൊരുതിയ രണ്ടു പ്രവാചകന്മാരുടെ ഹാറൂൻ(ആരോൺ), യഹ്‌യ(ജോൺ) എന്നീ പേരുകൾ കൂട്ടിച്ചേർത്തതാണ് ഹാറൂൻ യഹ്‌യ എന്ന തൂലികാനാമം. അദ്ദേഹത്തിന്റെ എല്ലാ കൃതികളും ലക്ഷ്യമാക്കുന്നത് ഖുർആന്റെ സന്ദേശങ്ങൾ വായനക്കാർക്ക് പകർന്നുകൊടുത്ത് അല്ലാഹുവിന്റെ ആസ്തിക്യത്തെയും ഏകത്വത്തെയുംപറ്റി അവരിൽ ജാഗ്രതയുണർത്തി, ദൈവനിഷേധത്തിന്റെ ദുർബലമായ അടിത്തറകളെയും മറ്റു പ്രത്യയശാസ്ത്രങ്ങളുടെ തെറ്റുകളെയും വെളിച്ചത്ത് കൊണ്ടുവരിക എന്നതാണ്. അനേകം രാജ്യങ്ങളിലായി ഈ കൃതികൾക്ക് വമ്പിച്ച വായനാവൃന്ദമുണ്ട്. അവയിൽ ഇന്ത്യ തൊട്ട് അമേരിക്കയും ഇംഗ്ലണ്ടും ഇന്തോനേഷ്യയും പോളണ്ടും ബോസ്നിയയും സ്പെയിനുമൊക്കെ ഉൾപ്പെടുന്നു. ഇംഗ്ലീഷിലും ഫ്രഞ്ചിലും ജർമനിലും, സ്പാനിഷിലും ഇറ്റാലിയനിലും പോർച്ചുഗീസിലും ഉർദുവിലും അറബിയിലും സെർബോക്രോട്ടിലുമൊക്കെയായി എണ്ണമറ്റ ഭാഷകളിൽ അദ്ദേഹത്തിന്റെ കൃതികൾ ഭാഷാന്തരം ചെയ്യപ്പെട്ടിട്ടുണ്ട്.

●

# ആമുഖം

●

**സ**ത്യവിശ്വാസിയുടെ ജീവിതത്തിനുവേണ്ട എല്ലാ മാർഗനിർദേശങ്ങളും ആജ്ഞകളും ഖുർആനിലുണ്ട്. അത് അന്ത്യദിനം വരെ നിലനിൽക്കുന്ന, അല്ലാഹുവിൽ നിന്നുള്ള വെളിപാടുകളുടെ ഗ്രന്ഥമാണ്. അതിന്റെ ദിവ്യാദ്ഭുതങ്ങളിൽ ഒന്ന് വിജ്ഞാനത്തിനും ശരിയായ മാർഗനിർദേശത്തിനും വേണ്ടി അത് അല്ലാഹുവിൽനിന്ന് ആദ്യമായി അവതരിപ്പിച്ചപ്പോഴുള്ള ജനങ്ങൾക്കു വേണ്ടി മാത്രമല്ല. സർവോപരി എല്ലാകാലത്തേക്കുമുള്ള ജനങ്ങൾക്കുവേണ്ടി അത് സംരക്ഷിക്കപ്പെട്ടിരിക്കുന്നു എന്നതാണ്.

പഴയ സമുദായങ്ങളെക്കുറിച്ചുള്ള അതിന്റെ പരാമർശങ്ങൾ വിവിധ അർഥതലങ്ങളിൽ മുഴുവൻ മനുഷ്യർക്കും മാർഗനിർദേശം നൽകുന്നു. പ്രവാചകന്മാരുടെ ജീവിതവിവരണങ്ങളിലൂടെയും, സമുദായങ്ങളോടുള്ള അവരുടെ ആഹ്വാനങ്ങളിലൂടെയും, അവരുടെ കർമാനുഷ്ഠാനങ്ങളിലൂടെയും വിശ്വാസികൾ പിന്തുടരേണ്ട ഉത്തമ മാതൃകകൾ വെളിവാക്കുന്നു. സർവോപരി, വിശ്വാസികൾ ചിന്തിക്കേണ്ട വിധം ഭാവികാലത്തെക്കുറിച്ചുള്ള അടയാളങ്ങളും നിഗൂഢ ദർശനങ്ങളും അതുൾക്കൊള്ളുന്നു. അത്തരത്തിലുള്ള ഖുർആനികാധ്യായമാണ് സൂറത്തുൽ കഹ്ഫ്.

ഇക്കാരണത്താൽത്തന്നെ ഹദീസിലും പിൽക്കാല പണ്ഡിതന്മാരുടെ രചനകളിലും സൂറത്തുൽ കഹ്ഫിനെ പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്.

സൂറത്തുൽ കഹ്ഫിന്റെ ഭാഗമായ ഗുഹാനിവാസികളും (അസ്ഹാബുൽ കഹ്ഫ്) ഗുഹയിലെ രഹസ്യ ലിഖിതങ്ങളും (അർറഖീം) മൂസാ(അ)ക്ക് ഖളി(അ)റിൽനിന്ന് കിട്ടിയ അറിവുകളും ദുൽഖർനൈനിനെക്കുറിച്ചുള്ള ഭാഗങ്ങളും അന്ത്യനാളിനെ സൂചിപ്പിക്കുന്ന ഒട്ടേറെ രഹസ്യങ്ങൾ വെളിവാക്കുന്നു.

ഒട്ടേറെ ഹദീസുകൾ അന്ത്യനാളിനെയും സൂറത്തുൽ കഹ്ഫിനെയും പരസ്പരം ബന്ധപ്പെടുത്തുന്നതായിട്ടുണ്ട്. അവയിൽ ചിലതാണ് താഴെ:

*നവാസിബ്നു സംആൻനിന്ന് നിവേദനം:*

*"നിങ്ങൾ ദജ്ജാലിനെ കണ്ടുമുട്ടുമ്പോൾ അവനെ അതിജീവിക്കാനായി സൂറത്തുൽ കഹ്ഫിലെ പ്രാരംഭ സൂക്തങ്ങൾ ഓതുക." (സ്വഹീഹു മുസ്‌ലിം)*

*അബൂഉമാമതിൽ ബാഹിലിയിൽനിന്ന് നിവേദനം:*

*"നിങ്ങളിലാരെങ്കിലും ദജ്ജാലിന്റെ 'നരക'ത്തിൽ അകപ്പെടാൻ പോകുന്ന നേരം സൂറത്തുൽ കഹ്ഫിലെ പ്രാരംഭ സൂക്തങ്ങൾ ഓതുകയും അല്ലാഹുവിലേക്ക് രക്ഷപ്പെടുകയും ചെയ്യുക. അത് നിങ്ങൾക്ക് സമാധാനം നൽകുകയും നിങ്ങളെ തണുപ്പിക്കുകയും ചെയ്യും. അഗ്നി ഇബ്രാഹീമിനു തണുപ്പും സൗഖ്യവുമായതുപോലെ. (ഇബ്നു ഖദീർ)*

മുഹമ്മദ് നബി(സ) സൂറത്തുൽ കഹ്ഫ് പാരായണം ചെയ്യുവാൻ ശുപാർശ ചെയ്തതിലുള്ള ഒരു പ്രധാന കാരണം, അത് അന്ത്യനാളിനെ സൂചിപ്പിക്കുന്ന വ്യക്തമായ അടയാളങ്ങൾ ഉൾക്കൊള്ളുന്നു എന്നതാണ്. തിന്മയെ ആവാഹിച്ച് ലോകം മുഴുവൻ വ്യാപിപ്പിക്കാൻ ആഗ്രഹിക്കുന്ന ദജ്ജാലിനെയും അവന്റെ മതവിരുദ്ധ പ്രവണതകളെയും പ്രതിരോധിക്കാനും അതിനെതിരെ പോരാടാനുമുള്ള ഒട്ടേറെ ലക്ഷണ യുക്തികൾ സൂറത്തുൽ കഹ്ഫിലുണ്ട്. അവയിൽനിന്ന് മുസ്‌ലിംകൾക്ക് പഠിക്കാൻ ഒട്ടേറെ പാഠങ്ങളുണ്ട്. അതുകൊണ്ടു തന്നെയാണ് മുഹമ്മദ് നബി(സ) ഇത് പാരായണം ചെയ്യാനും ഹൃദിസ്ഥമാക്കാനും നിർദേശിച്ചത്. നാമീ സൂറത്തിൽ ഉടനീളം കാണുന്നതുപോലെ, അവിശ്വാസികളുടെ ലോകത്തുള്ള ഗുഹാവാസികളുടെ അനുഭവവും മൂസാനബിക്ക് ഖളിറിൽനിന്ന് കിട്ടിയ പാഠങ്ങളും ദുൽഖർനൈനിന്റെ ലോകത്തിന്മേലുള്ള ആധിപത്യവും ഇസ്‌ലാമിക മൂല്യങ്ങളുടെ പ്രചാരത്തെ ശക്തമായി സ്ഥാപിക്കുന്നു എന്നത് തീർച്ചയായും മനനംചെയ്യാനുള്ള ഒരു വിഷയമാണ്.

ഈ സംഭവങ്ങൾക്കു പിന്നിലുള്ള കാരണങ്ങളെപ്പറ്റി ഞങ്ങൾ വിശദീകരിക്കുന്നത് അതിനെപ്പറ്റി കൂടുതൽ ചിന്തിക്കാനും മനനം നടത്താനും മാന്യവായനക്കാർക്ക് അവസരം നൽകും.

സൂറത്തുൽ കഹ്ഫ് വെളിവാക്കുന്ന ആധുനിക ലോകത്തെ അടയാളങ്ങളെപ്പറ്റിയുള്ള ഉൾക്കാഴ്ച കിട്ടാനും പ്രവാചകന്റെ ഉപദേശങ്ങളെ





അപ്രകാരം പിന്തുടരാനും അവർക്ക് കഴിയും. സൂക്ഷ്മതയുള്ള വായന ഈ സൂറത്ത് അന്ത്യനാളിനെ വഹിക്കുന്നുവെന്നും അവസാനനാളുകളിൽ ദൈവനിഷേധവും ജടിലവിശ്വാസങ്ങളും വർധിക്കുമെന്നും അവയെ നശിപ്പിക്കാൻ അല്ലാഹു സത്യത്തെ ഭൂമിയിലേക്ക് നിയോഗിക്കുമെന്നും സംശയലേശമന്യേ മനസ്സിലാക്കും.

അല്ലാഹുവിന്റെ ഇച്ഛ പോലെ അന്ത്യനാൾ ആഗതമായിക്കഴിഞ്ഞു. അത് ജനങ്ങൾക്ക് അത്യധികം സംഘർഷപൂരിതമായ നാളുകളാണ്. അവർ ഈ വസ്തുതയെപ്പറ്റി മനസ്സിരുത്തി ചിന്തിക്കേണ്ടതുണ്ട്. എല്ലാ മുസ്‌ലിംകളും സൂറത്തുൽ കഹ്ഫ് പാരായണം ചെയ്യുകയും അതോടൊപ്പം അത് ശ്രദ്ധാപൂർവം മനനം ചെയ്യുകയും വേണം. ആ വചനങ്ങൾ വിശ്വാസികൾ ഹൃദയത്തിൽ കൊണ്ടുനടക്കണം. അതിലെ ഓരോ സൂക്തവും ഖുർആനിലെ മറ്റു അധ്യായങ്ങളിലെ സൂക്തങ്ങൾകൊണ്ട് അപഗ്രഥിച്ച് മനസ്സിലാക്കുകയും വേണം.

‘അല്ലാഹുവിനു സ്തുതി. അവൻ തന്റെ ദാസന് ഈ വേദം ഇറക്കിക്കൊടുത്തു. അതിൽ യാതൊരു വക്രതയും വെച്ചിട്ടില്ല.’ (അൽകഹ്ഫ്: 1)

**ഈ** ആദ്യ സൂക്തം അല്ലാഹുവിന് കൃതജ്ഞ പ്രകടിപ്പിക്കേണ്ടതിന്റെ പ്രാധാന്യത്തെ എടുത്തുപറയുന്നു. എന്തെന്നാൽ അല്ലാഹു മനുഷ്യവർഗത്തിന്റെ നിലനിൽപ്പിനാവശ്യമായ എല്ലാം പ്രദാനം ചെയ്തിരിക്കുന്നു. ഭൂമിയിൽ ജീവിക്കാൻ ഉതകുംവിധമുള്ള ശരീരവും, ജീവിതം തുടരാൻ അനുയോജ്യമായ പരിസ്ഥിതി സന്തുലിതത്വവും, പ്രപഞ്ചത്തിന്റെ സുസ്ഥിരതയും, ആഹാരവും ജലവുമെല്ലാം. സാധാരണ പരികൽപനകൾകൊണ്ട് എണ്ണി തിട്ടപ്പെടുത്താൻ കഴിയാത്തവിധം അവ അനന്തമാണ്, അപരിമേയമാണ്. ഈ സത്യം ഇപ്രകാരം നാം ഖുർആനിൽ ദർശിക്കുന്നു:

> **അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിങ്ങൾ എണ്ണി തിട്ടപ്പെടുത്താൻ ശ്രമിക്കുകയാണെങ്കിൽ നിങ്ങൾക്കൊരിക്കലും അത് സാധ്യമല്ല. അല്ലാഹു വളരെ മാപ്പരുളുന്നവനും ദയാലുവുമാകുന്നു. (അന്നഹ്ൽ: 18)**

ഈ അനുഗ്രഹങ്ങളെല്ലാം നൽകിയത് മനുഷ്യവംശത്തെ പരീക്ഷിക്കാനാണെന്ന് ഓർത്തുകൊണ്ട് അല്ലാഹുവിനോട് കൃതജ്ഞത പുലർത്തുക എന്നതാണ് വിശ്വാസിക്കുണ്ടാവേണ്ട സവിശേഷ സ്വഭാവം. സൂറത്തുന്നിസാ ഇലെ 147-ാം വാക്യം* പ്രസ്താവിക്കുന്നത് അല്ലാഹു എപ്പോഴും തന്നോടുള്ള കൃതജ്ഞതക്ക് പ്രതിഫലം നൽകുന്നു എന്നതാണ്. ഒട്ടേറെ ജനങ്ങൾ

* “അല്ലാഹുവിന് നിങ്ങളെ വെറുതെ പീഡിപ്പിച്ചിട്ടെന്തുകാര്യം; നിങ്ങൾ നന്ദിയുള്ളവരാവുകയും വിശ്വാസത്തിന്റെ മാർഗത്തിൽ ചരിക്കുകയുമാണെങ്കിൽ? അല്ലാഹു വളരെ നന്ദിയുള്ളവനാകുന്നു. സകലരുടെയും അവസ്ഥകളറിയുന്നവനുമാകുന്നു.”

തങ്ങൾക്കു കിട്ടിയ ഈ അനുഗ്രഹത്തിന് നന്ദികേടും പ്രകടിപ്പിക്കുന്നുണ്ട്. സുലൈമാൻ നബിയെ ഖുർആൻ ഉദ്ധരിക്കുന്നത് ശ്രദ്ധിക്കുക:

**ഇത് എന്റെ റബ്ബിന്റെ ഔദാര്യമാണ്; ഞാൻ നന്ദി കാണിക്കുന്നുവോ അതല്ല കൃതജ്ഞത കാട്ടുന്നുവോ എന്നു പരീക്ഷിക്കുന്നതിന്. നന്ദി പ്രയോജനപ്പെടുന്നത് അത് പ്രകടിപ്പിച്ചവനുതന്നെയാണ്. വല്ലവരും നന്ദികെട്ടവരാണെങ്കിൽത്തന്നെ എന്റെ റബ്ബ് സ്വയംപര്യാപ്തനും തന്നിൽത്തന്നെ മഹാനുമാണ്. (അന്നംല്: 40)**

അവസാനനാളുകളിൽ അധിക ജനങ്ങളും എമ്പാടും അല്ലാഹുവിനോടുള്ള കൃതജ്ഞതയിൽനിന്ന് ഒഴിഞ്ഞുമാറുന്നു. അവർക്കുള്ളതെല്ലാം അല്ലാഹു നൽകിയതാണെന്ന യാഥാർഥ്യത്തെ മറന്ന്, ഭൗതിക ജീവിതത്തിൽ മുഴുകി അവരുടെ സമ്പത്തും പദവിയുമൊക്കെ അവരുടെ സ്വന്തം പരിശ്രമത്തിന്റെയും ബുദ്ധിയുടെയും ഫലമാണെന്ന് കരുതുന്നു. ഈ കൃതഘ്നതയെ അല്ലാഹു ഇവിടെ വ്യക്തമായി അനാവരണം ചെയ്യുന്നു:

**നിങ്ങൾ ആവശ്യപ്പെട്ടതൊക്കെ അവൻ നിങ്ങൾക്ക് നൽകിയിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങൾക്ക് എണ്ണികണക്കാക്കാനാകില്ല. തീർച്ചയായും മനുഷ്യൻ കടുത്ത അക്രമിയും നന്ദികെട്ടവനും തന്നെ. (ഇബ്റാഹീം: 34)**

**നിങ്ങൾക്ക് ലഭിക്കുന്ന ഏതൊരനുഗ്രഹവും അല്ലാഹുവിൽനിന്നാകുന്നു. നിങ്ങൾക്ക് ഏതെങ്കിലും ഒരു ദുഷ്കാലം വന്നിട്ടുണ്ടെങ്കിൽ സഹായം അഭ്യർഥിക്കുന്നതും അവനോടുതന്നെ. എന്നാൽ അല്ലാഹു ആ ദുഷ്കാലത്തെ നിങ്ങളിൽനിന്നു നീക്കിക്കളഞ്ഞാൽ നിങ്ങളിലൊരു വിഭാഗം അല്ലാഹുവിനൊപ്പം ഇതരന്മാരെയും പങ്കാളികളാക്കുന്നു. അല്ലാഹുവിന്റെ ഔദാര്യത്തിന് കൃതഘ്നത കാണിക്കുന്നതിനത്രെ അത്. ശരി, നിങ്ങൾ സുഖിച്ചു കൊള്ളുവിൻ, അധികം താമസിയാതെ നിങ്ങൾ അറിയുന്നുണ്ട്. (അന്നഹ്ൽ: 53-55)**

ഇവിടെ പരാമർശിക്കുംപോലെ അല്ലാഹു മാത്രമാണ് വേണ്ടതെല്ലാം നൽകിയിരിക്കുന്നതെന്ന സത്യത്തെ ജനങ്ങൾ വ്യക്തമായി മനസ്സിലാക്കാതിരിക്കുകയും അവനൊപ്പം മറ്റു പങ്കാളികളെ ചേർത്തു ഈ സത്യത്തെ കളങ്കപ്പെടുത്തുകയും ചെയ്യുന്നു പിശാച് ഈ കുതന്ത്രം ഉപയോഗിച്ചുകൊണ്ട് അല്ലാഹുവിന് നൽകേണ്ട കൃതജ്ഞതയിൽനിന്ന് ജനങ്ങളെ വഴിതെറ്റിക്കാൻ ശ്രമിക്കുന്നു. അവർ അപ്രകാരം സത്യത്തെ നിഷേധിച്ച് തെറ്റായ പാതയിലേക്ക് വീണുപോവുന്നു. സാത്താന്റെ ഈ ഹീനമായ കുതന്ത്രത്തെയും അവന്റെ ആഗ്രഹത്തെയും ഖുർആൻ ഇങ്ങനെ വിവരിക്കുന്നു.

**ഇബ്‌ലീസ് പറഞ്ഞു: മുന്നിൽനിന്നും പിന്നിൽനിന്നും ഇടത്തു**





**നിന്നും വലത്തുനിന്നും എല്ലാ ഭാഗത്തുനിന്നും ഞാനവരെ വലയംചെയ്യും. അവരിലധിക പേരും നിന്നോട് നന്ദിയുള്ളവരായി നീ കണ്ടെത്തുകയില്ല. അല്ലാഹു അരുൾ ചെയ്തു: നീചനും ആട്ടിയോടിക്കപ്പെട്ടവനുമായി നീ ഇവിടെനിന്ന് പുറത്തുപോവുക. നിന്നെ പിന്തുടരുന്നവരെയെല്ലാം ഞാൻ നരകത്തിൽ നിറക്കുന്നതായിരിക്കും. (അൽഅഅ്റാഫ്)**



സ്വാഭാവികമായും ജനങ്ങളുടെ നന്ദികേടിന് ഈ ലോകത്തുതന്നെ അവർക്ക് പരിണത ഫലവുമുണ്ട്. നമുക്കു ചുറ്റുമുള്ള ലോകത്തെ ദാരിദ്ര്യത്തിന്റെയും ക്ഷാമത്തിന്റെയും നഷ്ടങ്ങളുടെയും, ആത്മീയ ദുര്യോഗങ്ങളുടെയും കാരണങ്ങളുടെ അടിത്തട്ടിൽ ജനങ്ങളുടെ ഈ നന്ദിക്കേടും അവഗണയും തന്നെയാണുള്ളത്. കൃതജ്ഞത നമ്മെ അനുഗ്രഹത്തിലേക്കും, ശാന്തിയിലേക്കും സുസ്ഥിരതയിലേക്കും നയിക്കുമ്പോൾ നന്ദിക്കേട് കടുത്ത ദുഃഖത്തിലേക്കു മാത്രം നയിക്കുന്നു. അല്ലാഹു വ്യക്തമാകുന്നു:

**നിങ്ങളുടെ റബ്ബ് മുന്നറിയിപ്പ് നൽകിയത് ഓർക്കുക: നിങ്ങൾ നന്ദിയുള്ളവരാണെങ്കിൽ തീർച്ചയായും ഞാൻ നിങ്ങളെ കൂടുതൽ അനുഗ്രഹിക്കും കൃതഘ്നരാവുകയാണെങ്കിലോ എന്റെ ദണ്ഡനം അതികഠിനം തന്നെ. (ഇബ്റാഹീം:7)**

അല്ലാഹുവിനോട് നന്ദി കാണിക്കാത്തവർക്ക് കടുത്ത ശിക്ഷയാണുള്ളത്. ഈ ലോകത്തിലും പരലോകത്തിലും അവക്ക് ദുഃഖം മാത്രമാണ്.

പഴയ കാല ചരിത്രാനുഭവങ്ങൾക്ക് നമ്മെ ഒരുപാട് അർഥവത്തായ കാര്യങ്ങൾ പഠിപ്പിക്കാൻ കഴിയും. 20-ാം നൂറ്റാണ്ടിൽ കമ്യൂണിസത്തിന്റെയും ഫാസിസത്തിന്റെയും തത്ത്വങ്ങൾ പിന്തുടരുന്ന മതവിരുദ്ധപക്ഷക്കാരാണ് ലോകം ഭരിക്കുന്നത്. അവർ മറ്റു പല ആകർഷണീയ വസ്തുതകൾ ചൂണ്ടി

ക്കാട്ടി യഥാർഥ മതത്തിന്റെ നന്മകളിൽനിന്ന് ജനങ്ങളെനിന്ന് അകറ്റുന്നു. അവരുടെ അനുയായികൾ അല്ലാഹുവിനെ നിഷേധിക്കുകയും അവനോട് കാട്ടേണ്ട കൃതജ്ഞതയെ നിരസിക്കുകയും ചെയ്യുന്നതുകൊണ്ട് നീണ്ട ഒരുപാട് വർഷങ്ങളായി നമുക്ക് വൻദുരന്തങ്ങളെ അഭിമുഖീകരിക്കേണ്ടിവരുന്നു. നന്ദിക്കേടിന് മറുപടിയായി അല്ലാഹു തന്റെ ചില അനുഗ്രഹങ്ങളെ മനുഷ്യരിൽനിന്ന് തടഞ്ഞുവെക്കുന്നു. ഈ നന്ദികേടിനുള്ള പ്രതികരണം ഖുർആൻ വെളിവാക്കുന്നു.

**അല്ലാഹു ഒരു പട്ടണത്തിന്റെ ഉദാഹരണം നൽകുന്നു. അത് നിർഭയമായും സമാധാനപരമായും ജീവിതം നയിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിന് നാനാ ദിക്കുകളിൽനിന്നും വിഭവങ്ങൾ എത്തിക്കൊണ്ടിരുന്നു.എന്നിട്ടും അല്ലാഹുവിനു നേരെ അത് നന്ദികേട് കാണിച്ചു. അപ്പോൾ അല്ലാഹു വിശപ്പും ഭീതിയുമാകുന്ന വിപത്തുകൾകൊണ്ട് അവരെ ആവരണം ചെയ്തു. (അന്നഹ്ൽ: 112)**

ഈ നൂറ്റാണ്ടിൽ നാം കാണുന്ന ക്ഷാമത്തിന്റെയും ദാരിദ്ര്യത്തിന്റെയും അമിത ഭയത്തിന്റെയും യഥാർഥ കാരണം ജനങ്ങളുടെ അല്ലാഹുവിനോടുള്ള നന്ദിക്കേടാണ് ഇത്തരം ജനത്തിന് അതി കഠിനമായ ശിക്ഷയുണ്ടെന്ന് ഖുർആൻ വീണ്ടും വെളിവാക്കുന്നു:

**നന്ദികേട് കാണിച്ചതിന് നാം അവർക്ക് നൽകിയ പ്രതിഫലം. നന്ദികെട്ടവർക്കല്ലാതെ നാം ഇത്തരം പ്രതിഫലം നൽകുമോ? (സബഅ്:17)**

‘തികച്ചും ഋജുവായ വേദമാണിത്; അല്ലാഹുവിന്റെ കൊടിയ ശിക്ഷയെ പറ്റി താക്കീതു ചെയ്യുന്നതിനും, സൽക്കർമങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് ഉത്തമമായ പ്രതിഫലമുണ്ടെന്ന ശുഭവാർത്ത അറിയിക്കുന്നതിനും.’
(അൽകഹ്ഫ്: 2)

**ഈ** സൂക്തം ഖുർആന്റെ പ്രാധാന്യത്തെയും അത് സത്യഗ്രന്ഥമാണന്നതിനെയും എടുത്തുപറയുന്നു. പരലോക ജീവിതത്തെ പറ്റി ഓർമിപ്പിച്ചുകൊണ്ട് ഖുർആൻ മനുഷ്യർക്ക് മാർഗനിർദേശം നൽകുകയും സത്യപാ





തയെ കാട്ടിത്തരികയും ചെയ്യുന്നു. അല്ലാഹുവിന്റെ തൃപ്തിയും കരുണയും സ്വർഗവും ലഭ്യമാക്കുന്ന ഒരേയൊരു പാത കാട്ടിത്തരുന്നവയാണ് ഈ വെളിപാടുകൾ. ശരിതെറ്റുകളെ വേർതിരിച്ചു മനസ്സിലാക്കാനുള്ള ഒരേയൊരു അളവുകോലാണത്.

സൂറത്തുൽ ബഖറ 120-ൽ പരാമർശിക്കുംപോലെ അല്ലാഹുവിന്റെ മാർഗദർശനമാണ് സത്യമായ മാർഗദർശനം. ഈ മാർഗനിർദേശത്തെ വിശ്വാസികൾ മുറുകെപിടിക്കണമെന്ന് ഖുർആൻ ആവശ്യപ്പെടുന്നു:

**ദിവ്യബോധനം വഴി നിങ്ങളിലേക്കയച്ചുകൊണ്ടിരിക്കുന്ന വേദത്തെ മുറുകെപ്പിടിക്കുക. നിശ്ചയമായും നീ നേർമാർഗത്തിലാകുന്നു. ഈ വേദം നിനക്കും നിന്റെ ജനത്തിനും ഗംഭീരമായ ഒരു യശസ്സാകുന്നു. അടുത്തുതന്നെ നിങ്ങളതിന് സമാധാനം ബോധിപ്പിക്കേണ്ടതുണ്ട്. (അസ്സുഖ്റുഫ്: 43,44)**

അൽകഹ്ഫിലെ രണ്ടാംവാക്യം അല്ലാഹുവിന്റെ വെളിപാടുകളെ അനുസരിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി പറയുന്നു. ജീവിതകാലം മുഴുവൻ എല്ലാ വിശ്വാസികൾക്കും അവന്റെ നിരോധങ്ങളും, ഉത്തരവുകളും ശുപാർശകളും അനുസരിക്കേണ്ട ബാധ്യതയുണ്ട്. ഏതു പ്രതിസന്ധിയിലും സമ്മർദത്തിലും അവരതിനെക്കുറിച്ച് അലസരാകുകയോ, അനുപോകുകയോ ചെയ്യരുത്. ഏതൊരു പരിതഃസ്ഥിതിയിലും അവർ സൂക്ഷ്മതയുള്ളവരും ശുഷ്കാന്തിയുള്ളവരും ദൃഢനിശ്ചയം പുലർത്തുന്നവരും ആകണം.

ഈ സൂക്തം ധാർമിക ബാധ്യതകൾ അനുഷ്ഠിക്കേണ്ടതിന്റെ ഗൗരവത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. അല്ലാഹു എല്ലായ്പ്പോഴും ഏറ്റവും പ്രധാനപ്പെട്ട ഈ ധാർമിക ബാധ്യതയെക്കുറിച്ച് നമ്മെ ഓർമിപ്പിക്കുകയും നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യണമെന്ന് ഊന്നിപ്പറയുകയും ചെയ്യുന്നു. ആരാധനക്കൊപ്പം തന്നെ ഇവയും പരിപാലിക്കണമെന്ന് നിർദേശിക്കുകയും താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുന്നവർക്ക് മോചനത്തിന്റെ സദ്വാർത്ത അറിയിക്കുകയും ചെയ്യുന്നു:

**പശ്ചാത്തപിച്ചു മടങ്ങുന്നവർ, അല്ലാഹുവിനെ കീഴ്വണങ്ങിക്കൊണ്ടിരിക്കുന്നവർ, അവന്റെ സ്തുതികൾ സങ്കീർത്തനം ചെയ്യുന്നവർ, വ്രതമനുഷ്ഠിക്കുന്നവർ, നമിക്കുകയും സാഷ്ടാംഗം പ്രണമിക്കുകയും ചെയ്യുന്നവർ, നന്മകൽപിക്കുകയും തിന്മ വിലക്കുകയും ചെയ്യുന്നവർ, അല്ലാഹുവിന്റെ നിയമപരിധികൾ പാലിക്കുന്നവർ- ഇവരെല്ലാമാണവർ. പ്രവാചകൻ, സത്യവിശ്വാസികളെ ശുഭവാർത്ത അറിയിക്കുക. (അത്തൗബ: 112)**

മറ്റെല്ലാറ്റിനെക്കാളും ഈ കാര്യങ്ങൾക്ക് ഉത്തമ മാതൃകയായിരുന്നത് പ്രവാചകന്മാരാണ് -അല്ലാഹു തന്റെ ദൂതന്മാരിലൂടെ ഈ ഉദാത്തമായ

ധാർമിക ബാധ്യതകൾ പൂർത്തീകരിക്കാൻ ആഗ്രഹിക്കുകയും അവരിലൂടെ അവരുടെ ജനതകളെസത്യമാർഗത്തിലേക്ക് ക്ഷണിച്ചുകൊണ്ട് വ്യത്യസ്ത വഴികൾ നിർദേശിക്കുകയും ചെയ്തു. ഇപ്രകാരം നരകത്തെക്കുറിച്ചും, അവിടത്തെ നിത്യമായ കഷ്ടതകളെയും സഹനത്തെയും കുറിച്ചും അവരിലൂടെ മുന്നറിയിപ്പ് കൊടുക്കുകയും ചെയ്തു:

**ആകയാൽ കത്തിക്കാളുന്ന അഗ്നിയെക്കുറിച്ച് ഞാൻ നിങ്ങളെ താക്കീത് ചെയ്തിരിക്കുന്നു. തള്ളിപ്പറയുകയും പിന്തിരിഞ്ഞുപോവുകയും ചെയ്ത പരമ ഹീനരല്ലാതെ അതിൽ വെന്തെരിയുകയില്ല. (അല്ലൈൽ: 14,15)**

സൂറത്തുൽ കഹ്ഫിലെ രണ്ടാം വാക്യം സൽക്കർമങ്ങളുടെ പ്രാധാന്യത്തെ എടുത്തുപറയുന്നു. അല്ലാഹുവിന്റെ പ്രീതിയും അനുഗ്രഹവും സമ്പാദിച്ചു തരുന്നത് സത്യസന്ധമായ ഹൃദയത്തോടെ ചെയ്യുന്ന സൽക്കർമങ്ങളാണ് ഈ സന്ദേശം പ്രസ്താവ്യമാകുന്നത് നോക്കുക:

**ആരെങ്കിലും അന്തസ്സ് ആഗ്രഹിക്കുന്നുവെങ്കിൽ അറിയുക: അന്തസ്സൊക്കെയും അല്ലാഹുവിന്റെ അധീനതയിലാണ്. നല്ല വാക്കുകൾ കയറിപ്പോകുന്നത് അവങ്കലേക്കാണ്. സൽപ്രവൃത്തികളെ അവൻ സമുന്നതമാക്കുന്നു. എന്നാൽ കുടിലമായ കുതന്ത്രങ്ങൾ കാണിക്കുന്നവർക്ക് കഠിന ശിക്ഷയുണ്ട്. അവരുടെ കുതന്ത്രം തകരുകതന്നെ ചെയ്യും. (അൽഫാത്വിർ: 10)**

മറ്റനേകം സൂക്തങ്ങളിലും നമ്മുടെ രക്ഷിതാവ് സൽക്കർമങ്ങളുടെ പ്രാധാന്യത്തെ എടുത്തുപറയുകയും അവർക്ക് തക്കതായ പ്രതിഫലം അവനിൽ നിന്നാണെന്ന വസ്തുത അറിയിക്കുകയും ചെയ്യുന്നു. അവയിൽ ചിലതാണ് താഴെ.

**സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്നവരെ ശുഭവാർത്ത അറിയിക്കുക. അവർക്ക് താഴ്ഭാഗങ്ങളിലൂടെ അരുവികളൊഴുകുന്ന സ്വർഗീയാരാമങ്ങളുണ്ട്. അതിലെ കനികൾ ആഹാരമായി ലഭിക്കുമ്പോഴൊക്കെ അവർ പറയും: ഞങ്ങൾക്ക് നേരത്തേ നൽകിയതു തന്നെയാണല്ലോ ഇതും. സത്യമോ, സമാനതയുള്ളത് അവർക്ക് സമ്മാനിക്കപ്പെടുകയാണ്. അവർക്കവിടെ വിശുദ്ധരായ ഇണകളുണ്ട്. അവരവിടെ സ്ഥിരവാസികളായിരിക്കും. (അൽബഖറ:25)**

**ഈ ദൈവദൂതനിൽ വിശ്വസിച്ചവരോ, യഹൂദരോ, ക്രൈസ്തവരോ, സാബിഉകളോ ആരുമാവട്ടെ, അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് അവരുടെ നാഥന്റെ അടുക്കൽ അർഹമായ പ്രതിഫലമുണ്ട്. അവർ ഭയപ്പെടേണ്ടതില്ല. ദുഃഖിക്കേണ്ടതുമില്ല. (അൽബഖറ: 62)**





**എന്നാൽ സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും തങ്ങളുടെ നാഥനിലേക്ക് വിനയത്തോടെ തിരിച്ചുചെല്ലുകയും ചെയ്തവരാണ് സ്വർഗാവകാശികൾ. അവരവിടെ സ്ഥിരവാസികളായിരിക്കും. (ഹൂദ്: 23)**

സൂറത്തുൽ കഹ്ഫിലെ രണ്ടാം വാക്യം വിശ്വാസികൾക്ക് സ്വർഗമുണ്ടെന്ന സദ് വാർത്തയുടെ മറ്റൊരു സുപ്രധാന വശം വിശദമാക്കുന്നു. ഇതുമായി ബന്ധപ്പെട്ട പ്രവാചകന്റെ മറ്റനേകം വചനങ്ങൾ കൂടിയുണ്ട്. വിശ്വാസികളുടെ ഇഹലോകത്തിലെ എല്ലാ പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ദുരിതങ്ങളും താൽക്കാലികമാണെന്നും, അല്ലാഹുവിന്റെ സഹായവും, അനുഗ്രഹവും, കാരുണ്യവും അവർക്കൊപ്പം എപ്പോഴുമുണ്ടാകുമെന്നും പറയപ്പെട്ടിരിക്കുന്നു. ഇഹലോകത്തിനു ശേഷമുള്ള അനുഗ്രഹങ്ങളെ പറ്റിയുള്ള ബോധം അവന്റെ ആഗ്രഹങ്ങളെയും പരിശ്രമങ്ങളെയും മുന്നോട്ടു നയിക്കും. താഴെ പറയും പോലെ:

**നാം ഈ വചനങ്ങളെ നിന്റെ ഭാഷയിൽ വളരെ ലളിതവും സരളവുമാക്കിയിരിക്കുന്നു. നീ ഭക്തജനങ്ങളെ ശുഭവാർത്ത അറിയിക്കാനാണിത്; അവിശ്വാസികളെ താക്കീത് ചെയ്യുവാനും. (മർയം: 97)**

സൂറത്തുൽ കഹ്ഫിലെ 2-ാം വാക്യം അന്ത്യകാലത്തോ, അന്ത്യകാലത്തിനടുത്തായോ ജീവിക്കുന്ന മുസ്‌ലിംകൾ പുലർത്തേണ്ട അതിപ്രധാനമായ കാര്യങ്ങളെപ്പറ്റി പറയുന്നു. ഈ സൂക്തത്തിൽ പ്രസ്താവിക്കും പോലെ ഖുർആൻ അവർ എത്രയും വേഗം മുറുകെപ്പിടിക്കുകയും അതിനെ മതവിരുദ്ധ പ്രത്യയശാസ്ത്രങ്ങളുടെ പൈശാചികത്വത്തിൽനിന്ന് സംരക്ഷിക്കുകയും വേണം. അന്ത്യകാലത്തു ജീവിക്കുന്ന ശേഷിച്ച ഈ മുസ്‌ലിംകൾ ഖുർആന്റെ മാർഗനിർദേശത്താൽ സൽക്കർമങ്ങൾ അനുഷ്ഠിക്കുകയും മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുകയും വേണം. അല്ലാഹുവിന്റെ നിയമങ്ങളെ ഒട്ടുംതന്നെ അടിയറവെക്കാതെ അവർക്ക് സ്വർഗത്തിന്റെ സദ്‌വാർത്ത അറിയിക്കുന്നതിനൊപ്പം നരകത്തിലെ നിത്യശിക്ഷയെക്കുറിച്ച് താക്കീത് നൽകുകയും വേണം.

'അത് (പ്രതിഫലം) അനുഭവിച്ചുകൊണ്ട്
അവർ അതിൽ എന്നെന്നും
കഴിഞ്ഞുകൂടുന്നതായിരിക്കും.'
(അൽകഹ്ഫ്: 3)

**അ**ല്ലാഹുവിന്റെ അസ്തിത്വത്തെയും സ്വർഗ-നരകങ്ങളുടെ സാമീപ്യ ത്തെയും ചിലയാളുകൾ നിഷേധിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം ഇല്ലായ്മയിലേക്കുള്ള പ്രവേശനം മാത്രമാണ് മരണം. വിധിദിനമെന്നൊന്ന് അവർക്കില്ല. ചിലർ നരകത്തിൽ വിശ്വസിക്കുന്നുവെങ്കിലും അതിന്റെ ദുരി തങ്ങൾ കുറച്ചു ദിനങ്ങൾ കഴിഞ്ഞാൽ അവസാനിക്കുമെന്ന് വിചാരിക്കുന്നു. ഈ കാഴ്ചപ്പാട് പ്രകാരം, പാപത്തിന്റെ പ്രായശ്ചിത്തമായി ചിലനാളുകൾ നരകത്തിൽ കഴിഞ്ഞ് പിന്നെ, സ്വർഗത്തിൽ പ്രവേശിക്കും. എന്നാൽ, ഇത്തരം ക്ഷണിക ശിക്ഷയെക്കുറിച്ച് ഖുർആൻ പറയുന്നില്ല. അല്ലാഹു പറയുന്നതി ങ്ങനെ:

> **എണ്ണപ്പെട്ട ഏതാനും ദിവസം മാത്രമേ നരകാഗ്നി ഞങ്ങളെ സ്പർശിക്കുകയുള്ളൂവെന്ന് അവർ പറഞ്ഞുകൊണ്ടിരുന്ന കാര ണത്താലാണ് അവരങ്ങനെയായത്. അവർ കെട്ടിച്ചമച്ചുണ്ടാക്കി യ വാദങ്ങൾ മതകാര്യത്തിൽ അവരെ വഞ്ചിതരാക്കിക്കളഞ്ഞു. (ആലുഇംറാൻ: 24)**

അൽകഹ്ഫിലെ ഈ മൂന്നാം സൂക്തം നരകത്തെക്കുറിച്ച് തെറ്റിദ്ധരി ക്കുന്നതിനെ വിശദീകരിക്കുന്നു. ഇത്തരം അവിശ്വാസികൾക്കുള്ള ശാശ്വത വാസകേന്ദ്രമാണതെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു. ഭൗതിക ജീവിത ത്തിൽ ആമഗ്നമായതിനാൽ അല്ലാഹുവിനെ വിസ്മരിക്കുകയും, അവന്റെ ദൂതന്റെ സന്മാർഗം പിന്തുടരാതിരിക്കുകയും ചെയ്യുന്നവർക്ക്, ദൈവേച്ഛ ഇല്ലെ ങ്കിൽ, നരകത്തിൽ ശാശ്വത വാസമായിരിക്കും ഉണ്ടാകുക. അത് അവന്റെ നീതിയത്രെ. അവിശ്വാസികൾ നരകത്തിലും തങ്ങളുടെ ധിക്കാരം തുടരു മെന്നും ഖുർആൻ വ്യക്തമാക്കുന്നു:

> **തീർച്ചയായും കുറ്റവാളികൾ നരക ശിക്ഷയിൽ നിത്യവാസി കളായിരിക്കും. അവർക്ക് അത് ലഘൂകരിച്ചുകൊടുക്കപ്പെടുക യില്ല. അവർ അതിൽ ആശയറ്റവരായിരിക്കും. നാം അവരോട് അതിക്രമം ചെയ്തിട്ടില്ല. പക്ഷേ, അവർ തന്നെയായിരുന്നു അക്രമകാരികൾ. അവർ വിളിച്ചു പറയും: ഹേ മാലിക്, താങ്ക ളുടെ രക്ഷിതാവ് ഞങ്ങളുടെ മേൽ (മരണം) വിധിക്കട്ടെ. അ ദ്ദേഹം (മാലിക്) പറയും: നിങ്ങൾ ഇവിടെ താമസിക്കേണ്ടവർ തന്നെയാകുന്നു. (അസ്സുഖ്റുഫ്: 74-77)**

അവിശ്വാസികൾ നരകത്തിൽപോലും തങ്ങൾക്ക് ആശ്രയം അല്ലാഹു വാണെന്ന വസ്തുത അംഗീകരിക്കുകയില്ലെന്നും അതിനപ്പുറം, അവനിലേക്ക് തിരിയാതെ, തങ്ങളുടെ ഗർവിൽ തുടരുകയും 'താങ്കളുടെ നാഥൻ ഞങ്ങ ളുടെ മേൽ മരണം വിധിക്കട്ടെ എന്ന് മലക്കിനെ വിളിച്ചു പറയുമെന്നും ചുരുക്കം. ഇതുവഴി, തങ്ങളിപ്പോഴും അതിക്രമികളാണെന്ന് തെളിയിക്കുക യാണവർ ചെയ്യുന്നത്. കൂടാതെ ഞങ്ങൾ മുമ്പ് ചെയ്തതിൽനിന്ന് വ്യത്യ സ്തമായി പ്രവർത്തിക്കാൻ ഞങ്ങളെ തിരിച്ചയക്കുമോ (അൽഅഅ്റാഫ്:53)





എന്ന് ചോദിക്കുന്ന അവിശ്വാസികൾ നുണ പറയുകയാണെന്നും അല്ലാഹു വ്യക്തമാക്കുന്നു:

> **അവർ നരകത്തിൽ നിറുത്തപ്പെടുന്ന രംഗം നീ കണ്ടിരുന്നുവെ ങ്കിൽ! അപ്പോൾ അവർ പറയും: ഞങ്ങൾ (ഇഹലോകത്തേക്ക്) ഒന്നു തിരിച്ചയക്കപ്പെട്ടിരുന്നുവെങ്കിൽ എത്ര നന്നായിരുന്നേനെ. എങ്കിൽ ഞങ്ങൾ ഞങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങൾ തള്ളിക്കളയാതിരിക്കുകയും സത്യവിശ്വാസികളുടെ കൂട്ടത്തി ലാവുകയും ചെയ്യുമായിരുന്നു. ഇല്ല, അവർ മുമ്പ് മറച്ചുവെച്ചു കൊണ്ടിരുന്നത് (ഇപ്പോൾ) അവർക്ക് വെളിപ്പെട്ടിരിക്കുന്നു. തിരി ച്ചയക്കപ്പെട്ടാൽ തന്നെയും അവർ എന്തിൽനിന്നൊക്കെ വില ക്കപ്പെട്ടുവോ അതിലേക്കുതന്നെ അവർ മടങ്ങിപ്പോകുന്നതാണ്. തീർച്ചയായും അവർ കള്ളം പറയുന്നവരാകുന്നു. (അൽഅ ൻആം: 27, 28)**

ആളുകൾക്ക് ഭൂമിയിൽ വേണ്ടത്ര സമയമനുവദിച്ചിരുന്നുവെങ്കിലും അവർ തങ്ങളുടെ ഗർവ് കൈയൊഴിച്ചില്ലെന്ന് മറ്റു സൂക്തങ്ങൾ പ്രസ്താവിക്കുന്നു:

> **അല്ലെങ്കിൽ ശിക്ഷ നേരിൽകാണുന്ന സന്ദർഭത്തിൽ 'എനി ക്കൊന്ന് മടങ്ങിപ്പോകാൻ കഴിഞ്ഞിരുന്നെങ്കിൽ ഞാൻ സദ്വൃ ത്തരുടെ കൂട്ടത്തിൽ ആകുമായിരുന്നു' എന്നു പറഞ്ഞേക്കുമെ ന്നതിനാൽ. അതെ തീർച്ചയായും എന്റെ ദൃഷ്ടാന്തങ്ങൾ നിനക്ക് വന്നെത്തുകയുണ്ടായി. അപ്പോൾ നീ അവയെ നിഷേ ധിച്ചുതള്ളുകയും അഹങ്കരിക്കുകയും സത്യനിഷേധികളുടെ കൂട്ടത്തിലാകുകയും ചെയ്തു. (അസ്സുമർ: 58,59)**

ഈ ആളുകൾ തങ്ങളുടെ പാതകൾ ഒരിക്കലും നന്നാക്കുകയില്ല. അല്ലാ ഹു വിശ്വാസികളോട് കരുണയുള്ളവനാകയാൽ ഇത്തരം ദുഷ്ടരെ അവർക്കൊപ്പം സ്വർഗത്തിൽ പ്രവേശിപ്പിക്കുകയില്ല. സ്വർഗം അതിലെ വസ്തുക്കളും നിവാസികളുമടക്കം നന്മയുടേതായ സ്ഥലമാണ്. അല്ലാഹു നിരാകരിക്കുന്ന ഒന്നും അവിടെ കാണുകയില്ല. തന്റെ ആത്മാർഥ ദാസന്മാരോട് അല്ലാഹുവിനുള്ള കരുണയുടെയും നീതിയുടെയും അനന്ത രഫലമത്രെ ഇത്.

സ്വർഗത്തിലെ സനാതന അനുഗ്രഹങ്ങൾ വിശ്വാസികൾക്ക് മാത്രം അവ കാശപ്പെട്ടതാണ്. അല്ലാഹു പറയുന്നു:

> **അത്തരക്കാർക്കുള്ള പ്രതിഫലം തങ്ങളുടെ രക്ഷിതാവിങ്കൽനി ന്നുള്ള പാപമോചനവും, താഴ്ഭാഗത്തുകൂടി അരുവികളൊഴു കുന്ന സ്വർഗത്തോപ്പുകളുമാകുന്നു. അവരതിൽ നിത്യവാസി കളായിരിക്കും. പ്രവർത്തിക്കുന്നവർക്ക് ലഭിക്കുന്ന പ്രതിഫലം എത്ര നന്നായിരിക്കുന്നു. (ആലുഇംറാൻ: 136)**

**ആർ അല്ലാഹുവിനെയും അവന്റെ ദൂതനെയും ധിക്കരിക്കുകയും അവന്റെ (നിയമ) പരിധികൾ ലംഘിക്കുകയും ചെയ്യുന്നുവോ അവനെ അല്ലാഹു നരകാഗ്നിയിൽ പ്രവേശിപ്പിക്കും. അവനതിൽ നിത്യവാസിയായിരിക്കും. അപമാനകരമായ ശിക്ഷയാണവനുള്ളത്. (അന്നിസാഅ്: 14)**

**വല്ലവനും അല്ലാഹുവോടും അവന്റെ ദൂതനോടും എതിർത്തു നിൽക്കുന്ന പക്ഷം അവന് നരകാഗ്നിയായിരിക്കും ഉണ്ടായിരിക്കുക എന്നും അവനതിൽ നിത്യവാസിയായിരിക്കുമെന്നും അവർ മനസ്സിലാക്കിയിട്ടില്ലേ? അതാണ് വമ്പിച്ച അപമാനം. (അത്തൗബ: 63)**

> ‘അല്ലാഹു സന്താനത്തെ സ്വീകരിച്ചിരിക്കുന്നുവെന്ന് പറഞ്ഞവർക്ക് താക്കീത് നൽകാൻ വേണ്ടിയുമാകുന്നു. അവർക്കാകട്ടെ, അവരുടെ പിതാക്കൾക്കാകട്ടെ അതിനെപ്പറ്റി യാതൊരറിവുമില്ല. അവരുടെ വായകളിൽനിന്ന് പുറത്തുവരുന്ന ആ വാക്ക് ഗുരുതരമായിരിക്കുന്നു. അവർ കള്ളമല്ലാതെ പറയുന്നില്ല.’
> (അൽകഹ്ഫ്: 4,5)

**ക്രി**സ്ത്യാനികൾ അല്ലാഹുവിനെപ്പറ്റി വെച്ചുപുലർത്തുന്ന ഗൗരവമാർന്ന തെറ്റായ വിശ്വാസമാണീ സൂക്തങ്ങളിൽ കൈകാര്യം ചെയ്യുന്നത്. ത്രിത്വം കണ്ടുപിടിക്കുക വഴി ക്രിസ്ത്യാനികൾ തങ്ങളുടെ സത്യമതത്തിൽനിന്ന് വ്യതിചലിക്കുകയായിരുന്നു. ഇതവർ എങ്ങനെ ചെയ്തുവെന്ന് ഖുർആൻ വിവരിക്കുന്നു:

**‘വേദക്കാരേ, നിങ്ങൾ മതകാര്യത്തിൽ അതിരുകവിയരുത്. അല്ലാഹുവിന്റെ പേരിൽ വാസ്തവമല്ലാതെ നിങ്ങൾ പറയുകയും ചെയ്യരുത്. മർയമിന്റെ മകൻ മസീഹ് ഈസാ അല്ലാഹുവിന്റെ ദൂതനും, മർയമിലേക്ക് അവൻ ഇട്ടുകൊടുത്ത അവന്റെ വചനവും അവങ്കൽ നിന്നുള്ള ഒരു ആത്മാവും മാത്രമാകുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുക. ‘ത്രിത്വം’ വാദിക്കാതിരിക്കുക. നിങ്ങളുടെ നന്മക്കായി നിങ്ങൾ (ഇതിൽനിന്ന്) വിരമിക്കുക. അല്ലാഹു ഏക**





**ആരാധ്യൻ മാത്രമാകുന്നു. തനിക്കൊരു സന്താനമുണ്ടായിരിക്കുക എന്നതിൽനിന്ന് അവനെത്രയോ പരിശുദ്ധനുമാകുന്നു. ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവന്റേതാകുന്നു. കൈകാര്യകർത്താവായി അല്ലാഹുതന്നെ മതി. (അന്നിസാഅ്: 171)**

**അല്ലാഹു ഒരു സന്താനത്തെ സ്വീകരിച്ചിരിക്കുന്നുവെന്ന് അവർ പറഞ്ഞു. അവൻ എത്ര പരിശുദ്ധൻ! അവൻ പരാശ്രയമുക്തനത്രെ! ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അവന്റേതാകുന്നു. നിങ്ങളുടെ പക്കൽ ഇതിന് (ദൈവത്തിന് സന്താനം ഉണ്ടെന്നതിന്) യാതൊരു പ്രമാണവുമില്ല. അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കറിവില്ലാത്തത് നിങ്ങൾ പറഞ്ഞുണ്ടാക്കുകയാണോ? (യൂനുസ്: 68)**

**അതത്രെ മർയമിന്റെ മകനായ ഈസാ. അവർ ഏതൊരു വിഷയത്തിൽ തർക്കിച്ചുകൊണ്ടിരിക്കുന്നുവോ അതിനെപ്പറ്റിയുള്ള യഥാർഥമായ വാക്കത്രെ ഇത്. ഒരു സന്താനത്തെ സ്വീകരിക്കുക എന്നത് അല്ലാഹുവിന് ഉണ്ടാകാവുന്നതല്ല. അവൻ എത്ര പരിശുദ്ധൻ! അവൻ ഒരു കാര്യം തീരുമാനിച്ചുകഴിഞ്ഞാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രം ചെയ്യുന്നു. അപ്പോൾ അതുണ്ടാകുന്നു. (മർയം: 34, 35)**

അല്ലാഹുവിൽ പങ്കാളികളെ ആരോപിക്കുന്നവരുടെ മാനസികാവസ്ഥയാണിതെന്നുള്ളതിൽ സംശയമില്ല. ഖുർആൻ വെളിപ്പെടുത്തുന്നതുപോലെ, അല്ലാഹുവിന് പങ്കാളികളാരും തന്നെയില്ല. അവന് സമാനമായി ആരുമില്ല. സന്താനങ്ങളുമില്ല. അവൻ ആകാശഭൂമികളുടെ രക്ഷകനാണ്. സകല ചരാചരങ്ങളെയും നിയന്ത്രിക്കുന്നതും അവനാണ്. ഇത്തരം അബദ്ധ വിശ്വാസങ്ങൾ പുലർത്തുന്നവർക്ക് ഇത് മനസ്സിലാക്കിക്കൊടുക്കുക അന്ത്യകാലത്ത് ജീവിക്കുന്ന മുസ്‌ലിംകളുടെ ബാധ്യതയാണ്.

> ‘അതിനാൽ ഈ സന്ദേശത്തിൽ അവർ വിശ്വസിക്കുന്നില്ലെങ്കിൽ അവരുടെ പിറകെ കടുത്ത മുഖത്തോടെ നടന്നലഞ്ഞ് (അതിലുള്ള) ദുഃഖത്താൽ നീ ജീവനൊടുക്കിയേക്കാം.’ (അൽകഹ്ഫ്: 6)

**വി**ശ്വാസത്തിലേക്കുള്ള പ്രവാചകന്റെ പ്രബോധനത്തിന് പ്രതികരിക്കാത്ത വരെക്കുറിച്ചാണീ സൂക്തം ചർച്ച ചെയ്യുന്നത്. സദാചാരങ്ങൾ കൽപിക്കുക, ദുരാചാരങ്ങൾ നിരോധിക്കുക, ദൈവവിശ്വാസം പ്രബോധനം ചെയ്യുക എന്നീ ദൈവിക കൽപനകൾ പാലിക്കുന്നവരാണ് യഥാർഥ വിശ്വാസികൾ. എന്നാൽ, പ്രവാചകന്മാരുടെ പ്രബോധനങ്ങളെ അവഗണിക്കുന്നവരാണ് ബഹുഭൂരിപക്ഷവും. ഖുർആൻ പറയുന്നതുപോലെ, *ആ അന്ത്യസമയം വരാനുള്ളതാണ്; ഒട്ടും സംശയം ഇല്ല. പക്ഷേ, അധിക മനുഷ്യരും അത് വിശ്വസിക്കുന്നില്ല. (ഗാഫിർ: 59)*

ഇത്തരം പ്രബോധനങ്ങളോട് പല രീതികളിലാണ് അവിശ്വാസികൾ പ്രതികരിക്കുക. ചില പ്രവാചകന്മാരോട് അത്ഭുതങ്ങളാവശ്യപ്പെടുന്നു. ഇങ്ങനെ:

**അവർ പറഞ്ഞു: ഈ ഭൂമിയിൽനിന്ന് നീ ഞങ്ങൾക്ക് ഒരു ഉറവ് ഒഴുക്കിത്തരുന്നതു വരെ ഞങ്ങൾ നിന്നെ വിശ്വസിക്കുകയേ ഇല്ല. (അൽഇസ്റാഅ്: 90)**

മറ്റു ചിലരാകട്ടെ വിശ്വാസികളെ പരിഹസിക്കുന്നു:

**മറ്റുള്ളവർ വിശ്വസിച്ചതുപോലെ നിങ്ങളും വിശ്വസിക്കൂ എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ, ഈ മൂഢന്മാർ വിശ്വസിച്ചതുപോലെ ഞങ്ങളും വിശ്വസിക്കുകയോ എന്നായിരിക്കും അവർ മറുപടി പറയുക. എന്നാൽ, യഥാർഥത്തിൽ അവർ തന്നെയാകുന്നു മൂഢന്മാർ. പക്ഷേ, അവരത് അറിയുന്നില്ല. (അൽബഖറ: 13)**

പ്രവാചകന്മാരെ അവരുടെ ജനത പരിഹസിക്കുകയും പലപ്പോഴും പീഡിപ്പിക്കുകയും ചെയ്തിരുന്നു. ഉദാഹരണമായി പ്രവാചകൻ നൂഹ്(അ) പല രീതികളിൽ തന്റെ ജനതക്ക് സത്യ പ്രബോധനം നൽകി. പക്ഷേ, അവർ അതിനെ നിഷേധിച്ചു. ഖുർആൻ പറയുന്നു:

**അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനതയെ രാവും പകലും ഞാൻ വിളിച്ചു. എന്നിട്ട് എന്റെ വിളി അവരുടെ ഒഴിഞ്ഞുമാറൽ വർധിപ്പിക്കുകമാത്രമേ ചെയ്തുള്ളൂ. തീർച്ചയായും നീ അവർക്ക് പൊറുത്തുകൊടുക്കാൻ വേണ്ടി ഞാൻ അവരെ വിളിച്ചപ്പോഴൊക്കെയും അവർ അവരുടെ വിരലുകൾ കാതുകളിൽ വെക്കുകയും അവരുടെ വസ്ത്രങ്ങൾ മൂടിപ്പുതക്കുകയും ശഠിച്ചുനിൽക്കുകയും കടുത്ത അഹങ്കാരം നടിക്കുകയുമാണ് ചെയ്തത്. പിന്നീട് ഞാൻ അവരെ ഉറക്കെ വിളിച്ചു. പിന്നീട് ഞാനവരോട് പരസ്യമായും വളരെ രഹസ്യമായും പ്രബോധനം നടത്തി. അങ്ങനെ ഞാൻ പറഞ്ഞു: നിങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു. (നൂഹ്: 5-10)**





അതെ, ഏതുകാലത്തും, എവിടെയും അധികമാളുകളും സത്യപ്രബോധനത്തെ നിഷേധിച്ചവരായിരുന്നു. പക്ഷേ, ഈ പ്രതികരണങ്ങളൊന്നും തന്നെ അവരുടെ മനോവീര്യം കെടുത്താൻ പര്യാപ്തമായിരുന്നില്ലെന്നത് ശ്രദ്ധേയമാണ്. കാരണം, അല്ലാഹുവിന് മാത്രമേ ഒരാൾക്ക് വിശ്വാസം നൽകാൻ കഴിയുകയുള്ളൂവെന്ന് ആ പ്രവാചകന്മാർക്കറിയാമായിരുന്നു. സംസാരം എത്ര വാചാലവും ഹൃദയസ്പൃക്കും വിജ്ഞാനദായകവുമായാലും ദൈവേച്ഛ ഇല്ലെങ്കിൽ ഒരാളുടെ മനസ്സിൽ വിശ്വാസം നിവേശിപ്പിക്കാൻ വിശ്വാസികൾക്കാവുകയില്ല. മറ്റു പല സൂക്തങ്ങളിലും ഈ വസ്തുത പ്രകാശിപ്പിക്കുന്നുണ്ട്. താഴെ സൂക്തം ഉദാഹരണം:

**തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിനു വേണ്ടി). എന്നിട്ട് അവരിൽ ചിലരെ അല്ലാഹു നേർവഴിയിലാക്കി. അവരിൽ ചിലരുടെ മേൽ വഴികേട് സ്ഥിരപ്പെടുത്തുകയും ചെയ്തു. ആകയാൽ നിങ്ങൾ ഭൂമിയിലൂടെ നടന്നിട്ട് നിഷേധിച്ചു തള്ളിക്കളഞ്ഞവരുടെ പര്യവസാനം എപ്രകാരമായിരുന്നുവെന്ന് നോക്കുക. (നബിയേ,) അവർ സന്മാർഗത്തിലായിത്തീരാൻ നീ കൊതിക്കുന്നുവെങ്കിൽ (അത് വെറുതെയാകുന്നു. കാരണം) താൻ വഴികേടിലാക്കുന്നവരെ അല്ലാഹു നേർവഴിയിലാക്കുന്നതല്ല; തീർച്ച. അവർക്ക് സഹായികളായി ആരുമില്ലതാനും. (അന്നഹ്ൽ: 36,37)**

അതെ, ആർക്കും മറ്റൊരാളെ വിശ്വാസിയാക്കാൻ കഴിയുകയില്ല. അതിനാൽ വിശ്വാസത്തിലേക്ക് പ്രബോധനം ചെയ്യുകമാത്രമാണ് വിശ്വാസികളുടെ ബാധ്യത. ഈ ബാധ്യത നിർവഹിച്ചു അവരെ വിശ്വാസികളാക്കുന്ന കാര്യം അല്ലാഹുവിന് വിടുകയാണ് വേണ്ടത്. ദൈവവിശ്വാസം, ക്ഷമ, ഉത്തമരീതിയിലുള്ള പ്രബോധനം എന്നിവക്ക് ജനഹൃദയങ്ങളിൽ വലിയ ഫലമുളവാക്കാൻ കഴിയും. അല്ലാഹു പറയുകയാണ്:

**അതിനാൽ (നബിയേ) നീ ഉദ്ബോധിപ്പിക്കുക; നീ ഒരു ഉദ്ബോധകൻ മാത്രമാണ്. നീ അവരുടെ മേൽ അധികാരം ചെലുത്തേണ്ടവനല്ല. പക്ഷേ, വല്ലവനും തിരിഞ്ഞുകളയുകയും അവിശ്വസിക്കുകയും ചെയ്യുന്ന പക്ഷം അല്ലാഹു അവനെ ഏറ്റവും വലിയ ശിക്ഷ ശിക്ഷിക്കുന്നതാണ്. തീർച്ചയായും നമ്മുടെ അടുത്തേക്കാണ് അവരുടെ മടക്കം പിന്നീട് തീർച്ചയായും നമ്മുടെ ബാധ്യതയാണ് അവരുടെ വിചാരണ. (അൽഗാശിയ: 21-26)**

ഒരാളിൽ വിശ്വാസം നിവേശിപ്പിച്ചു വിശ്വസിപ്പിക്കാൻ അല്ലാഹുവിന് മാത്രമേ കഴിയുകയുള്ളൂ. നിരവധി സൂക്തങ്ങളിൽ ഈ വസ്തുത വെളിപ്പെടുത്തിയിരിക്കുന്നു:

**നിന്റെ രക്ഷിതാവ് ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഭൂമിയിലുള്ളവരെല്ലാം ഒന്നിച്ചു വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ, ജനങ്ങൾ സത്യവിശ്വാസികളാകുവാൻ നീ അവരെ നിർബന്ധിക്കുകയോ? യാതൊരാൾക്കും അല്ലാഹുവിന്റെ അനുമതിപ്രകാരമല്ലാതെ വിശ്വസിക്കാൻ കഴിയുന്നതല്ല. ചിന്തിച്ചു മനസ്സിലാക്കാൻ കഴിയാത്തവർക്ക് അല്ലാഹു നികൃഷ്ടത വരുത്തിവെക്കുന്നതാണ്. (യൂനുസ്: 99,100)**

**തീർച്ചയായും നിനക്കിഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാൻ കഴിയുകയില്ല. പക്ഷേ, അല്ലാഹു താനുദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു. സന്മാർഗം പ്രാപിക്കുന്നവരെപ്പറ്റി അവൻ (അല്ലാഹു) നല്ലവണ്ണം അറിയുന്നവനാകുന്നു. (അൽഖസ്വസ്: 56)**

സൂറത്ത് യൂസുഫിലും ഈ വിഷയം ചർച്ച ചെയ്യപ്പെടുന്നുണ്ട്. വിശ്വാസത്തിലേക്കുള്ള പ്രബോധനം എത്ര നിർവ്യാജമാണെങ്കിലും മാർഗദർശനം ലഭിച്ചവർക്കേ വിശ്വസിക്കാനാവുകയുള്ളൂ. മുസ്‌ലിംകൾ തങ്ങളുടെ ബാധ്യതയായ പ്രബോധനവും ഉപദേശവും നടത്തിയ ശേഷം ഒരാൾ വിശ്വാസിയാകുന്നതും അല്ലാതിരിക്കുന്നതും അല്ലാഹുവിന് വിടുകയാണ് വേണ്ടത്. ഈ കാര്യത്തിലുള്ള അവരുടെ പ്രയത്നങ്ങളെല്ലാം രേഖപ്പെടുത്തപ്പെടുകയും ദൈവം ഇച്ഛിക്കുകയാണെങ്കിൽ അവർക്ക് പ്രതിഫലം ലഭിക്കുകയും ചെയ്യും. എന്നാൽ, സത്യത്തോടുള്ള എതിർപ്പിൽ ഉറച്ചുനിൽക്കുന്നവർ ശിക്ഷിക്കപ്പെടുക തന്നെ ചെയ്യും. ഈ വസ്തുത സൂറത് യൂസുഫിൽ അല്ലാഹു വ്യക്തമാക്കുന്നതിങ്ങനെ:

**എന്നാൽ നീ അതിയായി ആഗ്രഹിച്ചാലും മനുഷ്യരിൽ അധികപേരും വിശ്വസിക്കുന്നവരല്ല. നീ അവരോട് ഇതിന്റെ പേരിൽ യാതൊരു പ്രതിഫലവും ചോദിക്കുന്നുമില്ല. ഇത് ലോകർക്കു വേണ്ടിയുള്ള ഒരു ഉദ്ബോധനം മാത്രമാകുന്നു. ആകാശങ്ങളിലും ഭൂമികളിലും എത്രയെത്ര ദൃഷ്ടാന്തങ്ങൾ! അവയെ അവഗണിച്ചുകൊണ്ട് അവർ അവയുടെ അടുത്തുകൂടി കടന്നുപോകുന്നു. അവരിൽ അധികപേരും അല്ലാഹുവിൽ വിശ്വസിക്കുന്നത് അവനോട് (മറ്റുള്ളവരെ) പങ്ക് ചേർക്കുന്നവരായിക്കൊണ്ടു മാത്രമാണ്. അവരെ വലയംചെയ്യുന്ന തരത്തിലുള്ള അല്ലാഹുവിന്റെ ശിക്ഷ അവർക്ക് വന്നെത്തുന്നതിനെക്കുറിച്ച്, അല്ലെങ്കിൽ അവർ ഓർക്കാതിരിക്കെ പെട്ടെന്ന് അന്ത്യദിനം അവർക്ക് വന്നെത്തുന്നതിനെപ്പറ്റി അവർ നിർഭയരായിരിക്കുകയാണോ? (നബിയേ,) പറയുക: ഇതാണ് എന്റെ മാർഗം. ദൃഢബോധ്യത്തോടുകൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ (അവനോട്)**





**പങ്കുചേർക്കുന്നവരുടെ കൂട്ടത്തിലല്ലതന്നെ! (യൂസുഫ്: 103-108)**

'തീർച്ചയായും ഭൂമുഖത്തുള്ളതിനെ നാം അതിന് ഒരലങ്കാരമാക്കിയിരിക്കുന്നു. മനുഷ്യരിൽ ആരാണ് ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്നത് എന്ന് നാം പരീക്ഷിക്കുവാൻ വേണ്ടി.' (അൽകഹ്ഫ്: 7)


**ഭൗ**തിക ജീവിതം ദൈവത്തിങ്കൽ തങ്ങളുടെ യഥാർഥ മൂല്യം തീരുമാനിക്കുന്നതിനുള്ള ഒരു പരീക്ഷണമാണെന്ന് അറിയാത്തവരോ, അറിയുമെങ്കിൽ തന്നെ അതിനെ വിസ്മരിക്കുകയോ ചെയ്യുന്നവരാണ് അധികമാളുകളും. ഐഹിക ജീവിതത്തിനു വേണ്ടി അവർ സർവസ്വവും അർപ്പിക്കുകയും മരണത്തെയും ശാശ്വതമായ പരലോക ജീവിതത്തെയും കുറിച്ച് ചിന്തിക്കാനാഗ്രഹിക്കാതിരിക്കുകയും ചെയ്യുന്നതിന്റെ കാരണമിതാണ്. എന്നാൽ, ഭൂമിയിൽ വെച്ച് മനുഷ്യനെ പരീക്ഷിക്കുകയാണെന്ന് അല്ലാഹു വെളിപ്പെടുത്തിയിരിക്കുന്നു:

**കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുകതന്നെ ചെയ്യും. (ഇത്തരം സന്ദർഭങ്ങളിൽ) ക്ഷമയവലംബിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക. (അൽബഖറ: 155)**

ഐഹിക ജീവിതത്തിന്റെയും മരണത്തിന്റെയും ലക്ഷ്യം അവൻ വ്യക്തമാക്കുന്നതിങ്ങനെ:

**നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവർ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു. (അൽമുൽക്: 2)**

ഒരാൾ, താൻ 'വിശ്വസിക്കുന്നു'വെന്ന് പറഞ്ഞാൽ മാത്രം അയാൾക്ക് ദൈവപ്രീതിയും അനുഗ്രഹങ്ങളും സ്വർഗവും ലഭിക്കുകയില്ല. അവർ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും, വിശ്വാസത്തിന്റെ ദൃഢതയും ദൈവിക വെളിപാടിനോടുള്ള സമ്പൂർണ സമർപ്പണവും തെളിയിക്കേണ്ടതുണ്ട്. വിഷമങ്ങൾ, രോഗം, ദുരിതം, പട്ടിണി അല്ലെങ്കിൽ ധനം, ശക്തി, ജനസ്വാധീനം എന്നീ ഘട്ടങ്ങളിലെല്ലാം അല്ലാഹുവിലേക്ക് തിരിയുകയും അവന്റെ കൽപനകൾ കണിശമായി അനുസരിക്കുകയും വേണം. അല്ലാഹു പറയുന്നു:







**ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്നു പറയുന്നതുകൊണ്ടുമാത്രം തങ്ങൾ പരീക്ഷണത്തിന് വിധേയരാകാതെ വിടപ്പെടുമെന്ന് ജനം വിചാരിച്ചിരിക്കുകയാണോ? അവരുടെ മുമ്പുണ്ടായിരുന്നവരെ നാം പരീക്ഷിച്ചിട്ടുണ്ട്. അപ്പോൾ സത്യം പറഞ്ഞവർ ആരെന്ന് അല്ലാഹു അറിയുകതന്നെ ചെയ്യും. കള്ളം പറയുന്നവരെയും അവനറിയും. (അൽഅൻകബൂത്ത്: 2,3)**

പക്ഷേ, അധിക പേർക്കും പാരത്രികജീവിതത്തെക്കാൾ ഭൗതിക ജീവിത സുഖങ്ങൾക്കാണ് മുൻഗണന: പുതിയ മോഡൽ കാർ, ആഡംബര ഭവനം, ആഭരണം, വസ്ത്രം എന്നിവ നേടുകയാണ് ജീവിതലക്ഷ്യമെന്ന് അവർ തെറ്റിദ്ധരിക്കുന്നു. ഏറ്റവും വലിയ സമ്പന്നനും സുന്ദരനും പ്രശസ്തനുമാകാൻ അവൻ ഓടുകയാണ്. ഈ ലക്ഷ്യങ്ങൾക്കായി ജീവിതം വ്യയംചെയ്യുകയാണ്. എന്നാൽ, ഉചിതമായ രീതിയിൽ ഉപയോഗിക്കാത്ത പക്ഷം ഇവകൊണ്ടൊന്നും അവന് ഒരു പ്രയോജനവും ലഭിക്കുകയില്ല. അല്ലാഹു പറയുന്നു:

**ഭാര്യമാർ, പുത്രന്മാർ, കൂമ്പാരമായി കൂട്ടിയ സ്വർണം, വെള്ളി, മേത്തരം കുതിരകൾ, നാൽക്കാലി വർഗങ്ങൾ, കൃഷിയിടം എന്നിങ്ങനെ ഇഷ്ടപ്പെട്ട വസ്തുക്കളോടുള്ള പ്രേമം മനുഷ്യർക്ക് അലങ്കാരമായി തോന്നിക്കപ്പെട്ടിരിക്കുന്നു. ഇതൊക്കെ ഇഹലോകജീവിതത്തിലെ വിഭവങ്ങളാകുന്നു. അല്ലാഹുവിന്റെ അടുക്കലാകുന്നു (മനുഷ്യർക്ക്) ചെന്നുചേരാനുള്ള ഉത്തമ സങ്കേതം. (നബിയേ) പറയുക: അതിനെക്കാൾ (ആ ഇഹലോക സുഖങ്ങളെക്കാൾ) നിങ്ങൾക്ക് ഗുണകരമായിട്ടുള്ളത് ഞാൻ പറഞ്ഞുതരട്ടെയോ? സൂക്ഷ്മത പാലിച്ചവർക്ക് തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ താഴ്ഭാഗത്തുകൂടി അരുവികളൊഴുകിക്കൊണ്ടിരിക്കുന്ന സ്വർഗത്തോപ്പുകളുണ്ട്. അവർ അവിടെ നിത്യവാസികളായിരിക്കും. പരിശുദ്ധരായ ഇണകളും (അവർക്കുണ്ടായിരിക്കും). കൂടാതെ, അല്ലാഹുവിന്റെ പ്രീതിയും. അല്ലാഹു തന്റെ ദാസന്മാരുടെ കാര്യങ്ങൾ കണ്ടറിയുന്നവനാകുന്നു. (ആലുഇംറാൻ: 14,15)**

അതെ, ഐഹിക ജീവിതം താൽക്കാലികവും വഴിതെറ്റിക്കുന്നതുമാണ്. ചരിത്രത്തിലെപ്പോഴുമെന്നപോലെ അന്ത്യനാളുകളിലും കൊട്ടാരങ്ങൾ, വൻ ഫാക്ടറികൾ, പാലങ്ങൾ സ്വർണാഭരണങ്ങൾ ബാങ്ക് ഡെപ്പോസിറ്റ്, സ്റ്റോക് ഷെയറുകൾ, കാറുകൾ, സ്പീഡ് ബോട്ടുകൾ, വിമാനങ്ങൾ തുടങ്ങിയ സകല കാര്യങ്ങളും മനുഷ്യരെ പരീക്ഷിക്കാനായി സൃഷ്ടിക്കപ്പെട്ടവയാണ്. ഇവ നേടുന്നതോടെ ജീവിത ലക്ഷ്യം നേടിയതായി ജനങ്ങൾ കരുതുന്നു. അല്ലാഹുവിന്റെ വീക്ഷണത്തിലാകട്ടെ, ഇവക്കൊന്നും യാതൊരർഥവുമില്ല.

അല്ലാഹുവിലുള്ള വിശ്വാസവും, ആത്മാർഥതയും സദ്സ്വഭാവവുമാണ് യഥാർഥത്തിൽ പ്രധാനം. ഓരോ മനുഷ്യനും താൻ മരിക്കുമെന്നും പരലോ

കത്തിലെ ശാശ്വതവാസമാണ് സത്യമെന്നും തിരിച്ചറിയണം. അതിനാൽത്തന്നെ, ഭൗതിക ജീവിതാനന്ദത്താൽ വഴിതെറ്റുന്നത് വലിയ വിഡ്ഢിത്തമാണ്. ഇത് മനസ്സിലാക്കുന്ന വിശ്വാസികൾ, തങ്ങളുടെ ജീവിതവും ധനവും ശാശ്വതമായ പാരത്രിക ജീവിതത്തിനുവേണ്ടി പകരം കൊടുക്കുകയാണ് ചെയ്യുക. അതിലവർ ആസ്വാദനം കണ്ടെത്തുന്നു. വിശ്വാസികളോടു അല്ലാഹു പറയുന്നതിങ്ങനെ:

**തീർച്ചയായും വിശ്വാസികളുടെ പക്കൽനിന്ന് അവർക്ക് സ്വർഗമുണ്ടായിരിക്കുക എന്നതിന് പകരമായി അവരുടെ ദേഹങ്ങളും അവരുടെ ധനവും അല്ലാഹു വാങ്ങിയിരിക്കുന്നു. അവർ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്നു. അങ്ങനെ അവർ കൊല്ലുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. (അങ്ങനെ അവർ സ്വർഗാവകാശികളാകുന്നു). തൗറാത്തിലും ഇഞ്ചീലിലും ഖുർആനിലും തന്റെ മേൽ ബാധ്യതയായി അല്ലാഹു പ്രഖ്യാപിച്ച സത്യവാഗ്ദാനമത്രെ ഇത്. അല്ലാഹുവെക്കാളധികം തന്റെ കരാർ നിറവേറ്റുന്നവനായി ആരുണ്ട്. അതിനാൽ നിങ്ങൾ (അല്ലാഹുവുമായി) നടത്തിയിട്ടുള്ള ആ ഇടപാടിൽ നിങ്ങൾ സന്തോഷം കൊള്ളുവിൻ. അതുതന്നെയാണ് മഹത്തായ ഭാഗ്യം. (അത്തൗബ: 111)**

'തീർച്ചയായും അതിന്മേലുള്ളതെല്ലാം നശിപ്പിച്ച് നാം തന്നെ അതൊരു തരിശായ സമതലമാക്കി മാറ്റിക്കളയുന്നതുമാണ്.' (അൽകഹ്ഫ്: 8)

**മു**മ്പ് പറഞ്ഞതു പോലെ, എല്ലാ സൗന്ദര്യവും ധനവും മനുഷ്യരെ പരീക്ഷിക്കുന്നതിനു വേണ്ടി സൃഷ്ടിക്കപ്പെട്ടതാണ്. നമ്മുടെ സ്വത്ത് എത്ര





സുന്ദരവും വലുതും മൂല്യവത്തുമാണെങ്കിലും അതെല്ലാം നശിച്ച് മണ്ണടിയുമെന്ന് ഇവിടെ അല്ലാഹു ഓർമിപ്പിക്കുന്നു.

അല്ലാഹു ഇച്ഛിക്കുന്ന പക്ഷം, അവന്റെ ആസ്തിക്യത്തെ ഓർമപ്പെടുത്താത്ത ആ പ്രിയപ്പെട്ട സ്വത്തുക്കൾ അപ്രതീക്ഷിതമായി നീക്കിക്കളഞ്ഞു അവരെ ദരിദ്രരാക്കാൻ അവനു കഴിയും. അവൻ സർവശക്തനാണ്. സമ്പത്തും ദാരിദ്ര്യവും നൽകുന്നത് അവനാണ്. എല്ലാറ്റിന്റെയും ഉടമസ്ഥനെന്ന നിലയിൽ അവൻ ഇച്ഛിക്കുന്നവർക്കത് നൽകുന്നു. നിരവധി സൂക്തങ്ങളിൽ അല്ലാഹു ഈ വസ്തുത പ്രസ്താവിക്കുന്നുണ്ട്. ചില സൂക്തങ്ങളിതാ:

**ആകാശങ്ങളുടെയും ഭൂമിയുടെയും താക്കോലുകൾ അവന്റെ അധീനത്തിലാകുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ഉപജീവനം അവൻ വിശാലമാക്കുന്നു. (മറ്റുള്ളവർക്ക്) അവൻ അത് ഇടുങ്ങിയതാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ ഏതു കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു. (അശ്ശൂറാ:12)**

**താനുദ്ദേശിക്കുന്നവർക്ക് അല്ലാഹു ഉപജീവനം വിശാലമാക്കുകയും (താനുദ്ദേശിക്കുന്നവർക്ക്) ഇടുങ്ങിയതാക്കുകയും ചെയ്യുന്നു എന്ന് അവർ കണ്ടില്ലേ? വിശ്വസിക്കുന്ന ജനങ്ങൾക്ക് അതിൽ ദൃഷ്ടാന്തങ്ങളുണ്ട്. തീർച്ച. (അർറൂം: 37)**

**അല്ലാഹുവാണ് തന്റെ ദാസന്മാരിൽനിന്ന് താനുദ്ദേശിക്കുന്നവർക്ക് ഉപജീവനമാർഗം വിശാലമാക്കുന്നതും താനുദ്ദേശിക്കുന്നവർക്ക് അത് ഇടുങ്ങിയതാക്കുന്നതും. തീർച്ചയായും അല്ലാഹു ഏതു കാര്യത്തെപ്പറ്റിയും അറിവുള്ളവനത്രെ. (അൽഅൻകബൂത്ത്: 62)**

'അതല്ല, ഗുഹയുടെയും 'റഖീമി'ന്റെയും ആളുകൾ നമ്മുടെ ദൃഷ്ടാന്തങ്ങളുടെ കൂട്ടത്തിൽ അത്ഭുതമായിരുന്നുവെന്ന് നീ ധരിച്ചുവോ? ആ യുവാക്കൾ ഗുഹയിൽ പ്രാപിച്ച സന്ദർഭം: അവർ പ്രാർഥിച്ചു: ഞങ്ങളുടെ രക്ഷിതാവേ, നിന്റെ പക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ നൽകുകയും ഞങ്ങളുടെ കാര്യം നേരാംവണ്ണം നിർവഹിക്കാൻ നീ സൗകര്യം നൽകുകയും ചെയ്യേണമേ!' (അൽകഹ്ഫ്: 9,10)

ഗുഹാനിവാസികളുടെ അസാധാരണത്വമാണ് ഈ സൂക്തം സ്പർശിക്കുന്നത്. ഈ സൂക്തം അനാവരണം ചെയ്യുന്നതു പോലെ അവരുടെ അനുഭവങ്ങൾ അസാധാരണവും പ്രകൃത്യതീതവുമായിരുന്നുവെന്ന് കാണാം. അത്ഭുതങ്ങളാൽ നിർഭരമായിരുന്നു അവരുടെ ജീവിതം. അവരെ അന്ത്യനാളുകളുമായി ചില ഹദീസുകൾ ബന്ധപ്പെടുത്തുന്നുണ്ട്. അന്ത്യനാളിൽ ജീവിക്കുന്നവർക്ക് പ്രകൃത്യതീത അനുഭവങ്ങളുണ്ടായിരിക്കാമെന്നാണ് സൂചന.

അവസാനകാലത്തെ യുവാക്കൾ വലിയ ഉത്തരവാദിത്വങ്ങളേറ്റെടുക്കുമെന്നാണ് തുടർന്നുള്ള സൂക്തങ്ങൾ സൂചിപ്പിക്കുന്നത്. എന്തുകൊണ്ടെന്നാൽ സത്യമതത്തെ അവതരിപ്പിച്ചുകൊണ്ടും പീഡനങ്ങൾക്ക് അന്ത്യം കുറിച്ചുകൊണ്ടും, മതവിരുദ്ധ തത്ത്വശാസ്ത്രങ്ങൾക്ക് എതിരെയുള്ള ആശയ സമരങ്ങളിൽ സുപ്രധാനമായ പങ്കാണ് യുവസമൂഹത്തിന് വഹിക്കാനുള്ളത്. മതപ്രചാരണത്തിൽ യുവാക്കളുടെ പ്രാധാന്യം മറ്റു സൂക്തങ്ങൾ വ്യക്തമാക്കുന്നുണ്ട്. സൂറതുൽ കഹ്ഫിൽ മൂസാ നബിയുടെ 'യുവസേവക'നെക്കുറിച്ച പ്രസ്താവം ഉദാഹരണം. മൂസായുടെ ജനതയിൽ, കുറച്ചു യുവാക്കൾ മാത്രമാണ് അദ്ദേഹത്തിൽ വിശ്വാസമർപ്പിച്ചതെന്ന് മറ്റൊരു സൂക്തം പറയുന്നു:

**എന്നാൽ, മൂസയെ തന്റെ ജനതയിൽനിന്നുള്ള ചില ചെറുപ്പക്കാരല്ലാതെ മറ്റാരും വിശ്വസിച്ചില്ല. (അതുതന്നെ) ഫിർഔനും അവരിലുള്ള പ്രധാനികളും അവരെ മർദിച്ചേക്കുമോ എന്ന ഭയപ്പാടോടുകൂടിയായിരുന്നു.... (യൂനുസ്: 83)**

സ്വന്തം വീക്ഷണങ്ങൾ പ്രകടിപ്പിക്കാനും സത്യം പറയാനും ദൈവിക മതത്തിലേക്ക് പ്രബോധനം നടത്താനും അനുവദിക്കാത്ത ആക്രമണ വ്യവസ്ഥിതിയിൽനിന്ന് ഒരു ഗുഹയിൽ അഭയം തേടിയവരായിരുന്നു പ്രസ്തുത യുവാക്കളെന്ന് പത്താമത്തെ സൂക്തം പറയുന്നു. ഇങ്ങനെ സ്വന്തം ജനതയിൽ നിന്നവർ സ്വയം അകലുകയായിരുന്നു.

സമാനമായ ഏകകക്ഷി ഭരണം അന്ത്യകാലത്ത് സൃഷ്ടിക്കപ്പെടുമെന്നും ഇത് സൂചിപ്പിക്കുന്നുണ്ടാകാം. കമ്യൂണിസം, ഫാഷിസം തുടങ്ങിയ ആശയാടിസ്ഥാനത്തിലുള്ള ഭരണകൂടങ്ങൾ ജനങ്ങളുടെ സ്വാതന്ത്ര്യം നിയന്ത്രിച്ച് മതകീയ ജീവിതം നയിക്കുന്നവരെ പീഡിപ്പിക്കാനാണല്ലോ ആഗ്രഹിക്കുന്നത്. ഗുഹാവാസികൾ തങ്ങളുടെ ജനങ്ങളിൽനിന്ന് പലായനം നടത്തിയതും ഇത്തരം പീഡനത്തിന്റെ പേരിലായിരുന്നു. അന്ത്യകാല മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം, കമ്യൂണിസ്റ്റ്-ഫാഷിസ്റ്റ് പീഡനങ്ങളിൽനിന്ന് രക്ഷനേടുന്നതിന് ഒളിവിൽ കഴിയേണ്ടിവന്നേക്കാം. അങ്ങനെയാകുമ്പോൾ അവർ സ്വയം സമൂഹത്തിൽ നിന്നകലുകയും അപൂർവമായി മാത്രം കാണപ്പെടുകയും ചെയ്യും.

പക്ഷേ, ഇതൊരു നിഷ്ക്രിയ കാലമായി മനസ്സിലാക്കിക്കൂടാ. എന്തുകൊണ്ടെന്നാൽ, ദൈവാനുഗ്രഹവും സഹായവും ആഗ്രഹിച്ചുകൊണ്ടാ





ണല്ലോ അവരവിടെ ഭയം തേടിയത്. അവർ സ്വയം വളരാനും വികസിക്കാനും ശ്രമിക്കേണ്ടതുണ്ട്. ആക്രമണ ഭരണകൂടത്തിൻ കീഴിൽ കഴിയുന്ന മുസ്‌ലിംകൾ സ്വയം ഒളിവിൽ പോകുകയും ദൈവാനുഗ്രഹം കാംക്ഷിക്കുകയും, മതവിരുദ്ധ പ്രസ്ഥാനങ്ങൾക്കെതിരിൽ തങ്ങളുടെ ജീവിതവും സമരവും സുതാര്യമാക്കുകയും ചെയ്യും.

ഒരു കാര്യം സംഭവിക്കാൻ അല്ലാഹു ഇച്ഛിക്കുകയേ വേണ്ടൂവെന്ന കാര്യം വിശ്വാസികളൊരിക്കലും വിസ്മരിച്ചുകൂടെന്ന വസ്തുതയിലേക്കും പത്താം സൂക്തത്തിലെ അവരുടെ പ്രാർഥന നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നുണ്ട്. ദൈവേച്ഛയില്ലെങ്കിൽ എല്ലാവരും എന്നും ദരിദ്രരും നിസ്സഹായരുമായിരിക്കും. സ്വന്തം ബുദ്ധികൊണ്ടോ യത്നംകൊണ്ടോ ശക്തികൊണ്ടോ, ഒന്നും നേടിയെടുക്കാനവർക്ക് കഴിയുകയുമില്ല. മനുഷ്യർ പരിമിതിക്കാരായതിനാൽ അല്ലാഹുവിന് മാത്രമാണ് എന്തെങ്കിലും സംഭവിപ്പിക്കാൻ കഴിയുകയുള്ളൂ. അതിനാൽ എപ്പോഴും അല്ലാഹുവിന്റെ സഹായത്തെയും അനുഗ്രഹത്തെയും ആശ്രയിക്കണമെന്ന് നിരവധി സൂക്തങ്ങൾ മനുഷ്യരെ ഓർമിപ്പിക്കുന്നു. സൂറതുൽ അൻഫാലിലെ താഴെ സൂക്തം ഉദാഹരണം:


**എന്നാൽ നിങ്ങൾ അവരെ കൊലപ്പെടുത്തിയിട്ടില്ല. പക്ഷേ, അല്ലാഹുവാണ് അവരെ കൊലപ്പെടുത്തിയത്. (നബിയേ) നീ എറിഞ്ഞ സമയത്ത് നീ എറിഞ്ഞിട്ടുമില്ല. പക്ഷേ അല്ലാഹുവാണ് എറിഞ്ഞത്. തന്റെ ഭാഗത്തുനിന്നുള്ള ഗുണകരമായ ഒരു പരീക്ഷണത്തിലൂടെ അല്ലാഹു സത്യവിശ്വാസികളെ പരീക്ഷിക്കുന്നതിനുമായിരുന്നു അത്. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്. (അൽഅൻഫാൽ: 17)**

അല്ലാഹുവാണ് സകലതും സൃഷ്ടിക്കുന്നതും പ്രവർത്തിക്കുന്നതും. മറുവശത്ത്, മനുഷ്യരാകട്ടെ ആത്മാർഥതയുടെയും സമർപ്പണത്തിന്റെയും മേഖലകളിൽ പരീക്ഷിക്കപ്പെടുകയും ചെയ്യുന്നു. ഈ യാഥാർഥ്യം മനസ്സിലാക്കിയ ഗുഹാവാസികൾ പലായനം നടത്തിയ ഉടനെ അല്ലാഹുവിലേക്ക് തിരിയുകയും അവനോട് പ്രാർഥിച്ചുകൊണ്ട് തങ്ങളുടെ വിധേയത്വം പ്രകടിപ്പിക്കുകയുമായിരുന്നു. അല്ലാഹു തങ്ങൾക്ക് ജ്ഞാനം വർധിപ്പിക്കുകയും കാര്യങ്ങൾ സുതാര്യമാക്കുകയും ചെയ്യുമെന്ന പ്രതീക്ഷയോടെ ദൈവിക സഹായം തേടുകയാണവർ ആദ്യം ചെയ്തത്. അല്ലാഹുവോടുള്ള പ്രാർഥനയും തേട്ടവുമാണ് മനുഷ്യരുടെ ആത്മാർഥതക്ക് സുപ്രധാനമെന്ന് ഈ സ്ഥിതിവിശേഷം കാണിക്കുന്നു.

'അങ്ങനെ കുറേയേറെ വർഷങ്ങൾ ആ ഗുഹയിൽവെച്ച് നാം അവരുടെ കാതുകൾ അടച്ചു (ഉറക്കിക്കളഞ്ഞു).' (അൽകഹ്ഫ്: 11)

മതവിരുദ്ധശക്തികളുടെ പീഡനത്തിനു കീഴിൽ ഈ ജനങ്ങളിപ്പോഴും ജീവിക്കുന്നു. അനീതി നിറഞ്ഞ ഈ പ്രതിഭാസങ്ങൾ അന്ത്യകാലത്തിന്റെ വ്യക്തമായ അടയാളങ്ങളാണ് അല്ലാഹു ആഗ്രഹിക്കുകയാണെങ്കിൽ ഈ ദുഷ്കാലം എങ്ങനെയായാലും അന്ത്യകാലത്തിലേക്കാണ് അടുക്കുന്നതെന്ന് മുസ്ലിംകൾ മനസ്സിലാക്കുന്നു. ഈ ധാരണ അവർക്ക് അനല്പമായ ആനന്ദം നൽകുന്നു.

















**നി**ലവിലെ ദൈവേതര വ്യവസ്ഥിതികളുടെ മർദനങ്ങളിൽനിന്ന് ഗുഹാവാസികൾ ഗുഹയിൽ അഭയം തേടിയതുപോലെ, മതത്തിനും ധാർമിക മൂല്യങ്ങൾക്കുമെതിരായ കമ്യൂണിസം, ഫാഷിസം തുടങ്ങിയ മർദനവ്യവസ്ഥിതികളിൽനിന്ന് സുരക്ഷാർഥം അന്ത്യകാല വിശ്വാസികൾ ഒളിവിൽ പോകാനിഷ്ടപ്പെട്ടേക്കും. അവരുടെ അസ്തിത്വവും ഗുഹാവാസികളുടേതിനോട് സമാനമായിരിക്കും. അവർ മർദിക്കപ്പെടുകയും അവർക്ക് ചിന്താസ്വാതന്ത്ര്യം നിഹനിക്കപ്പെടുകയും ചെയ്തേക്കാം. അവർക്ക് മനസ്സ് തുറക്കാൻ കഴിയുകയില്ല.

എന്നാൽ, ഒളിച്ചിരിക്കുന്ന ഈ കാലം വിരസതയുടെയോ വിഷമങ്ങളുടെയോ കാലമായിരിക്കുകയില്ല. പ്രത്യുത, ശാന്തിയുടെയും സംതൃപ്തിയുടേതുമായ ഒരു കാത്തിരിപ്പ് കാലമായിരിക്കും. **'അങ്ങനെ കുറേയേറെ വർഷങ്ങൾ ആ ഗുഹയിൽവെച്ച് നാം അവരുടെ കാതുകൾ അടച്ചു (ഉറക്കികളഞ്ഞു)'**വെന്ന പ്രയോഗം വിശ്വാസികൾ തങ്ങളുടെ ഒളിവിൽ, ഉറക്കത്തിലെന്നപോലെ ആന്തരിക ശാന്തിയിലായിരിക്കുമെന്നാണ് സൂചിപ്പിക്കുന്നത്.

മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം വ്യക്തിത്വവികാസം, വിദ്യാഭ്യാസം, ജ്ഞാനാന്വേഷണം, വിശ്വാസ വളർച്ച എന്നിവയുടെ കാലമായിരിക്കും അത്. അവിശ്വാസികളും ധാർമിക മൂല്യങ്ങളുടെ ശത്രുക്കളും അഴിച്ചുവിടുന്ന അക്രമം, മർദനം, അനീതി, ക്രൂരത എന്നിവ അവനെ ബാധിക്കുകയില്ല. ഒരു ഗുഹയിലെന്ന പോലെ, ഈ വിഷമതകളിൽ നിന്നെല്ലാം അവർ അകലെയായിരിക്കും. ദൈവേച്ഛയാൽ ഈ അവസ്ഥ അവരെ രക്ഷിക്കും.

> 'പിന്നെ അവർ (ഗുഹയിൽ) താമസിച്ച കാലത്തെപ്പറ്റി കൃത്യമായി അറിയുന്നവർ ഇരു കക്ഷികളിൽ ആരാണെന്ന് അറിയാൻതക്കവണ്ണം അവരെ നാം എഴുന്നേൽപ്പിച്ചു.'
>
> (അൽകഹ്ഫ്: 12)

**അ**തെ, ഗുഹാവാസികളുടെ ഗുപ്തവാസം ഒരു നിശ്ചിത കാലത്ത് അവസാനിക്കുകയും പിന്നെ, അല്ലാഹുവിന്റെ ഇച്ഛയിൽ അവർ ഉണരുകയും ചെയ്തു. അന്ത്യനാളുകളിലെ മുസ്‌ലിംകളുടെ ഗുപ്തവാസം അല്ലാഹു നിശ്ചയിച്ച സമയം വരുന്നതുവരെ നീളുകയും പിന്നെ, എല്ലാ രഹസ്യവും കൈവെടിഞ്ഞു വിശ്വാസികൾ മറ്റുള്ളവരുമായി സ്വതന്ത്രമായി കലർന്നു





ജീവിക്കുകയും അങ്ങനെ സത്യത്തെയും ദൈവാസ്തിക്യത്തെയും ഖുർആനിക സദാചാരത്തെയും കുറിച്ച് അവർ ജനങ്ങളോട് പറയുകയും ചെയ്യും.

ഈ കാലം എത്ര നീണ്ടുനിൽക്കുമെന്ന് അല്ലാഹുവിന് മാത്രമേ അറിയൂ. കാരണം, ഈ സൂക്തം സൂചിപ്പിക്കുന്നതു പോലെ, അതിന്റെ വർഷങ്ങളും ദിവസങ്ങളും മണിക്കൂറുകളുമെല്ലാം അവന്റെ അറിവിലാണ്. സൂറതുൽ ജിന്നിൽ 'അൽമുഹ്സി' (തിട്ടപ്പെടുത്തുന്നവൻ) എന്ന ഒരു ദൈവിക ഗുണം പറയുന്നുണ്ട്. 'എല്ലാ വസ്തുക്കളുടെയും എണ്ണം തിട്ടപ്പെടുത്തി അറിയുന്നവൻ' എന്നാണതിനർഥം.

**അവർ (ദൂതന്മാർ) തങ്ങളുടെ രക്ഷിതാവിന്റെ ദൗത്യങ്ങൾ എത്തിച്ചുകൊടുത്തിരിക്കുന്നുവെന്ന് അവൻ (അല്ലാഹു) അറിയാൻ വേണ്ടി അവരുടെ പക്കലുള്ളതിനെ അവൻ സമ്പൂർണമായി അറിഞ്ഞിരിക്കുന്നു. എല്ലാവസ്തുവിന്റെയും എണ്ണം അവൻ തിട്ടപ്പെടുത്തിയിരിക്കുന്നു. (അൽജിന്ന്: 28)**

> 'അവരുടെ വർത്തമാനം നാം നിനക്ക് യഥാർഥ രൂപത്തിൽ വിവരിച്ചുതരാം. തങ്ങളുടെ രക്ഷിതാവിങ്കൽ വിശ്വസിച്ച ഏതാനും യുവാക്കളായിരുന്നു അവർ. അവർക്ക് നാം സന്മാർഗബോധം വർധിപ്പിച്ചു.'
>
> (അൽകഹ്ഫ്: 13)

**സു**ദൃഢ വിശ്വാസത്തിന്റെയും മാർഗദർശനത്തിന്റെയും പ്രാധാന്യമാണ് ഈ സൂക്തം അടിവരയിടുന്നത്. ഖുർആനിനെ കണിശമായി അനുസരിക്കുകയും പ്രവാചകചര്യ പിന്തുടരുകയും ചെയ്യാത്ത ഏതു വലിയ പ്രവർത്തനവും അല്ലാഹുവിന്റെ സന്നിധിയിൽ ഫലശൂന്യമായിരിക്കും. ഇഹലോകത്തെ സാമ്പത്തിക വിജയമോ ജോലിയോ പ്രസിദ്ധിയോ പരലോകത്ത് സഹായകമാവുകയില്ല. കാരണം അല്ലാഹുവിലുള്ള വിശ്വാസവും അവനോടുള്ള അനുസരണവുമാണ് യഥാർഥത്തിൽ പ്രധാനം. തന്റെ മാർഗ ദർശനം ലഭിച്ച ദാസന്മാരെ അല്ലാഹു പരിചയപ്പെടുത്തുന്നതിങ്ങനെ:

**ഇതാകുന്നു ഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ അത്. അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുകയും പ്രാർഥന അഥവാ നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും നാം നൽകിയ സമ്പത്തിൽനിന്ന് ചെലവഴിക്കുകയും നിനക്കും നിന്റെ മുൻഗാമികൾക്കും നൽകപ്പെട്ട സന്ദേശത്തിൽ വിശ്വസിക്കുകയും ചെയ്യുന്നവരത്രെ അവർ (സൂക്ഷ്മത പാലിക്കുന്നവർ). അവരുടെ നാഥൻ കാണിച്ച നേർവഴിയിലാകുന്നു അവർ. അവർ തന്നെയാകുന്നു സാക്ഷാൽ വിജയികൾ. (അൽബഖറ: 2–5)**

തന്റെ മാർഗദർശനം ലഭിച്ച ദാസന്മാർക്ക് ഭയമോ ദുഃഖമോ ബാധിക്കുകയില്ലെന്ന് മറ്റൊരു സൂക്തത്തിൽ അല്ലാഹു സുവാർത്ത അറിയിക്കുന്നു:

**നാം പറഞ്ഞു: നിങ്ങളെല്ലാം അവിടെ നിന്നിറങ്ങിപ്പോകുക. എന്നിട്ട് എന്റെ പക്കൽനിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നെത്തുമ്പോൾ എന്റെ ആ മാർഗദർശനം പിൻപറ്റുന്നവരാരോ അവർക്ക് ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. (അൽബഖറ: 38)**

മുസ്‌ലിംകളുടെ കാര്യങ്ങൾ വിജയപ്രദമായിത്തീരുന്നതിന് അല്ലാഹു മാർഗം സൗകര്യപ്പെടുത്തിക്കൊടുക്കുമെന്ന് ഈ സൂക്തം വ്യക്തമാക്കുന്നു. അവർക്കനുഭവപ്പെടുന്ന വിഷമതകളിൽനിന്ന് മോചനം നേടാൻ അവൻ സഹായിക്കുകയും ചെയ്യും. താഴെ സൂക്തത്തിൽ ഈ വസ്തുത അല്ലാഹു വ്യക്തമാക്കുന്നു:

**വിശ്വസിച്ചവരുടെ രക്ഷാധികാരിയാകുന്നു അല്ലാഹു. അവൻ അവരെ ഇരുട്ടുകളിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നു. എന്നാൽ, സത്യനിഷേധികളുടെ രക്ഷാധികാരികൾ ദുർമൂർത്തികളാകുന്നു. വെളിച്ചത്തിൽ നിന്ന് ഇരുട്ടുകളിലേക്കാണ് ആ ദുർമൂർത്തികൾ അവരെ നയിക്കുന്നത്. അവരത്രെ നരകവാസികൾ. അവരതിൽ നിത്യവാസികളാകുന്നു. (അൽബഖറ: 257)**

> 'ഞങ്ങളുടെ രക്ഷിതാവ് ആകാശഭൂമികളുടെ രക്ഷിതാവാകുന്നു. അവനു പുറമെ യാതൊരു ദൈവത്തോടും ഞങ്ങൾ പ്രാർഥിക്കുന്നതേയല്ല. എങ്കിൽ (അങ്ങനെ ഞങ്ങൾ ചെയ്യുന്ന പക്ഷം) തീർച്ചയായും ഞങ്ങൾ അന്യായമായ വാക്ക് പറഞ്ഞവരായിപ്പോകും എന്ന് അവർ എഴുന്നേറ്റുനിന്ന് പ്രഖ്യാപിച്ച സന്ദർഭത്തിൽ അവരുടെ ഹൃദയങ്ങൾക്ക് നാം കെട്ടുറപ്പ് നൽകി.' (അൽകഹ്ഫ്: 14)





**വി**ശ്വാസികളെ സംബന്ധിച്ചിടത്തോളം ക്ഷമയും ദൃഢനിശ്ചയവും ഇച്ഛാശക്തിയും എത്രമാത്രം പ്രാധാന്യമേറിയതാണെന്ന് ഈ സൂക്തം പ്രസ്താവിക്കുന്നു അല്ലാഹുവിൽ വിശ്വാസമർപ്പിക്കുന്നവർക്കേ ഈ ഗുണങ്ങളുണ്ടാവുകയുള്ളൂ. അല്ലാഹു എല്ലാ കാര്യങ്ങളും സൃഷ്ടിക്കുകയും എല്ലാ വിഷമതകളെയും ക്ഷമയോടും ദൃഢനിശ്ചയത്തോടുംകൂടി നേരിടാനുള്ള ശക്തി വിശ്വാസികൾക്ക് നൽകുകയും ചെയ്തുവെന്ന് 'നാം കെട്ടുറപ്പ് നൽകി' എന്ന പ്രയോഗം സൂചിപ്പിക്കുന്നു.

വാക്കിലൂടെയും പ്രവൃത്തിയിലൂടെയോ അല്ലാഹുവിന്റെ വിധി ലംഘിക്കാനാർക്കും കഴിയുകയില്ല. അതിനാൽ, അല്ലാഹുവാണ് എല്ലാം വിധിക്കുന്നതെന്ന ബോധമുണ്ടാകുകയും തങ്ങൾക്ക് യാതൊന്നും ചെയ്യാനുള്ള കഴിവില്ലെന്ന് അറിയുകയും ചെയ്താൽ സ്വാഭാവികമായും ഒരാൾ ക്ഷമാലുവായിത്തീരും. തന്റെ ദൃഢചിത്തരായ ദാസന്മാർക്ക് ഏറ്റവും പ്രയോജനകരമായ രീതിയിലാണ് അല്ലാഹു എല്ലാ വസ്തുക്കളെയും സൃഷ്ടിച്ചത് എന്ന അറിവ് അവർക്ക് ശാന്തിയും സാന്ത്വനവും നൽകുന്നു. ഉത്തമമായ ഈ സന്മാർഗം സ്വീകരിക്കുന്നവരും ക്ഷമാലുക്കളുമായ തന്റെ ദാസന്മാർക്ക് അല്ലാഹു മുക്തിയെക്കുറിച്ച വൃത്താന്തവും വലിയ പ്രതിഫലവും നൽകുന്നു:


**നിങ്ങളുടെ അടുക്കലുള്ളത് തീർന്നുപോകും. അല്ലാഹുവിങ്കലുള്ളത് അവശേഷിക്കുന്നതത്രെ. ക്ഷമ കൈക്കൊണ്ടവർക്കുള്ള പ്രതിഫലം, അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ ഏറ്റം ഉത്തമമായതിന് അനുസൃതമായി നാം നൽകുകതന്നെ ചെയ്യും. പുരുഷനാവട്ടെ സ്ത്രീയാവട്ടെ, സത്യവിശ്വാസിയായിക്കൊണ്ട് സൽക്കർമം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം നൽകുകയും ചെയ്യും. (അന്നഹ്ൽ: 96–97)**

**അല്ലാഹുവെയും അവന്റെ ദൂതനെയും നിങ്ങൾ അനുസരിക്കുക. പരസ്പരം കലഹിക്കാതിരിക്കുക. അല്ലാത്തപക്ഷം നിങ്ങൾക്ക് ധൈര്യക്ഷയം നേരിടുകയും നിങ്ങളുടെ വീര്യം (നശിച്ചു) പോവുകയും ചെയ്യും. നിങ്ങൾ ക്ഷമിക്കുക. തീർച്ചയായും അല്ലാഹു ക്ഷമാശീലരോടൊപ്പമല്ലോ. (അൽഅൻഫാൽ:46)**

**നബിയേ, നീ വിശ്വാസികളെ യുദ്ധത്തിനു പ്രോത്സാഹിപ്പിക്കുക. നിങ്ങളുടെ കൂട്ടത്തിൽ ക്ഷമാശീലരായ ഇരുപത് പേരുണ്ടായാൽ ഇരുനൂറ് പേരെ അവർ ജയിച്ചടക്കും. നിങ്ങളുടെ കൂട്ടത്തിൽ നൂറുപേരുണ്ടായാൽ സത്യനിഷേധികളിൽ ആയിരം പേരെ അവർക്ക് ജയിച്ചടക്കാം. അവർ കാര്യം ഗ്രഹിക്കാത്ത**

**ഒരു ജനവിഭാഗമാണ് എന്നതു കൊണ്ടത്രെ അത്. (അൽഅൻഫാൽ: 65)**

ദൈവവിശ്വാസത്തോടൊപ്പമുള്ള ദൃഢനിശ്ചയവും ഇച്ഛാശക്തിയും സത്യവിശ്വാസികളുടെ ഗുണങ്ങളത്രെ. അല്ലാഹുവിലും അവന്റെ വിധിയിലും വിശ്വാസമുള്ളവർക്ക് വിഷമങ്ങളെയും ബുദ്ധിമുട്ടുകളെയും അഭിമുഖീകരിക്കുമ്പോൾ ധൈര്യവും ആവേശവും നഷ്ടപ്പെടുകയില്ല. കാരണം, ആത്യന്തികം എല്ലാം ചെയ്യുന്നത് അല്ലാഹുവാണെന്ന് അവർക്കറിയാം. അതിനാൽത്തന്നെ, ഓരോ സന്ദർഭത്തെയും സന്തോഷത്തോടും ചുറുചുറുക്കോടും കൂടി സദ്പ്രവർത്തനം ചെയ്യാനുള്ള അവസരമായിക്കണ്ട് അവർ സ്വാഗതം ചെയ്യുന്നതാണ്.



*ഇസ്രായേൽ ഭടൻമാരുടെ പീഡനത്തിനു കീഴെ ഫലസ്തീൻ മുസ്‌ലിംകൾ നമസ്കരിക്കുന്നു.*

തങ്ങളുടെ ഗുപ്തവാസം കഴിഞ്ഞശേഷം ഗുഹാവാസികൾ രാജസന്നിധിയിൽ പ്രവേശിച്ചതായി ഈ സൂക്തം വ്യക്തമാക്കുന്നുണ്ട്. അപ്പോഴും മുമ്പത്തേതുപോലെ വിഗ്രഹാരാധനയും ദൈവനിഷേധവും വ്യാപിച്ചിരുന്നു. ജനങ്ങൾ മതസദാചാരത്തിൽനിന്ന് അകന്ന് കഴിയുകയായിരുന്നു. മുസ്‌ലിംകളാകട്ടെ പീഡിതരായി കഴിയുകയും. ഇതെല്ലാമായിട്ടും അല്ലാഹുവിലുള്ള വിശ്വാസവും ഏകാരാധ്യനെന്ന നിലയിൽ അവനുള്ള ആരാധനയും തങ്ങൾ വർജിക്കുകയില്ലെന്നും, ഒരു പെരുമാറ്റച്ചട്ടത്തിന്റെ പേരിൽ പോലും ഇവക്ക് വിരുദ്ധമായതെന്തെങ്കിലും പറയുന്നത് അല്ലാഹുവോട് ചെയ്യുന്ന ഒരു കുറ്റമായിരിക്കുമെന്നും ഗുഹാവാസികൾ രാജാവിനോട് പറഞ്ഞു.








*കിഴക്കൻ തുർക്കിസ്ഥാനിലെ ജനങ്ങൾ ക്രൂരമായ കമ്യൂണിസ്റ്റ് വ്യവസ്ഥിതിക്ക് കീഴിൽ അരനൂറ്റാണ്ടിലേറെയായി ചവിട്ടിയരക്കപ്പെടുന്നു.*

സ്വേച്ഛാധിപതിയായ രാജാവിന്റെ മുമ്പാകെ കാട്ടിയ ഇത്തരം ധൈര്യവും ദൃഢനിശ്ചയവും, അവർ ആത്മാർഥ മുസ്‌ലിംകളായിരുന്നുവെന്നാണ് തെളിയിക്കുന്നത്. സത്യവിശ്വാസികൾക്ക് വേണ്ടിയാണ് അല്ലാഹു എല്ലാം സൃഷ്ടിച്ചത്. അതിനാൽ, അവൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ ഒന്നിനും ആരെയും ഉപദ്രവിക്കാനാവുകയില്ല. ഗുഹാവാസികൾ ഈ സത്യം അറിയുന്നവരായതിനാൽ അനുകരണീയമായ ഈ ദൈവവിശ്വാസവും ദൃഢതയും അവർക്ക് പ്രകടിപ്പിക്കാൻ കഴിഞ്ഞു.

അന്ത്യനാളുകളിൽ, ആളുകൾ വിഗ്രഹങ്ങളെ കൈക്കൊള്ളുകയും അബദ്ധ ചിന്തകളും മനോരാജ്യങ്ങളും പ്രചരിപ്പിക്കുകയും ചെയ്യും. മർദകവും ഏകാധിപത്യപരവുമായ ഭരണകൂടങ്ങളെ അഭിമുഖീകരിക്കുമ്പോൾ ആത്മാർഥവിശ്വാസികൾ ഇതു പോലുള്ള ധൈര്യത്തോടും ദൃഢവിശ്വാസത്തോടും കൂടി വിശ്വാസം വെളിവാക്കണമെന്ന് ഈ സൂക്തം സൂചിപ്പിക്കുന്നു.


(അവർ പറഞ്ഞു:) 'ഞങ്ങളുടെ ഈ ജനത അവനു പുറമെ പല ദൈവങ്ങളെയും സ്വീകരിച്ചിരിക്കുന്നു. അവരെ (ദൈവങ്ങളെ) സംബന്ധിച്ച വ്യക്തമായ യാതൊരു പ്രമാണവും ഇവർ കൊണ്ടുവരാത്തതെന്താണ്? അപ്പോൾ അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചവനെക്കാൾ അക്രമിയായി ആരുണ്ട്?' (അൽകഹ്ഫ്: 15)

ഗുഹാവാസികൾ വിഗ്രഹാരാധകരായ ആളുകളെ വിശ്വാസത്തിലേക്ക് ക്ഷണിക്കുകയും ദൈവ മാർഗത്തിലേക്ക് പ്രബോധനം നടത്തുകയും അല്ലാഹുവിൽ പങ്കു ചേർക്കുന്നത് നിറുത്താനാവശ്യപ്പെടുകയും അവരുടെ നിഷേധത്തിന്റെ പ്രമാണങ്ങൾ തേടുകയും ചെയ്തിരുന്നുവെന്ന് ഈ സൂക്തം സൂചിപ്പിക്കുന്നു. വിഗ്രഹാരാധകർക്ക് അതിന് കഴിയാതെവന്നപ്പോൾ അവരെ നുണയന്മാരും ദൂഷകരുമായി ചിത്രീകരിക്കുകയായിരുന്നു.


ചാൾസ് ഡാർവിൻ

അല്ലാഹുവിനെ വിട്ട് വിഗ്രഹത്തെ കൈക്കൊണ്ടവരോട് തെളിവ് അവതരിപ്പിക്കാൻ ഇന്നത്തെ മുസ്‌ലിംകളുമാവശ്യപ്പെടുന്നു. പദാർഥത്തെയും യാദൃച്ഛികതയെയും വിഗ്രഹവത്കരിക്കുന്ന ഒരു വിശ്വാസം അന്ത്യനാളുകളിൽ നിലകൊള്ളുന്നു- ഡാർവിൻ സിദ്ധാന്തം.

പ്രപഞ്ചത്തിനൊരു ലക്ഷ്യമില്ലെന്നും അത് യാദൃച്ഛികമായി സംഭവിച്ചതാണെന്നും പ്രകൃതിയോട് ഏറ്റവും യോജിച്ചവ മാത്രമേ നിലനിൽക്കുകയുള്ളൂവെന്നും ഡാർവിൻ സിദ്ധാന്തിക്കുന്നു. ആക്രമണത്തിന്റെയും സംഘട്ടനത്തിന്റെയും അസ്തിവാരത്തിനുമേലാണ് ഈ മതവിരുദ്ധ സിദ്ധാന്തം പടുത്തയർത്തപ്പെട്ടിരിക്കുന്നത്. എല്ലാ നശീകരണ വസ്തുക്കളുടെയും ഉത്തരവാദിയായ ഈ യാദൃശ്ചികതാവാദ സിദ്ധാന്തം സർവശക്തനും എല്ലാറ്റിന്റെയും സ്രഷ്ടാവുമായ അല്ലാഹുവിനെതിരിലുള്ള ഡാർവിനിസ്റ്റുകളുടെ ആരോപണമെന്നതിൽ കവിഞ്ഞൊന്നുമല്ല. തങ്ങളുടെ പൊള്ളവാദങ്ങൾക്കു


*മനുഷ്യന്റെ മുൻഗാമിയായി പരിണാമവാദികൾ പറയുന്ന പിൽട്ഡോൺ മനുഷ്യന്റെ തലയോട്. ഇത് ഒറാംഗ്ടോൺ കുരങ്ങിന്റെ താടിയെല്ല് മനുഷ്യന്റെ തലയോടിൽ കൃത്രിമമായി ഒട്ടിച്ചുണ്ടാക്കിയതാണ്.*





ഉപോദ്ബലകമായി അവർ നുണപറയുകയും വഞ്ചന നടത്തുകയും കൃത്രിമ തെളിവുകളവതരിപ്പിക്കുകയും ചെയ്യുന്നു. Pilt down മനുഷ്യൻ, Nebraska മനുഷ്യൻ, സ്പീഷീസുകളിലെ നൈസർഗിക പരിണാമ വികാസത്തോട് സമാനമാണ് അണുജീവിയിലെ ആദികാല വികാസങ്ങൾ എന്ന് വാദിക്കുന്ന സംക്ഷേപ (Recapitulation)സിദ്ധാന്തം, Archaeoraptor (വ്യാജ ദിനോസർ പക്ഷി) തുടങ്ങിയ തട്ടിപ്പുകളാൽ നിർഭരമാണ് ഡാർവിൻ സിദ്ധാന്ത ചരിത്രം. പൂർവകാല പാരമ്പര്യ പ്രക്രിയയുടെ ഒരു ഉൽപന്നമാണ് മനുഷ്യനെന്ന് ആളുകളെ വിശ്വസിപ്പിക്കാൻ അവർ വ്യാജ തെളിവുകളും ഭാവനാ ചിത്രങ്ങളും തിരക്കഥകളുമുണ്ടാക്കുന്നു. ഈ ലക്ഷ്യത്തിനു വേണ്ടി യാതൊരു മനസ്സാക്ഷിക്കുത്തുംകൂടാതെ ശാസ്ത്രീയ തെളിവുകളെ ദുർവ്യാഖ്യാനം നടത്തുന്നു.

തദ്ഫലമായി അന്ത്യനാളുകളിലെ മുസ്‌ലിംകൾ നേരിടുന്ന ഏറ്റവും വലിയ മതവിരുദ്ധ സിദ്ധാന്തങ്ങളിലൊന്നാണ് ഡാർവിനിസം. ഗുഹാവാസികളെപ്പോലെത്തന്നെ ഇന്നത്തെ മുസ്‌ലിംകൾ, ദൈവനിഷേധം നടത്തുകയും യാദൃച്ഛികതയെ വിഗ്രഹവത്കരിക്കുകയും ചെയ്യുന്ന ഡാർവിനിസ്റ്റുകളോട് തെളിവുകളാവശ്യപ്പെടുന്നു. പ്രതികരണമായി, നിരവധി നുണകളും തട്ടിപ്പുകളും സകലവിധ കലഹപ്രേരണയോടുംകൂടി അവർ അവതരിപ്പിക്കുന്നു. ഖണ്ഡിതമായ തെളിവുകൾ അവരുടെ വശമില്ല എന്നതാണ് കാരണം. (കൂടുതൽ അറിയാൻ: Herunyahiya: The Evotation Deceipt... London. Ta-he. Publication. 2003. 8th Ed. കാണുക)

ദൈവത്തിനെതിരെയുള്ള വ്യക്തമായ ഒരാരോപണമാണ് സകല വസ്തുക്കളും യാദൃച്ഛികതയുടെ ഉൽപന്നമാണെന്ന വാദം. 'അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമച്ചവനെക്കാൾ അക്രമിയായി ആരുണ്ട്' എന്ന പ്രയോഗം തെറ്റായ ഈ പ്രവർത്തനത്തെ സൂചിപ്പിക്കുന്നു.

(അവർ അന്യോന്യം പറഞ്ഞു:) 'അവരെയും അല്ലാഹു ഒഴികെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നതിനെയും നിങ്ങൾ വിട്ടൊഴിഞ്ഞ സ്ഥിതിക്ക് നിങ്ങൾ ആ ഗുഹയിൽ അഭയം പ്രാപിച്ചുകൊള്ളുക. നിങ്ങളുടെ രക്ഷിതാവ് അവന്റെ കാരുണ്യത്തിൽനിന്ന് നിങ്ങൾക്ക് വിശാലമായി നൽകുകയും നിങ്ങളുടെ കാര്യത്തിൽ സൗകര്യമേർപ്പെടുത്തിത്തരികയും ചെയ്യുന്നതാണ്.' (അൽകഹ്ഫ്: 16)

**ഗു**ഹാവാസികൾ അവിശ്വാസികളുടെ ദുഷിച്ച ജീവിതരീതിയിൽനിന്ന് തികച്ചും അകന്നു കഴിഞ്ഞിരുന്നുവെന്ന് ഈ സൂക്തം പ്രസ്താവിക്കുന്നു. അത് വിശ്വാസികൾക്കും അവരെ എതിർത്തിരുന്ന അവിശ്വാസികൾക്കുമിട യിൽ ഒരു ആശയ സമരം സൃഷ്ടിക്കുകയായിരുന്നു.

അവിശ്വാസികളുടെ പീഡനം കാരണം അവരിൽനിന്ന് പൂർണമായും അകന്നുകഴിയേണ്ടതിന്റെ ആവശ്യകത ഗുഹാവാസികൾക്ക് ബോധ്യമായി. അങ്ങനെ അവിശ്വാസികളുമായുള്ള സകല ബന്ധങ്ങളും വിച്ഛേദിച്ച് അവർ ഗുഹയിൽ അഭയം തേടുകയായിരുന്നു. ഈ കാലത്ത് ദൈവാനുഗ്രഹം അവരെ കടാക്ഷിക്കുകയും പലനിലക്കും തങ്ങളുടെ കാര്യങ്ങൾ അവർക്ക് സൗകര്യമാക്കപ്പെടുകയും ചെയ്തു. അവിശ്വാസികളുടെ നിഷേധാത്മക സമ്മർദത്തിൽനിന്ന് അവർ മോചിപ്പിക്കപ്പെടുക എന്നതായിരുന്നു ദൈവിക സഹായത്തിന്റെയും ദൈവിക പിന്തുണയുടെയും സുപ്രധാനമായൊരു ലക്ഷ്യം.

നിർമത സമൂഹങ്ങൾ മുസ്‌ലിംകളുടെ വിശുദ്ധ മൂല്യങ്ങളെ ആക്രമിക്കു ന്നതും, അവരുടെ വിശ്വാസാചാരങ്ങളെ പരിഹസിക്കുകയും നിന്ദിക്കുകയും ചെയ്യുന്നതും പതിവാണ്. അതിനാൽത്തന്നെ അത്തരമാളുകളിൽനിന്ന് അകന്നുനിൽക്കുക വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഏറ്റവും ആശ്വാ സകരവുമാണ്. അതുവഴി ശത്രുതയെ അഭിമുഖീകരിക്കുന്നതിനു പകരം മത സേവനം ചെയ്യാൻ കൂടുതൽ സന്ദർഭം ലഭിക്കുമല്ലോ. മാത്രമല്ല, വ്യക്തിത്വ വികാസത്തിനും ജ്ഞാനമാർജിക്കാനും സാംസ്കാരികവും സാമൂഹികവു മായ പ്രശ്നങ്ങളിൽ ഭാഗഭാക്കാകാനും കൂടുതൽ സമയം ലഭിക്കുകകൂടി ചെയ്യുന്നു. ഇതിനുംപുറമെ, സ്വജനതക്ക് നല്ലൊരു ജീവിതം കാഴ്ചവെക്കാൻ കഠിനയത്നം നടത്താനും, തങ്ങളുടെ മുക്തിക്കുപയുക്തമായ ഏകമാർഗം ഖുർആനിക മൂല്യങ്ങൾ കൈക്കൊള്ളുകയാണെന്ന് അവരെ ബോധ്യപ്പെ ടുത്താനും അവർക്ക് സാധിക്കുന്നു.

'ഉദയവേളയിൽ സൂര്യൻ അവരുടെ ഗുഹവിട്ട് വലതുഭാഗ ത്തേക്കു മാറി ഉയരുന്നതായും അസ്തമയവേളയിൽ അ വരെ വിട്ടുകടന്ന് ഇടതുഭാഗത്തേക്ക് മാറി താഴുന്നതായും നിനക്ക് കാണാം. അവരാകട്ടെ അതിന്റെ (ഗുഹയുടെ) വിശാലമായ ഒരു ഭാഗത്താകുന്നു. അത് അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ടതത്രെ. അല്ലാഹു ആരെ നേർവഴിയി ലാക്കുന്നുവോ അവനാണ് സന്മാർഗം പ്രാപിച്ചവൻ. അവൻ ആരെ ദുർമാർഗത്തിലാക്കുന്നുവോ അവരെ നേർവഴിയി ലേക്ക് നയിക്കുന്ന ഒരു രക്ഷാധികാരിയെയും നീ കണ്ടെ ത്തുന്നതല്ലതന്നെ.' (അൽകഹ്ഫ്: 17)





**മു**സ്‌ലിംകളുടെ ഭവനങ്ങൾ സൂര്യപ്രകാശമേൽക്കുന്നതായിരിക്കണമെന്ന് ഈ സൂക്തം സൂചിപ്പിക്കുന്നുണ്ടാകാം. രാവിലെയും വൈകുന്നേരവും കഴി യുന്നിടത്തോളം പ്രകാശം ലഭിക്കുന്നതായിരിക്കണം അവ. തദ്വാരാ, സൂര്യപ്രകാശത്തിന്റെ അനുകൂലഫലങ്ങൾ നേടാനും അങ്ങനെ ഏറ്റവും ആരോഗ്യകരമായൊരു അന്തരീക്ഷം സൃഷ്ടിക്കാനും കഴിയുമല്ലോ. അല്ലെ ങ്കിൽ, ഭവനങ്ങൾ പ്രവിശാലവും സൗകര്യപ്രദവുമായിരിക്കണമെന്ന് ഇത് സൂചിപ്പിക്കുന്നുണ്ടാകാം. അങ്ങനെ അതിൽ താമസിക്കുന്നത് ആനന്ദകര മായിത്തീരുമല്ലോ. കഴിവതും വിശാലവും വായുസഞ്ചാരമുള്ളതും തികച്ചും പ്രശാന്തവുമായ നിലക്കാണ് മുസ്‌ലിംകൾ ഭവനങ്ങൾ നിർമിക്കേണ്ടത്.


ദൈവിക മാർഗദർശനത്തിന്റെ പ്രാധാന്യം ഈ സൂക്തവും പ്രഖ്യാപനം ചെയ്യുന്നു. അല്ലാഹു മാർഗദർശനം നൽകിയവർക്കേ മോക്ഷം ലഭിക്കുക യുള്ളൂവെന്നും അല്ലാത്തവർക്ക് നിത്യ യാതനയായിരിക്കും ഫലമെന്നും ഇത് പ്രസ്താവിക്കുന്നു.

മറ്റുള്ളവരെ വിശ്വാസത്തിലേക്ക് ക്ഷണിക്കുന്നത് ശാന്തമായ ക്ഷമയോടും ഏറ്റുമുട്ടലില്ലാതെയുമായിരിക്കണമെന്നും പ്രസ്തുത സൂക്തം ഊന്നിപ്പറയു ന്നു. അല്ലാഹു മാത്രമാണ് വിശ്വാസം നൽകുന്നതെന്ന് വിസ്മരിച്ചുകൂടാ. അവൻ പറയുന്നു:

**മതത്തിന്റെ കാര്യത്തിൽ ബലപ്രയോഗമേയില്ല. സന്മാർഗം ദുർമാർഗത്തിൽനിന്ന് വ്യക്തമായി വേർതിരിഞ്ഞുകഴിഞ്ഞിരി ക്കുന്നു. ആകയാൽ ഏതൊരാൾ ദുർമൂർത്തികളെ അവിശ്വസി ക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള കയറിലാകുന്നു. അത് പൊട്ടിപ്പോകുകയേയില്ല. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു. (അൽബഖറ: 256)**

ക്ഷണിതാക്കൾ ക്ഷണം തിരസ്കരിക്കാനാണിഷ്ടപ്പെടുന്നതെങ്കിൽ അല്ലാഹുവിൽ വിശ്വാസമർപ്പിക്കുകയാണ് ചെയ്യേണ്ടത്. മറ്റുള്ളവരെ സമ്മർദം ചെലുത്തിക്കൂടാ.

'അവർ ഉണർന്നിരിക്കുന്നവരാണ് എന്ന് നീ ധരിച്ചുപോകും. (വാസ്തവത്തിൽ) അവർ ഉറങ്ങുന്നവരത്രെ. നാമവരെ വലത്തോട്ടും ഇടത്തോട്ടും മറിച്ചുകൊണ്ടിരുന്നു. അവരുടെ നായ ഗുഹാമുഖത്ത് അതിന്റെ രണ്ടു കൈകളും നീട്ടിവെച്ചിരി ക്കുകയാണ്. അവരുടെ നേർക്ക് നീ എത്തിനോക്കുന്ന പക്ഷം നീ അവരിൽനിന്ന് പിന്തിരിഞ്ഞോടുകയും അവരെപ്പറ്റി നീ ഭീതിപൂണ്ടവനായിത്തീരുകയും ചെയ്യും.' (അൽകഹ്ഫ്: 18)






ഇന്ന് ചില മുസ്‌ലിംകൾ സമാനമായൊരു നിദ്രയാൽ മയങ്ങിയിരിക്കുകയാണ്. മനുഷ്യനെ മതത്തിൽനിന്നകറ്റാൻ ആഗ്രഹിക്കുന്ന ഭൗതികാശയങ്ങളിൽനിന്ന് പ്രവഹിക്കുന്ന ദുഷ്ടതകൾ അവരെ ബാധിക്കുന്നില്ല. അതിനാൽ, ഭൗതികവാദം ഹേതുവായുണ്ടാകുന്ന ധർമച്യുതി, അസ്വസ്ഥത, പീഡനം എന്നിവയാൽ സ്വാധീനിക്കപ്പെട്ടാതെ, ഖുർആനിക നിയമമനുസരിച്ച് അവർ തങ്ങളുടെ ജീവിതം തുടരുകയാണ്.

ഒരുപക്ഷേ, മനസ്സമാധാനത്തിന്റെയും വിധിക്ക് കീഴടങ്ങിയതു കാരണം അനുഭവപ്പെട്ട വിശ്വാസത്തിന്റെയും ഫലമായിരിക്കാം ഗുഹാവാസികളുടെ നിദ്രാവസ്ഥ. അല്ലാഹു മുൻവിധിയോടെയാണല്ലോ സകലകാര്യങ്ങളും സൃഷ്ടിക്കുന്നത്. എല്ലാ സംഭവങ്ങളും വിശ്വാസികളുടെ പ്രയോജനത്തിന് ലക്ഷ്യമാക്കുകയും ചെയ്യുന്നു. അല്ലാഹു പറയുന്നു: *വിശ്വാസികൾക്കെതിരിൽ അല്ലാഹു ഒരിക്കലും സത്യനിഷേധികൾക്ക് വഴിതുറന്നുകൊടുക്കുന്നതല്ല (അന്നിസാഅ്: 141).* വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഇതൊരു സുവാർത്തയും സമാധാന ഹേതുവുമാണ്. കാരണം, സകല കാര്യങ്ങളും അവർക്ക് അനുകൂലവും പ്രയോജനകരവുമാണെന്നതിന്റെ ഒരു സൂചനയത്രെ ഇത്.



*ലോകത്തിലെങ്ങും അന്തശ്ഛിദ്രങ്ങളാണ് നാം ദർശിക്കുന്നത്. പട്ടിണിക്കും, ദാരിദ്ര്യത്തിനുമെതിരെ ജനങ്ങൾ കലാപമുണ്ടാക്കുകയും അവയെല്ലാം നാടകീയമായി ധാർമികാധഃപതനത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ഇത്തരം നശീകരണ സാഹചര്യങ്ങളിൽ നമുക്ക് കഴിയുന്നത് ജനങ്ങളോട് ഖുർആന്റെ മൂലങ്ങളെ പിൻപറ്റാനും അതിലൂടെ നന്മയും സുസ്ഥിരതയും അവർക്ക് കൈവരുമെന്നും പറയാൻ മാത്രമാണ്.*



*അവരുടെ നായ അതിന്റെ പാദങ്ങളിൽ ഊന്നിക്കിടന്നു.*


*(സൂറത്തുൽ കഹ്ഫ്: 18)*





ആത്മാർഥതയുള്ള തന്റെ ദാസന്മാർക്ക് താൻ വിജയം പ്രദാനം ചെയ്യുമെന്ന ദൈവിക വാഗ്ദാനമാണ് മുസ്‌ലിംകളുടെ സുരക്ഷാ ബോധത്തിന്റെയും മനസ്സമാധാനത്തിന്റെയും മറ്റൊരു കാരണം. താഴെ സൂക്തം ഈ സുവാർത്ത വെളിപ്പെടുത്തുന്നു:

**നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു: അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയതുപോലെത്തന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുന്നതാകുന്നു. അവർക്ക് അവൻ തൃപ്തിപ്പെട്ടുകൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുന്നതുമാകുന്നു. അവരുടെ ഭയപ്പാടിനു ശേഷം നിർഭയത്വം പകരം നൽകുന്നതുമാകുന്നു. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്ന പക്ഷം അവർതന്നെയാകുന്നു ധിക്കാരികൾ. (അന്നൂർ: 55)**





അതെ, വിശ്വാസികൾ എന്തു പ്രതിസന്ധികൾ നേരിടുന്നുവെങ്കിലും പ്രതിബദ്ധരായ അവരെ അല്ലാഹു സുരക്ഷയിലേക്ക് നയിക്കുന്നു. ഗുഹാവാസികളെയെന്നപോലെ, ആധുനിക മുസ്‌ലിംകളും തങ്ങളുടെ പ്രവർത്തനങ്ങൾ തുടരുന്നതിന്റെ ഒരു കാരണം ഇതാണ്.

തങ്ങൾക്ക് സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ അല്ലാഹുവിന് മാത്രമേ ഇച്ഛിക്കാൻ കഴിയുകയുള്ളൂവെന്ന വസ്തുത മുസ്‌ലിംകൾ മനസ്സിലാക്കുകയും അതിൽനിന്ന് ആശ്വാസം നേടുകയും ചെയ്യുന്നു.

തന്നിൽ അർപ്പിക്കുകയും വിധിയിൽ വിശ്വസിക്കുകയും പൂർണവിശ്വാസം കൈക്കൊള്ളുകയും ചെയ്യുന്ന വിശ്വാസികളുടെ നിശ്ചയദാർഢ്യതയിലേക്ക് അല്ലാഹു നമ്മുടെ ശ്രദ്ധ ക്ഷണിക്കുകയാണ്:

**പറയുക: അല്ലാഹു ഞങ്ങൾക്ക് രേഖപ്പെടുത്തിയതല്ലാതെ ഞങ്ങൾക്കൊരിക്കലും ബാധിക്കുകയില്ല. അവനാണ് ഞങ്ങളുടെ യജമാനൻ. അല്ലാഹുവിന്റെ മേലാണ് സത്യവിശ്വാസികൾ ഭരമേൽപിക്കേണ്ടത്. (അത്തൗബ: 51)**

മൃഗങ്ങളുടെ സ്നേഹത്തെക്കുറിച്ചും 18-ാം സൂക്തം പറയുന്നു. ഒരുപക്ഷേ, സുരക്ഷാ കാര്യങ്ങൾക്കായി നായയെ സൂക്ഷിക്കാമെന്ന് ഇത് സൂചിപ്പിക്കുന്നുണ്ടാകും. ആശ്രയിക്കാൻ കൊള്ളുന്ന സൗഹൃദമുള്ളൊരു ജീവിയാണ് നായ. യജമാനനോട് കൂറുപുലർത്തുന്ന അതിന് അപകടങ്ങളോട് തൽക്ഷണം പ്രതികരിക്കാനും അവ തിരിച്ചറിയാനും മതിയായ സംവേദന ശക്തിയുണ്ട്. മുൻകരുതലെന്ന നിലക്ക് ഒരു കാവൽനായയെ വെക്കാൻ മുസ്‌ലിംകൾക്ക് അനുവാദമുണ്ട്. ആദ്യമായി ദൈവവിശ്വാസം ഉണ്ടായിരിക്കണമെന്നു മാത്രം.

സ്നേഹത്തിനും കാവലിനും വേണ്ടി മൃഗങ്ങളെ പോറ്റാമെന്നു കൂടി ഈ സൂക്തം സൂചിപ്പിക്കുന്നുണ്ടാകാം. ഇക്കാര്യത്തിൽ പ്രവാചകനായ സുലൈമാൻ (അ) മാതൃകയായി അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. താഴെ സൂക്തം കാണുക:

**കുതിച്ചോടാൻ തയ്യാറായിനിൽക്കുന്ന വിശിഷ്ടമായ കുതിരകൾ വൈകുന്നേരം അദ്ദേഹത്തിന്റെ മുമ്പിൽ പ്രദർശിപ്പിക്കപ്പെട്ട സന്ദർഭം. അപ്പോൾ അദ്ദേഹം പറഞ്ഞു: 'എന്റെ രക്ഷിതാവിന്റെ സ്മരണയുടെ അടിസ്ഥാനത്തിലാണ് ഐശ്വര്യത്തെ ഞാൻ സ്നേഹിച്ചിട്ടുള്ളത്.' അങ്ങനെ അവ (കുതിരകൾ) കാഴ്ചയിൽനിന്ന് മറഞ്ഞു. (അപ്പോൾ അദ്ദേഹം കൽപിച്ചു:) 'നിങ്ങൾ അവയെ എന്റെ അടുത്തേക്ക് തിരിച്ചുകൊണ്ടുവരൂ.' എന്നിട്ട് അദ്ദേഹം (അവയുടെ) കണങ്കാലുകളിലും കഴുത്തുകളിലും തലോടാൻ തുടങ്ങി. (സ്വാദ്: 31-33)**





'അപ്രകാരം -അവർ അന്യോന്യം ചോദ്യം നടത്തുവാൻ തക്കവണ്ണം- നാം അവരെ എഴുന്നേൽപിച്ചു. അവരിൽ ഒരാൾ ചോദിച്ചു: 'നിങ്ങളെത്രകാലം (ഗുഹയിൽ) കഴിച്ചുകൂട്ടി?' ചിലർ പറഞ്ഞു: 'നാം ഒരു ദിവസമോ ഒരു ദിവസത്തിന്റെ അൽപഭാഗമോ കഴിച്ചുകൂട്ടിയിരിക്കും.' മറ്റു ചിലർ പറഞ്ഞു: 'നിങ്ങളുടെ രക്ഷിതാവാകുന്നു നിങ്ങൾ കഴിച്ചുകൂട്ടിയതിനെപ്പറ്റി ശരിയായി അറിയുന്നവൻ. ഏതായാലും നിങ്ങളിൽ ഒരാളെ നിങ്ങളുടെ ഈ വെള്ളിനാണയവുംകൊണ്ട് പട്ടണത്തിലേക്കയക്കുക. അവിടെ ആരുടെ പക്കലാണ് ഏറ്റവും നല്ല ഭക്ഷണമുള്ളത് എന്നുനോക്കിയിട്ട് അവിടെനിന്ന് നിങ്ങൾക്ക് അവൻ വല്ല ആഹാരവും കൊണ്ടുവരട്ടെ. അവൻ കരുതലോടെ പെരുമാറട്ടെ. നിങ്ങളെപ്പറ്റി അവൻ യാതൊരാളെയും അറിയിക്കാതിരിക്കട്ടെ.' (അൽകഹ്ഫ്: 19)

**ഒ**രു തീരുമാനത്തിലെത്തുന്നതിനു മുമ്പ് നിലവിലുള്ള സാഹചര്യങ്ങളെക്കുറിച്ച് ചർച്ച നടത്തുകയാണീ സൂക്തത്തിൽ. ഗുഹാവാസകാലത്തെക്കുറിച്ച ചർച്ച ഈ സൂക്തം വിശദമാക്കുന്നു. നിങ്ങൾ എത്രനാൾ ഗുഹയിൽ കഴിഞ്ഞുവെന്ന് നിങ്ങളുടെ നാഥൻ അറിയുമെന്നവർ പറയുന്നു. ഒരു കരാറോ അന്തിമ തീരുമാനമോ ഇല്ലാതിരിക്കുമ്പോൾ അതിന്റെ ഫലം അല്ലാഹുവിന് വിട്ടുകൊണ്ട് വിശ്വാസികൾ 'അല്ലാഹു അഅ്ലം' എന്നു പറയുമെന്നും ഈ സൂക്തം സൂചിപ്പിക്കുന്നു. കാരണം, അദൃശ്യം അവനു മാത്രമാണല്ലോ അറിയുക. അതിനാൽ അറിയാൻ കഴിയാത്ത കാര്യങ്ങളെക്കുറിച്ച് വാദിക്കുന്നത് ദൈവവിശ്വാസിയുടെ ലക്ഷണമല്ല. കാരണം, ആളുകൾക്കിടയിൽ ശല്യമുണ്ടാകാനാണ് അത് ഹേതുവായിത്തീരുക. അത്തരം കാര്യങ്ങൾ അല്ലാഹുവിൽ അർപ്പിച്ചു വിധിയെ അംഗീകരിക്കുകയാണ് പ്രധാനം.

മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം മറ്റു ചില സന്ദേശങ്ങൾകൂടി ഈ സൂക്തം ഉൾക്കൊള്ളുന്നു. ആഹാരം വാങ്ങാൻ നഗരത്തിലേക്കയച്ച വിശ്വാസിയോട് വിശുദ്ധമായതേ വാങ്ങാവൂ എന്ന ഗുഹാവാസികളുടെ നിർദേശമാണ് ആദ്യത്തേത്. വൃത്തിയുടെ കാര്യത്തിൽ വിശ്വാസികളുടെ സൂക്ഷ്മബോധത്തെക്കുറിച്ച് നിരവധി സൂക്തങ്ങൾ പ്രസ്താവിക്കുന്നുണ്ട്. പ്രവാചകനെ കുറിച്ച് താഴെ സൂക്തം പറയുന്നതിങ്ങനെയാണ്:

**നല്ല വസ്തുക്കൾ അവർക്ക് അദ്ദേഹം അനുവദനീയമാക്കുകയും ചീത്തവസ്തുകൾ അവരുടെ മേൽ നിഷിദ്ധമാക്കുകയും ചെയ്യുന്നു. (അൽഅഅ്റാഫ്: 157)**

**വിശ്വാസികളോട് അല്ലാഹു ആജ്ഞാപിക്കുന്നു: നിന്റെ വസ്ത്രങ്ങൾ ശുദ്ധിയാക്കുകയും ചെയ്യുക. (അൽമുദ്ദസ്സിർ: 4)**

നല്ലതും ശുദ്ധവുമായ ആഹാരത്തെക്കുറിച്ച് താഴെ സൂക്തങ്ങൾ പറയുന്നു:

**ആകയാൽ അല്ലാഹു നിങ്ങൾക്ക് നൽകിയിട്ടുള്ളതിൽനിന്ന് അനുവദനീയവും വിശിഷ്ടവുമായത് നിങ്ങൾ തിന്നുകൊള്ളുക. അല്ലാഹുവിന്റെ അനുഗ്രഹത്തിന് നിങ്ങൾ നന്ദികാണിക്കുകയും ചെയ്യുക; നിങ്ങൾ അവനെയാണ് ആരാധിക്കുന്നതെങ്കിൽ. (അന്നഹ്ൽ: 114)**

**നിങ്ങൾക്ക് നാം തന്നിട്ടുള്ള വിശിഷ്ടമായ വസ്തുക്കളിൽനിന്ന് നിങ്ങൾ ഭക്ഷിച്ചുകൊള്ളുക. അതിൽ നിങ്ങൾ അതിരുകവിയരുത്. (നിങ്ങൾ അതിര് കവിയുന്ന പക്ഷം) എന്റെ കോപം നിങ്ങളുടെ മേൽ വന്നിറങ്ങുന്നതാണ്. എന്റെ കോപം ആരുടെ മേൽ വന്നിറങ്ങുന്നുവോ അവൻ നാശത്തിൽ പതിച്ചു. (ത്വാഹാ: 81)**

വിശ്വാസികൾ നഗരങ്ങളിൽനിന്ന് ആഹാരം വാങ്ങാനിഷ്ടപ്പെടുന്നുവെന്നു കൂടി ഈ സൂക്തം സൂചിപ്പിക്കുന്നു. അവിടെ പല ഇനങ്ങളും ലഭിക്കുന്നുവെന്നതായിരിക്കാം കാരണം. മാത്രമല്ല, അവരെ സംബന്ധിച്ചിടത്തോളം നഗരംകൊണ്ട് മറ്റൊരു പ്രയോജനം കൂടിയുണ്ട്. സത്യപ്രബോധനത്തിന് തുടക്കം കുറിക്കപ്പെടുന്നത് അവിടെ നിന്നാണല്ലോ:

**ഇത് നാം അവതരിപ്പിച്ച നന്മ നിറഞ്ഞ ഒരു ഗ്രന്ഥം! ഇതിന്റെ മുമ്പുള്ള വേദത്തെ ശരിവെക്കുന്നതത്രെ അത്. മാതൃനഗരി(മക്ക)യിലും അതിന്റെ ചുറ്റു ഭാഗത്തുമുള്ളവർക്ക് നീ താക്കീത് നൽകുവാൻ വേണ്ടി ഉള്ളതുമാണ് അത്. പരലോകത്തിൽ വിശ്വസിക്കുന്നവർ ഈ ഗ്രന്ഥത്തിൽ വിശ്വസിക്കുന്നതാണ്. തങ്ങളുടെ പ്രാർഥന അവർ മുറപ്രകാരം സൂക്ഷിച്ചുപോരുന്നതുമാണ്. (അൽഅൻആം: 92)**

വിശ്വാസികൾ എല്ലായ്പ്പോഴും സഹിഷ്ണുതയും മര്യാദയുമുള്ളവരായിരിക്കണമെന്ന് ഈ സൂക്തം അനുസ്മരിപ്പിക്കുന്നു. ഖുർആൻ പ്രതിനിധാനം ചെയ്യുന്ന മൂല്യങ്ങൾക്കിതാവശ്യമാണല്ലോ.

ഫാഷിസം, കമ്യൂണിസം പോലുള്ള മതവിരുദ്ധ ആശയങ്ങളുടെ ഭരണത്തിന്റെയും ദുഷ്ടതയുടേതുമായ ഒരു കാലഘട്ടത്തിൽ വിശ്വാസികൾ ജനശ്രദ്ധയിൽനിന്ന് ഒഴിഞ്ഞ് വീട്ടിൽതന്നെ കഴിയുകയായിരിക്കുമെന്നാണ് ഗുഹാവാസികളുടെ വൃത്താന്തത്തിൽനിന്ന് ലഭിക്കാവുന്ന ഒരു വിവരം. അഥവാ ശാസ്ത്രത്തിലും വിജ്ഞാനത്തിലും പുരോഗതി നേടാനായി ആവശ്യം വരുമ്പോൾ വിശ്വാസികൾ ദീർഘകാലം വീട്ടിൽ കഴിയുമെന്നും ഈ സൂക്തം പഠിപ്പിക്കുന്നു. അന്ത്യനാളിനെക്കുറിച്ച് അന്വേഷിക്കപ്പെട്ടപ്പോൾ 'വീട്ടിൽ കഴിയുക' എന്ന് നബി(സ) പ്രസ്താവിച്ചതായി അബൂദാവൂദ് റിപ്പോർട്ട് ചെയ്യുന്നു.





'തീർച്ചയായും നിങ്ങളെപ്പറ്റി അവർക്ക് അറിവ് ലഭിച്ചാൽ അവർ നിങ്ങളെ എറിഞ്ഞുകൊല്ലുകയോ അവരുടെ മതത്തിലേക്ക് മടങ്ങാൻ നിങ്ങളെ നിർബന്ധിക്കുകയോ ചെയ്യും. എങ്കിൽ (അങ്ങനെ നിങ്ങൾ മടങ്ങുന്ന പക്ഷം) നിങ്ങളൊരിക്കലും വിജയിക്കുകയില്ല തന്നെ.'
(അൽകഹ്ഫ്: 20)


'**അ**വർ നിങ്ങളെ എറിഞ്ഞുകൊല്ലു'മെന്ന പ്രയോഗം ഒരുതരം ഭീകരതയെയാണ് വിവരിക്കുന്നത്. നിരീശ്വരാദർശങ്ങളാൽ സ്വാധീനിക്കപ്പെട്ട ആളുകളിൽ ഇന്ന് വളരെ വ്യക്തമായി കാണാവുന്നതാണിത്. ഉദാഹരണമായി, സ്റ്റേററിനോടുള്ള ശത്രുത അതിന്റെ ഉദ്യോഗസ്ഥരെയും പോലീസ് അധികാരികളെയും കല്ലെറിയുന്നതിലേക്കും ആക്രമിക്കുന്നതിലേക്കും കമ്യൂണിസ്റ്റ് അനുഭാവികളെ നയിക്കുന്നു. തങ്ങളുടെ മതവിരുദ്ധാശയങ്ങൾ സഫലീകരിക്കാനും രാജ്യത്തെ അസ്വസ്ഥതയിലേക്കും സംഘർഷത്തിലേക്കും വലിച്ചിഴച്ചു സ്വന്തം ഭരണം സ്ഥാപിക്കാനും കഴിയുകയത്രെ ഇതിന്റെ ലക്ഷ്യം.

ഒരിക്കൽ വിജയിച്ചുകഴിഞ്ഞാൽ വർഗസംഘട്ടനങ്ങളുടെ പുനരാഗമനം അനിവാര്യമാണെന്ന് ജനങ്ങളോട് അവർ ഉപദേശിക്കുന്നു. എല്ലാവരും സ്റ്റേറ്റിനെതിരെ പോരാടുന്നതും തെരുവിലിറങ്ങി പരസ്പരം കലഹിക്കുന്നതും കാണാനവർ ഇഷ്ടപ്പെടുന്നു. പക്ഷേ, ഇത്തരം അരാജകത്വ പ്രസ്ഥാനങ്ങൾ വിജയം വരിക്കുകയുമില്ല. കാരണം, അല്ലാഹു പറയുന്നു:

**അല്ലാഹുവോടുള്ള ബാധ്യത ഉറപ്പിച്ചതിനുശേഷം ലംഘിക്കുകയും, കൂട്ടിയിണക്കപ്പെടാൻ അല്ലാഹു കൽപിച്ചതിനെ (ബന്ധങ്ങളെ) അറുത്തുകളയുകയും, ഭൂമിയിൽ കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നവരാരോ അവർക്കാണ് ശാപം. അവർക്കാണ് ചീത്ത ഭവനം. (അർറഅ്ദ്. 25)**

ഇതാണ് സത്യമെങ്കിൽ ലോകത്തിന് തിന്മമാത്രം സംഭാവന ചെയ്യുന്ന രക്തരൂഷിതാദർശങ്ങളിൽനിന്ന് മുക്തരാകുകയും മതവിരുദ്ധാദർശങ്ങളുടെയും വിക്ഷോഭങ്ങളുടെയും പ്രകോപനങ്ങളാൽ സ്വാധീനിക്കപ്പെടാതിരിക്കുകയും ചെയ്യുക അവസാനകാല ജനങ്ങളെ സംബന്ധിച്ചിടത്തോളം അനിവാര്യമാണ്.

ദൈവവിശ്വാസ രഹിതമായ പ്രത്യയശാസ്ത്രങ്ങൾ എല്ലാറ്റിനും പരിഹാരം കണ്ടെത്തുന്നത് സംഘട്ടനങ്ങളിലും കലാപങ്ങളിലും ശത്രുതയിലുമാണ്. ഇത്തരം വിധ്വംസക പ്രവണതകൾ സമൂഹത്തെ അനിശ്ചിതത്തിലേക്ക് നയിക്കുന്നു. ഇത്തരം പ്രവണതകളെ പ്രതിരോധിക്കാൻ ചെയ്യേണ്ടത്. അവർ എന്തുകൊണ്ട് അല്ലാഹുവിനെ ഭയക്കുന്നില്ലെന്നും, അവന്റെ ശിക്ഷകളെപറ്റി സ്മരിക്കുന്നില്ലായെന്നും അവരെ ബോധ്യപ്പെടുത്തുക എന്നതാണ്.





'അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണെന്നും, അന്ത്യനാൾ വന്നണയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ലെന്നും അവർ (ജനങ്ങൾ) മനസ്സിലാക്കാൻ വേണ്ടി നാം അവരെ (ഗുഹാവാസികളെ)) കണ്ടെത്താൻ അപ്രകാരം അവസരം നൽകി. അവർ അന്യോന്യം അവരുടെ (ഗുഹാവാസികളുടെ) കാര്യത്തിൽ തർക്കിച്ചുകൊണ്ടിരുന്ന സന്ദർഭം (ശ്രദ്ധേയമാകുന്നു). അവർ (ഒരു വിഭാഗം) പറഞ്ഞു: 'നിങ്ങൾ അവരുടെ മേൽ ഒരു കെട്ടിടം നിർമിക്കുക. അവരുടെ കാര്യം അവരുടെ രക്ഷിതാവിനു മാത്രമേ അറിയൂ.' എന്നാൽ അവരെപ്പറ്റി നല്ലവണ്ണം പ്രാബല്യം നേടിയവർ പറഞ്ഞു: 'നമുക്ക് അവരുടെ മേൽ ഒരു പള്ളി നിർമിക്കുകതന്നെ ചെയ്യാം.' (അൽകഹ്ഫ്: 21)

**അ**ന്ത്യനാളുകളുടെയും അവസാന സമയത്തിന്റെയും വ്യക്തമായ അടയാളങ്ങൾ ഈ സൂക്തം ഉൾക്കൊള്ളുന്നു. ഗുഹാവാസികളെ കണ്ടെത്തൽ ഗുണത്തിനായുള്ള ഒരു അടയാളമായിരിക്കാം. അതെ, അവർ പരസ്പരം അകന്ന് കഴിയുകയാണെങ്കിൽ തന്നെയും ഒരുനാൾ തീർച്ചയായും അവർ ഒന്നിച്ചുചേരും. താഴെ സൂക്തത്തിൽ അല്ലാഹു ഈ വസ്തുത വ്യക്തമാക്കുന്നു:

> **എന്നാൽ നിങ്ങൾ ചെയ്യേണ്ടത് സൽപ്രവർത്തനങ്ങൾക്കായി മുന്നോട്ടുവരികയാണ്. നിങ്ങൾ എവിടെയൊക്കെയായിരുന്നാലും അല്ലാഹു നിങ്ങളെയെല്ലാം ഒന്നിച്ചു കൊണ്ടുവരുന്നതാണ്. തീർച്ചയായും അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു. (അൽബഖറ: 148)**

ഗുഹാവാസികളെ കണ്ടെത്തിയ സ്ഥലത്ത് ഒരു ആരാധനാലയം സ്ഥാപിക്കാനുള്ള തീരുമാനത്തെക്കുറിച്ചും ഈ സൂക്തം പറയുന്നുണ്ട്. അല്ലാഹുവിന്റെ ഭക്തരും സച്ചരിതരുമായ ആളുകൾ തങ്ങളുടെ ജീവിതം ചെലവഴിച്ച സ്ഥലങ്ങളിൽ ആരാധനാലയങ്ങൾ സ്ഥാപിക്കാമെന്നും തദ്വാരാ അവരുടെ സൽപ്രവർത്തനങ്ങൾ സ്മരിക്കപ്പെടുമെന്നുമാണിതിനർഥം. ഇത്തരം സ്ഥലങ്ങൾ പഠനത്തിന്റെയും ആരാധനയുടെയും കേന്ദ്രമാക്കി ഉപയോഗപ്പെടുത്തുകയും അങ്ങനെ ഉപകാരപ്രദമായ ആശയങ്ങളും സദ്ഗുണങ്ങളും

പ്രചരിപ്പിക്കാൻ സഹായകമാകുകയും ചെയ്യാം. ദൈവനാമങ്ങൾ സ്മരിക്കാനുള്ള വിശ്വാസികളുടെ ഒരു സംഗമ സ്ഥാനവുമായും ഇത് മാറാം.

ദൈവനാമങ്ങൾ അനുസ്മരിപ്പിക്കുന്ന ആരാധനാലയങ്ങളുടെ പ്രാധാന്യം പല സൂക്തങ്ങളും ഊന്നിപ്പറയുന്നുണ്ട്:

**ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ്' എന്നു പറയുന്നതിന്റെ പേരിൽ മാത്രം തങ്ങളുടെ ഭവനങ്ങളിൽനിന്ന് അന്യായമായി പുറത്താക്കപ്പെട്ടവരത്രെ അവർ. മനുഷ്യരിൽ ചിലരെ മറ്റു ചിലരെക്കൊണ്ട് അല്ലാഹു തടുക്കുന്നില്ലായിരുന്നുവെങ്കിൽ, പല സന്യാസി മഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും യഹൂദ ദേവാലയങ്ങളും അല്ലാഹുവിന്റെ നാമം ധാരാളമായി പ്രകീർത്തിക്കപ്പെടുന്ന മുസ്‌ലിം പള്ളികളും തർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നതാരോ അവരെ തീർച്ചയായും അല്ലാഹു സഹായിക്കും. നിശ്ചയം, അല്ലാഹു ശക്തനും പ്രതാപിയും തന്നെയാകുന്നു. (അൽഹജ്ജ്: 40)**

**പള്ളികൾ അല്ലാഹുവിനുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ചു പ്രാർഥിക്കരുത് എന്നും. (ജിന്ന്: 18)**

'അവർ (ജനങ്ങളിൽ ഒരു വിഭാഗം) പറയും: (ഗുഹാവാസികൾ) മൂന്ന് പേരാണ്, നാലാമത്തേത് അവരുടെ നായയും. അവർ അഞ്ചു പേരാണ്, ആറാമത്തേത് അവരുടെ നായയും എന്നു വേറെ ചിലരും പറയും. അദൃശ്യകാര്യത്തെപ്പറ്റിയുള്ള ഊഹം പറയാൻ മാത്രമാണത്. ചിലർ പറയും: അവർ ഏഴു പേരാണ്. എട്ടാമത്തേത് അവരുടെ നായയാണ് എന്ന്. (നബിയേ) പറയുക: എന്റെ രക്ഷിതാവ് അവരുടെ എണ്ണത്തെപ്പറ്റി നല്ലവണ്ണം അറിയുന്നവനാണ്. ചുരുക്കം പേരല്ലാതെ അവരെപ്പറ്റി അറിയുകയില്ല. അതിനാൽ വ്യക്തമായ അറിവിന്റെ അടിസ്ഥാനത്തിലല്ലാതെ അവരുടെ വിഷയത്തിൽ നീ തർക്കിക്കരുത്. അവരിൽ (ജനങ്ങളിൽ) ആരോടും അവരുടെ കാര്യത്തിൽ നീ അഭിപ്രായം ആരായുകയും ചെയ്യരുത്.' (അൽകഹ്ഫ്: 22)

ഗുഹാവാസികളുടെ യഥാർഥ എണ്ണത്തെക്കുറിച്ച് ചിലയാളുകൾ ഊഹാപോഹം നടത്തിയിരുന്നുവെന്നാണ് ഈ സൂക്തം പ്രസ്താവിക്കുന്നത്.





എന്നാൽ അദൃശ്യം അല്ലാഹുവിനേ അറിയുകയുള്ളൂവെന്നതിനാൽ അവനു മാത്രമേ അവരുടെ എണ്ണമറിയുകയുള്ളൂവെന്നും, അവൻ തെരഞ്ഞെടുത്ത ആളുകൾക്ക് അതിന്റെ ഒരു ഭാഗം അവൻ അറിയിച്ചുകൊടുത്തേക്കുമെന്നും ഈ സൂക്തം വ്യക്തമാക്കുന്നു.

ഇത്തരമൊരു ഊഹം തെറ്റാണെന്ന് തുടർന്ന് പറയുന്നു: മറ്റു സൂക്തങ്ങളും ഈ വസ്തുത തന്നെ സൂചിപ്പിക്കുന്നു:

'ഇതിൽ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു' എന്നവർ പറയുകയും ചെയ്യും. എന്നാൽ കാര്യം ഏറെ ദൂരെയായിപ്പോയി. കൈവിട്ടകന്നത് എങ്ങനെ കൈവരിക്കാനാണ്? മുമ്പ് അവർ അതിൽ അവിശ്വസിച്ചതായിരുന്നു. ഏറെ ദൂരെനിന്ന് അതിഭൗതിക കാര്യങ്ങൾ സൂക്ഷ്മജ്ഞാനമില്ലാതെ ഉന്നയിക്കുകയും ചെയ്യുകയായിരുന്നു. അങ്ങനെ അവർക്കും അവർ ആഗ്രഹിക്കുന്ന കാര്യത്തിനുമിടയിൽ തടസ്സം സൃഷ്ടിക്കപ്പെടുന്നു; മുമ്പ് അവരുടെ പക്ഷക്കാർ തടയപ്പെട്ടതുപോലെ. തീർച്ചയായും അവർ അവിശ്വാസജനകമായ സംശയത്തിലായിരുന്നു. (സബഅ്: 52-54)

'അല്ലാഹുവാണ് ഏറ്റവും അറിയുന്നവൻ' എന്നു പറഞ്ഞ് എല്ലാ വിശ്വാസികളും പ്രയോജനരഹിതമായ ഇത്തരം വിവാദങ്ങളിൽനിന്ന് വിട്ടുനിൽക്കേണ്ടതാണ്. അവർ പ്രതികരിക്കേണ്ടതിങ്ങനെയാണ്: *എന്റെ മനസ്സിലുള്ളത് നീ അറിയും. നിന്റെ മനസ്സിലുള്ളത് ഞാനറിയില്ല. തീർച്ചയായും നീ തന്നെയാണ് അദൃശ്യകാര്യങ്ങൾ അറിയുന്നവൻ. (അൽമാഇദ: 116)*

എന്തുകൊണ്ടെന്നാൽ, അദൃശ്യം അല്ലാഹുവിനേ അറിയുകയുള്ളൂവെന്ന് നിരവധി സൂക്തങ്ങൾ പ്രസ്താവിക്കുന്നുണ്ട്:

**അവന്റെ പക്കലാകുന്നു അദൃശ്യകാര്യത്തിന്റെ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവനറിയാതെ ഒരിലപോലും വീഴുന്നില്ല. ഭൂമിയിലെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമാണിയാകട്ടെ, പച്ചയോ ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ, വ്യക്തമായൊരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാവില്ല. (അൽഅൻആം: 59)**

കിംവദന്തികളുടെ അടിസ്ഥാനത്തിലായിരിക്കും പലപ്പോഴും ആളുകൾ തങ്ങളുടെ അഭിപ്രായങ്ങൾ രൂപീകരിക്കുന്നത്: ഊഹത്തെയും അജ്ഞതയെയും അടിസ്ഥാനമാക്കുന്ന വാദഗതികളിൽ ഒരു കാര്യവുമില്ല. *'നിനക്കറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെയും നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ് (അൽഇസ്റാഅ്: 36)* എന്ന സൂക്ത പ്രകാരം ആളുകൾ അത് ഉപേക്ഷിക്കേണ്ടതാണ്.

'ചുരുക്കം പേരല്ലാതെ അവരെക്കുറിച്ച് അറിയുകയില്ല' എന്ന സൂക്ത

ഭാഗത്തിൽനിന്ന് അപൂർവം ചിലയാളുകൾക്ക് അതറിയാമായിരുന്നുവെന്ന് മനസ്സിലാക്കാം. ഉദാഹരണമായി 'ഖിദ്ർ' ഇത്തരത്തിലുള്ള ഒരാളായിരിക്കാം. (അദ്ദേഹത്തിന്റെ അദ്ഭുതങ്ങൾ അന്യത്രവിവരിക്കുന്നുണ്ട്). അല്ലാഹു ഇച്ഛിക്കുകയും വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്തതിനാൽ ഖിദ്റിന്റെ ശിഷ്യന്മാർക്കും ഈ അറിവുണ്ടാകാം. ചില അദൃശ്യങ്ങൾ അല്ലാഹു അവന്റെ ദൂതന്മാർക്ക് വെളിപ്പെടുത്തിക്കൊടുക്കുമെന്ന് ഖുർആൻ പറയുന്നു:

**അവൻ അദൃശ്യം അറിയുന്നവനാണ്. എന്നാൽ അവൻ തന്റെ അദൃശ്യജ്ഞാനം ഒരാൾക്കും വെളിപ്പെടുത്തിക്കൊടുക്കുകയില്ല; അവൻ തൃപ്തിപ്പെട്ട വല്ല ദൂതനുമല്ലാതെ. എന്നാൽ അദ്ദേഹത്തിന്റെ (ദൂതന്റെ) മുന്നിലും പിന്നിലും അവൻ കാവൽക്കാരെ ഏർപ്പെടുത്തുകതന്നെ ചെയ്യുന്നതാണ്. (അൽജിന്ന്: 26,27)**

ചില അദൃശ്യങ്ങൾ വെളിപ്പെടുത്തിക്കൊണ്ട് നബി(സ)യോട് അല്ലാഹു പറഞ്ഞു:

**നബിയേ, നിനക്ക് നാം സന്ദേശമായി നൽകുന്ന അദൃശ്യവാർത്തകളിൽ പെട്ടതത്രെ അത്. (യൂസുഫിനെതിരിൽ) തന്ത്രം പ്രയോഗിച്ചുകൊണ്ട് അവർ തങ്ങളുടെ പദ്ധതി കൂടിത്തീരുമാനിച്ചപ്പോൾ നീ അവരുടെ അടുക്കൽ ഉണ്ടായിരുന്നില്ലല്ലോ. (യൂസുഫ്: 102)**

ഭാവിയിൽ താൻ അഭിമുഖീകരിക്കേണ്ടിവരുന്ന ചില സംഭവങ്ങൾ നൂഹി(അ)ന് അല്ലാഹു അറിയിച്ചുകൊടുത്തിരുന്നു:

**(അദ്ദേഹത്തോട്) പറയപ്പെട്ടു: നൂഹേ, നമ്മുടെ പക്കൽനിന്നുള്ള ശാന്തിയോടു കൂടിയും നിനക്കും നിന്റെ കൂടെയുള്ളവരിൽ നിന്നുള്ള സമൂഹങ്ങൾക്കും അനുഗ്രഹങ്ങളോടുകൂടിയും നീ ഇറങ്ങിക്കൊള്ളുക. എന്നാൽ (വേറെ) ചില സമൂഹങ്ങളുണ്ട്. അവർക്ക് നാം താൽക്കാലികമായ ജീവിതവിഭവങ്ങൾ നൽകുന്നതാണ്. പിന്നീട് നമ്മുടെ പക്കൽ നിന്നുള്ള വേദനയേറിയ ശിക്ഷയും അവർക്ക് ബാധിക്കുന്നതാണ്. (നബിയേ,) അവയൊക്കെ അദൃശ്യവാർത്തകളിൽ പെട്ടതാകുന്നു. നിനക്ക് നാമത് സന്ദേശമായി നൽകുന്നു. നീയോ, നിന്റെ ജനതയോ ഇതിനു മുമ്പ് അതറിയുമായിരുന്നില്ല. അതുകൊണ്ട് ക്ഷമിക്കുക. തീർച്ചയായും അനന്തരഫലം സൂക്ഷ്മത പാലിക്കുന്നവർക്ക് അനുകൂലമായിരിക്കും. (ഹൂദ്: 48,49)**

സംവാദത്തിന്റെ ഉചിത രീതികൾ 22-ാം സൂക്തം വെളിപ്പെടുത്തുന്നു. ഇതരരുമായി സംവാദത്തിലേർപ്പെടുമ്പോൾ ഖുർആനുമായി യോജിക്കുന്ന തെളിവുകളാണ് വിശ്വാസികൾ അവതരിപ്പിക്കേണ്ടത്. മതം നിരസിക്കുന്നവർ മറിച്ചായിരിക്കും ചെയ്യുക. വിശ്വാസികളോട് ശത്രുത പ്രകടിപ്പിക്കുക





യാണല്ലോ അവരുടെ ലക്ഷ്യം. മതനിഷേധികൾ ദൈവനിന്ദാപരമായ വാദഗതികൾ നടത്തുന്നത് കേവലം കുതർക്കത്തിനു മാത്രമാണെന്നും, അവർ പിടിവാശിക്കാരായ ഒരു ജനവിഭാഗമാകുന്നുവെന്ന് സൂറതുസ്സുഖ്റുഫ്: 58-ൽ അല്ലാഹു പറയുന്നു. അതിനാൽത്തന്നെ, ഖുർആനിക സദാചാരമനുസരിച്ച് ജീവിക്കുന്നവർ ഇത്തരക്കാരിൽനിന്ന് അകന്നുനിൽക്കുകയും, ദൈവപ്രീതിയാർജിക്കാൻ ഉപയുക്തമായ രീതിയിൽ പെരുമാറുകയുമാണ് വേണ്ടത്. അവിശ്വാസികളുമായി എങ്ങനെ സംസാരിക്കണമെന്നതിന് അല്ലാഹു ഒരു ഉദാഹരണം അവതരിപ്പിക്കുന്നുണ്ട്:

**അതിനാൽ നീ പ്രബോധനം ചെയ്തുകൊള്ളുക. നീ കൽപിക്കപ്പെട്ടതു പോലെ നേരെ നിലകൊള്ളുകയും ചെയ്യുക. അവരുടെ തന്നിഷ്ടങ്ങളെ നീ പിന്തുടർന്നുപോകരുത്. നീ പറയുക: അല്ലാഹു അവതരിപ്പിച്ച ഏത് ഗ്രന്ഥത്തിലും ഞാൻ വിശ്വസിച്ചിരിക്കുന്നു. നിങ്ങൾക്കിടയിൽ നീതി പുലർത്താൻ ഞാൻ കൽപിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അല്ലാഹുവാകുന്നു ഞങ്ങളുടെ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവും. (അശ്ശൂറാ:15)**

സൂക്തത്തിന്റെ അവസാനത്തെ 'അവരിൽ ആരോടും അവരുടെ കാര്യത്തിൽ നീ അഭിപ്രായമാരായുകയും ചെയ്യരുതെ'ന്ന ഭാഗം അദൃശ്യമറിയുന്നവൻ അല്ലാഹു മാത്രമാകയാൽ ഖുർആനിന്റേതല്ലാത്ത മറ്റു കാഴ്ചപ്പാടുകളിൽനിന്ന് വിട്ടുനിൽക്കണമെന്ന് വിശ്വാസികളെ ഉപദേശിക്കുകയാണ്. അതിനാൽ തെറ്റായ ഊഹങ്ങളെയും സങ്കൽപങ്ങളെയും അടിസ്ഥാനമാക്കുന്ന ഈയാളുകളുടെ വാദഗതികൾക്ക് യാതൊരു വിലയുമില്ലെന്ന് വിശ്വാസികൾ കരുതുന്നു. അതിനാൽ ഇത്തരം വൃത്താന്തങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സാക്ഷ്യപത്രം നൽകുന്നതും നിഷിദ്ധമാണ്.

ഒരു കാര്യത്തെപ്പറ്റിയും 'നാളെ ഞാനത് തീർച്ചയായും ചെയ്യും എന്ന് നീ പറഞ്ഞുപോകരുത്.'
(അൽകഹ്ഫ്: 23)

**വി**ധിയുടെ യാഥാർഥ്യം വിസ്മരിച്ചുകളയുന്നവർ അടുത്തമാസത്തിന്റെയും വർഷത്തിന്റെയും, റിട്ടയർമെന്റിനു ശേഷമുള്ള കാലത്തിന്റെയും പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് കാലംകഴിക്കുന്നു. ചിലർ ജോലിയെയും കുട്ടികളുടെ വിവാഹശേഷമുള്ള കാര്യങ്ങളെയും ധനസമ്പാദന രീതിയെയും കുറിച്ച് പദ്ധതികളാവിഷ്കരിക്കുന്നു. പക്ഷേ, തങ്ങൾക്ക് നാളെ എന്ത് സംഭവിക്കുമെന്ന് ഇവർക്കറിയുകയില്ലായെന്ന് ഈ സൂക്തം അനുസ്മരിപ്പിക്കുകയാണ്.

ജീവിത പദ്ധതികളാവിഷ്കരിക്കുന്നവർ തങ്ങളുടെ വിധിയെ മറക്കുകയാണ്. കാരണം ഓരോ മനുഷ്യന്റെയും വിധി തീരുമാനിക്കുന്നത് അല്ലാഹുവാണല്ലോ. അപ്പോൾ, അല്ലാഹു ഒരാളുടെ നാളേക്ക് എന്ത് എഴുതിവെച്ചുവോ അത് സംഭവിക്കുകതന്നെ ചെയ്യും; അയാൾ അത് പദ്ധതിയിട്ടാലും ഇല്ലെങ്കിലും ശരി. ഈ വസ്തുത താഴെ സൂക്തത്തിൽ പ്രസ്താവിച്ചിരിക്കുന്നു:

*ചിത്രത്തിൽ വൃത്തത്തിനുള്ളിൽ കാണുന്ന വ്യക്തി അവന്റെ പാതയിൽ മുമ്പ് എവിടെയായിരുന്നു, ഇനി ഭാവിയിൽ പാതയിൽ എവിടെയായിരിക്കും, വിഹഗ വീക്ഷണത്തിലെന്ന പോലെ ആ വ്യക്തിയുടെ ഭൂതവും ഭാവിയും വർത്തമാനവും ഒരേനേരമറിയുന്നത് എല്ലാറ്റിനെയും സൃഷ്ടിച്ച അല്ലാഹു മാത്രമാണ്. സ്ഥലകാലങ്ങൾക്ക് അതീതമായി നിലകൊള്ളുന്ന അല്ലാഹു മാത്രം ഒരു വ്യക്തിയുടെ എല്ലാ ഘട്ടങ്ങളെയും ഒരേ സമയത്ത് മനസ്സിലാക്കുന്നു.*




അന്ത്യനാളിന്റെ അടയാളങ്ങൾ

**(നബിയേ) നീ വല്ല കാര്യത്തിലും ഏർപ്പെടുകയോ അതിനെപ്പറ്റി ഖുർആനിൽനിന്ന് വല്ലതും ഓതിക്കേൾപ്പിക്കുകയോ നിങ്ങൾ ഏതു പ്രവൃത്തി ചെയ്യുകയോ ആകട്ടെ; നിങ്ങളതിൽ മുഴുകുന്ന സമയത്ത് നിങ്ങളുടെ മേൽ സാക്ഷിയായി നാം ഉണ്ടാകാതിരിക്കില്ല. ഭൂമിയിലോ ആകാശത്തോ ഉള്ള ഒരണുവോളമുള്ള യാതൊന്നും നിന്റെ രക്ഷിതാവിന്റെ ശ്രദ്ധയിൽനിന്ന് വിട്ടുപോകുകയില്ല. അതിനേക്കാൾ ചെറുതോ വലുതോ ആയിട്ടുള്ള യാതൊന്നും സ്പഷ്ടമായ ഒരു രേഖയിൽ ഉൾപ്പെടാത്തതായി ഇല്ല. (യൂനുസ്: 61)**

കഴിഞ്ഞ കാലത്ത് സംഭവിച്ചതോ ഭാവിയിൽ സംഭവിക്കാനിരിക്കുന്നതോ ആയ എല്ലാ കാര്യങ്ങളെക്കുറിച്ചുമുള്ള അല്ലാഹുവിന്റെ ജ്ഞാനമാണ് വിധി നിശ്ചയം. നമ്മുടെ ഭാവി എന്തെന്ന് അല്ലാഹുവിനെങ്ങനെ അറിയാമെന്ന് ചോദിക്കുന്നവരുണ്ട്. ഉത്തരമിതാണ്: അല്ലാഹു സ്ഥലകാലാതീതനാണ്. അവ സൃഷ്ടിച്ചവൻ അവനാണ്. നാം ഭൂതം, ഭാവി, വർത്തമാനം എന്നെല്ലാം വിളിക്കുന്നത് അവനെ സംബന്ധിച്ചിടത്തോളം ഒരുപോലെയാണ്. ഒരു റൂളറിന്റെ തുടക്കവും ഒടുക്കവും മധ്യവും നമുക്കറിയുന്നതുപോലെ, നമ്മുടെ അസ്തിത്വത്തിന്റെ തുടക്കം മുതൽ ഒടുക്കം വരെയുള്ള സമയം അല്ലാഹു കാണുകയും അറിയുകയും ചെയ്യുന്നു. അല്ലാഹുവിനുമുമ്പുതന്നെ അറിയുന്ന ഒരു പ്രത്യേക സംഭവം അതിന്റെ സമയംവരുമ്പോൾ മാത്രമാണ് നാമനുഭവിക്കുന്നത്. അതിനാൽ നമുക്കുവേണ്ടി അല്ലാഹു സൃഷ്ടിച്ചതാണ് വിധിനിശ്ചയം.

ഒരു കാര്യം തീർച്ചയായും സംഭവിക്കുമെന്നു പറയുന്നത് യഥാർഥത്തിൽ അല്ലാഹുവോടുള്ള ഗർവിന്റെ വളർച്ചയാണ്. ചിലത് തികച്ചും നാശത്തിലായിരിക്കും കലാശിക്കുക. താഴെ സൂക്തം കാണുക:

**എന്നാൽ വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തതാരോ അവരുടേതായ പ്രതിഫലം അവർക്കവൻ നിറവേറ്റിക്കൊടുക്കുകയും അവന്റെ അനുഗ്രഹത്തിൽനിന്ന് കൂടുതലായി അവർക്ക് നൽകുകയും ചെയ്യുന്നതാണ്. എന്നാൽ, വൈമനസ്യം കാണിക്കുകയും അഹങ്കരിക്കുകയും ചെയ്തവരാരോ അവർക്കവൻ വേദനയേറിയ ശിക്ഷ നൽകുന്നതാണ്. അല്ലാഹുവെ കൂടാതെ തങ്ങൾക്കൊരു ഉറ്റമിത്രത്തെയോ സഹായിയെയോ അവർ കണ്ടെത്തുകയുമില്ല. (അന്നിസാഅ്: 173)**

'അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിൽ (ചെയ്യാമെന്ന്) അല്ലാതെ. നീ മറന്നുപോകുന്ന പക്ഷം (ഓർമവരുമ്പോൾ) നിന്റെ രക്ഷിതാവിനെ അനുസ്മരിക്കുക. എന്റെ രക്ഷിതാവ് എന്നെ ഇതിനെക്കാൾ സന്മാർഗത്തോട് അടുത്ത ഒരു ജീവിതത്തിലേക്ക് നയിച്ചേക്കാം എന്നു പറയുകയും ചെയ്യുക.' (അൽകഹ്ഫ്: 24)

**എ**ന്തെങ്കിലും കാര്യം മറക്കുമ്പോൾ വിശ്വാസികൾ ദൈവനാമം അനുസ്മരിക്കേണ്ടതാണ്. കാരണം. അത് അനുസ്മരിക്കുന്നത് വ്യക്തിക്ക് ഗുണമാകണമെന്ന് അല്ലാഹു ഇച്ഛിക്കുന്നുവെങ്കിൽ അതൊരു അനുകൂല വശമായിത്തീരും. മറക്കുമ്പോൾ ദൈവനാമം അനുസ്മരിക്കുന്നത് ഒരു സൗഖ്യമാകാം. പക്ഷേ, ദൈവം ഇച്ഛിക്കുന്നവർക്കേ അതനുസ്മരിക്കാൻ കഴിയൂവെന്നു മാത്രം. തദ്ഫലമായി ചില പ്രയോജനങ്ങൾ ലഭിക്കുകയും ചെയ്യും.

പിന്നെ, അന്ത്യവിജയത്തിനായി അല്ലാഹുവിനോട് പ്രാർഥിക്കാൻ പ്രവാചകനോട് ഈ സൂക്തം ആഹ്വാനം ചെയ്യുന്നു. ഭൗതിക വിജയം ചിലപ്പോൾ സുദീർഘ കാലയളവിലൂടെയാണ് ലഭിക്കുകയെങ്കിൽ മറ്റു ചിലപ്പോൾ വളരെ കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ ലഭിക്കും. ചിലപ്പോൾ തന്റെ പദ്ധതിയുടെ വിജയത്തിനു വേണ്ടി വ്യക്തി കഠിനാധ്വാനം തന്നെ നടത്തുന്നു. പക്ഷേ, വിജയത്തിന്റെ കണികപോലും ലഭിക്കുകയില്ല. അതിനാൽ ദീർഘനാൾ ക്ഷമയോടും നിശ്ചയദാർഢ്യത്തോടും കഴിയേണ്ടിവരും. നിരന്തരമായ ഇത്തരം ശ്രമങ്ങളാകട്ടെ ബഹുമുഖ ഗുണങ്ങളുൾക്കൊള്ളുകയും ചെയ്യും. എങ്കിലും കാലവിളംബമില്ലാതെ വിജയം തരാൻ അല്ലാഹുവിനോട് പ്രാർഥിക്കാവുന്നതാണ്. തുറന്ന ഹൃദയത്തോടെ അല്ലാഹുവിലേക്ക് തിരിയുകയാണ് പ്രധാനം. പ്രവാചകൻ ശുഐബിന്റെ വാക്കുകൾ ഉദാഹരണം: *അല്ലാഹു മുഖേന മാത്രമാണ് എനിക്ക് (അതിന്) ഉതവി ലഭിക്കുന്നത്. അവന്റെ മേലാണ് ഞാൻ ഭരമേൽപിച്ചിരിക്കുന്നത്. അവനിലേക്ക് ഞാൻ താഴ്മയോടെ മടങ്ങുകയും ചെയ്യുന്നു. (ഹൂദ്: 88)*

അല്ലാഹുവാണ് എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവെന്ന് അറിഞ്ഞ് അവനിൽ വിശ്വാസമർപ്പിക്കുന്നവർക്ക് എപ്പോഴും അവന്റെ സഹായം പ്രതീക്ഷിക്കാം. ശീഘ്ര വിജയത്തിലേക്ക് നയിക്കാൻ അല്ലാഹുവിനേ കഴിയൂവെന്ന് പ്രവാചകനെ അല്ലാഹു ഓർമിപ്പിക്കുന്നു:

**കൂടുതൽ എളുപ്പമുള്ളതിലേക്ക് നിനക്ക് നാം സൗകര്യം ഉണ്ടാക്കിത്തരുന്നതുമാണ്. (അൽഅഅ്ലാ: 8)**

> ‘അവർ തങ്ങളുടെ ഗുഹയിൽ മുന്നൂറ് വർഷം താമസിച്ചു. ചിലയാളുകൾ കാലഗണനയിൽ ഒമ്പതു വർഷം കൂടുതലാക്കിയിട്ടുണ്ട്. നീ പറയുക അവർ താമസിച്ചതിനെപ്പറ്റി അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു. ആകാശങ്ങളിലെയും ഭൂമിയിലെയും അദൃശ്യജ്ഞാനം അവനാണുള്ളത്. അവൻ എത്ര കാഴ്ചയുള്ളവൻ! എത്ര കേൾവിയുള്ളവൻ! അവനു പുറമെ അവർക്ക് (മനുഷ്യർക്ക്) യാതൊരു രക്ഷാധികാരിയുമില്ല. തന്റെ തീരുമാനാധികാരത്തിൽ ഒരാളെയും അവൻ പങ്കുചേർക്കുകയുമില്ല.’
> (അൽകഹ്ഫ്: 25, 26)





**ഗു**ഹാവാസികളുടെ സുഷുപ്തിയുടെ കാലയളവ് 300 വർഷമായിരുന്നുവെന്നും അത് കഴിഞ്ഞശേഷം ഒമ്പതു വർഷവും കൂടിച്ചേർന്ന് 309 വർഷമായി എന്നും ഈ സൂക്തം സൂചിപ്പിക്കുന്നു.

ആകാശ ഭൂമികളിലെ സകല വസ്തുക്കളുടെയും സ്രഷ്ടാവ് അല്ലാഹുവാണെന്നതിനാൽ അവന്റെ അദൃശ്യമായ നിയന്ത്രണം പരിപൂർണമാണെന്ന് 26-ാം സൂക്തം പ്രസ്താവിക്കുന്നു. ഈ ദൈവിക ഗുണം താഴെ സൂക്തങ്ങളിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്:

**ആകാശഭൂമികളിലെ അദൃശ്യ യാഥാർഥ്യങ്ങളെപ്പറ്റിയുള്ള അറിവ് അല്ലാഹുവിനുമാത്രമാണുള്ളത്. കാര്യങ്ങളെല്ലാം അവങ്കലേക്കു തന്നെ മടക്കപ്പെടുകയും ചെയ്യും. ആകയാൽ നീ അവനെ ആരാധിക്കുകയും അവന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുക. നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റിയൊന്നും നിന്റെ രക്ഷിതാവ് അശ്രദ്ധനല്ല. (ഹൂദ്: 123).**

**അല്ലാഹു -അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ. എല്ലാം നിയന്ത്രിക്കുന്നവൻ. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേതാണ് ആകാശഭൂമികളിലുള്ളതെല്ലാം. അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെ അടുക്കൽ ശുപാർശ നടത്താനാരുണ്ട്? അടിമകളുടെ മുമ്പിലും പിന്നിലുമുള്ളതൊക്കെയും അവൻ അറിയുന്നു. അവന്റെ അറിവിൽനിന്ന് അവൻ നിശ്ചയിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധികാര പീഠം ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ. (അൽബഖറ: 255).**

സ്രഷ്ടാവ് സൃഷ്ടിയാൽ ബന്ധിതനാകുകയില്ലല്ലോ. അതിനാൽത്തന്നെ നമ്മുടെ സമയത്തിൽനിന്നും അല്ലാഹു സ്വതന്ത്രനാണ്. മനുഷ്യരുടെ ‘കാല’ത്തിലെ ഒരു മില്യണോ, ബില്യൻ തന്നെയോ വർഷങ്ങൾ അല്ലാഹുവിന്റെ സന്നിധിയിൽ കേവലം ഒരു നിമിഷത്തിനു സമാനമാണ്. അവൻ എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നു. ഭൂതകാലങ്ങളിലെയും ഭാവികാലത്തെയും എല്ലാ കാര്യങ്ങളും അവയുടെ എല്ലാ ഭാവത്തോടെയും അവൻ പൂർണമായി കാണുന്നു. ദൂരം അവിടെ പ്രശ്നമല്ല. ശബ്ദത്തെയും എല്ലാ ഭാവങ്ങളോടുകൂടിയും അവൻ കേൾക്കുന്നു. താഴെ ഖുർആൻ സൂക്തം കാണുക:

**അദ്ദേഹം (നബി) പറഞ്ഞു: എന്റെ രക്ഷിതാവ് ആകാശത്തും ഭൂമിയിലും പറയപ്പെടുന്നതെല്ലാം അറിയുന്നു. അവനാണ് എല്ലാം കേൾക്കുന്നവനും അറിയുന്നവനും. (അൽഅമ്പിയാഅ്:4)**

മനുഷ്യരെല്ലാം സ്ഥല-കാലങ്ങൾക്കധീനരാണ്. അതിനാൽ, അല്ലാഹു വെളിപ്പെടുത്തിയിട്ടില്ലെങ്കിൽ അദൃശ്യകാര്യങ്ങളിലൊന്നും അവർക്ക് കാണാൻ കഴിയുകയില്ല. സ്ഥല-കാലങ്ങളുടെ സ്രഷ്ടാവായ അല്ലാഹുവിന് മാത്രമേ ഭൂത-ഭാവി-വർത്തമാനങ്ങൾ പൂർണമായി കാണാനും കേൾക്കാനും കഴിയുകയുള്ളൂ. സ്ഥലം, ചരിത്രം, സംഭവങ്ങൾ, പദാർഥം, നിയതി തുടങ്ങിയ ചരങ്ങളും അചരങ്ങളുമായ എല്ലാറ്റിന്റെയും ഭൂത-ഭാവികൾ പൂർണമായും അവന്റെ നിയന്ത്രണത്തിലാണ്. കാരണം:

**കിഴക്കും പടിഞ്ഞാറും അല്ലാഹുവിന്റേതുതന്നെയാകുന്നു. നിങ്ങൾ എവിടേക്ക് തിരിഞ്ഞുനിന്നു പ്രാർഥിച്ചാലും അവിടെ അല്ലാഹുവിന്റെ മുഖമുണ്ടായിരിക്കും. അല്ലാഹു വിപുലമായ കഴിവുള്ളവനും സർവജ്ഞനുമാകുന്നു. (അൽബഖറ: 115)**

സകല ജീവജാലങ്ങളുടെയും സംരക്ഷകനും സഹായിയും അവൻ മാത്രം. മനുഷ്യനാകട്ടെ, യഥാർഥത്തിൽ നിസ്സഹായനും. അതിൽതന്നെ, എല്ലായ്പ്പോഴും അവൻ ബുദ്ധിമുട്ട് അഭിമുഖീകരിക്കുന്നു. നമ്മുടെ ഏക സഹായിയും സ്നേഹനിധിയുമായ അല്ലാഹുവിനെ മൊത്തം സംരക്ഷകനായി അംഗീകരിച്ചു അവനിൽ അഭയം തേടുകയാണ് ഭൗതികവും ആത്മീയവുമായ വിപത്തുകളിൽനിന്ന് മോചനം നേടാനുള്ള ഏകമാർഗം.

**വല്ല ആയത്തും നാം ദുർബലപ്പെടുത്തുകയോ വിസ്മരിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ പകരം അതിനേക്കാൾ ഉത്തമമായതോ അതിന് തുല്യമായതോ നാം കൊണ്ടുവരുന്നതാണ്. നിനക്കറിഞ്ഞു കൂടേ അല്ലാഹു എല്ലാ കാര്യത്തിന് കഴിവുള്ളവനാണെന്ന്; നിനക്കറിഞ്ഞുകൂടേ, അല്ലാഹുവിനു തന്നെയാണ് ആകാശഭൂമികളുടെ ആധിപത്യമെന്നും, നിങ്ങൾക്ക് അല്ലാഹുവെക്കൂടാതെ ഒരു രക്ഷകനും സഹായിയും ഇല്ലെന്നും? (അൽബഖറ: 106-107)**

**തീർച്ചയായും അല്ലാഹുവിനുള്ളതാകുന്നു ആകാശഭൂമികളുടെ ആധിപത്യം. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അല്ലാഹുവിനു പുറമെ നിങ്ങൾക്ക് യാതൊരു രക്ഷാധികാരിയും സഹായിയുമില്ല (അത്തൗബ: 116).**

*തീർച്ചയായും ഈ ഗ്രന്ഥം അവതരിപ്പിച്ചവനായ അല്ലാഹുവാകുന്നു എന്റെ രക്ഷാധികാരി. അവനാണ് സജ്ജനങ്ങളുടെ സംരക്ഷണമേൽക്കുന്നത്* (അൽഅഅ്റാഫ്: 196).

അല്ലാഹുവിന് പങ്കുകാരില്ലെന്ന് പറഞ്ഞുകൊണ്ടാണ് 26-ാം സൂക്തം അവസാനിപ്പിക്കുന്നത്. എല്ലാ വസ്തുക്കളിന്മേലും അവന് അധികാരമുണ്ട്. സ്ഥല-കാലങ്ങളുടെയും പരിമാണങ്ങളുടെയും ഏകഭരണാധികാരിയും അവൻ തന്നെ. അവനു പങ്കുകാരുണ്ടാകുക അചിന്ത്യമാണ്.





**(നബിയേ) പറയുക: കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ ആർക്കും ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവനു തുല്യനായി ആരുമില്ലതാനും (അൽഇഖ്ലാസ്: 1-4).**

'നിനക്ക് ബോധനം നൽകപ്പെട്ട നിന്റെ രക്ഷിതാവിന്റെ ഗ്രന്ഥം നീ പാരായണം ചെയ്യുക. അവന്റെ വചനങ്ങൾക്ക് ഭേദഗതി വരുത്താനാരുമില്ല. (ആർക്കെങ്കിലും വേണ്ടി നീ ഭേദഗതി വരുത്തിയാൽ)അവനു പുറമെ യാതൊരു അഭയസ്ഥാനവും നീ ഒരിക്കലും കണ്ടെത്തുകയുമില്ല'
(അൽകഹ്ഫ്: 27).

സത്യമതത്തെ അറിയാനുള്ള ഏറ്റവും അവലംബാർഹമായ സ്രോതസ്സ് ഖുർആനാണ്. എന്തുകൊണ്ടെന്നാൽ അത് സ്രഷ്ടാവിന്റെ വചനമാണ്. സ്വാഭാവികമായും എല്ലാ കാര്യത്തിന്റെയും പരമ യാഥാർഥ്യം സ്രഷ്ടാവ് അറിയുമല്ലോ. അതിനെക്കാളുമുപരി മനുഷ്യവശം അറിയേണ്ടതായ എല്ലാം ഖുർആനിൽ അല്ലാഹു വെളിപ്പെടുത്തിയിരിക്കുന്നു. ഖുർആനിക വചനങ്ങൾ പാരായണം ചെയ്യാനും ഈ സൂക്തത്തിലൂടെ അവൻ പ്രവാചകനോട് ആഹ്വാനം ചെയ്യുന്നു.

ഈ വെളിപാടുകൾ ഭേദഗതികളിൽനിന്ന് സുരക്ഷിതമാണെന്നും ഈ സൂക്തം പ്രസ്താവിക്കുന്നു. പൂർവിക വേദഗ്രന്ഥങ്ങൾ വ്യാജനിർമിതങ്ങളോ കൂട്ടിച്ചേർപ്പുകളുള്ളതോ, നീക്കുപോക്കുകൾക്ക് വിധേയമായവയോ ആണെന്നും ഖുർആന്റെ സ്ഥിതി അതല്ലെന്നും അറിയിക്കുന്നു. *തീർച്ചയായും നാമാണ് ആ ഉദ്ബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തു സൂക്ഷിക്കുന്നതുമാണ് (അൽഹിജ്ർ:9)* എന്ന സൂക്തത്തിൽ അല്ലാഹു വ്യക്തമാക്കിയതു പോലെ ഖുർആൻ അവന്റെ സംരക്ഷണത്തിലാണുള്ളത്. താഴെ സൂക്തങ്ങളിൽ ഈ വസ്തുത വിശദീകരിക്കുന്നുണ്ട്:

**നിന്റെ രക്ഷിതാവിന്റെ വചനം സത്യത്താലും നീതിയാലും**

**സമ്പൂർണമായിരിക്കുന്നു. അവന്റെ വചനങ്ങൾക്ക് മാറ്റം വരുത്താനാരുമില്ല. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമല്ലോ (അൽഅൻആം: 115).**

അതിന്റെ മുന്നിലൂടെയോ പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായവന്റെ പക്കൽനിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത് (ഫുസ്സിലത്: 42).

'അവന്റെ വചനങ്ങൾ ഭേദഗതി വരുത്താനാരുമില്ല' എന്ന പ്രയോഗം അല്ലാഹുവിന്റെ അപാരശക്തിയെ വിലമതിക്കാത്തയാളുകളുടെ ഒരു വലിയ തെറ്റിലേക്കാണ് സൂചന നൽകുന്നത്. വിഷമ ഘട്ടങ്ങളിൽ സഹായവും പിന്തുണയും ലഭിക്കുമെന്ന വിശ്വാസത്തിൽ ദൈവേതര സംരക്ഷകരെയും സ്നേഹിതരെയും അവർ സമ്പാദിക്കുന്നു. എന്നാൽ, ഈ അഭയകേന്ദ്രങ്ങൾ തന്നെ അല്ലാഹുവിന്റെ സൃഷ്ടികളും നിസ്സഹായരായ ദാസന്മാരുമാണെന്ന കാര്യം വിസ്മരിക്കാവതല്ല. അവർ ഉയർത്തിപ്പിടിക്കുന്ന എല്ലാ ജീവികളും അല്ലാഹുവിന്റെ ഭാവങ്ങൾ മാത്രം. വല്ലകഴിവും അവക്കുണ്ടെങ്കിൽ അത് അല്ലാഹുവിൽനിന്ന് നേടിയതു മാത്രമാണ്. എന്തുകൊണ്ടെന്നാൽ അവന്റെ ഇച്ഛാനുസാരമാണ് സകല ചരാചരങ്ങളും ചലിച്ചുകൊണ്ടിരിക്കുന്നത്:

**തീർച്ചയായും അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ച് പ്രാർഥിച്ചുകൊണ്ടിരിക്കുന്നവർ നിങ്ങളെപ്പോലെയുള്ള ദാസന്മാർ മാത്രമാണ്. നിങ്ങൾ അവരോട് പ്രാർഥിച്ചുനോക്കൂ, അവർ നിങ്ങൾക്ക് ഉത്തരം നൽകട്ടെ; നിങ്ങൾ സത്യവാദികളാണെങ്കിൽ. അവർക്ക് നടക്കാൻ കാലുകളുണ്ടോ? അവർക്ക് പിടിക്കാൻ കൈകളുണ്ടോ? അവർക്ക് കാണാൻ കണ്ണുകളുണ്ടോ? അവർക്ക് കേൾക്കാൻ കാതുകളുണ്ടോ? (നബിയേ) പറയുക: നിങ്ങൾ നിങ്ങളുടെ പങ്കാളികളെ വിളിക്കുവിൻ. എന്നിട്ട് എനിക്കെതിരെ തന്ത്രങ്ങൾ പ്രയോഗിച്ചുകൊള്ളുവിൻ. എനിക്ക് നിങ്ങൾ ഒട്ടും ഇട തരേണ്ടതില്ല. തീർച്ചയായും ഈ ഗ്രന്ഥം അവതരിപ്പിച്ചവനായ അല്ലാഹുവാകുന്നു എന്റെ രക്ഷാധികാരി. അവനാണ് സജ്ജനങ്ങളുടെ സംരക്ഷണമേൽക്കുന്നത്. അവനു പുറമെ നിങ്ങൾ വിളിച്ചുപ്രാർഥിക്കുന്നവർക്കൊന്നും നിങ്ങളെ സഹായിക്കാൻ സാധിക്കുകയില്ല. സ്വദേഹങ്ങൾക്കു തന്നെയും അവർ സഹായം ചെയ്യുകയില്ല (അൽഅഅ്റാഫ്: 194-97).**

രക്ഷാധികാരികളും സംരക്ഷകരുമായി തെരഞ്ഞെടുക്കപ്പെട്ട ആളുകളെല്ലാംതന്നെ സ്വയം നിസ്സഹായരും അല്ലാഹു ഇച്ഛിച്ചാൽ മാത്രം എന്തെങ്കിലും ചെയ്യാൻ കഴിവുള്ളവരുമാണ്. വിഷമങ്ങളിൽനിന്നോ ദുരിതങ്ങളിൽനിന്നോ നാശത്തിൽ നിന്നോ ആരെയും രക്ഷിക്കാനവർക്കാകുകയില്ല. മറ്റൊരു സൂക്തം ഈ വസ്തുത വ്യക്തമാക്കുന്നു:





**അല്ലാഹുവിനു പുറമെ, അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ അവർ ആരാധിച്ചുകൊണ്ടിരിക്കുന്നു. ഇവർ (ആരാധ്യർ) അല്ലാഹുവിന്റെ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് പറയുകയും ചെയ്യുന്നു. (നബിയേ) പറയുക: ആകാശങ്ങളിലോ ഭൂമിയിലോ ഉള്ളതായി അല്ലാഹുവിനറിയാത്ത വല്ല കാര്യവും നിങ്ങളവന് അറിയിച്ചുകൊടുക്കുകയാണോ? അല്ലാഹു അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം എത്രയോ പരിശുദ്ധനും ഉന്നതനുമായിരിക്കുന്നു (യൂനുസ്: 18).**

'തങ്ങളുടെ രക്ഷിതാവിന്റെ മുഖം(പ്രീതി) ലക്ഷ്യമാക്കിക്കൊണ്ട് കാലത്തും വൈകുന്നേരവും അവനോട് പ്രാർഥിച്ചുകൊണ്ടിരിക്കുന്നവരുടെ കൂടെ നീ നിന്റെ മനസ്സിനെ അടക്കിനിർത്തുക. ഇഹലോക ജീവിതത്തിന്റെ അലങ്കാരം ലക്ഷ്യമാക്കിക്കൊണ്ട് നിന്റെ കണ്ണുകൾ അവരെ വിട്ടു മാറിപ്പോകാതിരിക്കട്ടെ. ഏതൊരുവന്റെ ഹൃദയത്തെ നമ്മുടെ സ്മരണയെ വിട്ടു നാം അശ്രദ്ധമാക്കിയിരിക്കുന്നുവോ, ഏതൊരുവൻ തന്നിഷ്ടത്തെ പിന്തുടരുകയും അവന്റെ കാര്യം അതിരു കവിഞ്ഞതായിരിക്കുകയും ചെയ്തുവോ അവനെ നീ അനുസരിച്ചുപോകരുത്.' (അൽകഹ്ഫ്: 28)

**കാ**ലത്തും വൈകുന്നേരവും, സദാസമയങ്ങളിലും അല്ലാഹുവിനെ വിളിച്ചു പ്രാർഥിക്കുന്നതിന്റെയും അവന്റെ പ്രീതി തേടുന്നതിന്റെയും പ്രാധാന്യം ഈ സൂക്തം സൂചിപ്പിക്കുന്നു. അല്ലാഹുവിനോട് അടുക്കാനുള്ള ഒരു മാർഗമാണ് പ്രാർഥന. അതിനാൽത്തന്നെ അതൊരു മഹത്തായ സമ്മാനമാണ്. മനുഷ്യർക്ക് എപ്പോഴും എവിടെവെച്ചും പ്രാർഥിക്കാൻ കഴിയും. *(നബിയേ) പറയുക: നിങ്ങളുടെ പ്രാർഥനയില്ലെങ്കിൽ എന്റെ രക്ഷിതാവ് നിങ്ങൾക്ക് എന്ത് പരിഗണന നൽകാനാണ്? (അൽഫുർഖാൻ 77)* എന്ന സൂക്തത്തിൽ പ്രാർഥനയുടെ മൂല്യം അല്ലാഹു വ്യക്തമാക്കുന്നു. മറ്റൊരു സൂക്തത്തിൽ മനുഷ്യനോട് അല്ലാഹു ആഹ്വാനം ചെയ്യുകയാണ്:

**എന്നെപ്പറ്റി നിന്നോട് എന്റെ ദാസന്മാർ ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തവനാകുന്നു (എന്നു പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ചു പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും എന്നിൽ അവർ വിശ്വ**

**സിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കാൻ വേണ്ടിയാണിത് (അൽബഖറ: 186).**

ഭൗതിക ജീവിതം കേവലമൊരു പരീക്ഷണം മാത്രമാണെന്നും അതിനാൽ അതിലെ താൽക്കാലിക വിഭവങ്ങൾക്ക് വശംവദരാകരുതെന്നും ഈ സൂക്തം മനുഷ്യരെ ഓർമിപ്പിക്കുന്നു. കാറുകൾ, വീടുകൾ, സ്വർണം, വെള്ളി തുടങ്ങിയ ഭൗതിക ജീവിതത്തിലെ മോഹനവസ്തുക്കളുടെ സൃഷ്ടിയുദ്ദേശ്യമെന്തെന്ന് സൂറതുൽ കഹ്ഫ് വ്യക്തമാക്കുന്നതിങ്ങനെയാണ്:

**തീർച്ചയായും ഭൂമുഖത്തുള്ളതിനെ നാം അതിന് ഒരലങ്കാരമാക്കിയിരിക്കുന്നു: മനുഷ്യരിൽ ആരാണ് ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്നത് എന്ന് നാം പരീക്ഷിക്കാൻ വേണ്ടി. (അൽകഹ്ഫ്: 7)**

നിശ്ചിത വർഷങ്ങൾക്കുശേഷം, വിധിനാളിൽ ദൈവത്തിനു മുമ്പിൽ പെട്ടെന്ന് പ്രത്യക്ഷനാകുന്നതായി മനുഷ്യൻ സ്വയം കാണും. ജീവിതം കടന്നുപോയിക്കൊണ്ടിരിക്കുന്നത് വളരെ വേഗതയിലാണല്ലോ. ഈ വസ്തുത അല്ലാഹു അനുസ്മരിപ്പിക്കുന്നതിങ്ങനെ:

**തീർച്ചയായും ഇക്കൂട്ടർ ക്ഷണികമായ ഐഹിക ജീവിതത്തെ ഇഷ്ടപ്പെടുന്നു. ഭാരമേറിയ ഒരു ദിവസത്തിന്റെ കാര്യം അവർ തങ്ങളുടെ പിറകിൽ വിട്ടുകളയുകയും ചെയ്യുന്നു (അൽഇൻസാൻ: 27).**

ഈ ലോകത്തുവെച്ച് അധികമാളുകളും നിഷേധിച്ചുതള്ളുന്ന പാരത്രിക ജീവിതം ആർക്കും രക്ഷപ്പെടാൻ കഴിയാത്തവിധം ഒരു ശാശ്വത വസ്തുതയത്രെ. അതുകൊണ്ടാണ് ഭ്രമിച്ച് വഴിതെറ്റുന്നതും തദ്വാരാ ശാശ്വതമായ പാരത്രിക ജീവിതത്തെ വിസ്മരിക്കുന്നതും ഗുരുതരമായ തെറ്റായിത്തീരുന്നത്. അല്ലാഹു പറയുന്നു:

**ഐഹിക ജീവിതമെന്നത് കളിയും വിനോദവുമല്ലാതെ മറ്റൊന്നുമല്ല. പാരത്രിക ലോകമാണ് സൂക്ഷ്മത പാലിക്കുന്നവർക്ക് ഉത്തമമായിട്ടുള്ളത്. നിങ്ങളെന്താണ് ചിന്തിക്കാത്തത്? (അൽഅൻആം: 32)**

**നിങ്ങൾ അറിയുക: ഇഹലോക ജീവിതമെന്നാൽ കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം ദുരഭിമാനം നടിക്കലും സ്വത്തുക്കളിലും സന്താനങ്ങളിലും പെരുപ്പം കാണിക്കലും മാത്രമാണ്. ഒരു മഴപോലെ. അതുമൂലമുണ്ടായ ചെടികൾ കർഷകരെ ആശ്ചര്യപ്പെടുത്തി. പിന്നീടതിന് ഉണക്കം ബാധിക്കുന്നു. അപ്പോൾ, അത് മഞ്ഞനിറം പൂണ്ടതായി നിനക്ക് കാണാം. പിന്നീടത് തുരുമ്പായിപ്പോകുന്നു. എന്നാൽ, പരലോകത്ത് (ദുർവൃത്തർക്ക്) കഠിനമായ ശിക്ഷയും (സദ്‌വൃത്തർക്ക്)**





**അല്ലാഹുവിങ്കൽ നിന്നുള്ള പാപമോചനവും പ്രീതിയും ഉണ്ട്. ഐഹിക ജീവിതം വഞ്ചനയുടെ വിഭവമല്ലാതെ മറ്റൊന്നുമല്ല. (അൽഹദീദ്: 20)**

വിശ്വാസികളുടെ പരസ്പര ഐക്യത്തിന്റെ പ്രാധാന്യവും ഈ സൂക്തം പ്രസ്താവിക്കുന്നു. ദൈവസ്മരണ, പ്രാർഥന, നിഷ്കാമ കർമം എന്നിവയാണ് ആത്മാർഥ വിശ്വാസികളുടെ സ്വഭാവം. സദാ ദൈവസ്മരണയിൽ മുഴുകുന്നവരുമായുള്ള കൂട്ടായ്മയുടെ അനിവാര്യത വ്യക്തമാണ്. ഒന്നിച്ചു സമയം ചെലവഴിക്കുകവഴി വിശ്വാസികൾക്ക് ധാരാളം പ്രയോജനങ്ങൾ ലഭിക്കും- ഖുർആനിക സൂക്തങ്ങൾ പരസ്പരം അനുസ്മരിപ്പിക്കാം, അല്ലാഹുവിനെ സ്മരിക്കാം. പ്രാർഥനകൾ നഷ്ടപ്പെടുന്നതും വഴിതെറ്റിപ്പോകുന്നതും കുറയും. ധ്യാനവും ഇത്തരം കൂടിച്ചേരലുകളും ഇല്ലാതാകുമ്പോൾ വഴിതെറ്റാനുള്ള സാധ്യതകൾ കൂടുകയായിരിക്കും ഫലം. ഒന്നിച്ചു ദൈവനാമം ജപിക്കാം. ആളുകളോട് നന്മ കൽപിക്കുകയും തിന്മ തടയുകയും ചെയ്യാം. വൈജ്ഞാനികവും സാംസ്കാരികവുമായ നേട്ടങ്ങൾ ഉണ്ടാക്കാം. ഇത്തരം പ്രവർത്തനങ്ങളിലൂടെ സന്തോഷം, സംതൃപ്തി, വിശുദ്ധി, വിശ്വസ്തത, സുരക്ഷിതത്വം എന്നിവയുടേതായ അന്തരീക്ഷത്തിൽ ജീവിക്കാൻ അവർക്ക് കഴിയുന്നു. വിശ്വാസികളുടെ പരസ്പര ബന്ധം താഴെ സൂക്തത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു:

**സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്രങ്ങളാകുന്നു. അവർ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുന്നു. അത്തരക്കാരോട് അല്ലാഹു കരുണ കാണിക്കുന്നതാണ്. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാണ് (അത്തൗബ: 71).**

എന്നാൽ, അവിശ്വാസികളുമായി കഴിയുമ്പോഴാകട്ടെ, നിഷേധാത്മകമായ പല വശങ്ങളുമുണ്ടാകുന്നു. ഉദാഹരണമായി, അത്തരമാളുകൾ എല്ലായ്പ്പോഴും അല്ലാഹുവിനും വിശ്വാസികളുടെ വിശുദ്ധമൂല്യങ്ങൾക്കുമെതിരെ അപവാദങ്ങൾ പറയുകയും കൈയേറ്റങ്ങൾ നടത്തുകയും ചെയ്യും. തങ്ങളുടെ കടുത്ത വിദ്വേഷങ്ങൾ അവർ പ്രകടിപ്പിക്കും; വിശ്വാസികളെ പരിഹസിക്കും. ഇത്തരമൊരു അവസ്ഥയുണ്ടാകരുതെന്നാണ് വിശ്വാസികളോടുള്ള അല്ലാഹുവിന്റെ നിർദേശം:

**അല്ലാഹുവിന്റെ വചനങ്ങൾ നിഷേധിക്കപ്പെടുന്നതും പരിഹസിക്കപ്പെടുന്നതും കേട്ടാൽ അത്തരക്കാർ മറ്റു വല്ല വർത്തമാനത്തിലും പ്രവേശിക്കുന്നതു വരെ നിങ്ങൾ അവരോടൊപ്പം ഇരിക്കരുതെന്നും അങ്ങനെ ഇരിക്കുന്ന പക്ഷം നിങ്ങളും അവരെപ്പോലെത്തന്നെ ആയിരിക്കുമെന്നും ഈ ഗ്രന്ഥത്തിൽ**

**അല്ലാഹു നിങ്ങൾക്ക് അവതരിപ്പിച്ചുതന്നിട്ടുണ്ടല്ലോ. കപടവിശ്വാസികളെയും അവിശ്വാസികളെയും ഒന്നിച്ച് അല്ലാഹു നരകത്തിൽ ഒരുമിച്ചുകൂട്ടുകതന്നെ ചെയ്യും. (അന്നിസാഅ്: 140)**

ഹീനമായ സ്വന്തം സഹജവാസനകളെ പിന്തുടരുകയും ദൈവവചനത്തിൽനിന്ന് അകന്നുനിൽക്കുകയും ചെയ്യുന്ന അവിശ്വാസികളുമൊന്നിച്ച് കഴിയുന്നതിന്റെ നിഷേധാത്മകമായ മറ്റൊരു വശം ദുർബലവിശ്വാസികൾ എതിർപാതയിൽ സ്വാധീനിക്കപ്പെടാനുള്ള സാധ്യതയത്രെ. ദൃഢവിശ്വാസവും ആത്മാർഥതയുമുള്ള വിശ്വാസികൾ അവരാൽ സ്വാധീനിക്കപ്പെടുകയില്ലെങ്കിലും നവ വിശ്വാസികളോ, പൂർണമായും ഖുർആനിക ധർമത്തിൽ ജീവിതം നയിക്കാത്തവരോ ആയ വിശ്വാസികൾ, വഴിതെറ്റിക്കുന്ന അവരുടെ സംഭാഷണങ്ങളിലും വൈജ്ഞാനിക പ്രകടനങ്ങളിലും സ്വാധീനിക്കപ്പെടാനും അവസാനം അവരെ അനുധാവനം ചെയ്യാനും സാധ്യതയുണ്ട്. അതാകട്ടെ, ഇരുലോക നഷ്ടമായിരിക്കും അവർക്കുണ്ടാക്കുക.

'പറയുക: ഇത് നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള സത്യമാകുന്നു. അതിനാൽ ഇഷ്ടമുള്ളവർ വിശ്വസിക്കട്ടെ, ഇഷ്ടമുള്ളവർ അവിശ്വസിക്കട്ടെ. അക്രമികൾക്ക് നാം നരകാഗ്നി ഒരുക്കിവെച്ചിട്ടുണ്ട്. അതിന്റെ 'കൂടാരം' അവരെ വലയം ചെയ്തിരിക്കുന്നു. അവർ വെള്ളത്തിനപേക്ഷിക്കുന്ന പക്ഷം ഉരുകിയ ലോഹം പോലുള്ള വെള്ളമായിരിക്കും അവർക്ക് കുടിക്കാൻ നൽകപ്പെടുന്നത്. അത് മുഖങ്ങളെ കരിച്ചുകളയും. വളരെ ദുഷിച്ച പാനീയം തന്നെ അത്. (നരകം) വളരെ നദുഷിച്ച വിശ്രമസ്ഥലം തന്നെ' (അൽകഹ്ഫ്: 29).

**ഒ**രിക്കൽ അവിശ്വാസികളോട് ദൈവികമതവും ഖുർആനിക സൂക്തങ്ങളും വിശദീകരിച്ചാൽ പിന്നെ അത് സ്വീകരിക്കാൻ അവരിൽ സമ്മർദം ചെലുത്താവതല്ല. മുമ്പ് വിശദീകരിച്ചതു പോലെ, വിശ്വാസം നൽകാൻ അല്ലാഹു





വിന് മാത്രമേ കഴിയുകയുള്ളൂ. അവിശ്വാസികളോടുള്ള മുസ്‌ലിംകളുടെ നിലപാട് ഇങ്ങനെയാണ് വിശദീകരിക്കപ്പെട്ടിരിക്കുന്നത്:

**നിങ്ങൾ ആരാധിച്ചുവരുന്നതിനെ ഞാൻ ആരാധിക്കുന്നില്ല. ഞാൻ ആരാധിച്ചവരുന്നതിനെ നിങ്ങളും ആരാധിക്കുന്നവരല്ല. നിങ്ങൾ ആരാധിച്ചുവന്നതിനെ ഞാൻ ആരാധിക്കാൻ പോകുന്നവനല്ല. ഞാൻ ആരാധിച്ചുവരുന്നതിനെ നിങ്ങളും ആരാധിക്കാൻ പോകുന്നവരല്ല. നിങ്ങൾക്ക് നിങ്ങളുടെ മതം; എനിക്ക് എന്റെ മതവും (അൽകാഫിറൂൻ: 2-6).**

വിശ്വാസനിരാസം തുടരുന്ന പക്ഷം, മരണശേഷമുണ്ടാകാനിരിക്കുന്ന നരകയാതനയെയും വൻ വിപത്തിനെയും കുറിച്ച് അവിശ്വാസികൾക്ക് മുന്നറിയിപ്പ് നൽകുകമാത്രമാണ്. അവിശ്വാസികളെ കാത്തിരിക്കുന്ന അനന്തമായ നരക ശിക്ഷ ഈ സൂക്തം വിശദീകരിക്കുന്നു. ആ ദിനത്തിൽ അവർക്ക് സഹായികളോ മധ്യസ്ഥരോ ഉണ്ടായിരിക്കുന്നതല്ല.

*അവർ നരകാഗ്നിയിലേക്ക് ശക്തിയായി പിടിച്ചുതള്ളപ്പെടുന്ന ദിവസം (അത്ത്വൂർ: 13)* എന്ന ഖുർആൻ സൂക്തത്തിൽ നരകം ലഭിച്ചവർ തരംതാഴ്ത്തപ്പെടുന്നതെങ്ങനെയെന്ന് അല്ലാഹു വെളിപ്പെടുത്തുന്നു. സമ്പത്തിന്റെയും പദവിയുടെയും മറ്റുള്ളവരെ ആക്രമിക്കാനുള്ള കഴിവിന്റെയും പേരിൽ അഹങ്കാരംകൊള്ളുന്നവർ നരകത്തിൽവെച്ച് തങ്ങളുടെ ദുഃഖാവസ്ഥയും നിസ്സഹായാവസ്ഥയും തിരിച്ചറിയും. *അതിൽ (നരകത്തിൽ) ഒരു ഇടുങ്ങിയ സ്ഥലത്ത് ചങ്ങലകളിൽ ബന്ധിക്കപ്പെട്ട നിലയിൽ അവർ ഇടപ്പെടും(അൽഫുർഖാൻ: 13).* അഗ്നിയുടെ നിരന്തരമായ ക്ഷോഭവും അവർ കേൾക്കും. അതിലെ അനന്തമായ കരച്ചിലിന്റെയും ഞരക്കത്തിന്റെയും ശബ്ദം അവർ ശ്രവിക്കും. ഒരു ശിക്ഷയിൽനിന്ന് മറ്റൊന്നിലേക്ക് അവർ നയിക്കപ്പെട്ടുകൊണ്ടിരിക്കും- കേണുപറഞ്ഞാലും. അതിന്റെ കാരണം, അത് അടച്ചുമൂടിയ തീയാണ്. അതിൽനിന്ന് മോചനമില്ല.

'തീർച്ചയായും വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ, തീർച്ചയായും അത്തരം സൽപ്രവർത്തനം നടത്തുന്ന ഒരാളുടെയും പ്രതിഫലം നാം പാഴാക്കുകയില്ല' (അൽകഹ്ഫ്: 30).

സൽപ്രവർത്തനങ്ങളുടെ പ്രാധാന്യം മുമ്പ് നാം വിവരിച്ചു. ആത്മാർഥമായി സൽക്കർമം ചെയ്യുന്നതിന്റെ പ്രാധാന്യത്തിലേക്കാണ് ഈ സൂക്തം ശ്രദ്ധ ക്ഷണിക്കുന്നത്. ഖുർആനിക സദാചാരത്തിന് വഴങ്ങിയതും ആത്മാർഥ ഭക്തിയിൽനിന്ന് ഉടലെടുത്തതുമായ പ്രവർത്തനമാണ് അതിമഹത്തും ദൈവ പ്രീതി ദായകവുമായത്. സൽസ്വഭാവത്തിന്റെ പ്രാധാന്യം താഴെ സൂക്ത ത്തിൽ അല്ലാഹു വെളിപ്പെടുത്തുന്നു:

**അല്ലാഹുവിനുള്ളതാകുന്നു ആകാശങ്ങളിലും ഭൂമിയിലുമുള്ള ത്. തിന്മ പ്രവർത്തിച്ചവർക്ക് അവർ ചെയ്തതനുസരിച്ച് പ്രതി ഫലം നൽകുവാൻ വേണ്ടിയത്രെ അത്. നന്മ പ്രവർത്തിച്ചവർക്ക് ഏറ്റവും നല്ല പ്രതിഫലം നൽകാൻ വേണ്ടിയും. (അന്നജ്മ്: 31)**

ദൈവപ്രീതി ദായകമായ സൽപ്രവർത്തനങ്ങൾ നടത്തുന്നതിന്റെ പ്രാധാ ന്യമാണ് ഈ സൂക്തങ്ങൾ പ്രഖ്യാപനം ചെയ്യുന്നത്. സൽക്കർമം ചെയ്യുന്ന വർക്ക് ഏറ്റവും നല്ല പ്രതിഫലം കാത്തിരിക്കാമെന്നും അത് അല്ലാഹു വിൽനിന്ന് മാത്രമേ പ്രതീക്ഷിക്കാവൂ എന്നും അല്ലാഹു നമ്മെ അറിയിക്കുന്നു.

മനുഷ്യന്റെ നിഖില പ്രവർത്തനങ്ങളെയും അല്ലാഹു വലയം ചെയ്യുന്നു. കാരണം, നമ്മുടെ ഉള്ളിലിരുപ്പ് അല്ലാഹുവിനറിയാം. നമ്മുടെ പ്രവർത്തന ങ്ങളെക്കുറിച്ച് നാം ബോധവാന്മാരാകണമെന്നു മാത്രമേ അവനുള്ളൂ. അവർക്കവൻ പ്രതിഫലം നൽകും. ഖുർആനിക സദാചാരങ്ങൾക്കനുസൃ തമായ പ്രവർത്തനങ്ങൾക്ക് താൻ നല്ല പ്രതിഫലം നൽകുമെന്ന് അല്ലാഹു പ്രസ്താവിക്കുന്നു. സച്ചരിതർക്ക് സ്വർഗത്തെക്കുറിച്ച സുവാർത്തയും അവൻ നൽകുന്നു:

**ശ്രദ്ധിക്കുക: തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങളാരോ അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കേണ്ടിവരിക യുമില്ല. വിശ്വസിക്കുകയും സൂക്ഷ്മത പാലിച്ചുകൊണ്ടിരിക്കു കയും ചെയ്യുന്നവരത്രെ അവർ. അവർക്കാണ് ഐഹിക ജീവി തത്തിലും പരലോകത്തും സന്തോഷവാർത്തയുള്ളത്. അല്ലാ ഹുവിന്റെ വചനങ്ങൾക്ക് യാതൊരു മാറ്റവുമില്ല. അതു (സന്തോ ഷവാർത്ത) തന്നെയാണ് മഹത്തായ ഭാഗ്യം. (യൂനുസ് 62-64)**

'അക്കൂട്ടർക്കാകുന്നു സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകൾ. അവ രുടെ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കുന്നതാണ്. അവർക്ക് അവിടെ സ്വർണം കൊണ്ടുള്ള വളകൾ അണിയിക്കപ്പെടുന്ന താണ്. നേരിയതും കട്ടിയുള്ളതുമായ പച്ചപ്പട്ടു വസ്ത്രങ്ങൾ അവർ ധരി ക്കുകയും ചെയ്യും. അവിടെ അവർ അലങ്കരിച്ച കട്ടിലുകളിൽ ചാരിയി രുന്ന് വിശ്രമിക്കുന്നവരായിരിക്കും. എത്ര വിശിഷ്ടമായ പ്രതിഫലം! എത്ര ഉത്തമമായ വിശ്രമസ്ഥലം!' (അൽകഹ്ഫ്: 31).






ദൈവപ്രീതികാംക്ഷിച്ച് സദ്പ്രവർത്തനങ്ങളനുഷ്ഠിക്കുന്ന വിശ്വാസികൾക്ക് ലഭിക്കുന്ന അനന്തമായ സ്വർഗീയ സമ്മാനങ്ങളാണ് ഈ വാക്യം വിശദീക രിക്കുന്നത്. നിരവധി സൂക്തങ്ങളിൽ അല്ലാഹു വിശ്വാസികൾക്ക് സ്വർഗം വാഗ്ദാനം ചെയ്തിട്ടുണ്ട്. അവർ സ്വർഗത്തിൽ ഹൃദ്യമായി വരവേൽക്കപ്പെ ടുമെന്ന് താഴെ സൂക്തം ഉദാഹരണം:

**'അതെ, അവർ പ്രവേശിക്കുന്ന സ്ഥിരവാസത്തിനുള്ള സ്വർഗ ത്തോപ്പുകൾ. അവയുടെ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴു കിക്കൊണ്ടിരിക്കും. അവർക്ക് അവർ ഉദ്ദേശിക്കുന്നതെന്തും അതിലുണ്ടായിരിക്കും. അപ്രകാരമാണ് സൂക്ഷ്മത പാലിക്കു ന്നവർക്ക് അല്ലാഹു പ്രതിഫലം നൽകുന്നത്. അതായത്, നല്ല വരായിരിക്കെ മലക്കുകൾ ഏതൊരു കൂട്ടരുടെ ജീവിതം അവ സാനിപ്പിക്കുന്നുവോ അവരോട് അവർ (മലക്കുകൾ) പറയും: നിങ്ങൾക്ക് സമാധാനം. നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്ന തിന്റെ ഫലമായി നിങ്ങൾ സ്വർഗത്തിൽ പ്രവേശിച്ചുകൊള്ളുക (അന്നഹ്ൽ: 31, 32).**

ആദരവോടെയുള്ള ഈ വരവേൽപ്പിനെത്തുടർന്ന് എണ്ണമറ്റ സമ്മാന ങ്ങൾ അല്ലാഹു അവർക്ക് നൽകുന്നു. എന്നാൽ ദൈവ പ്രീതിയും സ്വർഗവും ലഭിച്ചതിലുള്ള ആഹ്ലാദമായിരിക്കും അവയിൽ ഏറ്റവും വലുത്. അവിശ്വാ സികൾ നരകാഗ്നിയാലും അവർണനീയ ദുഃഖങ്ങളാലും വിഷമിക്കുമ്പോൾ സത്യവിശ്വാസികൾ ദൈവികപ്രീതിയും സ്നേഹവുമാർജിച്ചു ദൈവദാസ ന്മാരായി തങ്ങളുടെ ജീവിതം നയിക്കുകയായിരിക്കും. ഇടുങ്ങിയ നരകത്തിന് വിരുദ്ധമായി, ആകാശത്തിന്റെയും ഭൂമിയുടെയും വിസ്താരമുള്ള (അൽഹ ദീദ്: 21) ഒരു ആരാമത്തിലായിരിക്കും വിശ്വാസികൾ കഴിയുക. ചുറ്റും സൗന്ദ ര്യവും മഹത്തായൊരു രാജ്യവുമായിരിക്കും അവർ കാണുക. നിരനിരയായ ചിത്രാങ്കിത ശയ്യകളിൽ അവർ വിശ്രമിക്കും. നിഷ്പ്രയാസം പറിച്ചെടുക്കാൻ കഴിയുന്ന പഴങ്ങൾ അവർ ആസ്വദിക്കും. താഴ്ഭാഗത്തുകൂടെ നദികളൊഴു കുന്ന മണിമാളികകളിൽ താമസിക്കും. ഉന്നത സിംഹാസനങ്ങളിന്മേൽ ഉപ വിഷ്ടരാകും. പരസ്പരം സംഭാഷണം നടത്തും. അമിതമായ തണുപ്പോ ചൂടോ ഇല്ലാത്തതെന്ന് അല്ലാഹു വിവരിച്ച സ്വർഗത്തിൽ തണുപ്പുള്ള തണ ലുകളിലായിരിക്കും അവർ.

ഈ സൂക്തത്തിൽ വിവരിക്കപ്പെട്ടതു പോലെ, മനോഹരമായ ചിത്രാങ്കി തമായ മെച്ചപ്പെട്ട പട്ടുകളായിരിക്കും സ്വർഗവാസികളുടെ പച്ചയുടുപ്പുകൾ. ഇതിനുപുറമെ, അവർ സ്വർണവളകളണിയും. മനോഹര വസ്ത്രങ്ങളോ ടൊപ്പം രുചികരമായ ഭക്ഷണ പാനീയങ്ങളും അവർക്ക് ലഭിക്കും. ആഗ്രഹി ക്കുന്ന പക്ഷിമാംസങ്ങൾ, രുചികരമായ പാനീയങ്ങൾ, അതുല്യമായ ഈന്ത പ്പഴങ്ങൾ, മാതള നാരകങ്ങൾ, ഉറുമാൻ പഴങ്ങൾ ഇങ്ങനെ വിവിധതരം ഇന ങ്ങൾ ഖുർആൻ പ്രത്യേകം എടുത്തുപറയുന്നുണ്ട്.





മാത്രമല്ല, യഥാർഥ സൗന്ദര്യം സ്വർഗത്തിലായിരിക്കും ഉണ്ടാകുക. കാരണം, ക്ഷമാപൂർവം ചെയ്യേണ്ട എന്തെങ്കിലും ജോലികളോ ക്ഷീണം, ഭയം, ദുഃഖം തുടങ്ങിയ പ്രശ്നങ്ങളോ ഇല്ലാത്ത പരിപൂർണവും അനന്തവുമായ സൗന്ദര്യത്തിന്റെ അന്തരീക്ഷമാണവിടെ ഉണ്ടായിരിക്കുക. സ്വർഗസൗന്ദര്യം അല്ലാഹു വർണിക്കുന്നതിങ്ങനെ:

**സൂക്ഷ്മതയുള്ളവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗത്തിന്റെ അവസ്ഥ എങ്ങനെയെന്നാൽ അതിൽ പകർച്ചവരാത്ത വെള്ളത്തിന്റെ അരുവികളുണ്ട്. രുചിഭേദം വരാത്ത പാലിന്റെ അരുവികളും കുടിക്കുന്നവർക്ക് ആസ്വാദ്യകരമായ മദ്യത്തിന്റെ അരുവികളും ശുദ്ധീകരിക്കപ്പെട്ട തേനിന്റെ അരുവികളുമുണ്ട്. തങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവുമുണ്ട്. (ഈ സ്വർഗവാസികളുടെ അവസ്ഥ) നരകത്തിൽ നിത്യവാസിയായിട്ടുള്ളവനെപ്പോലെ ആയിരിക്കുമോ? അത്തരക്കാർക്കാകട്ടെ കൊടും ചൂടുള്ള വെള്ളമായിരിക്കും കുടിക്കാൻ നൽകപ്പെടുക. അങ്ങനെ അത് അവരുടെ കുടലുകളെ ഛിന്നഭിന്നമാക്കിക്കളയും (മുഹമ്മദ്: 15).**

സ്വർഗത്തിലെ സമ്മാനങ്ങളും നരകവിഷമതകളും അല്ലാഹു സവിസ്തരം വിവരിച്ചിട്ടുണ്ട്. സത്യത്തെക്കുറിച്ച് അജ്ഞതനടിക്കുന്നവർക്ക് ഇരുലോകത്തും നഷ്ടമായിരിക്കും ഭവിക്കുക. അതിനാൽ, അതുല്യമായ പാരത്രിക സമ്മാനങ്ങൾക്ക് സഗൗരവം തയ്യാറെടുക്കുകയും യത്നിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഖുർആൻ പറയുന്നു:

**ഭൂമിയിൽ ഔന്നത്യമോ കുഴപ്പമോ ആഗ്രഹിക്കാത്തവർക്കാകുന്നു ആ പാരത്രിക ഭവനം നാം ഏർപ്പെടുത്തിക്കൊടുക്കുന്നത്. അന്ത്യഫലം സൂക്ഷ്മത പാലിക്കുന്നവർക്ക് അനുകൂലമായിരിക്കും. (അൽഖസ്വസ്വ്: 83)**

'നീ അവർക്ക് ഒരു ഉപമ വിവരിച്ചുകൊടുക്കുക: രണ്ടു പുരുഷന്മാർ; അവരിൽ ഒരാൾക്ക് നാം രണ്ടു മുന്തിരിത്തോട്ടങ്ങൾ നൽകി. അവയെ (തോട്ടങ്ങളെ) നാം ഈന്തപ്പനകൊണ്ട് വലയം ചെയ്തു. അവക്കിടയിൽ (തോട്ടങ്ങൾക്കിടയിൽ) ധാന്യകൃഷിയിടവും നാം ഉണ്ടാക്കി. രണ്ടു തോട്ടങ്ങളും നല്ല വിളവ് നൽകിവന്നു. അതിൽ ഒരു കുറവും വരുത്തിയില്ല. അവക്കിടയിലൂടെ നാം ഒരു നദി ഒഴുക്കുകയും ചെയ്തു. അവന് നല്ല ആദായം ലഭിച്ചു. അങ്ങനെ അവൻ തന്റെ ചങ്ങാതിയോട് സംവാദം നടത്തിക്കൊണ്ടിരിക്കെ പറയുകയുണ്ടായി: ഞാനാണ് നിന്നെക്കാൾ കൂടുതൽ ധനമുള്ളവനും കൂടുതൽ സംഘബലമുള്ളവനും.' (അൽകഹ്ഫ്: 32-34)

**ഒ**രു യഥാർഥ വിശ്വാസിയെയും വ്യാജ വിശ്വാസിയെയും താരതമ്യം ചെയ്യുകയാണ് ഉപമ വഴി അല്ലാഹു ഉദ്ദേശിക്കുന്നത്. തോട്ടക്കാരിലൊരാൾ മറ്റെയാളെ അപേക്ഷിച്ച് സമ്പന്നനാണ്. ഈ ശ്രേഷ്ഠത അല്ലാഹുവോട് ഹുങ്കും ധാർഷ്ട്യവും കാണിക്കാൻ അയാൾക്ക് ഹേതുവായിത്തീരുകയായിരുന്നു.

പക്ഷേ, സകല സൃഷ്ടിജാലങ്ങളുടെയും സ്രഷ്ടാവായ അല്ലാഹുവാണ് എല്ലാ സൃഷ്ടികളുടെയും ഏക ഉടമ. ധനവും സുഖസൗകര്യങ്ങളും നൽകി ചിലരെ അവൻ പരീക്ഷിക്കുകയാണ്. അവ തങ്ങളുടെ യത്നങ്ങളുടെയും ബുദ്ധിയുടെയും ഫലമാണെന്ന് വിചാരിച്ച് ചിലർ അല്ലാഹുവോട് നന്ദികേട് കാണിക്കുകയാണ്. സമ്പത്തിൽ മതിമറന്ന് ആഹ്ലാദിക്കുന്ന അവർ അതിനെ ആളുകൾക്കിടയിൽ അഭിമാനത്തിന്റെയും അന്തസ്സിന്റെയും സ്രോതസ്സായി കാണുകയാണ്. എന്നാൽ, മറുവശത്ത് വിശ്വാസികളുടെ പെരുമാറ്റ രീതി താഴെ പറയുന്ന രൂപത്തിലായിരിക്കും:

**പറയുക: ആധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ, നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഉദ്ദേശിക്കുന്നവരിൽനിന്ന് ആധിപത്യം എടുത്തുനീക്കുകയും ചെയ്യുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ നിന്ദ്യതവരുത്തുകയും ചെയ്യുന്നു. നിന്റെ കൈവശമത്രെ നന്മയുള്ളത്. നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു. (ആലുഇംറാൻ: 26)**

തന്റെ തോട്ടങ്ങളും ഉൽപന്നങ്ങളും കേവലം അല്ലാഹുവിൽനിന്നുള്ള പരീക്ഷണമാണെന്നതു വിസ്മരിച്ചുകൊണ്ട് അവയെല്ലാം തന്റേതാണെന്ന് അവകാശപ്പെടുകയായിരുന്നു ആ നന്ദിയില്ലാത്ത മനുഷ്യൻ അങ്ങനെ ഭീഷണമായ അഹന്തക്കും നിർലജ്ജമായ ഗർവിനും അയാൾ വശംവദനാകുകയാണുണ്ടായത്. അല്ലാഹു പറയുന്നു:

**നീ ഭൂമിയിൽ അഹന്തയോടെ നടക്കരുത്. തീർച്ചയായും നിനക്ക് ഭൂമിയെ പിളർക്കാനാവില്ല. ഉയരത്തിൽ നിനക്ക് പർവതങ്ങൾക്കൊപ്പമെത്താനും ആവില്ല; തീർച്ച. അവയിൽ (മേൽ പറഞ്ഞ കാര്യങ്ങളിൽ) നിന്നെല്ലാം ദുഷിച്ചത് നിന്റെ രക്ഷിതാവിങ്കൽ വെറുക്കപ്പെട്ടതാണ് (അൽഇസ്റാഅ്: 37,38).**

ഇത്തരക്കാരുടെ പര്യവസാനമെങ്ങനെയെന്ന് നിരവധി സൂക്തങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നു. ഉദാഹരണം:

**നിങ്ങൾ ശവകുടീരങ്ങൾ സന്ദർശിക്കുന്നതുവരേക്കും പരസ്പരം പെരുമനടിക്കുക എന്ന കാര്യം നിങ്ങളെ അശ്രദ്ധയിലാക്കിയിരിക്കുന്നു. നിസ്സംശയം, നിങ്ങൾ വഴിയെ അറിഞ്ഞുകൊള്ളും. പിന്നെയും നിസ്സംശയം, നിങ്ങൾ വഴിയെ അറിഞ്ഞുകൊള്ളും. നിസ്സംശയം നിങ്ങൾ ദൃഢമായ അറിവ് അറിയുമായിരുന്നെങ്കിൽ ജ്വലിക്കുന്ന നരകത്തെ നിങ്ങൾ കാണുകതന്നെ**





**ചെയ്യും. പിന്നെ, തീർച്ചയായും നിങ്ങൾ അതിനെ ദൃഢമായും കണ്ണാൽ കാണുകതന്നെ ചെയ്യും. പിന്നീട് ആ ദിവസത്തിൽ സുഖാനുഭവങ്ങളെപ്പറ്റി തീർച്ചയായും നിങ്ങൾ ചോദ്യം ചെയ്യപ്പെടുകതന്നെ ചെയ്യും (അത്തകാസുർ: 1–8).**

'സ്വന്തത്തോടു തന്നെ അന്യായം പ്രവർത്തിച്ചവനായിക്കൊണ്ട് അവൻ തന്റെ തോട്ടത്തിൽ പ്രവേശിച്ചു. അവൻ പറഞ്ഞു: ഒരിക്കലും ഇതൊന്നും നശിച്ചു പോകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. അന്ത്യസമയം നിലവിൽവരുമെന്ന് ഞാൻ വിചാരിക്കുന്നില്ല. ഇനി ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് മടക്കപ്പെടുകയാണെങ്കിലോ, തീർച്ചയായും മടങ്ങിച്ചെല്ലുന്നതിന് ഇതിനെക്കാൾ ഉത്തമമായ ഒരു സ്ഥലം എനിക്ക് ലഭിക്കുകതന്നെ ചെയ്യും.' (അൽകഹ്ഫ്: 35,36).

**ത**ന്റെ തോട്ടങ്ങളൊരിക്കലും നശിക്കില്ലെന്നുറപ്പിച്ചതിനാലായിരുന്നു അയാൾ തന്റെ നന്ദിയില്ലായ്മ വ്യക്തമായി പ്രകടിപ്പിച്ചത്. അതെ, അയാൾ തന്നത്താൻ ഒരുതരം ദൈവികത അവകാശപ്പെടുകയായിരുന്നു.

പക്ഷേ, സ്ഥലകാലങ്ങളും അവക്ക് കീഴിലുള്ളതും സൃഷ്ടിച്ച അല്ലാഹുമാത്രമാണ് അനാദ്യൻ. ഇല്ലായ്മയിൽനിന്ന് വസ്തുക്കളെ സൃഷ്ടിക്കുന്നവനെന്നും ഓരോന്നിന്റെയും ഭാവി മനസ്സിലാക്കി സൃഷ്ടിക്കുന്നവനെന്നുമാണ് അല്ലാഹുവിന്റെ 'ഖാലിഖ്' എന്ന നാമത്തിൽ അന്തർലീനമായ അർഥം. ഉൺമയുടെ ആദ്യനിമിഷം മുതൽ മരണം വരെയുള്ള മനുഷ്യന്റെ ഓരോ ഘട്ടവും ദൈവസന്നിധിയിലാണ് നിലവിൽവരുന്നത്. ഓരോന്നിന്റെയും തനതായ രൂപത്തിലുള്ള നിലനിൽപ്പ് അല്ലാഹുവിന്റെ പരിരക്ഷ(ഹിഫ്ള്)യിലാണ്. ഓരോരുത്തരും അനുഭവിക്കുന്നതും കാണുന്നതും ജീവിതത്തിലെ വിശദാംശങ്ങളുമെല്ലാം അവൻ സൃഷ്ടിച്ചതത്രെ. ഒന്നും ഒരിക്കലും വിനഷ്ടമായിപ്പോകുന്നതല്ല:

**ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹു അറിയുന്നുണ്ടെന്നും അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാണെന്നും നിങ്ങൾ മനസ്സിലാക്കാൻ വേണ്ടിയത്രെ അത്. (അൽമാഇദ: 97)**

അല്ലാഹു കാലാതീതനായതിനാൽ, അവനെ സംബന്ധിച്ചിടത്തോളം ഓരോ കാര്യവും സംഭവിക്കുന്നതും അവയുടെ വിധി തീർപ്പാക്കുന്നതും ഉടനെയായിരിക്കും. കാലാധീനരായ മനുഷ്യരെ സംബന്ധിച്ചിടത്തോളം ഭൂതം, ഭാവി, വർത്തമാനം എന്നിങ്ങനെ ജീവിതം വിഭജിക്കപ്പെട്ടിരിക്കുകയാണ്. എന്നാൽ ഈ വിഭജനം മനുഷ്യർക്കു മാത്രം ബാധകമായതാണ്. അതെ, നാം ഭൂതമായി കാണുന്നത് നമുക്ക് മാത്രമാണ് ഭൂതം. അജ്ഞാനഭാവിയായി നാം കാണുന്നതും തഥൈവ. അല്ലാഹുവെ സ്രഷ്ടാവായി അംഗീകരിക്കുമ്പോൾ ഈ കാലവിഭജനം അവന് ബാധകമാക്കാൻ കഴിയുകയില്ല. താഴെ സൂക്തത്തിൽ ഈ വസ്തുത വ്യക്തമാക്കപ്പെട്ടിരിക്കുന്നു:

**എന്റെ കുഞ്ഞുമകനേ, തീർച്ചയായും അത് (കാര്യം) ഒരു കടുകുമണിയുടെ തൂക്കമായിരുന്നാലും, എന്നിട്ടത് ഒരു പാറക്കല്ലിനുള്ളിലോ ആകാശങ്ങളിലോ ഭൂമിയിലോ എവിടെത്തന്നെ ആയിരുന്നാലും അല്ലാഹു അത് കൊണ്ടുവരുന്നതാണ്. തീർച്ചയായും അല്ലാഹു നയജ്ഞനും സൂക്ഷ്മജ്ഞനുമാണ്. (ലുഖ്മാൻ: 16)**

അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം സകല സംഭവങ്ങളും നീക്കുന്നത് ഒരേനിമിഷത്തിലാണ്. മൂസാ, ഗുഹാവാസികൾ, ഖദിർ, ദുൽഖർനൈനി, മുഹമ്മദ്(സ), മറ്റു പ്രവാചകന്മാർ എന്നിവരുടെ ജീവിതങ്ങളിൽനിന്ന് നമുക്ക് നൽകപ്പെട്ട ഉദാഹരണങ്ങൾ ദൈവസന്നിധിയിൽ ഒരേനിമിഷത്തിൽ സംഭവിക്കുന്നവയാണ്. നമ്മുടെ പേരമക്കളുടെയും അവരുടെതന്നെ പേരമക്കളുടെയും അവർക്കു ശേഷം വരുന്നവരുടെയും ജീവിതങ്ങൾ ഒരേ നിമിഷത്തിലാണ് സംഭവിക്കുക. അല്ലാഹുവിന്റെ സന്നിധിയിൽ ഒരു മണിക്കൂർ സംഭവിക്കുന്നതും ആളുകളുടെ ശാശ്വതവാസവുമെല്ലാം കഴിഞ്ഞുപോയ കാര്യങ്ങളത്രെ. അവനിൽ വിശ്വസിക്കുന്നവർ സ്വർഗത്തിലും അവിശ്വസിക്കുന്നവർ നരകത്തിലും ശാശ്വത ജീവിതം നയിച്ചുകൊണ്ടിരിക്കുന്നു.

വ്യാപകമായൊരു തെറ്റിദ്ധാരണയുണ്ട്: അല്ലാഹു, മനുഷ്യരെ സൃഷ്ടിച്ച് ഓരോരുത്തർക്കും ഓരോ നിശ്ചിത സമയം നൽകി, അവരുടെ പരീക്ഷണഫലങ്ങൾ കാത്തിരിക്കുകയാണ്. അന്ത്യദിനം വരെ ഈ കാത്തിരിപ്പ് തുടരുകയും ചെയ്യും. (സുബ്ഹാനല്ലാഹ്!) ഇതാണ് വിശ്വാസം. എന്നാൽ, അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ഈ കാത്തിരിപ്പ് സങ്കൽപിക്കാവതല്ല. കാരണം കാത്തിരിപ്പ് മനുഷ്യ സ്വഭാവമാണ്. അല്ലാഹുവാകട്ടെ മനുഷ്യരുടെ ന്യൂനതകളിൽനിന്ന് മുക്തനുമാണ്. എല്ലാതരം അബദ്ധങ്ങളിൽനിന്നും ബലഹീനതകളിൽനിന്നും വൈകല്യങ്ങളിൽനിന്നും സ്വതന്ത്രനെന്നാണ് അവന്റെ 'ഖുദ്ദൂസ്' എന്ന നാമത്തിനർഥം. സകല മനുഷ്യരുടെയും ഭൂത ഭാവികളെയും വിശദമായ ജീവിതാനുഭവങ്ങളെയും അവൻ ചൂഴ്ന്നുനിൽക്കുന്നു. എന്നാൽ, മനുഷ്യർ മനസ്സിലാക്കുന്നത്, ഇവിടത്തെപ്പോലെ കാലം ഭൂതത്തിൽനിന്ന് ഭാവിയിലേക്ക് പ്രവേശിക്കുന്നുവെന്നാണ്. പക്ഷേ, ദൈവസന്നിധിയിൽ





അത്തരം വാക്കുകളോ സങ്കൽപങ്ങളോ ഇല്ല. എല്ലാവസ്തുക്കളും മനുഷ്യരും ജീവികളുമെല്ലാം ഒരേസമയം തന്നെ ജീവിച്ചുകൊണ്ടിരിക്കുകയാണ്. സകല കാലങ്ങളും- എന്തിനധികം ദിവസങ്ങൾ, മണിക്കൂറുകൾ, നിമിഷങ്ങൾ എന്നിവപോലും- ഒരേനിമിഷത്തിൽ സന്നിഹിതമാവുകയാണ്. മനുഷ്യ കഴിവുകളുടെ പരിമിതി ഈ വസ്തുത മനസ്സിലാക്കാൻ തടസ്സമാകുന്നുവെന്നു മാത്രം.

ഇതു കൊണ്ടത്രെ വിശ്വാസികൾ അല്ലാഹുവിന്റെ ശക്തിയെ വിലമതിക്കുകയും അവന് വഴങ്ങുകയും വിശ്വാസമർപ്പിക്കുകയും ചെയ്യുന്നത്. തങ്ങളെയും മറ്റുള്ളവരെയും അല്ലാഹു വലയം ചെയ്യുന്നുവെന്നും എല്ലാം പൂർണമായും അവനെ ആശ്രയിക്കുകയാണെന്നും അവന്റെ മഹത്വത്തെയപേക്ഷിച്ചു മറ്റുള്ളവയെല്ലാം വളരെ നിസ്സാരമാണെന്നും അവർക്കറിയാം.

ദൈവിക മഹത്വവും ശക്തിയും വിലമതിക്കാനും സംഭവങ്ങൾക്കു പിന്നിലെ യുക്തിയുടെ വിവരങ്ങളറിയാനും കഴിയുന്നതിനാൽ അവർ അല്ലാഹുവിന് സ്വമേധയാ കീഴടങ്ങുകയാണ്. 'ഇനി ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് മടക്കപ്പെടുകയാണെങ്കിലോ, തീർച്ചയായും മടങ്ങിച്ചെല്ലുന്നതിന് ഇതിനെക്കാൾ ഉത്തമമായ ഒരു സ്ഥലം എനിക്ക് ലഭിക്കുകതന്നെ ചെയ്യും' എന്ന സൂക്തം അല്ലാഹുവിന്റെ പരിധികളും ആജ്ഞകളും പാലിക്കാതെ സ്വർഗപ്രവേശം നേടാമെന്ന് വിശ്വസിക്കുന്നവരെയാണ് കുറിക്കുന്നത്. തങ്ങൾ സ്വതന്ത്രരാണെന്ന് കരുതുന്ന ഇവർ അല്ലാഹുവോട് ധിക്കാരം കാണിക്കുകയാണ്.

അല്ലാഹുവെ ഭയപ്പെടുകയോ അവന്റെ വിധിവിലക്കുകളനുസരിക്കുകയോ ആജ്ഞകൾ പാലിക്കുകയോ പ്രവാചകനെ അനുസരിക്കുകയോ ചെയ്യാതെ തങ്ങൾ അല്ലാഹുവിലും ഖുർആനിലും വിശ്വസിക്കുന്നുവെന്ന് പലരും പറയാറുണ്ട്. മരണാനന്തരം സ്വർഗപ്രവേശം ലഭിക്കുമെന്നു ശക്തിയായ വിശ്വാസമാണവർക്ക്.

മറുവശത്ത് വിശ്വാസികളാകട്ടെ, സ്വർഗം കാംക്ഷിക്കുന്നു. നരകത്തെ ഭയപ്പെടുകയും ചെയ്യുന്നു:

**പ്രതിഫലദിനത്തിൽ വിശ്വസിക്കുന്നവരും തങ്ങളുടെ രക്ഷിതാവിന്റെ ശിക്ഷയെപ്പറ്റി ഭയമുള്ളവരുമൊഴികെ. തീർച്ചയായും അവരുടെ രക്ഷിതാവിന്റെ ശിക്ഷ (വരുകയില്ലെന്ന്) സമാധാനപ്പെടാൻ പറ്റാത്തതാകുന്നു (അൽമആരിജ്: 26-28).**

*ഭയപ്പാടോടുകൂടിയും പ്രതീക്ഷയോടുകൂടിയും നിങ്ങൾ അവനെ വിളിച്ചു പ്രാർഥിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സൽക്കർമികൾക്ക് സമീപസ്ഥമാകുന്നു (അൽഅഅ്റാഫ്: 56)* എന്ന സൂക്തത്തിലും ഈ നിലപാട് സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. തങ്ങൾ നരകത്തിൽ പോകുകയില്ലെന്ന് ആർക്കും ഉറപ്പില്ലാത്തതിനാലും അവിശ്വാസികളെല്ലാം നരകത്തിലെ കൊടിയ ശിക്ഷ അനുഭവിക്കേണ്ടിവരുമെന്ന് അറിയുന്നതു

കൊണ്ടുമാണ് ഇവരിങ്ങനെ പെരുമാറുന്നത്:

> **അവരെ വലയംചെയ്യുന്ന തരത്തിലുള്ള അല്ലാഹുവിന്റെ ശിക്ഷ അവർക്ക് വന്നെത്തുന്നതിനെപ്പറ്റി, അല്ലെങ്കിൽ അവർ ഓർക്കാതിരിക്കെ പെട്ടെന്ന് അന്ത്യദിനം അവർക്ക് വന്നെത്തുന്നതിനെപ്പറ്റി അവർ നിർഭയരായിരിക്കുകയാണോ? (യൂസുഫ്: 107).**
>
> **എന്നാൽ, ദുഷിച്ച കുതന്ത്രങ്ങൾ പ്രയോഗിച്ചവർ, അല്ലാഹു അവരെ ഭൂമിയിൽ ആഴ്ത്തിക്കളയുകയില്ലെന്നോ അവർ ഓർക്കാത്ത ഭാഗത്തുകൂടി അവർക്ക് ശിക്ഷ വരികയില്ലെന്നോ സമാധാനിച്ചിരിക്കുകയാണോ? (അന്നഹ്ൽ: 45).**

'അവന്റെ ചങ്ങാതി അവനുമായി സംവാദം നടത്തിക്കൊണ്ടിരിക്കെ പറഞ്ഞു: മണ്ണിൽനിന്നും അനന്തരം ബീജത്തിൽനിന്നും നിന്നെ സൃഷ്ടിക്കുകയും പിന്നീട് നിന്നെ ഒരു പുരുഷനായി സംവിധാനിക്കുകയും ചെയ്തവനിൽ നീ അവിശ്വസിച്ചിരിക്കുകയാണോ?' (അൽകഹ്ഫ്: 37).

**ആ**ളുകളെ ധർമത്തിലേക്ക് ക്ഷണിക്കുമ്പോഴും, ദൈവത്തെ കുറിച്ച് അനുസ്മരിപ്പിക്കുമ്പോഴും വിശ്വാസികൾ സ്വീകരിക്കേണ്ട മാർഗനിർദേശമാണീ സൂക്തം നൽകുന്നത്. അല്ലാഹുവിന്റെ മുമ്പിലുള്ള തങ്ങളുടെ നിസ്സഹായാവസ്ഥയെക്കുറിച്ച് വിസ്മരിച്ചവരും അങ്ങനെ ധിക്കാരികളായിത്തീരുകയും ചെയ്തവരാണ് തങ്ങളുടെ സംബോധിതരെങ്കിലും, അവരെ തങ്ങളുടെ നിസ്സഹായാവസ്ഥയെക്കുറിച്ച് അനുസ്മരിപ്പിക്കുകയാണ് ഏറ്റവും നല്ല രീതി. താൻ മണ്ണിൽനിന്നും ബീജത്തിൽനിന്നും സൃഷ്ടിക്കപ്പെട്ടവനാണെന്നനുസ്മരിപ്പിച്ചുകൊണ്ടാണ് വിശ്വാസിയായ തോട്ടക്കാരൻ ധിക്കാരിയായ തന്റെ കൂട്ടുകാരനെ വിശ്വാസത്തിലേക്ക് ക്ഷണിക്കുന്നത്. ദൈവേച്ഛയാൽ ഈ ക്ഷണത്തിന് മനുഷ്യനിൽ അനുകൂലഫലമുളവാക്കാൻ കഴിയും. വിശ്വാസിയായ തോട്ടക്കാരൻ തന്റെ കൂട്ടുകാരന്റെ ദുർബല വിശ്വാസം മനസ്സിലാക്കുകയും അയാളെ സഹായിക്കേണ്ട ആവശ്യകതയെക്കുറിച്ച് ബോധവാനാകുകയും ചെയ്തിരുന്നു. പ്രകൃതിയിലെ ദൈവിക ചിഹ്നങ്ങൾ വിശദീകരിക്കുകയെന്നത് അപരന്റെ വിശ്വാസം ബലപ്പെടുത്താനുള്ള ഏറ്റവും നല്ല മാർഗമായിരുന്നു.





ധിക്കാരിയായ തോട്ടക്കാരന്റെ സംസാരം ഒരു വിശ്വാസിയുടേതിൽനിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു. സത്യത്തിൽ ഒരു വിശ്വാസിയുടെ ശൈലിയാണത് അനുസ്മരിപ്പിക്കുന്നത്. 'നീ അവിശ്വസിച്ചിരിക്കുകയാണോ?' എന്ന് പറഞ്ഞുകൊണ്ട് മറ്റെയാൾ തന്റെ ചോദ്യമാരംഭിച്ചത് ഇതു കൊണ്ടത്രെ. ധിക്കാരി തന്റെ അവിശ്വാസം വെട്ടിത്തുറന്നു പറയുന്നില്ലെങ്കിലും അയാളുടെ വാക്കുകൾ അത് പ്രകടിപ്പിക്കുന്നുണ്ട്. വാക്കുകളിൽ ദൈവവിശ്വാസം വെളിപ്പെടുത്തുന്നുവെങ്കിലും യഥാർഥത്തിൽ ദൈവിക നിയമങ്ങൾ അയാൾ പാലിച്ചിരുന്നില്ല. അയാളിൽ ദൈവനിഷേധമുണ്ടെന്നാണല്ലോ ഈ വൈരുധ്യം പ്രകടമാക്കുന്നത്.

സ്വയം നിഷേധികളായ ഇത്തരമാളുകളെ പലപ്പോഴും കാണാം. തങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നുവെന്ന് അധികമാളുകളും പറയുന്നു. പക്ഷേ, ദൈവപ്രീതി നേടിക്കൊടുക്കുന്ന ജീവിതം നയിക്കുന്നില്ല. പ്രത്യുത ഖുർആനിക നിയമങ്ങൾ ധിക്കരിക്കുകയും പ്രവാചകന്റെ കാൽപ്പാടുകളെ അനുകരിക്കാതിരിക്കുകയും ചെയ്യുന്നു. അവരുടെ വാക്കുകളും പ്രവർത്തനങ്ങളും നിഷേധത്തിന് സമാനമാണെങ്കിലും തങ്ങൾ സച്ചരിതരും സ്വർഗാവകാശികളുമാണെന്ന് അവർ സ്വയം കരുതുകയാണ്. പക്ഷേ, സ്വയം വഞ്ചിതരാകുകയാണവർ. ഖുർആൻ പറയുന്നു:

> **നമ്മുടെ ദൃഷ്ടാന്തങ്ങളെയും, പരലോകത്തെ കണ്ടുമുട്ടുന്നതിനെയും നിഷേധിച്ചുകളഞ്ഞവരാരോ അവരുടെ കർമങ്ങൾ നിഷ്ഫലമായിരിക്കുന്നു. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിന്റെ ഫലമല്ലാതെ അവർക്ക് നൽകപ്പെടുമോ? (അൽഅഅ്റാഫ്: 147).**

'എന്നാൽ (എന്റെ വിശ്വാസമിതാണ്:) അവൻ, അഥവാ അല്ലാഹുവാകുന്നു എന്റെ രക്ഷിതാവ്. എന്റെ രക്ഷിതാവിനോട് യാതൊന്നിനെയും ഞാൻ പങ്കുചേർക്കുകയില്ല' (അൽകഹ്ഫ്: 38).

**ഭൂ**രിഭാഗമാളുകളും അല്ലാഹുവിൽ പങ്കുകാരെ ആരോപിക്കുന്നുവെന്ന് സൂറത്തുൽ കഹ്ഫിൽ മുഴുക്കെ അല്ലാഹു സൂചിപ്പിക്കുന്നുണ്ട്. ഖുർആനിക വീക്ഷണത്തിൽ പങ്കുകാരെ ആരോപിക്കുക വഴി നിഷേധിക്കുകയെന്നാൽ, ഏതെങ്കിലും വ്യക്തിയെയോ വസ്തുവെയോ ആശയത്തെയോ സമാനമായി കരുതി തദനുസാരം പ്രവർത്തിക്കുകയെന്നാണ് വിവക്ഷ. മറ്റു ദൈവങ്ങളെ ആശ്രയിച്ച് അല്ലാഹുവിന്റെ പ്രീതിക്ക് വിരുദ്ധമായ ജീവിത ലക്ഷ്യം തെരഞ്ഞെടുക്കുക, ഇതരശക്തികളോട് മോക്ഷമോ പ്രീതിയോ തേടുക, ഏതെങ്കിലുമൊരു വസ്തുവിന് അല്ലാഹുവെ

ക്കാൾ മഹത്ത്വം കൽപിക്കുക എന്നൊക്കെയാണിതിന്റെ അർഥം.

ഈ പാപമല്ലാത്ത മറ്റേതു പാപവും അല്ലാഹു ഇച്ഛിക്കുന്നുവെങ്കിൽ, പൊറുക്കുമെന്ന് (അന്നിസാഅ്: 16) അല്ലാഹു മുന്നറിയിപ്പ് നൽകിയിരിക്കുന്നുവെന്നതിനാൽ ഇത്തരമൊരു പാപത്തിൽനിന്ന് അകന്നുനിൽക്കുക അനിവാര്യമത്രെ.

എന്തു വില കൊടുത്തും മുസ്‌ലിംകൾ ഇത്തരം പാപത്തിൽ നിന്ന് അകന്നുനിൽക്കാൻ ആഗ്രഹിക്കന്നുവെന്നത് വ്യക്തമാണ്. ലുഖ്മാൻ(അ) തന്റെ പുത്രനെ ഇങ്ങനെ ഉപദേശിക്കുന്നു:

*എന്റെ കുഞ്ഞുമകനേ, നീ അല്ലാഹുവോട് പങ്കു ചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു (ലുഖ്മാൻ:13).* മറ്റു കർമങ്ങളെ മായ്ച്ചുകളഞ്ഞു വലിയ നഷ്ടത്തിലേക്ക് നയിക്കുമെന്നതാണ് ഈ പാപം ഇത്രമാത്രം ഗുരുതരമാകാൻ കാരണം. ഖുർആൻ വ്യക്തമാക്കുന്നു:

**തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്നപക്ഷം തീർച്ചയായും നിന്റെ കർമം നിഷ്ഫലമായിപ്പോവുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും (അസ്സുമർ: 65).**

അല്ലാഹുവിൽ പങ്കുകാരെ ആരോപിക്കുന്നവർ ആത്മാർഥമായി അനുതപിക്കുകയും അല്ലാഹുവിന്റെ മതം പുണരുകയും തദനുസാരം പ്രവർത്തിക്കുകയും ചെയ്യുന്നില്ലെങ്കിൽ അവരുടെ അന്ത്യം നരകത്തിലായിരിക്കുമെന്ന് ഈ പറഞ്ഞതിൽനിന്ന് വ്യക്തമാകും.

**'**നീ നിന്റെ തോട്ടത്തിൽ കടന്ന സമയത്ത്, 'ഇത് അല്ലാഹു ഉദ്ദേശിച്ചതത്രെ, അല്ലാഹുവെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും ഇല്ല' എന്ന് നിനക്ക് പറഞ്ഞുകൂടായിരുന്നോ? നിന്നെക്കാൾ ധനവും സന്താനവും കുറഞ്ഞവനായി നീ എന്നെ കാണുന്നുവെങ്കിൽ എന്റെ രക്ഷിതാവ് എനിക്ക് നിന്റെ തോട്ടത്തെക്കാൾ നല്ലത് നൽകി എന്നുവരാം**'**

(അൽകഹ്ഫ്: 39).





**'മാ**ശാഅല്ലാഹ്' (ഇത് അല്ലാഹു ഉദ്ദേശിച്ചതത്രെ) എന്നതിന്റെ പ്രാധാന്യമാണീ സൂക്തം വ്യക്തമാക്കുന്നത്. അല്ലാഹുവിന്റെ സൃഷ്ടികഴിവും മികച്ച കലയും പരിഗണിച്ചു ബഹുമാനം പ്രകടിപ്പിക്കാൻ വിശ്വാസികൾ ഇത് പറയുന്നു. ഈ പ്രയോഗം ആത്മാർഥമായ രീതിയിൽ പ്രയോഗിക്കുന്നതിലൂടെ, അല്ലാഹു സകല സൃഷ്ടികളുടെയും ഉടമയാണെന്നും എല്ലാം സംഭവിക്കുന്നത് അവന്റെ നിയതിയനുസരിച്ചാണെന്നും എന്തും സംഭവിപ്പിക്കാൻ അവനു മാത്രമേ കഴിയുകയുള്ളൂവെന്നും മറ്റുള്ളവരെ അനുസ്മരിപ്പിക്കുകയാണ് ചെയ്യുന്നത്. ജനങ്ങളെ തങ്ങളുടെ നിസ്സഹായാവസ്ഥ അനായാസേന അനുസ്മരിപ്പിക്കാനും തങ്ങളുടെ അറിവില്ലായ്മയിലേക്ക് ഇറങ്ങിവരാനും ഇത്തരം അനുസ്മരണങ്ങൾ പ്രയോജനകരമായിത്തീരുമെന്നതിൽ സംശയമില്ല.

ഉദാഹരണമായി, സമ്പത്തിന്റെ അന്തിമമായ ഉടമാവകാശം തനിക്കാണെന്ന് പറഞ്ഞുകൊണ്ടാണ് അവിശ്വാസിയായ തോട്ടമുടമ അല്ലാഹുവിൽ പങ്കാളികളെ ആരോപിക്കുന്നത്. അയാൾ നിഷേധം വ്യക്തമായി പ്രകടിപ്പിക്കുന്നില്ലെങ്കിലും വാക്കുകളിൽ അത് അന്തർലീനമാണ്. അതിനാൽ, അല്ലാഹുവിൽ പങ്കുകാരെ ആരോപിക്കുന്നതിനെക്കുറിച്ച് സ്നേഹിതൻ മുന്നറിയിപ്പ് നൽകുകയും എല്ലാം അല്ലാഹുവിന്റേതാണെന്ന് അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. പ്രത്യേകിച്ചും നമ്മുടെ കാലത്ത് ഈ അപകടത്തെക്കുറിച്ച് ആളുകൾ സദാ ജാഗ്രതയുള്ളവരായിരിക്കണം. എന്തുകൊണ്ടെന്നാൽ, ഇടക്കിടെ സംഭവിച്ചുകൊണ്ടിരിക്കുന്ന അവസ്ഥകളാണിവ. ഉദാഹരണമായി, 'അൽഗനി' (ഐശ്വര്യവാൻ) എന്നത് അല്ലാഹുവിന്റെ ഒരു വിശേഷണമാണ്. പക്ഷേ, ആളുകളെ വിശേഷിപ്പിക്കാനും ഇതേ വാക്കുതന്നെ പ്രയോഗിക്കപ്പെടുന്നു. ഒരാളുടെ സാമ്പത്തിക സുസ്ഥിതി വിവരിക്കാൻ ഈ പദം പ്രയോഗിക്കുന്നതിന് വിരോധമൊന്നുമില്ല. പക്ഷേ, തന്റെ ബുദ്ധിയും ധനവും അതിന്റെ ഹേതുവായി കരുതുമ്പോഴാണ് അത് ശിർക്കായി മാറുന്നത്.

**(നിങ്ങൾ) അവങ്കലേക്ക് തിരിഞ്ഞവരായിരിക്കുകയും അവനെ സൂക്ഷിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക. നിങ്ങൾ ബഹുദൈവാരാധകരുടെ കൂട്ടത്തിലായിപ്പോകരുത് (അർറൂം: 31)**

കാര്യമിങ്ങനെയാകുമ്പോൾ അവിശ്വാസിയായ തോട്ടമുടമക്ക് സംഭവിച്ചതുപോലെ, സകല സമ്പത്തിന്റെയും യഥാർഥ ഉടമ അല്ലാഹുവാണെന്നും ഏകനും ഐശ്വര്യവാനുമായ അവനാണ് അവരുടെ വശമുള്ളതെല്ലാം നൽകിയതെന്നും അവൻ ഇച്ഛിച്ചാൽ അതെടുത്തുകളയാൻ അവന് കഴിയുമെന്നും ഉള്ള വസ്തുത അനായാസേന ആളുകൾ വിസ്മരിച്ചുകളയുന്നു. അല്ലാഹുവിൽ പങ്കു ചേർക്കുന്നതിനോട് സമാനമായി തികച്ചും ക്രൂരമായൊരു സമീപനവും മാനസികാവസ്ഥയുമായിരിക്കും ഇത്തരമാളുകൾ സ്വീകരിക്കുക. തദ്ഫലമായി, അല്ലാഹു അല്ലാത്തവരെല്ലാം നിസ്സഹായരും ദരിദ്രരുമാണെന്നും, തന്റെ ഏതെങ്കിലുമൊരു വിശേഷണം തന്റെ ദാസന്മാരിലൊരാൾക്ക് ബാധകമാക്കാൻ അവന് കഴിയുമെന്നും അവർക്ക് തിരിച്ചറിയാൻ കഴിയുക

യില്ല. ഇത്തരമൊരു വീക്ഷണകോണിലൂടെ വസ്തുതകളെ നോക്കിക്കാണുകയും തദനുസാരം പ്രവർത്തിക്കുകയും വഴി അല്ലാഹുവിന്റെ അനന്തമായ ശക്തിയും ഭരണവും വിസ്മരിക്കുകയും അവനിൽ പങ്കാളികളെ ആരോപിക്കുകയും ചെയ്യുന്നതിലാണെത്തിച്ചേരുക.

അല്ലാഹുവാണ് സകല സമ്പത്തിന്റെയും ഉടമയെന്നറിയുക, സൃഷ്ടി ജാലങ്ങളുടെയാകമാനം ഭരണാധിപൻ അവനാണെന്ന് സമ്മതിക്കുക, താൻ നൽകിയ സമ്പത്ത് എടുത്തുകളയാൻ ഏതു സമയത്തും അവന് സാധിക്കുമെന്ന് ബോധവാനാകുക- ഇവയത്രെ ശരിയായ നിലപാട്. സമ്പന്നൻ എന്ന നിലക്കല്ല; പ്രത്യുത അല്ലാഹു സമ്പത്ത് നൽകിയ ഒരു ദാസൻ എന്ന നിലയിലാണ് സമ്പത്തുള്ളയാളെ വീക്ഷിക്കേണ്ടത്. ഉദാഹരണമായി, ഇത്തരക്കാരുടെ കുടുംബങ്ങൾ അവരെ സമ്പത്തിന്റെ യഥാർഥ ഉടമകളായി അവകാശപ്പെടുന്നുവെങ്കിൽ, അവരുടെ പ്രതീക്ഷകളെല്ലാം അയാളിൽ സമർപ്പിച്ചുകൊണ്ട് അല്ലാഹുവാണ് സമ്പത്തിന്റെ യഥാർഥ ഉടമയെന്ന കാര്യം വിസ്മരിക്കുകയും എന്നിട്ടതിന്റെ യാഥാർഥ്യം അവരെ ഓർമപ്പെടുത്താൻ ഇയാൾ മിനക്കെടാതിരിക്കുകയുമാണെങ്കിൽ അവരുടെ സമീപനം തെറ്റായ വഴിയിലൂടെയാണ് നീങ്ങുന്നത്. ആഹാരപാനീയങ്ങളും ആവാസകേന്ദ്രവും ഇത്തരക്കാരുടെ തൊഴിലാളികൾ വിസ്മരിക്കുകയാണെങ്കിലും ഇതു തന്നെ സ്ഥിതി. അല്ലാഹുവിനെ വിസ്മരിച്ചു. ധാരാളം സ്വതന്ത്ര കഴിവുള്ളവനാണ് തങ്ങളുടെ തൊഴിലുടമയെന്ന് വിചാരിക്കുന്ന തൊഴിലാളികളും ഭീമാബദ്ധമാണ് ചെയ്യുന്നത്. ഇത്തരം കാര്യങ്ങളുടെ സത്യാവസ്ഥ അല്ലാഹു വിവരിക്കുന്നതിങ്ങനെയാണ്:

**നിങ്ങൾ അല്ലാഹുവിനു പുറമെ ചില വിഗ്രഹങ്ങളെ ആരാധിക്കുകയും കള്ളം കെട്ടിയുണ്ടാക്കുകയുമാണ് ചെയ്യുന്നത്. അല്ലാഹുവിനു പുറമെ നിങ്ങൾ ആരാധിക്കുന്നത് ആരെയാണോ അവർ നിങ്ങൾക്കുള്ള ഉപജീവനം അധീനമാക്കുന്നില്ല. അതിനാൽ, നിങ്ങൾ അല്ലാഹുവിങ്കൽ ഉപജീവനം തേടുകയും, അവനെ ആരാധിക്കുകയും അവനോട് നന്ദികാണിക്കുകയും ചെയ്യുക. അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നത് (അൽഅൻകബൂത്ത്: 17).**

'നിന്റെ തോട്ടത്തിന്റെ നേരെ അവൻ ആകാശത്തുനിന്ന് ശിക്ഷ അയക്കുകയും അങ്ങനെ അത് ചതുപ്പുനിലമായിത്തീരുകയും ചെയ്തു എന്നും വരാം. അല്ലെങ്കിൽ അതിലെ വെള്ളം നിനക്കൊരിക്കലും തേടിപ്പിടിച്ചുകൊണ്ടുവരാൻ കഴിയാത്തവിധം വറ്റിപ്പോയെന്നും വരാം'
(അൽകഹ്ഫ്: 40-41).





**ദൈ**വത്തിൽനിന്നുള്ള ആപത്തിനെ തടുക്കാൻ കഴിയുകയില്ലെന്നും ഈ വസ്തുതക്കു മുമ്പിൽ ധാർഷ്ട്യം കാണിക്കുന്നത് ചിന്താശൂന്യതയാണെന്നും സൂചിപ്പിച്ചുകൊണ്ട് ധിക്കാരിയായ തോട്ടമുടമയെ അയാളുടെ നിസ്സഹായാവസ്ഥ അനുസ്മരിപ്പിക്കുകയാണ് വിശ്വാസിയായ സുഹൃത്ത്.

ധനവും ഭൗതിക സുഖങ്ങളും വൃഥാഭിമാനിയാക്കിയ ആളുകളുടെ ഏറ്റവും വലിയ ബന്ധങ്ങളിലൊന്നാണ്, ഭൂമുഖത്തെ മറ്റെല്ലാ ചമൽക്കാരങ്ങളുമെന്ന പോലെ, അവയും ക്ഷണികമാണെന്ന വസ്തുത വിസ്മരിക്കുന്നത്. ആരോഗ്യം രോഗത്തിനും ദൗർബല്യത്തിനും വഴിമാറുന്നതുപോലെ സൗന്ദര്യവും യുവത്വവും അവസാനം വാർധക്യത്തിനു വഴിമാറും.

എല്ലാ സമ്പത്തും ക്ഷണികമാണെന്നതിനാൽ ഒരുനിമിഷംകൊണ്ട് ദരിദ്രനെ ധനികനാക്കാനും ധനവാന്റെ ധനം എടുത്തുകളയാനും അല്ലാഹുവിന് കഴിയും. വെള്ളപ്പൊക്കം, ഭൂകമ്പം, മറ്റു വിപത്തുകൾ എന്നിവ വഴി ആളുകളുടെ ഭവനങ്ങളും കാറുകളും കപ്പലുകളും ആഭരണങ്ങളുമെല്ലാം നശിച്ചുപോകുന്നത് നിമിഷങ്ങൾ കൊണ്ടാണ്. ദൈവിക വിപത്തിനെ തടുക്കാൻ ആർക്കും കഴിയുകയില്ല. ഏതൊരാൾക്കും പ്രിയപ്പെട്ടവനെ നഷ്ടപ്പെട്ടേക്കാം. മരണം സംഭവിച്ചേക്കാം, അംഗവൈകല്യം നേരിട്ടേക്കാം. സ്ഥിരമായ പരിക്കുകളാൽ വിഷമിച്ചേക്കാം. ഓർമശക്തി നഷ്ടപ്പെട്ടേക്കാം. കഴിവുകൾ നഷ്ടമായേക്കാം. കാരണം, അല്ലാഹുവിന്റെ അനുമതിയോടെ മാത്രമേ ദൗർഭാഗ്യങ്ങൾ സംഭവിക്കുകയുള്ളൂവല്ലോ (അത്തഗാബുൻ: 11). ഇത്തരം സംഭവങ്ങളൊന്നും തടയാനോ, തിരിച്ചയക്കാനോ, താമസിപ്പിക്കാനോ സാധ്യമല്ല. അത്തരമൊരു ദിവസം ധനം കൊണ്ടോ സമ്പത്തുകൊണ്ടോ യാതൊരു പ്രയോജനവുമില്ല:

**സത്യനിഷേധം കൈക്കൊണ്ടവർക്ക് അവരുടെ സ്വത്തുക്കളോ സന്താനങ്ങളോ അല്ലാഹുവിങ്കൽ യാതൊരു പ്രയോജനവും ചെയ്യുകയില്ല; തീർച്ച. അവരാകുന്നു നരകത്തിലെ ഇന്ധനമായിത്തീരുന്നവർ (ആലുഇംറാൻ: 10).**


അല്ലാഹു വിധിച്ചതാണ് ഓരോരുത്തരും അനുഭവിക്കുന്നത്. അതിനാൽ അവർ അല്ലാഹുവിന് കീഴടങ്ങുകയും അവനിൽ വിശ്വാസമർപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. തന്റെ തോട്ടങ്ങൾക്കും ഉൽപന്നങ്ങൾക്കും അന്ത്യനാൾ വരെ യാതൊരു വിപത്തുമേൽക്കുകയില്ലെന്ന് പൊങ്ങച്ചം പറഞ്ഞ തോട്ടമുടമ ഈ വസ്തുത അവഗണിക്കുകയായിരുന്നു. ജലസേചനത്തിനാവശ്യമായ നദി ശാശ്വതമായി നിലകൊള്ളുമെന്നും കീടങ്ങൾ, വരൾച്ച തുടങ്ങിയ വിപത്തുകളൊന്നും തന്റെ ഉൽപന്നങ്ങളെ ബാധിക്കുകയില്ലെന്നും അയാൾക്കുറപ്പായിരുന്നു. തന്റെ ബുദ്ധിയും ധനവും യത്നവുമെല്ലാം സമ്പത്തിന്റെ പരിരക്ഷക്ക് മതിയായതാണെന്ന് അയാൾ കരുതിയിരുന്നു.

പക്ഷേ, എല്ലാം തകിടംമറിക്കാൻ അല്ലാഹുവിനു കഴിയുമായിരുന്നു. ചെറിയൊരു കമ്പനത്തിലൂടെ നദി ഭൂമിയിലേക്ക് ആഴ്ന്നുപോയേക്കും.










തങ്ങൾക്കുള്ള സുഖസൗകര്യങ്ങൾ (വാഹനങ്ങൾ, ഭവനങ്ങൾ അങ്ങനെ മറ്റു പലതും) സുരക്ഷിതമാണെന്ന് വിശ്വസിക്കുന്ന ജനങ്ങൾ ഒരു ഭൂകമ്പത്തിനുശേഷം ആശയറ്റവരായിത്തീരുന്നു. അല്ലാഹു ഇച്ഛിക്കുന്നവർക്കുമാത്രം ശക്തിയും ധനവും അധികാരവും കൈവരുന്നു. വയസ്സാകുന്ന വൃദ്ധരിലൂടെ ഒരാളുടെ ശരീരം പോലും അയാളുടെ അധീനത്തിലല്ലെന്ന സൂചന അല്ലാഹു വെളിവാക്കുന്നു.









കണ്ണുപൂട്ടി തുറക്കുന്ന സമയംകൊണ്ട് ഇത്തരമൊരു സംഭവമുണ്ടാകുകയും തദ്വാരാ ഭൂമി തരിശും ഉൽപാദന ക്ഷമമല്ലാത്തതുമായിത്തീർന്നേക്കും. പുഴ തിരിച്ചു കൊണ്ടുവരാനും ഭൂമി വീണ്ടും ഉൽപാദന ക്ഷമമാക്കാനും അല്ലാഹുവിനല്ലാതെ മറ്റാർക്കാണ് സാധിക്കുക? അയാളുടെ പണമോ സമ്പത്ത് മുഴുവൻ തന്നെയോ ഇവിടെ സഹായകമായി ഭവിക്കുകയില്ല. തന്റെ ഗർവും ധിക്കാരവും വഴി അയാൾക്ക് ലഭിക്കുന്നത് ഇതായിരിക്കാം. വിലമതിക്കുകയും ഉടമസ്ഥത അവകാശപ്പെടുകയും ചെയ്യുന്നതും അങ്ങനെ അല്ലാഹുവിനെതിരെ നുണകൾ കെട്ടിച്ചമക്കാനും ഹേതുവായിമാറുകയും ചെയ്ത ഭൗതിക വസ്തുക്കൾ പരലോകത്ത് അവന് സഹായിയായി ഭവിക്കുകയില്ല. കാരണം, അല്ലാഹു പറയുന്നു:

**കുത്തിപ്പറയുന്നവരും അവഹേളിക്കുന്നവരുമായ ഏതൊരാൾക്കും നാശം. അതായത്, ധനം ശേഖരിക്കുകയും അത് എണ്ണി നോക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നവന്. തന്റെ ധനം അവന് ശാശ്വത ജീവിതം നൽകിയിരിക്കുന്നുവെന്ന് അവൻ വിചാരിക്കുന്നു. നിസ്സംശയം, അവൻ 'ഹുത്വമ'യിൽ വലിച്ചെറിയപ്പെടുന്നതാണ്. 'ഹുത്വമ' എന്നാൽ എന്താണെന്ന് നിനക്കറിയുമോ? അത് ഹൃദയങ്ങളിലേക്ക് കത്തിപ്പടരുന്ന അല്ലാഹുവിന്റെ ജ്വലിപ്പിക്കപ്പെട്ട അഗ്നിയാകുന്നു. തീർച്ചയായും അത് നീട്ടിയുണ്ടാക്കപ്പെട്ട സ്തംഭങ്ങളിലായിക്കൊണ്ട് അവരുടെ മേൽ അടച്ചുമൂടപ്പെടുന്നതായിരിക്കും (അൽഹുമസ: 1-9).**

ഉപരിതലത്തിലേക്ക് ഉയർന്നുവരാൻ പറ്റിയ 'ഭൂമിയിലെ അന്തർജലം' എന്ന അല്ലാഹുവിന്റെ ഏറ്റവും വലിയ അനുഗ്രഹത്തെ കുറിച്ചും 40-41 സൂക്തങ്ങൾ സൂചന നൽകുന്നുണ്ട് അതിന്റെ അഭാവത്തിൽ ജനങ്ങൾ വലിയ വിഷമമനുഭവിക്കേണ്ടിവരും. പക്ഷേ, തെളിഞ്ഞതും ധാതുസമ്പത്തുള്ളതുമായ വെള്ളത്തിലേക്കെത്തിപ്പെടാനുള്ള കിണർ പോലുള്ള സൗകര്യങ്ങളില്ലെങ്കിലും ഈ സമ്മാനത്തിന്റെ പ്രയോജനം നമുക്ക് ലഭിക്കും.

'അവന്റെ ഫലസമൃദ്ധി നാശത്താൽ വലയം ചെയ്യപ്പെട്ടു. അവ (തോട്ടങ്ങൾ) അവയുടെ പന്തലുകളോടെ വീണടിഞ്ഞുകിടക്കവെ താൻ അതിൽ ചെലവഴിച്ചതിന്റെ പേരിൽ അവൻ (നഷ്ടബോധത്താൽ) കൈമലർത്തുന്നവനായിത്തീർന്നു. എന്റെ രക്ഷിതാവിനോട് ആരെയും ഞാൻ പങ്കു ചേർക്കാതിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ എന്നവൻ പറയുകയും ചെയ്തുകൊണ്ടിരുന്നു. അല്ലാഹുവിനു പറുമെ യാതൊരു കക്ഷിയും അവന് സഹായം നൽകാനുണ്ടായില്ല. അവന് (സ്വയം) അതിജയിക്കാൻ കഴിഞ്ഞതുമില്ല. യഥാർഥ ദൈവമായ അല്ലാഹുവിനു മാത്രമാകുന്നു അവിടെ രക്ഷാധികാരം. നല്ല പ്രതിഫലം നൽകുന്നവനും നല്ല പര്യവസാനത്തിലെത്തിക്കുന്നവനും അവനത്രെ.' (അൽകഹ്ഫ്: 42-44).

**കാ**രുണ്യം യാചിച്ചും വിശ്വാസമർപ്പിച്ചും അല്ലാഹു അല്ലാത്തവരിൽ വിശ്വസിക്കുന്നവർക്ക് ആവശ്യം നേടാൻ കഴിയുകയില്ല. അവർക്ക് നഷ്ട ബോധവും ഏകാന്തതയുമനുഭവപ്പെടുന്നത് ഇതു കൊണ്ടത്രെ. പ്രത്യേകിച്ചും വിഷമഘട്ടങ്ങളിൽ. ഇഹലോകത്തെ അനന്തമായ വിഷമങ്ങൾക്കും കുഴപ്പങ്ങൾക്കും മുമ്പിൽ അവർക്ക് നിസ്സഹായാവസ്ഥയും ആശങ്കയും അനുഭവപ്പെടുന്നു. വ്യാജ ദൈവങ്ങൾ തങ്ങളെ കൈയൊഴിച്ചതായും തോന്നുന്നു. ഖുർആൻ പറയുന്നു:

**അല്ലാഹുവിനോടൊപ്പം മറ്റൊരു ദൈവത്തെയും നീ സ്ഥാപിക്കരുത്. എങ്കിൽ അപമാനിതനും കൈയൊഴിക്കപ്പെട്ടവനുമായി നീ ഇരിക്കേണ്ടിവരും (അൽഇസ്റാഅ്: 22).**

അപ്രതീക്ഷിതമായൊരു വിപത്തിലൂടെ സമ്പത്തും ധനവും നീക്കിക്കളഞ്ഞുകൊണ്ട് ഗർവിഷ്ഠനായ തോട്ടമുടമയെ അല്ലാഹു ഒറ്റപ്പെടുത്തുകയായിരുന്നു. താനെത്രമാത്രം ഭീമാബദ്ധമാണ് ചെയ്തതെന്ന് ഈ ദുരന്തവേളയിൽ അയാൾ കാണുകയും, തിരിച്ചറിയുകയുമായിരുന്നു.

വളരെ വിലപ്പെട്ടൊരു പാഠമാണീ ഉപമ നമുക്ക് നൽകുന്നത്. നാട്ടിൽ എന്തെങ്കിലും ശക്തിയുള്ളതായി സ്വയം കരുതുന്നവർക്ക് ദൈവേച്ഛയാൽ തങ്ങളുടെ നിസ്സഹായാവസ്ഥ ഉടൻ ബോധ്യപ്പെടും. അവർക്ക് സ്വയമോ അടുത്തുള്ളവരെയോ സഹായിക്കാൻ കഴിയുകയില്ല. എല്ലാ കാര്യങ്ങളും ദൈവാധികാരത്തിലാണ്. മറ്റാർക്കും എന്തെങ്കിലും ഉപകാരമോ ഉപദ്രവമോ ചെയ്യാൻ കഴിയുകയില്ല. താഴെ സൂക്തം ഈ വസ്തുത പ്രഖ്യാപിക്കുന്നു.

**(നബിയേ) നിനക്ക് അല്ലാഹു വല്ല ദോഷവും വരുത്തിവെക്കുകയാണെങ്കിൽ അത് നീക്കം ചെയ്യാൻ അവനല്ലാതെ മറ്റാരുമില്ല. നിനക്കവൻ വല്ല ഗുണവും വരുത്തുകയാണെങ്കിലോ അവൻ ഏതൊരു കാര്യത്തിനും കഴിവുള്ളവനത്രെ (അൽഅൻആം: 17).**

അല്ലാഹു മാത്രമാണ് മനുഷ്യന്റെ പരിരക്ഷകനും സഹായിയും. ഇതരജീവികളെല്ലാം അവന്റെ സൃഷ്ടികളും അവന്റെ ഇച്ഛയാൽ നിലനിന്നുപോകുന്നവയാണ്. അവൻ ആഹാരമൊരുക്കുന്നു. രോഗം സുഖപ്പെടുത്തുന്നു. സുഖവും ദുഃഖവും നൽകുന്നു; മറ്റേതൊരു ജീവിയും ശാശ്വതമായ ദാരിദ്ര്യത്തിലും നിസ്സഹായാവസ്ഥയിലും അവന്റെ ആശ്രയത്തിലുമാണ്. സ്വന്തമായ അവകാശാധികാരങ്ങളോ കഴിവുകളോ അവർക്കില്ല. സ്വയം സഹായിക്കാൻ പോലും അവർക്കാകുകയില്ല. അവരിൽ വിശ്വാസമർപ്പിക്കാനോ സഹായം പ്രതീക്ഷിക്കാനോ ആഹാരം തേടാനോ കൊള്ളുകയുമില്ല.





'നബിയേ, നീ അവർക്ക് ഐഹിക ജീവിതത്തിന്റെ ഉപമ വിവരിച്ചുകൊടുക്കുക: ആകാശത്തുനിന്ന് നാം വെള്ളമിറക്കി. അതു മൂലം ഭൂമിയിൽ സസ്യങ്ങൾ ഇടകലർന്നു വളരുന്നു. താമസിയാതെ അവ കാറ്റുകൾ പറത്തിക്കളയുന്ന തുരുമ്പായിത്തീർന്നു. (അതു പോലെയത്രെ ഐഹിക ജീവിതം). അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു. സ്വത്തും സന്താനങ്ങളും ഐഹിക ജീവിതത്തിന്റെ അലങ്കാരമാകുന്നു. എന്നാൽ നിലനിൽക്കുന്ന കർമങ്ങളാണ് നിന്റെ രക്ഷിതാവിങ്കൽ ഉത്തമമായ പ്രതിഫലമുള്ളതും ഉത്തമമായ പ്രതീക്ഷ നൽകുന്നതും.' (അൽകഹ്ഫ്: 45,46)

**ഖു**ർആനികാനുസൃതവും ദൈവപ്രീതിദായകവും നല്ലതും പ്രയോജനപ്രദവുമായ പ്രവർത്തനങ്ങളെന്ന് നിർവചിക്കപ്പെട്ട നീണ്ടുനിൽക്കുന്ന സദാചാരങ്ങളാണീ സൂക്തത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. ദൈവപ്രീതിയും അനുഗ്രഹവും സ്വർഗവും നേടാൻ സൽക്കർമങ്ങളാവശ്യമാണ്. കാരണം, വിശ്വാസിയുടെ ക്ഷമയും അർപ്പണവും പ്രകാശിതമാകുന്നത് അവയിലൂടെയാണ്. ചുരുക്കത്തിൽ തങ്ങളുടെ വിശ്വാസത്തെക്കുറിച്ച് അവർ ഗൗരവമുള്ളവരാണെന്ന് ഈ കർമങ്ങൾ വ്യക്തമാക്കുന്നു.

കർമങ്ങളുടെ പിന്നിലുള്ള ഉദ്ദേശ്യം വളരെ പ്രധാനമാണ്. ദൈവപ്രീതിക്കു വേണ്ടി അനുഷ്ഠിക്കപ്പെടുമ്പോഴേ ഒരു കർമം സൽക്കർമമാവുകയുള്ളൂ. മറ്റു ലക്ഷ്യങ്ങൾക്കായനുഷ്ഠിക്കപ്പെടുന്നവ മറ്റുള്ളവരുടെ പ്രീതിക്കുവേണ്ടി ചെയ്തതായേ പരിഗണിക്കപ്പെടുകയുള്ളൂ. ഇത്തരത്തിലുള്ള ആരാധനാകർമങ്ങളെ ഖുർആൻ വിവരിക്കുന്നതിങ്ങനെയാണ്:

**എന്നാൽ തങ്ങളുടെ നമസ്കാരത്തെപ്പറ്റി ശ്രദ്ധയില്ലാത്തവരും ജനങ്ങളെ കാണിക്കാൻ വേണ്ടി പ്രവർത്തിക്കുന്നവരും പരോപകാരവസ്തുക്കൾ മുടക്കുന്നവരുമായ നമസ്കാരക്കാർക്കാകുന്നു നാശം (അൽമാഊൻ: 4-7)**

ഇതു തന്നെയാണ് ദാനത്തിന്റെ സ്ഥിതിയും. ചിലർ അതു വഴി ദൈവപ്രീതി തേടുമ്പോൾ മറ്റു ചിലർ ആളുകളിൽ തന്നെക്കുറിച്ച മതിപ്പാണ് അതുവഴി ലക്ഷ്യംവെക്കുന്നത്. ഇരു വിഭാഗത്തിനുമിടയിലെ വ്യത്യാസം ഖുർആൻ വിവരിക്കുന്നതിങ്ങനെയാണ്:

**സത്യവിശ്വാസികളേ, (കൊടുത്തത്) എടുത്തുപറഞ്ഞുകൊണ്ടും ശല്യമുണ്ടാക്കിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ ദാനധർമങ്ങളെ നിഷ്ഫലമാക്കിക്കളയരുത്. അല്ലാഹുവിലും പരലോകത്തിലും വിശ്വാസമില്ലാതെ ജനങ്ങളെ കാണിക്കാൻ വേണ്ടി ധനം ചെലവു ചെയ്യുന്നവനെപ്പോലെ നിങ്ങളാകരുത്. അവനെ ഉപമിക്കാവുന്നത് മുകളിൽ മണ്ണ് മാത്രമുള്ള മിനുസമുള്ള ഒരു പാറയോടാകുന്നു. ആ പാറമേൽ ഒരു കനത്ത മഴ പതിച്ചു. ആ മഴ അതിനെ ഒരു മൊട്ടപ്പാറയാക്കി മാറ്റിക്കളഞ്ഞു. അവർ അധ്വാനിച്ചതിന്റെ യാതൊരു ഫലവും കരസ്ഥമാക്കാൻ അവർക്ക് കഴിയുകയില്ല. അല്ലാഹു സത്യനിഷേധികളായ ജനതയെ നേർവഴിയിലാക്കുകയില്ല. അല്ലാഹുവിന്റെ പ്രീതി തേടിക്കൊണ്ടും തങ്ങളുടെ മനസ്സുകളിൽ (സത്യവിശ്വാസം) ഉറപ്പിച്ചുകൊണ്ടും ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ഉയർന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന തോട്ടത്തോടാകുന്നു. അതിനൊരു കനത്തമഴ ലഭിച്ചപ്പോൾ അത് രണ്ടിരട്ടി കായ്കനികൾ നൽകി. ഇനി അതിന് കനത്ത മഴയൊന്നും കിട്ടിയില്ല. ഒരു ചാറൽ മഴയേ ലഭിച്ചുള്ളൂവെങ്കിൽ അതും മതിയാകുന്നതാണ്. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതെല്ലാം കണ്ടറിയുന്നവനാകുന്നു (അൽബഖറ: 264,265)**

സൽക്കർമങ്ങളനുഷ്ഠിക്കുന്ന മുസ്‌ലിംകൾ അവയുടെ പ്രയോജനം തങ്ങൾക്കുതന്നെയാണെന്ന വസ്തുത വിസ്മരിച്ചുകൂടാത്തതാണ്. സകല ആവശ്യങ്ങളിൽനിന്നും കുറവുകളിൽനിന്നും മുക്തനാണല്ലോ അല്ലാഹു. അതിനാൽത്തന്നെ അവരുടെ കർമങ്ങളുടെ ആവശ്യമൊന്നും അവനില്ല. ഈ വസ്തുത ഖുർആനിൽ ഇങ്ങനെ വ്യക്തമാക്കപ്പെട്ടിരിക്കുന്നു:

**മനുഷ്യരേ, നിങ്ങൾ അല്ലാഹുവിന്റെ ആശ്രിതന്മാരാകുന്നു. അല്ലാഹുവാകട്ടെ, സ്വയംപര്യാപ്തനും സ്തുത്യർഹനുമാകുന്നു. അവൻ ഉദ്ദേശിക്കുന്നപക്ഷം നിങ്ങളെ അവൻ നീക്കംചെയ്യുകയും പുതിയൊരു സൃഷ്ടിയെ കൊണ്ടുവരികയും ചെയ്യുന്നതാണ്. അത് അല്ലാഹുവിന് പ്രയാസമുള്ള കാര്യമല്ല. (ഫാത്വിർ: 15-17)**

ഏതു കാര്യവും ഏതു സമയത്തും ചെയ്യാൻ അല്ലാഹുവിന് കഴിവുണ്ട്. എല്ലാറ്റിന്മേലും അവന് അവകാശവുമുണ്ട്. *അപ്പോൾ അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ മനുഷ്യരെ മുഴുവൻ അവൻ നേർവഴിയിലാക്കുമായിരുന്നുവെന്ന് സത്യവിശ്വാസികൾ മനസ്സിലാക്കിയിട്ടില്ലേ (അർറഅ്ദ്: 31)* എന്നാണല്ലോ അല്ലാഹു ചോദിക്കുന്നത്. അല്ലാഹുവിന്റെ ദീൻ പ്രചരിപ്പിക്കാനുള്ള മുസ്‌ലിംകളുടെ യത്നത്തിന്റെ ഗുണം അവർക്കു തന്നെയാണ്. അതെ, സൽക്കർമങ്ങളനുഷ്ഠിക്കുന്നവർക്കുതന്നെ അതിന്റെ പ്രയോജനം. പരലോകത്തിൽ അതിന്റെ പ്രതിഫലവും ലഭിക്കും:





**വല്ലവനും (അല്ലാഹുവിന്റെ മാർഗത്തിൽ) സമരം ചെയ്യുകയാണെങ്കിൽ തന്റെ സ്വന്തം ഗുണത്തിനായിത്തന്നെയാണ് അവൻ സമരം ചെയ്യുന്നത്. തീർച്ചയായും അല്ലാഹു ലോകരെ ആശ്രയിക്കുന്നതിൽനിന്ന് മുക്തനത്രെ. (അൽഅൻകബൂത്ത്: 6)**

സൽക്കർമങ്ങളുടെ മറ്റൊരു വശം അവയുടെ നൈരന്തര്യമാണ്. ചിലർക്ക് ഒറ്റ ദിവസത്തിൽത്തന്നെ ഇരട്ട സൽക്കർമങ്ങളനുഷ്ഠിക്കുക അനായാസകരമായനുഭവപ്പെടും. ദാനധർമങ്ങൾ ചെയ്യുക; ചില വിഷയങ്ങളിൽ നിസ്വാർഥനായിരിക്കുക! അത്തരം ചിലകാര്യങ്ങൾ പതിവനുസൃതമായോ സ്വാർഥതാൽപര്യങ്ങൾ ഹനിക്കുന്നതായോ ചെയ്യാൻ കഴിയും. എന്നാൽ ജീവിതത്തിലുടനീളം സൽക്കർമങ്ങളനുഷ്ഠിക്കുക, ദൈവപ്രീതി നേടാനുദ്യമിക്കുക, നിസ്വാർഥ പ്രവർത്തനങ്ങൾ ചെയ്യുക. അവന്റെ മതപ്രചാരണത്തിന് നിരന്തര പ്രവർത്തനം നടത്തുക എന്നിവയാണ് പ്രധാനം. ചുറ്റുപാടിൽ ദൈവികാജ്ഞയനുസരിക്കുന്ന ഒരാളുമില്ലെങ്കിൽപോലും ഇക്കാര്യങ്ങളിലൊന്നും യാതൊരു ഉപേക്ഷയും വരുത്തിക്കൂടാ, ഇങ്ങനെ തങ്ങളുടെ ദൃഢവിശ്വാസം തെളിയിക്കുകയും ദൈവവിശ്വാസം ശക്തിപ്പെടുത്തുകയും വേണം. അല്ലാഹു പറയുന്നു:

**സന്മാർഗം സ്വീകരിച്ചവർക്ക് അല്ലാഹു സന്മാർഗനിഷ്ഠ വർധിപ്പിച്ചു കൊടുക്കുന്നതാണ്. നിലനിൽക്കുന്ന സൽക്കർമങ്ങളാണ് നിന്റെ രക്ഷിതാവിങ്കൽ ഉത്തമമായ പ്രതിഫലമുള്ളതും ഉത്തമമായ പരിണാമമുള്ളതും (മർയം: 76).**

ജീവിതത്തിലുടനീളം വിശ്വാസം വെച്ചുപുലർത്തുകയും സൽക്കർമങ്ങളനുഷ്ഠിക്കുകയും ചെയ്യുന്ന വിശ്വാസികളെ കാത്തിരിക്കുന്നത് ദൈവപ്രീതിയും സ്വർഗവുമാണെന്ന് താഴെ സൂക്തം പ്രഖ്യാപിക്കുന്നു:

**വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരാരോ- ഒരാൾക്കും അയാളുടെ കഴിവിൽപെട്ടതല്ലാതെ നാം ബാധ്യതയേൽപിക്കുന്നില്ല- അവരാണ് സ്വർഗാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും. അവരുടെ (വിശ്വാസികളുടെ) മനസ്സുകളിലുള്ള ഉൾപ്പകയെല്ലാം നാം നീക്കിക്കളയുന്നതാണ്. അവരുടെ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. അവർ പറയുകയും ചെയ്യും: 'ഞങ്ങളെ ഇതിലേക്ക് നയിച്ച അല്ലാഹുവിന് സ്തുതി. അല്ലാഹു ഞങ്ങളെ നേർവഴിയിലേക്ക് നയിച്ചിരുന്നില്ലെങ്കിൽ ഞങ്ങളൊരിക്കലും നേർവഴി പ്രാപിക്കുമായിരുന്നില്ല. ഞങ്ങളുടെ രക്ഷിതാവിന്റെ ദൂതന്മാർ തീർച്ചയായും സത്യവുംകൊണ്ടാണ് വന്നത്.' അവരോട് വിളിച്ചുപറയപ്പെടുകയും ചെയ്യും: 'അതാ സ്വർഗം, നിങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ ഫലമായി നിങ്ങളതിന്റെ അവകാശികളാക്കപ്പെട്ടിരിക്കുന്നു (അൽഅഅ്റാഫ്: 42,43).**

‘പർവതങ്ങളെ നാം സഞ്ചരിപ്പിക്കുകയും തെളിഞ്ഞ നിരപ്പായ നിലയിൽ ഭൂമി നിനക്ക് കാണുമാറാകുകയും തുടർന്ന് അവരിൽനിന്ന് (മനുഷ്യരിൽനിന്ന്) ഒരാളെയും വിട്ടുകളയാതെ നാം ഒരുമിച്ചുകൂട്ടുകയും ചെയ്യുന്ന ദിവസം (ശ്രദ്ധേയമാകുന്നു). നിന്റെ രക്ഷിതാവിന്റെ മുമ്പാകെ അവർ അണിയണിയായി പ്രദർശിപ്പിക്കപ്പെടും. നിങ്ങളെ നാം ആദ്യതവണ സൃഷ്ടിച്ച പ്രകാരം നിങ്ങളിതാ നമ്മുടെ അടുത്തുവന്നിരിക്കുന്നു. എന്നാൽ നിങ്ങൾക്ക് നാം ഒരു നിശ്ചിതസമയം ഏർപ്പെടുത്തുകയേയില്ല എന്ന് നിങ്ങൾ ജൽപിക്കുകയാണ് ചെയ്തത്.’ (അൽകഹ്ഫ്: 47, 48)

**ഓ**രോരുത്തരുടെയും മരണത്തിനൊരു നിശ്ചിത സമയമുണ്ടെന്നതു പോലെ പ്രപഞ്ചത്തിനും ഒരു നിശ്ചിത അവധിയുണ്ട്. ‘അസ്സാഅത്’ (മണിക്കൂർ) എന്നാണതറിയപ്പെടുന്നത്. പക്ഷേ, അതെപ്പോഴെന്ന് അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ.

**തീർച്ചയായും അല്ലാഹുവിന്റെ പക്കലാണ് അന്ത്യസമയത്തെ(അസ്സാഅത്)ക്കുറിച്ചുള്ള അറിവ്. അവൻ മഴ പെയ്യിക്കുന്നു. ഗർഭാശയങ്ങളിലുള്ളത് അവൻ അറിയുകയും ചെയ്യുന്നു. നാളെ താൻ എന്താണ് പ്രവർത്തിക്കുകയെന്ന് ഒരാളും അറിയുകയില്ല. താൻ ഏത് നാട്ടിൽവെച്ചാണ് മരിക്കുക എന്നും ഒരാളും അറിയുകയില്ല. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു. (ലുഖ്മാൻ: 34)**

‘അസ്സാഅതി’ന്റെ സമയത്തെക്കുറിച്ച ചിലയാളുകളുടെ അനുമാനങ്ങൾ സൂറതുൽ കഹ്ഫ് പ്രസ്താവിക്കുന്നുണ്ട്. ആളുകൾ വളരെ വിദൂരമായി ക്കാണുന്ന അത് വളരെ ആസന്നമാണെന്ന് അത് പ്രഖ്യാപിക്കുകയും ചെയ്യുന്നു:

**ജനങ്ങൾക്ക് അവരുടെ വിചാരണ ആസന്നമായിരിക്കുന്നു. അവരാകട്ടെ അശ്രദ്ധയിലായിക്കൊണ്ട് തിരിഞ്ഞുകളയുന്നവരാകുന്നു. (അൽഅമ്പിയാഅ്: 1)**

ഭൗമിക ജീവിതം നിരന്തരം തുടരുമെന്നും ‘അസ്സാഅത്’ ഒരിക്കലും വരികയില്ലെന്നും മരണം ഇല്ലായ്മയാണെന്നും അധികമാളുകളും വിശ്വസിക്കുന്നു. അസ്സാഅത് എന്നതുകൊണ്ട് വിവക്ഷിക്കപ്പെടുന്നത്, എല്ലാമടങ്ങിയ ഭൂമിയുടെയും പ്രപഞ്ചത്തിലെ മറ്റുള്ളവയുടെയും അന്ത്യം എന്നായിരിക്കെ അത് പരമാന്ത്യമല്ല. പ്രത്യുത പരലോകത്തെ ശാശ്വതവാസത്തിന്റെ തുടക്കമത്രെ. അല്ലാഹു ഇല്ലായ്മയിൽനിന്ന് ഓരോരുത്തരെയും സൃഷ്ടിച്ച് അയാളുടെ വിധിയിലെ അവധി എത്തുമ്പോൾ അവന്റെ സന്നിധിയിൽ ഓരോരുത്തരുടെയും മരണത്തിന്റെ ദിവസവും മണിക്കൂറും സെക്കന്റ് പോലും സ്ഥലവും സാഹചര്യവും അറിയപ്പെട്ടതാണ്. മനുഷ്യനജ്ഞാതമായ മരണസമയത്തെ സ്ഥലകാലാതീതനായ അല്ലാഹു ചൂഴ്ന്നുനിൽക്കുന്നു.

*എന്റെ ദാസന്മാരേ, ഇന്ന് നിങ്ങൾക്ക് യാതൊരു ഭയവുമില്ല. നിങ്ങൾ ദുഃഖിക്കേണ്ടതുമില്ല (അസ്സുഖ്റുഫ്: 68).* എന്ന് അല്ലാഹു വാഗ്ദാനം നൽകിയതിനാൽ, വിധിനാളിനെ വിശ്വാസികൾക്ക് ഭയപ്പെടേണ്ടതില്ല. പക്ഷേ അവിശ്വാസികളെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസകരമായൊരു ദിവസമായിരിക്കുമത്. ദൈവപ്രീതിക്ക് വേണ്ടിയുള്ള പ്രാർഥന, ദൈവികാജ്ഞയനുസരിച്ച് നടത്തപ്പെട്ട ആരാധന, സൽസ്വഭാവത്തിൽ ചെലുത്തിയ ശ്രദ്ധ എന്നിവക്കെല്ലാം വിശ്വാസികൾക്ക് പ്രതിഫലം ലഭിക്കും. അവിശ്വാസികളെ ബാധിക്കുന്ന പരിഭ്രാന്തി, ദുഃഖം, വ്യസനം എന്നിവയൊന്നും അല്ലാഹു അവർക്കനുഭവപ്പെടുത്തുകയില്ല. പരലോകത്ത് അവരുടെ അവസ്ഥ ഖുർആൻ വിവരിക്കുന്നതിങ്ങനെയാണ്:

**സത്യവിശ്വാസികളെയും സത്യവിശ്വാസിനികളെയും അവരുടെ പ്രകാശം അവരുടെ മുൻഭാഗങ്ങളിലൂടെയും വലതു ഭാഗങ്ങളിലൂടെയും സഞ്ചരിക്കുന്ന നിലയിൽ നീ കാണുന്ന ദിവസം. (അന്ന് അവരോട് പറയപ്പെടും:) ‘ഇന്നു നിങ്ങൾക്കുള്ള സന്തോഷവാർത്ത ചില സ്വർഗത്തോപ്പുകളെപ്പറ്റിയാകുന്നു. അവയുടെ താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകിക്കൊണ്ടിരിക്കും. നിങ്ങൾ അതിൽ നിത്യവാസികളായിരിക്കും. അത് മഹത്തായ ഭാഗ്യം തന്നെയാണ്’ (അൽഹദീദ്: 12).**

‘(കർമങ്ങളുടെ) രേഖ വെക്കപ്പെടും. അപ്പോൾ കുറ്റവാളികളെ അതിലുള്ളതിനെപ്പറ്റി വിഹ്വലരായ നിലക്ക് നിനക്കു കാണാം. അവർ പറയും: ‘ഹാ! ഞങ്ങൾക്കു നാശം. ഇതെന്തൊരു രേഖയാണ്?! ചെറുതോ വലുതോ ആയ ഒന്നും തന്നെ അത് കൃത്യമായി രേഖപ്പെടുത്താതെ വിട്ടുകളയുന്നില്ലല്ലോ. തങ്ങൾ പ്രവർത്തിച്ചതൊക്കെ (രേഖയിൽ) നിലവിലുള്ളതായി അവർ കണ്ടെത്തും. നിന്റെ രക്ഷിതാവ് ഒരാളോടും അനീതി കാണിക്കുകയില്ല’ (അൽകഹ്ഫ്: 49).



ഈ തീവണ്ടിയുടെ പഴയ സ്ഥാനവും ഇപ്പോഴത്തെ സ്ഥാനവും പുതിയ സ്ഥാനവും ഒരേ നേരം അല്ലാഹുവിന്റെ മുന്നിൽ സംഭാവ്യമാകുന്നു.

**വി**ധിനാളിൽ അവിശ്വാസികൾ അനുഭവിക്കുന്ന ഭീകരതയും ഐഹിക ജീവിതത്തിലെ അവരുടെ കർമരേഖയെ നേരിടുമ്പോഴുള്ള അമ്പരപ്പുമാണീ സൂക്തം അനാവരണം ചെയ്യുന്നത്. കാലങ്ങളെയും സംഭവങ്ങളെയും നിയന്ത്രിക്കുന്നത് അല്ലാഹുവാണെന്ന വസ്തുതയെക്കുറിച്ച അജ്ഞതയാണീ അദ്ഭുതത്തിന്റെ ഹേതു.

കാലത്തെക്കുറിച്ച് ഭൂതം, ഭാവി, വർത്തമാനം എന്നീ മനുഷ്യസങ്കൽപങ്ങളാൽ ബന്ധിതനല്ല അല്ലാഹുവെന്നും, അവന്റെ സന്നിധിയിൽ എല്ലാം സംഭവിക്കുന്നത് ഒരേ സമയത്താണെന്നും വിവരിച്ചു. കഴിഞ്ഞതും നിലവിലുള്ളതും വരാനിരിക്കുന്നതുമായ എല്ലാ കാര്യങ്ങളുടെയും അവസാന വിശലകലനംവരെയുള്ളതിനെക്കുറിച്ച അല്ലാഹുവിന്റെ ജ്ഞാനമാണ് മനുഷ്യവിധി. അല്ലാഹു അവയെല്ലാം അറിയുന്നു. പക്ഷേ, അതിന്റെ മാർഗം നമ്മുടേതിൽനിന്ന് വ്യത്യസ്തമാണെന്നുമാത്രം. അവൻ എല്ലാം സൃഷ്ടിക്കുന്നു. അതിനാൽത്തന്നെ, മനുഷ്യജീവിതത്തിലെ ഓരോ നിമിഷവും അവന്റെ പൂർണ നിയന്ത്രണത്തിലാണ്.

മറുവശത്ത് ദൈവിക വിധിയിൽ രേഖപ്പെടുത്തപ്പെട്ട സംഭവങ്ങൾക്ക് മനുഷ്യൻ ദൃക്സാക്ഷിയാകുന്നു; അത് സംഭവിക്കേണ്ട സമയത്തു മാത്രം. അവന്റെ സന്നിധിയിൽ അതൊരു നിമിഷത്തിലാണ് സൂക്ഷിക്കപ്പെട്ടിരിക്കുന്നത്. പക്ഷേ, അധികമാളുകളും ഈ വസ്തുതയെക്കുറിച്ച് ബോധവാന്മാരല്ലാത്തതിനാൽ വിധിയെക്കുറിച്ച് തെറ്റിദ്ധരിക്കുകയാണ്. തങ്ങൾക്ക് വിധിയെ മാറ്റാനും പരാജയപ്പെടുത്താൻപോലും കഴിയുമെന്ന് ചിലർ വിശ്വസിക്കുന്നു. നമുക്കൊരു ഉദാഹരണമെടുക്കാം. നിങ്ങൾക്കൊരു അപകടമുണ്ടായി. നിങ്ങളുടെ അതിജീവനം, പരിക്കിന്റെ ഉഗ്രത, ചികിത്സാ ദൈർഘ്യം തുടങ്ങി അതുമായി





ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിങ്ങളുടെ വിധിയിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. നിങ്ങളിപ്പോഴും ജീവിച്ചുകൊണ്ടിരിക്കുന്നത് നിങ്ങളുടെ നിയതിയിലെ രേഖപ്രകാരമാണ്. ഇതാണ് നിയതി. അതെ, നിങ്ങൾക്ക് നിങ്ങളുടെ നിയതിയെ മാറ്റാനോ വഞ്ചിക്കാനോ കഴിയുകയില്ല. വിധിക്ക് മാറ്റം സംഭവിക്കുകയില്ലെന്നതുതന്നെ കാരണം. അതിന് മാറ്റംവരുത്താൻ കഴിയുമെന്ന് വിശ്വസിക്കുകവഴി നിങ്ങൾ സ്വയം വഞ്ചിക്കുകയാണ്. എന്നാൽ ഈ വിശ്വാസവും അവരുടെ വിധിയിലുള്ളതുതന്നെ.

അതിനാൽ വിധിനാളിൽ തങ്ങളുടെ കർമങ്ങൾ, വാക്കുകൾ, ഉദ്ദേശ്യങ്ങൾ എന്നിവ തങ്ങളുടെ മുമ്പിൽ കൊണ്ടുവരപ്പെട്ടതായി ആളുകൾ കാണും. വളരെക്കാലമായി വിസ്മൃതമായിക്കഴിഞ്ഞ വിവരങ്ങൾ ദൈവേച്ഛയാൽ അനാഛാദനം ചെയ്യപ്പെടും. തങ്ങളുടെ ഒരു ദുഷ്കൃത്യം അഥവാ ഹീനപ്രവർത്തനം കാലപ്പഴക്കത്താൽ വിസ്മൃതമായിപ്പോകുമെന്ന് ആളുകൾ വിചാരിക്കും. പക്ഷേ, ദൈവത്തെ സംബന്ധിച്ചിടത്തോളം സ്ഥിതി അതല്ല. വിധിനാളിൽ സംഭവിക്കുന്നതും ആയിരക്കണക്കിൽ വർഷങ്ങൾക്കുമുമ്പ് സംഭവിച്ചിരുന്നതും അവനെ സംബന്ധിച്ചിടത്തോളം ഒരേ നിമിഷത്തിലാണ് സംഭവിക്കുന്നത്. തങ്ങളുടെ കർമങ്ങൾ രഹസ്യമായിക്കൊണ്ടിരിക്കുമെന്നോ വിസ്തൃതമായിപ്പോകുമെന്നോ ഇനി ഒരിക്കലും അവയെ നേരിടേണ്ടി വരികയില്ലെന്നോ കരുതുന്നതും ഇതുപോലെത്തന്നെ വലിയ അബദ്ധമാണ്.

'നാം മലക്കുകളോട് 'നിങ്ങൾ ആദമിന് പ്രണാമം ചെയ്യുക' എന്ന് പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമത്രെ). അവർ പ്രണാമം ചെയ്തു; ഇബ്‌ലീസ് ഒഴികെ. അവൻ ജിന്നുകളിൽ പെട്ടവനായിരുന്നു. അങ്ങനെ തന്റെ രക്ഷിതാവിന്റെ കൽപന അവൻ ധിക്കരിച്ചു. എന്നിരിക്കെ നിങ്ങൾ എന്നെവിട്ട് അവനെയും അവന്റെ സന്തതികളെയും രക്ഷാധികാരികളാക്കുകയാണോ? അവർ നിങ്ങളുടെ ശത്രുക്കളത്രെ. അക്രമികൾക്ക് (അല്ലാഹുവിന്) പകരം കിട്ടിയത് വളരെ ചീത്തതന്നെ.'

(അൽകഹ്ഫ്: 50)

**അ**നുസരണത്തിന്റെ പ്രാധാന്യം ഈ സൂക്തം ചൂണ്ടിക്കാട്ടുന്നു. ആദമിനു മുമ്പിൽ സാഷ്ടാംഗം ചെയ്യാതെ ഇബ്‌ലീസ് ദൈവത്തെ ധിക്കരിക്കുകയായിരുന്നു. അതിനാൽത്തന്നെ, അവന്റെ വ്യക്തമായ സ്വഭാവം ധിക്കാരമായിരുന്നു. അതുപോലെ, ദൈവത്തിനും പ്രവാചകന്മാർക്കും വെളിപാടുകൾക്കുമുള്ള തങ്ങളുടെ ഉറച്ച അനുസരണത്തിന്റെ പേരിൽ വിശ്വാസികൾ അറിയപ്പെടുന്നു.

മനുഷ്യരുടെയും സമൂഹങ്ങളുടെയും ജീവിതത്തിൽ അനുസരണത്തിന് വളരെ പ്രാധാന്യമുണ്ട്. ഭരണകൂടത്തിന് ജനങ്ങൾ നൽകുന്ന അനുസരണം, ബഹുമാനം, വിശ്വസ്തത എന്നിവയാൽ സ്ഥാപിക്കപ്പെടുന്നതാണ് ഏതൊരു സമൂഹത്തിലെയും നിയമ വ്യവസ്ഥിതികൾ. ഭരണാധികാരികൾ ശരിയായ മതത്തിൽനിന്ന് വ്യതിചലിക്കാതിരിക്കുക എന്ന വ്യവസ്ഥയോടെ അവരെ അനുസരിക്കാൻ നിരവധി ഖുർആൻ സൂക്തങ്ങൾ വിശ്വാസികളോടാജ്ഞാപിക്കുന്നുണ്ട്. അങ്ങനെ ഖുർആനിക നിയമമനുസരിച്ചു ജീവിക്കുന്ന ഒരു സമൂഹത്തെ വിഭാവന ചെയ്യുകയും അനുസരണവും ആദരവും പ്രതിബിംബിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നു.

അക്രമത്തിൽനിന്നും ഭീകരതയിൽനിന്നും മതധർമം മനുഷ്യനെ തടയുന്നു. കാരണം, അധഃപതനത്തിന് ഹേതുവാകുന്ന കാര്യങ്ങളെ അല്ലാഹു നിരോധിക്കുകയാണ്. തദ്വിഷയകമായ ചില സൂക്തങ്ങളിതാ:

**അല്ലാഹു നിനക്ക് നൽകിയിട്ടുള്ളതിലൂടെ നീ പരലോകവിജയം തേടുക. ഐഹിക ജീവിതത്തിൽനിന്ന് നിനക്കുള്ള ഓഹരി നീ വിസ്മരിക്കുകയും വേണ്ട. അല്ലാഹു നിനക്ക് നന്മ ചെയ്തതുപോലെ നീയും നന്മ ചെയ്യുക. നീ നാട്ടിൽ കുഴപ്പത്തിന് മുതിരരുത്. കുഴപ്പമുണ്ടാക്കുന്നവരെ അല്ലാഹു തീർച്ചയായും ഇഷ്ടപ്പെടുന്നതല്ല. (അൽഖസ്വസ്വ്:77)**

**....അതിനാൽ നിങ്ങൾ അളവും തൂക്കവും തികച്ചുകൊടുക്കണം. ജനങ്ങൾക്ക് അവരുടെ സാധനങ്ങളിൽ കമ്മിവരുത്തരുത്. ഭൂമിയിൽ നന്മ വരുത്തിയതിനു ശേഷം നിങ്ങൾ അവിടെ നാശമുണ്ടാക്കരുത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ അതാണ് നിങ്ങൾക്കുത്തമം. (അൽഅഅ്റാഫ്: 85)**

മതധർമമനുസരിച്ച് ജീവിക്കുകയും അതുൾക്കൊള്ളുകയും ചെയ്യുന്നവർ സ്വാഭാവികമായും കുറ്റങ്ങളിൽനിന്ന് വിട്ടുനിൽക്കാൻ കഴിവതും ശ്രമിക്കുന്നതാണ്. അവർ ഖുർആനിക നിയമത്തിനനുസരിച്ചു ജീവിക്കുന്നതിനാൽ സംതൃപ്തിയും ആന്തരിക ശാന്തിയും സഹിഷ്ണുതയും നിയമപരവും പ്രകോപനപരമല്ലാത്തതുമായൊരു നിലപാട് സ്വീകരിക്കുകയും ഐക്യം സൃഷ്ടിക്കാനാഗ്രഹിക്കുകയും ചെയ്യുന്നു.

പൈശാചിക മാർഗത്തിനെതിരെ ഖുർആനിക സാമൂഹിക മാതൃക സമൂഹത്തിൽ വ്യാപകമായ സ്വീകാര്യത നേടിയെടുക്കുകയാണെങ്കിൽ സമാധാനവും ഐക്യവും ആധിപത്യം നേടും. പോലീസിനെയും മറ്റു സുരക്ഷാ ശക്തികളെയും എതിർക്കുകയും അവരോട് കോപിക്കുകയും അവർക്ക് കുഴപ്പമുണ്ടാക്കുകയും ചെയ്യുന്ന ആളുകൾക്ക് അത്തരം പ്രവർത്തനങ്ങൾ ന്യായീകരിക്കാൻ സാധിക്കുകയില്ല. ഇസ്‌ലാമിക ധർമമനുസരിച്ച് ജീവിക്കുന്നവർ സഹായികളും സഹിഷ്ണുതയുള്ളവരും സുരക്ഷാ ശക്തികളുടെ പക്ഷം ചേർന്ന് അവർക്ക് കാര്യങ്ങൾ അനായാസമാക്കുന്നവരുമായിത്തീരും. ഇത്തരക്കാരുടെ സാന്നിധ്യത്തിൽ അരാജകത്വവും ഭീകരതയും കുഴപ്പവും ശത്രുതയുമെല്ലാം ഇല്ലാതായിത്തീരും. ജനങ്ങൾക്കിടയിൽ തുടർന്നുകൊണ്ടിരിക്കുന്ന സംഘട്ടനങ്ങളും തർക്കവിതർക്കങ്ങളും അവസാനിക്കും. അവർക്കെപ്പോഴും എവിടെയും സുരക്ഷിതരായി സഞ്ചരിക്കാൻ കഴിയും.

'ആകാശങ്ങളുടെയും
ഭൂമിയുടെയും സൃഷ്ടിപ്പിനാകട്ടെ,
അവരുടെ തന്നെ സൃഷ്ടിപ്പിനാകട്ടെ
നാം അവരെ സാക്ഷികളാക്കിയിട്ടില്ല.
വഴിപിഴപ്പിക്കുന്നവരെ ഞാൻ സഹായി
കളായി സ്വീകരിക്കുന്നവനല്ലതാനും.'
(അൽകഹ്ഫ്: 51)

**വി**ശ്വാസവും അനുസരണവും സൽസ്വഭാവവുമുള്ളവരുമായേ വിശ്വാസികൾ സ്നേഹബന്ധം സ്ഥാപിക്കാവൂ എന്നാണ് ഈ സൂക്തം സൂചിപ്പിക്കുന്നത്. അത്തരമാളുകളോടൊപ്പമാകുമ്പോൾ സകല അപകടങ്ങളിൽനിന്നും അപഥസഞ്ചാരത്തിൽനിന്നും അവർക്ക് സുരക്ഷയും സൽക്കർമങ്ങൾക്ക് സഹായവും ലഭിക്കുന്നു. വിശ്വാസികൾ പരസ്പരം സ്നേഹിതരും രക്ഷാകർത്താക്കളുമാണ്. അതിനാൽ അവർ പരസ്പരം ദൈവിക ചിഹ്നങ്ങളെ അനുസ്മരിപ്പിക്കുകയും സദാചാരങ്ങൾ ശിപാർശചെയ്യുകയും ചെയ്യുന്നു. മറ്റുള്ളവരെ വഴിപിഴപ്പിക്കുകയും കുഴപ്പമുണ്ടാക്കുകയും ചെയ്യുന്നവരുമായി ചങ്ങാത്തം സ്ഥാപിക്കുമ്പോഴാകട്ടെ നഷ്ടവും ദൗർഭാഗ്യവും മാത്രമേ ലഭിക്കുകയുള്ളൂ. താഴെ സൂക്തം നോക്കുക:

**ഇന്ന് ജനങ്ങളിൽ നിങ്ങളെ തോൽപ്പിക്കാൻ ആരും തന്നെയില്ല. തീർച്ചയായും ഞാൻ നിങ്ങളുടെ സംരക്ഷകനായിരിക്കും'**

**എന്നുപറഞ്ഞുകൊണ്ട് പിശാച് അവർക്ക് അവരുടെ ചെയ്തികൾ ഭംഗിയായി തോന്നിച്ച സന്ദർഭവും (ഓർക്കുക). അങ്ങനെ, ആ രണ്ടുസംഘങ്ങൾ അന്യോന്യം കണ്ടുമുട്ടിയപ്പോൾ, 'എനിക്ക് നിങ്ങളുമായി ഒരു ബന്ധവുമില്ല, തീർച്ചയായും നിങ്ങൾ കാണാത്ത പലതും ഞാൻ കാണുന്നുണ്ട്. തീർച്ചയായും ഞാൻ അല്ലാഹുവെ ഭയപ്പെടുന്നു. അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനത്രെ' എന്നുപറഞ്ഞുകൊണ്ട് അവൻ (പിശാച്) പിന്മാറിക്കളഞ്ഞു. (അൽഅൻഫാൽ: 48)**

പിശാച് ഇഹലോകത്ത് മനുഷ്യന്റെ സ്നേഹിതനായി പ്രത്യക്ഷപ്പെടുന്ന കാര്യം വിസ്മരിക്കരുത്. പക്ഷേ, ദൈവശിക്ഷയെ അഭിമുഖീകരിക്കുമ്പോൾ തന്നോട് ചങ്ങാത്തം കാട്ടിയവരെ അവൻ കൈയൊഴിക്കുകയായിരിക്കും. വിശ്വാസികളോട്, മറ്റു വിശ്വാസികളെ സുഹൃത്തുക്കളും സംരക്ഷകരുമായി തെരഞ്ഞെടുക്കാൻ ഖുർആൻ എല്ലായ്പ്പോഴും ആഹ്വാനം ചെയ്യുന്നത് ഇതുകൊണ്ടത്രെ.

**അല്ലാഹുവും അവന്റെ ദൂതനും, താഴ്മയുള്ളവരായിക്കൊണ്ട് നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്ന സത്യവിശ്വാസികളും മാത്രമാകുന്നു നിങ്ങളുടെ ഉറ്റമിത്രങ്ങൾ. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും സത്യവിശ്വാസികളെയും മിത്രങ്ങളായി സ്വീകരിക്കുന്നുവെങ്കിൽ തീർച്ചയായും അല്ലാഹുവിന്റെ കക്ഷിതന്നെയാണ് വിജയം നേടുന്നവർ (അൽമാഇദ: 55, 56).**

'എന്റെ പങ്കാളികളെന്ന് നിങ്ങൾ ജൽപിച്ചുകൊണ്ടിരിക്കുന്നവരെ നിങ്ങൾ വിളിച്ചുനോക്കൂ' എന്ന് അവൻ (അല്ലാഹു) പറയുന്ന ദിവസവും (ശ്രദ്ധേയമത്രെ). അപ്പോൾ ഇവർ അവരെ വിളിച്ചുനോക്കുന്നതാണ്. എന്നാൽ, അവർ ഇവർക്ക് ഉത്തരം നൽകുന്നതല്ല. അവർക്കിടയിൽ നാം ഒരു നാശഗർത്തം ഉണ്ടാക്കുകയും ചെയ്യും. കുറ്റവാളികൾ നരകം നേരിൽ കാണും. അപ്പോൾ തങ്ങൾ അതിൽ അകപ്പെടാൻ പോകുകയാണെന്ന് അവർ മനസ്സിലാക്കും. അതിൽനിന്ന് വിട്ടുമാറിപ്പോകാൻ ഒരു മാർഗവും അവർ കണ്ടെത്തുകയുമില്ല.' (അൽകഹ്ഫ്: 52,53)



# ഭൂതം

*നമ്മുടെ ഭൂതവും ഭാവിയും അല്ലാഹുവിന്റെ മുന്നിൽ ഒരൊറ്റ നിമിഷത്തിലാണ് സംഭവിക്കുന്നത്. നമ്മുടെ ഓർമകൾ ഭൂതകാലത്തിലായാണ് അല്ലാഹു നമുക്ക് നൽകിയിരിക്കുന്നത്. എന്തെന്നാൽ ഭാവികാലത്തെ കുറിച്ചുള്ള അറിവ് നമുക്കില്ല. അത് നമ്മെ അറിയിക്കുകയുമില്ല.*



**അ**ല്ലാഹുവിൽ പങ്കുചേർക്കുന്നവർക്ക് പരലോകത്ത് അപ്രതീക്ഷിതമായ ഫലമായിരിക്കും ലഭിക്കുകയെന്ന് ഈ സൂക്തം വ്യക്തമാക്കുന്നു. അന്ന് അവരുടെ പങ്കാളികൾ അവരെ കൈയൊഴിക്കുകയും അങ്ങനെ അവർ ഒറ്റപ്പെടുകയും ചെയ്യും. ഓരോരുത്തരും തന്റെ കർമങ്ങൾക്ക് മാത്രമാണ് കണക്ക് ബോധിപ്പിക്കേണ്ടിവരിക. ആരോടും അതിക്രമം ചെയ്യപ്പെടുകയില്ല. ഖുർആൻ പറയുന്നു:

> **നിന്റെ രക്ഷിതാവിന്റെ ശിക്ഷയിൽനിന്ന് ഒരു നേരിയ കാറ്റ് അവരെ സ്പർശിക്കുന്ന പക്ഷം തീർച്ചയായും അവർ പറയും: ഞങ്ങളുടെ നാശമേ! തീർച്ചയായും ഞങ്ങൾ അതിക്രമികളായിപ്പോയല്ലോ. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നീതിപൂർണമായ തുലാസ്സുകൾ നാം സ്ഥാപിക്കുന്നതാണ്. അപ്പോൾ, ഒരാളോടും ഒട്ടും അനീതി കാണിക്കപ്പെടുകയില്ല. അത് (കർമം) ഒരു കടുകുമണിത്തൂക്കമുള്ളതാണെങ്കിലും നാമത് കൊണ്ടുവരുന്നതാണ്. കണക്ക് നോക്കുവാൻ നാം തന്നെ മതി. (അൽഅമ്പിയാഅ്: 46,47)**

അല്ലാഹുവിൽ പങ്കാളികളെ ആരോപിക്കുന്നവർ ഒരു രക്ഷാമാർഗം അന്വേഷിക്കുമെന്നും പക്ഷേ ഒരു മാർഗവും അവർക്ക് കണ്ടെത്താനാകുകയില്ലെന്നും കൂടി ഈ സൂക്തം പ്രഖ്യാപിക്കുന്നു. അവരുടെ അവസ്ഥ അല്ലാഹുവിനറിയാം. ഈ സൂക്തത്തിൽ നൽകപ്പെട്ട വെളിപാട് ആർക്കുമറിയില്ല; ഇതിൽ വിവരിക്കപ്പെട്ട രംഗം ആരും കണ്ടിട്ടില്ല; ഇതിലെ സംഭാഷണങ്ങളാകട്ടെ, ആരും കേട്ടിട്ടുമില്ല. അതെ, ഈ വരാനിരിക്കുന്ന സംഭവങ്ങളെല്ലാം നമുക്കറിയാത്ത അദൃശ്യതയുടെ ഒരു ഭാഗമാണ്. പക്ഷേ, എല്ലാ കാലങ്ങളെയും ചൂഴ്ന്നുനിൽക്കുന്ന അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം ഈ സംഭവങ്ങളെല്ലാം ആദ്യമേ തന്നെ സംഭവിക്കുകയും അവസാനിക്കുകയും ചെയ്തിരിക്കുന്നു.

അല്ലാഹുവാണല്ലോ സകല വസ്തുക്കളുടെയും സ്രഷ്ടാവ്. അതിനാൽ തന്നെ, മനുഷ്യരുടെ കഴിവുകൾ, രക്ഷപ്പെടാനുള്ള പദ്ധതികൾ, പ്രയോഗിക്കുന്ന രീതികൾ, അനന്തമായ ദുരിതത്തിന്റെ രീതി എന്നിവയെല്ലാം അവനറിയാം. മറ്റുള്ളവരുടെ അബദ്ധങ്ങളിൽ നമുക്ക് പാഠമുണ്ടെന്നതിനാൽ അത് മുൻകൂട്ടി നമുക്ക് വെളിപ്പെടുത്തിത്തന്നിരിക്കുകയാണ്. എന്നാൽ, 'മുൻകൂട്ടി' എന്ന സങ്കൽപം മനുഷ്യരിൽ മാത്രം പരിമിതമാണ്. അല്ലാഹുവിന്റെ സന്നിധിയിൽ 'മുമ്പും' 'പിമ്പു'മില്ല. കാരണം അവന് ഇവ രണ്ടും 'ഇപ്പോഴാ'ണ്. മറ്റുവാക്കുകളിൽ അല്ലാഹു 'ഭൂത'ത്തെക്കുറിച്ചോർക്കുന്നില്ല. 'ഭാവി' അറിയാൻ കാത്തിരിക്കുന്നുമില്ല. പിന്നെയോ, അവ രണ്ടും അവനറിയുന്നു. അവന്റെ അറിവ് നമ്മുടേതിൽനിന്ന് വ്യത്യസ്തമാണെന്നു മാത്രം. സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ അല്ലാഹുവിന്റെ സംരക്ഷണത്തിൽ അറിയപ്പെട്ടതാണ്. പക്ഷേ, അത് നാമെന്തെങ്കിലും അറിയുന്നതു പോലെയല്ല. 'ശേഷം'





'ഇപ്പോൾ' ആണ്. അത് പൂർത്തിയായി കഴിഞ്ഞിട്ടുമുണ്ട്. അത് സംഭവിക്കുകയും പരിപൂർണമാകുകയും ചെയ്തിട്ടുണ്ട്. അവന് ഓരോ നിമിഷവും ഭൂതവും ഭാവിയും വർത്തമാനവുമെല്ലാം ഒരുനിമിഷത്തിന് സമാനമാണ്. തന്റെ അറിവിലൂടെ അവൻ സ്ഥല-കാലങ്ങളെ ചൂഴ്ന്നുനിൽക്കുന്നു.

നമ്മുടെ ഓരോ ഭൂതവും ഭാവിയും ദൈവസന്നിധിയിൽ ഒരു നിമിഷം പോലെയാണ് അനുഭവപ്പെടുക. കാരണം, ഭാവിയെക്കുറിച്ച ജ്ഞാനം അവിടെ ഇല്ല. നമുക്കത് അറിഞ്ഞുകൂടാ.

> 'തീർച്ചയായും ജനങ്ങൾക്കു വേണ്ടി എല്ലാവിധ ഉപമകളും ഈ ഖുർആനിൽ നാം വിവിധ തരത്തിൽ വിവരിച്ചിരിക്കുന്നു. എന്നാൽ മനുഷ്യൻ അത്യധികം തർക്കസ്വഭാവമുള്ളവനത്രെ.' (അൽകഹ്ഫ്: 54)

**ഖു**ർആൻ സത്യത്തിലേക്ക് മനുഷ്യർക്ക് മാർഗദർശനം നൽകുന്നു. അസത്യത്തിൽനിന്ന് സത്യത്തെ വേർതിരിക്കുകയും ചെയ്യുന്നു. ദൈവികമായൊരു സമ്മാനവും വ്യക്തവും സുഗ്രാഹ്യവുമായ അനുസ്മരണവും താക്കീതുമാണത്.

ഭൗതിക ജീവിതത്തിൽ മനുഷ്യർ അഭിമുഖീകരിക്കുന്ന പല വിഷയങ്ങളുടെയും ഉദാഹരണങ്ങളും വിശദീകരണങ്ങളുമുൾക്കൊള്ളുന്നതാണീ സൂക്തം. സദാചാരതത്ത്വശാസ്ത്രം മുതൽ ദൈനംദിന വിഷയങ്ങൾ വരെ, വ്യക്തിബന്ധങ്ങൾ മുതൽ വാണിജ്യം വരെ, ആകാശ ഭൂമകളിലെ സൃഷ്ടി ചിഹ്നങ്ങൾ മുതൽ ഭാവിയെക്കുറിച്ച അടയാളങ്ങൾ വരെ ഖുർആനിൽ കണ്ടെത്താൻ കഴിയും. ഉദാഹരണമായി, മതകീയ ജീവിതം നയിക്കാനാഗ്രഹിക്കുന്നവരോടത് പറയുകയാണ്: '....ഗ്രന്ഥത്തിൽ നാം യാതൊന്നും വീഴ്ച വരുത്തിയിട്ടില്ല' *(അൽഅൻആം: 38)*. താഴെ സൂക്തങ്ങളിൽ ഈ ഗുണം വ്യക്തമാക്കപ്പെട്ടിരിക്കുന്നു:

> **(പറയുക:) അപ്പോൾ വിധികർത്താവായി ഞാൻ അന്വേഷിക്കേണ്ടത് അല്ലാഹു അല്ലാത്തവരെയാണോ? അവനാകട്ടെ, വിശദവിവരങ്ങളുള്ള വേദഗ്രന്ഥം നിങ്ങൾക്കിറക്കിത്തന്നവനാകുന്നു.**

**അത് അസത്യവുമായി നിന്റെ രക്ഷിതാവിൽനിന്ന് ഇറക്കപ്പെട്ടതാണെന്ന് നാം മുമ്പ് വേദം നൽകിയിട്ടുള്ളവർക്കറിയാം. അതിനാൽ നീ ഒരിക്കലും സംശയാലുക്കളിൽ പെട്ടുപോകരുത്, നിന്റെ രക്ഷിതാവിന്റെ വചനം സത്യത്തിലും നീതിയിലും പരിപൂർണമായിരിക്കുന്നു. അവന്റെ വചനങ്ങൾക്ക് മാറ്റം വരുത്താനാരുമില്ല. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമത്രെ. (അൽഅൻആം: 114, 115)**

**ഓരോ സമുദായത്തിലും അവരുടെ കാര്യത്തിൽ സാക്ഷിയായിക്കൊണ്ട് അവരിൽനിന്നുതന്നെയുള്ള ഒരാളെ നാം നിയോഗിക്കുകയും ഇക്കൂട്ടരുടെ കാര്യത്തിന് സാക്ഷിയായിക്കൊണ്ട് നിന്നെ നാം കൊണ്ടുവരികയും ചെയ്യുന്ന ദിവസം (ശ്രദ്ധേയമത്രെ). എല്ലാ കാര്യത്തിനും വിശദീകരണമായിക്കൊണ്ടും മാർഗദർശനവും കാരുണ്യവും, കീഴ്പ്പെട്ടുജീവിക്കുന്നവർക്ക് സന്തോഷവാർത്തയുമായിക്കൊണ്ടുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത്. (അന്നഹ്ൽ: 89)**



*ശണ്ഠകൂടുന്ന സ്വഭാവത്തെ അല്ലാഹു നിരുൽസാഹപ്പെടുത്തിയിരിക്കുന്നു. എന്തെന്നാൽ അത് നമുക്കും, ചുറ്റുമുള്ളവർക്കും ഹാനികരമായി ഭവിക്കുന്നു. കഴിയുന്നത്ര ശാന്തരായും സമാധാനചിത്തരായും സംസാരിക്കാൻ ഖുർആൻ വിശ്വാസികളെ ഉദ്ബോധനം ചെയ്യുന്നു.*

തങ്ങളുടെ വീഴ്ചകൾക്കുള്ള പരിഹാരങ്ങൾ, ക്രോധവേളകളിൽ കൈക്കൊള്ളേണ്ട ഉപദേശം, വിഷമഘട്ടങ്ങളിൽ ക്ഷമ കൈക്കൊള്ളേണ്ട രീതി, ശത്രുത, പരിഹാസം തുടങ്ങിയവയിൽനിന്നു വിട്ടുനിൽക്കാനുള്ള മാർഗം പോലുള്ളവയെല്ലാം അതിന്റെ സൂക്തങ്ങളിൽ കണ്ടെത്താൻ കഴിയുമെന്നതാണ് ഒരു ജ്ഞാനദായകഗ്രന്ഥമെന്ന നിലയിൽ അവതരിപ്പിക്കപ്പെട്ട ഖുർആനിന്റെ ഏറ്റവും വലിയൊരു പ്രയോജനം. ഇവക്കുപുറമെ, കപടവിശ്വാസികളെയും മുശ്‌രിക്കുകളെയും കുറിച്ചും അവിശ്വാസികളുടെ സ്വഭാവത്തെക്കുറിച്ചും അവരുടെ അവസ്ഥയിൽനിന്ന് പാഠമുൾക്കൊള്ളേണ്ട രീതിയെക്കുറിച്ചും വിശ്വാസികളെ അതറിയിക്കുന്നു. അതിനാൽ, അതിന്റെ സൂക്തങ്ങളെക്കുറിച്ചും പരിചിന്തനം നടത്തുന്നവർക്ക്, തങ്ങളെയും ചുറ്റുപാടുക





ളെയും കുറിച്ച് പല കാര്യങ്ങളും പഠിക്കാൻ കഴിയും. അല്ലാഹു പറയുന്നു:

**അപ്രകാരം അറബിയിൽ പാരായണം ചെയ്യപ്പെടുന്ന ഒരു ഗ്രന്ഥമായി നാം ഇതിനെ അവതരിപ്പിച്ചിരിക്കുന്നു. ഇതിൽ നാം താക്കീത് വിവിധതരത്തിൽ വിവരിച്ചിരിക്കുന്നു. അവർ സൂക്ഷ്മതയുള്ളവരാകുകയോ, അവർക്ക് ബോധമുളവാക്കുകയോ ചെയ്യുന്നതിനു വേണ്ടി. (ത്വാഹാ: 113)**

മനുഷ്യരുടെ തർക്കത്തോടുള്ള ഇഷ്ടവും 54-ാം സൂക്തം ചൂണ്ടിക്കാട്ടുന്നു. വളരെയധികമാളുകളും വഞ്ചിക്കപ്പെട്ടിരിക്കുകയാണ്. തങ്ങളുടെ വീക്ഷണങ്ങൾ മറ്റുള്ളവരുടേതിനെക്കാൾ ഉയർന്നതാണെന്നവർ കരുതുന്നു. എതിർപക്ഷാഭിപ്രായങ്ങളെ ആദരിക്കാത്തതിനാൽ അവർ വിവാദം നടത്തുന്നു. തുടർന്നുണ്ടാകുന്ന വാക്സമരത്തിൽ വിജയിക്കാൻ യത്നിക്കുകയും ചെയ്യുന്നു. മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ അവരെന്തും ചെയ്യും. കോപിക്കും, അട്ടഹസിക്കും, ആക്രമണോത്സുകരായിത്തീരുകപോലും ചെയ്യും. എന്നാൽ, തർക്കവിഷയത്തിൽ ഖുർആനിനെ വിധികർത്താവാക്കുകയും ഏറ്റവും നല്ലരീതിയിൽ സംസാരിക്കുകയും ചെയ്തുകൊണ്ടായിരിക്കും വിശ്വാസികൾ ഇതിനോട് പ്രതികരിക്കുക. ദൈവേച്ഛയാൽ, മറ്റുള്ളവരെ സത്യത്തിലേക്ക് ക്ഷണിക്കാനും എപ്പോഴും വിജയം നേടാനും ഏറ്റവും ഫലപ്രദമായ രീതി ഇതാണെന്ന് അവർക്കറിയാം. ഇത്തരം സ്വഭാവത്തിന്റെ ഫലം താഴെ സൂക്തത്തിൽ വിവരിക്കപ്പെട്ടിരിക്കുന്നു:

**നല്ലതും ചീത്തയും സമമാകുകയില്ല. ഏറ്റവും നല്ലത് ഏതോ അതുകൊണ്ട് നീ (തിന്മയെ) പ്രതിരോധിക്കുക. അപ്പോൾ ഏതൊരുവനും നീയും ശത്രുതയിലാണോ അവൻ (നിന്റെ) ഉറ്റ ബന്ധു എന്നോണമായിത്തീരുന്നു (*ഫുസ്സിലത്ത്*: 34).**

'തങ്ങൾക്ക് മാർഗദർശനം വന്നുകിട്ടിയപ്പോൾ അതിൽ വിശ്വസിക്കുകയും തങ്ങളുടെ രക്ഷിതാവിനോട് പാപമോചനം തേടുകയും ചെയ്യുന്നതിന് ജനങ്ങൾക്ക് തടസ്സമായത് പൂർവികന്മാരുടെ കാര്യത്തിലുണ്ടായ അതേ നടപടി അവർക്കും വരണം, അല്ലെങ്കിൽ അവർക്ക് നേരിട്ട് ശിക്ഷ വരണം എന്ന അവരുടെ നിലപാട് മാത്രമാകുന്നു.' (അൽകഹ്ഫ്: 55)

**ഖു**ർആനിക സദാചാരത്തിലേക്ക് ക്ഷണിക്കപ്പെടുകയും ഋജുമാർഗം അനുധാവനം ചെയ്യാൻ പ്രവാചകന്മാർ ഉപദേശിക്കുകയും ചെയ്ത ശേഷവും അവിശ്വാസത്തിൽ ഉറച്ചുനിൽക്കുന്ന ആളുകളുടെ അവസ്ഥയാണ് ഈ സൂക്തം വിവരിക്കുന്നത്. ദുരഭിമാനത്തിന് വഴങ്ങി അനുതപിക്കുകയോ പാപമോചനം തേടുകയോ ചെയ്യാതെ, അല്ലാഹു വിപത്ത് അയക്കുന്നതും കാത്തിരിക്കുകയായിരുന്നു അവർ. അവരുടെ വീക്ഷണത്തിൽ അല്ലാഹു വിപത്തയക്കാനുള്ള സാധ്യത വളരെ കുറവായിരുന്നുവെന്നും ദൈവത്തെക്കുറിച്ച ഭയം അവരിൽ അൽപം മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നും, അല്ലെങ്കിൽ പൂർണമായും അതില്ലായിരുന്നു എന്നും ഈ സൂക്തം വിളിച്ചോതുന്നു.

വിശ്വാസത്തിലേക്കും സദാചാരത്തിലേക്കും ക്ഷണിച്ച പൂർവ പ്രവാചകന്മാരും തങ്ങളുടെ ജനതയിൽനിന്ന് ഇത്തരത്തിലുള്ള തിരസ്കാരവും നിഷേധവും അഭിമുഖീകരിച്ചിട്ടുണ്ട്. ദൈവഭയമില്ലാത്ത ഏതൊരു ജനതയും തങ്ങളുടെ നിഷേധത്തിൽ ഉറച്ചുനിൽക്കുകയും അങ്ങനെ പരിഹാസ്യരായി ശിക്ഷക്ക് പാത്രീഭൂതരായിത്തീരുകയും ചെയ്തിട്ടുണ്ട്. അത്തരക്കാർക്ക് അല്ലാഹുവിന്റെ സനാതന നിയമം ശിക്ഷ വിധിച്ചിട്ടുണ്ടെന്ന് ഖുർആൻ വ്യക്തമാക്കുന്നു. ചില സൂക്തങ്ങളിതാ:

**സത്യനിഷേധികളോട്, അവർ വിരമിക്കുകയാണെങ്കിൽ അവർ മുമ്പ് ചെയ്തുപോയിട്ടുള്ളത് അവർക്ക് പൊറുത്തുകൊടുക്കപ്പെടുന്നതാണ് എന്ന് നീ പറയുക. ഇനി അവർ (നിഷേധത്തിലേക്കു തന്നെ) മടങ്ങുകയാണെങ്കിലോ, പൂർവികന്മാരുടെ കാര്യത്തിൽ (അല്ലാഹുവിന്റെ) നടപടി കഴിഞ്ഞുപോയിട്ടുണ്ടല്ലോ (അൽഅൻഫാൽ: 38).**

**ഭൂമിയിൽ അവർ അഹങ്കരിച്ചു നടക്കുകയും, ദുഷിച്ച തന്ത്രം കൈക്കൊള്ളുകയും ചെയ്യുന്നതിനാലാണത്. ദുഷിച്ച തന്ത്രം (അതിന്റെ ഫലം) അത് പ്രയോഗിച്ചവരിൽത്തന്നെയാണ് വന്നുഭവിക്കുക. അപ്പോൾ പൂർവികന്മാരുടെ കാര്യത്തിൽ ഉണ്ടായ നടപടിക്രമമല്ലാതെ എന്താണവർ കാത്തിരിക്കുന്നത്? അല്ലാഹുവിന്റെ നടപടിക്രമത്തിന് യാതൊരു ഭേദഗതിയും നീ കണ്ടെത്തുകയില്ല. (ഫാതിർ: 43).**

**എന്നാൽ നമ്മുടെ ശിക്ഷ കണ്ടപ്പോഴത്തെ അവരുടെ വിശ്വാസം അവർക്ക് പ്രയോജനപ്പെടുകയുണ്ടായില്ല. അല്ലാഹു തന്റെ ദാസന്മാരുടെ കാര്യത്തിൽ മുമ്പേ നടപ്പിലാക്കിക്കഴിഞ്ഞിട്ടുള്ള നടപടിക്രമമത്രെ അത്. അവിടെ സത്യനിഷേധികൾ കൊടിയ നഷ്ടത്തിലാവുകയും ചെയ്തു. (ഗാഫിർ: 85)**

മാറ്റമില്ലാത്തതും പരമവുമായ ശാശ്വത ദൈവനിയമപ്രകാരം പ്രവാചകന്മാരെ ധിക്കരിച്ച എല്ലാ ജനതകൾക്കും അവന്റെ തീരുമാന സമയം നശിപ്പിക്കപ്പെട്ടിട്ടുണ്ട്. സർവാധിപനായ അല്ലാഹു ഇതൊരു ശാശ്വത നിയമമായി





തീരുമാനിച്ചിരിക്കയാൽ അത് മാറ്റിമറിക്കാനോ നീട്ടിക്കൊണ്ടുപോകാനോ ഒരുമണിക്കൂറെങ്കിലും താമസിപ്പിക്കാനോ ആർക്കും കഴിയുകയില്ല. അല്ലാഹു പറയുന്നു:

**മുമ്പ് കഴിഞ്ഞുപോയവരുടെ കാര്യത്തിൽ അല്ലാഹു സ്വീകരിച്ച അതേ നടപടിക്രമം തന്നെ. അല്ലാഹുവിന്റെ നടപടിക്രമത്തിന് യാതൊരു മാറ്റവും നീ കണ്ടെത്തുകയില്ല. (അഹ്സാബ്: 62)**

'സന്തോഷവാർത്ത അറിയിക്കുന്നവരായിക്കൊണ്ടും താക്കീത് നൽകുന്നവരായിക്കൊണ്ടും മാത്രമാണ് നാം ദൂതന്മാരെ നിയോഗിക്കുന്നത്. അവിശ്വസിച്ചവർ മിഥ്യാവാദവുമായി തർക്കിച്ചുകൊണ്ടിരിക്കുന്നു; അതു മൂലം സത്യത്തെ തകർത്തുകളയാൻവേണ്ടി. എന്റെ ദൃഷ്ടാന്തങ്ങളെയും അവർക്ക് നൽകപ്പെട്ട താക്കീതുകളെയും അവർ പരിഹാസ്യമാക്കി ത്തീർക്കുകയും ചെയ്തിരിക്കുന്നു.'
(അൽകഹ്ഫ്: 56)

**ത**ന്റെ ദീൻ പ്രചരിപ്പിക്കാനും അവിശ്വാസത്തിൽ ഉറപ്പിക്കപ്പെട്ട സമ്പ്രദായങ്ങൾ തകർക്കാനും എല്ലാ ജനതയിലേക്കും അല്ലാഹു ദൂതന്മാരെ അയച്ചിട്ടുണ്ടെന്ന് ഖുർആൻ പ്രസ്താവിക്കുന്നു. ദൈവവിശ്വാസം കൈക്കൊള്ളാനും ഇസ്‌ലാമിക നിയമങ്ങൾ പാലിക്കാനും പല മാർഗേണയും അവിശ്വാസികളെ അവർ ക്ഷണിക്കുകയുണ്ടായി. പക്ഷേ, അവിശ്വാസം രൂഢമൂലമായിക്കഴിഞ്ഞിരുന്ന സമൂഹം ചരിത്രത്തിലുടനീളം സത്യമതത്തെ ശക്തിയായെതിർക്കുകയായിരുന്നു. തെറ്റായ വിശ്വാസങ്ങളെ ആ സമൂഹം സംരക്ഷിച്ചു. നിർമതത്വത്തെയും അധാർമികതയെയും ഊർജസ്വലമായി സഹായിച്ചു. മറ്റുള്ളവരെ ആക്രമിക്കാൻ ശ്രമിച്ചു. ജനങ്ങളിൽ പ്രവാചകന്മാർക്കുണ്ടായിരുന്ന സ്വാധീനത്തെ ഇല്ലായ്മ ചെയ്യാൻ പരിശ്രമിച്ചു. മതകീയജീവിതം നയിക്കുന്നവരെ അവർ തടഞ്ഞു.

അവിശ്വാസത്തിന്മേൽ പടുത്തുയർത്തപ്പെട്ട സമൂഹങ്ങൾ സത്യത്തെ തകർക്കാൻ പല രൂപത്തിൽ ശ്രമിക്കുകയായിരുന്നു. പ്രവാചകന്മാരുടെ പേരിൽ അപവാദം നടത്തി അവരുടെ ജനസ്വാധീനത്തെ ചെറുക്കുക, അവർക്കെതിരെ ഗൂഢാലോചന നടത്തുക, അവരെയും അവർ കൊണ്ടുവന്ന ഗ്രന്ഥങ്ങളെയും തള്ളിക്കളയുക, അത് വായിക്കുന്ന വരെ തടയുക,

ആവശ്യമായി വരുമ്പോൾ ആക്രമണത്തെ അവലംബിക്കുക -ഇതെല്ലാമായിരുന്നു അവരുടെ രീതി. നൂഹി(അ)ന്റെ സമൂഹം സ്വീകരിച്ച രീതി ഉദാഹരണം:

**അവർക്കു മുമ്പ് നൂഹിന്റെ ജനതയും അവരുടെ ശേഷമുള്ള കക്ഷികളും (സത്യത്തെ) നിഷേധിച്ചു തള്ളിക്കളയുകയുണ്ടായി. ഓരോ സമുദായവും തങ്ങളുടെ റസൂലിനെ പിടികൂടാൻ ഉദ്യമിക്കുകയും അസത്യത്തെക്കൊണ്ട് സത്യത്തെ തകർക്കാൻ വേണ്ടി തർക്കം നടത്തുകയും ചെയ്തു. തന്നിമിത്തം നാം അവരെ പിടികൂടി. അപ്പോൾ എന്റെ ശിക്ഷ എങ്ങനെയുണ്ടായിരുന്നു! (അൽഗാഫിർ: 5)**

അതെ, അവിശ്വാസികളുടെ സമരം നാശത്തിലായിരിക്കും കലാശിക്കുക. മുൻകാലങ്ങളിലും ഭാവിയിലും വിജയിക്കാൻ അല്ലാഹു അവരെ അനുവദിച്ചിട്ടില്ല. സത്യത്തിൽനിന്ന് ആളുകളെ തടയുന്നവർക്ക് അവസാന വിധി നേരത്ത് അല്ലാഹു കടുത്ത ശിക്ഷ നൽകും. കാരണം, അവരുടെ വിധിയിൽ അല്ലാഹു അങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. അപഥസഞ്ചാരികൾക്കും സത്യ നിഷേധികൾക്കും ഇഹലോകത്തിൽ വലിയ നഷ്ടവും പരലോകത്ത് വൻ വിപത്തുമായിരിക്കും. അല്ലാഹു പറയുന്നു:

**അല്ലാഹുവിനാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. ആ അന്ത്യസമയം നിലവിൽവരുന്ന ദിവസമുണ്ടല്ലോ, അന്നായിരിക്കും അസത്യവാദികൾക്ക് നഷ്ടം നേരിടുന്ന ദിവസം. (അൽജാസിയ: 27)**

ദൈവിക ദൃഷ്ടാന്തങ്ങളെയും നരകശിക്ഷയെയും അവിശ്വാസികൾ നിഷേധിച്ചിരുന്നുവെന്നും 56-ാം സൂക്തം ചൂണ്ടിക്കാട്ടുന്നു.

ദൈവിക ദൃഷ്ടാന്തങ്ങ(വാക്യങ്ങൾ)ളെ നിഷേധിക്കാനുള്ള വലിയൊരു കാരണം അവരുടെ അഹന്തയായിരുന്നു. ദൈവികനാമം ആരും ഉച്ചരിക്കരുതെന്നോ ഇസ്‌ലാമിക സദാചാരത്തിൽ ആരും തൽപരരാകരുതെന്നോ ആയിരുന്നു അവർ ഏറ്റവും ആഗ്രഹിച്ചിരുന്നത്. കാരണം, അത്തരമൊരന്തരീക്ഷത്തിൽ മാത്രമാണല്ലോ തങ്ങളുടെ നികൃഷ്ട സ്വഭാവങ്ങൾ തുടർന്നുപോകാനും അവയെ നിസ്സാരമാക്കാനും കഴിയുക. സൃഷ്ടികർമത്തെളിവുകൾ നിഷേധിക്കുകയോ, ദൈവികശക്തി നിർലജ്ജം അവഗണിക്കുകയോ ചെയ്തെങ്കിലേ തങ്ങൾക്ക് സമാധാനം ലഭിക്കുകയുള്ളൂവെന്നായിരുന്നു അവർ കരുതിയത്. സുവ്യക്തമായ തെളിവുകൾ പോലും വിശ്വസിക്കാൻ അവർ സമ്മതിച്ചിരുന്നില്ലെന്നാണ് മനഃപൂർവമായ ഈ അവഗണനയുടെ അർഥം. അല്ലാഹുവെയും മതത്തെയും നിഷേധിക്കുക വഴി ചുറ്റുപാടുമുള്ളവരിൽ മേധാവിത്വവും സ്ഥാനവും നേടുകയായിരുന്നു അവരുടെ ലക്ഷ്യം. മറ്റെല്ലാ സൃഷ്ടികളെയുംപോലെ, അവരും ദൈവ സൃഷ്ടികളും ദൈവത്തെ മാത്രം ആശ്രയിക്കുന്നവരും ദൈവത്തെ ഒഴിച്ചുനിർത്തിയാൽ നിസ്സഹായരുമാണുതാനും.





ദൈവികാനുഗ്രഹങ്ങളായ ബുദ്ധി, ശാരീരിക ശക്തി, ഭൗതികോപാധികൾ, സൗന്ദര്യം തുടങ്ങിയവ കൊണ്ടാണ് അവർ തങ്ങളുടെ പൊങ്ങച്ചം കെട്ടിപ്പടുക്കുന്നത്. പക്ഷേ, സ്വന്തമായി ബുദ്ധിയും മനഃസാക്ഷിയും പ്രയോഗിക്കാൻ കഴിയാത്ത അവർ കൃതജ്ഞതക്കു പകരം പരിഹാസം ഇഷ്ടപ്പെടുന്നു.

ദൈവിക വചനങ്ങൾ കേൾക്കുമ്പോൾതന്നെ ഇത്തരക്കാർ പരിഹസിക്കാൻ തുടങ്ങുന്നുവെന്ന് ഖുർആൻ പ്രസ്താവിക്കുന്നു:

**(ഖുർആനിലെ) ഏതെങ്കിലുമൊരു അധ്യായം അവതരിപ്പിക്കപ്പെട്ടാൽ അവരിൽ ചിലർ പറയും: നിങ്ങളിൽ ആർക്കാണ് ഇത് വിശ്വാസം വർധിപ്പിച്ചുതന്നത്? എന്നാൽ സത്യവിശ്വാസികൾക്കാകട്ടെ, അതവരുടെ വിശ്വാസം വർധിപ്പിക്കുകതന്നെയാണ് ചെയ്തത്. അവർ (അതിൽ) സന്തോഷംകൊള്ളുകയും ചെയ്യുന്നു (അത്തൗബ: 124).**

എന്നാൽ, ഈ പരിഹാസമൊന്നും വിശ്വാസികളുടെ ആത്മവീര്യം തകർക്കാനോ നിരുത്സാഹപ്പെടുത്താനോ പര്യാപ്തമല്ല. പ്രത്യുത, പ്രേരണയും അർപ്പണവും വർധിപ്പിക്കുക മാത്രമേ ചെയ്യുകയുള്ളൂ. ദൈവിക വചനങ്ങൾക്ക് നേരെയുള്ള അവരുടെ വക്രസമീപനത്തെ മറ്റൊരു സൂക്തം ഇങ്ങനെ വിവരിക്കുന്നു:

**ഏതൊരു വസ്തുവെയും ഉപമയാക്കുന്നതിൽ അല്ലാഹു ലജ്ജിക്കുകയില്ല; തീർച്ച. അതൊരു കൊതുകോ, അതിലുപരി നിസ്സാരമോ ആകട്ടെ. എന്നാൽ വിശ്വാസികൾക്ക് അത് തങ്ങളുടെ നാഥന്റെ പക്കൽനിന്നുള്ള സത്യമാണെന്ന് ബോധ്യമാകുന്നതാണ്. സത്യനിഷേധികളാവട്ടെ ഈ ഉപമകൊണ്ട് അല്ലാഹു എന്താണുദ്ദേശിക്കുന്നത് എന്നു ചോദിക്കുകയാണ് ചെയ്യുക. അങ്ങനെ ആ ഉപമ നിമിത്തം ധാരാളമാളുകളെ അവൻ പിഴവിലാക്കുന്നു. ധാരാളം പേരെ നേർവഴിയിലാക്കുകയും ചെയ്യുന്നു. അധർമകാരികളല്ലാത്ത ആരെയും അതുനിമിത്തം അവൻ പിഴപ്പിക്കുകയില്ല (അൽബഖറ: 26).**

ഉപരിസൂചിത സൂക്തം വ്യക്തമാക്കിയതുപോലെ, ഒരു ദൈവികവചനത്തിൽ കൊതുകിന്റെ ഉപമ വിവരിച്ചതിന്റെ പിന്നിലുള്ള ലക്ഷ്യം അവിശ്വാസികൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. അജ്ഞതകൊണ്ട് അവർ ചോദിച്ചു: ഈ ഉപമകൊണ്ട് അല്ലാഹുവിന്റെ ലക്ഷ്യമെന്താണ്? അങ്ങനെ, ഈ വചനത്തെ അവർ പരിഹസിക്കുകയായിരുന്നു. എന്നാൽ, ഏറ്റവും മാരകമായ കൊതുകിന് അദ്ഭുതകരമായ നിരവധി ഗുണങ്ങളുണ്ടെന്ന് ഇന്ന് ശാസ്ത്രം കണ്ടെത്തിയിരിക്കുന്നു.

ഈ ജീവിയുടെ അദ്ഭുത ഗുണങ്ങളെക്കുറിച്ച് 1400 വർഷങ്ങൾക്കു മുമ്പ് അല്ലാഹു ചൂണ്ടിക്കാട്ടിയപ്പോൾ, അറിവില്ലായ്മയിൽ അവിശ്വാസികൾ പരി

ഹസിച്ചു. അതിനാൽ, ബുദ്ധികുറഞ്ഞവരായി അല്ലാഹു അവരെ വെളിപ്പെടുത്തുകയായിരുന്നു. അല്ലാഹു ആജ്ഞാപിച്ച ആരാധനകളെ പരിഹസിക്കുക അവിശ്വാസികളുടെ ഒരു സ്ഥിരം ഏർപ്പാടായിരുന്നു:

**നിങ്ങൾ നമസ്കാരത്തിനായി വിളിച്ചാൽ അവരതിനെ ഒരു തമാശയും വിനോദവുമാക്കിത്തീർക്കുന്നു. അവർ ചിന്തിച്ചു മനസ്സിലാക്കാത്ത ഒരു ജനവിഭാഗമായതുകൊണ്ടത്രെ അത്. (അൽ മാഇദ: 58)**

പരിഹാസപരമായ ഈ സമീപനത്തെക്കുറിച്ച് നിരവധി സൂക്തങ്ങൾ അല്ലാഹു അവതരിപ്പിച്ചിട്ടുണ്ട്. അത്തരം നിലപാടുകളോടെങ്ങനെ പ്രതികരിക്കണമെന്ന് വിശ്വാസികളോട് ഉപദേശിക്കുകയും ചെയ്തിട്ടുണ്ട്.

**നമ്മുടെ ദൃഷ്ടാന്തങ്ങളെ അപഹസിക്കുന്നതിൽ മുഴുകിയവരെ നീ കണ്ടാൽ അവർ മറ്റുവല്ല വർത്തമാനത്തിലും പ്രവേശിക്കുന്നതുവരെ നീ അവരിൽനിന്ന് തിരിഞ്ഞുകളയുക. ഇനി വല്ലപ്പോഴും നിന്നെ പിശാച് മറപ്പിച്ചുകളയുന്ന പക്ഷം ഓർമവന്നതിനുശേഷം അക്രമികളായ ആ ആളുകളുടെ കൂടെ നീ ഇരിക്കരുത്. (അൽഅൻആം: 68)**

പ്രവാചകന്മാരെയും ദൈവിക ദൃഷ്ടാന്തങ്ങളെയും നിഷേധിക്കുകയും പരിഹസിക്കുകയും ചെയ്യുന്നവർക്ക് വിധിനാളിലുണ്ടാകുന്ന അവസ്ഥ എന്തായിരിക്കുമെന്ന് ഖുർആൻ ചൂണ്ടിക്കാട്ടുന്നതിങ്ങനെ:

**അതത്രെ അവർക്കുള്ള പ്രതിഫലം. അവിശ്വസിക്കുകയും എന്റെ ദൃഷ്ടാന്തങ്ങളെയും ദൂതന്മാരെയും പരിഹാസ്യമാക്കുകയും ചെയ്തതിനുള്ള (ശിക്ഷയായ) നരകം. (അൽകഹ്ഫ്: 106)**

'തന്റെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളെപ്പറ്റി ഓർമിപ്പിക്കപ്പെട്ടിട്ടും അതിൽനിന്ന് തിരിഞ്ഞുകളയുകയും തന്റെ കൈകൾ മുൻകൂട്ടി ചെയ്തത് (ദുഷ്കർമങ്ങൾ) മറന്നുകളയുകയും ചെയ്തവനേക്കാൾ അക്രമിയായി ആരുണ്ട്? തീർച്ചയായും അവരത് ഗ്രഹിക്കുന്നതിന് (തടസ്സമായി) നാം അവരുടെ ഹൃദയങ്ങളിൽ മൂടികളും അവരുടെ കാതുകളിൽ ഭാര(അടപ്പ്)വും ഏർപ്പെടുത്തിയിരിക്കുന്നു. (അങ്ങനെയിരിക്കെ) നീ അവരെ സന്മാർഗത്തിലേക്ക് ക്ഷണിക്കുന്നപക്ഷം അവർ ഒരിക്കലും സന്മാർഗം സ്വീകരിക്കുകയില്ല.' (അൽകഹ്ഫ്: 57)





പ്രവാചകന്മാരുടെ വ്യക്തമായ ക്ഷണവും ഉദ്ബോധനവും അവഗണിച്ചുകൊണ്ട് നിരവധിയാളുകൾ ആ വചനങ്ങളിൽനിന്ന് തിരിഞ്ഞുകളയുന്നു. എന്നാൽ, ഈ നിഷേധം അല്ലാഹുവിന്റെ വിധിയാലും ആജ്ഞയാലുമാണ് നടക്കുന്നത്. പരിഹാസമെന്നും അറിവില്ലായ്മയെന്നും വിശേഷിപ്പിക്കപ്പെട്ട ഈ നിഷേധാവസ്ഥ അവരുടെ വിധിയിൽ തീരുമാനിക്കപ്പെട്ടതത്രെ. മനസ്സിലാക്കാനുള്ള ശ്രമവും ഇച്ഛാശക്തിയുമെത്രയായാലും അവർക്കത് നേടാൻ കഴിയുകയില്ല. തങ്ങളുടെ വിധിക്കൊപ്പം ജീവിക്കുകയേ അവർക്ക് നിർവാഹമുള്ളൂ.

വിശ്വാസം നൽകുന്നത് അല്ലാഹുവാണ്. വിശ്വാസം അവരുടെ വിധിയിൽ അവൻ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അപ്പോൾ, ദൈവേച്ഛയില്ലെങ്കിൽ വിശ്വാസത്തിലേക്കുള്ള വിളിയും ക്ഷണവുമൊന്നും അവരിൽ ഫലപ്രദമാകുകയില്ല. ഹൃദയങ്ങളിന്മേൽ ഒരു ആവരണമിട്ടുകൊണ്ട് അവരുടെ വിശ്വാസം അല്ലാഹു തടഞ്ഞിരിക്കുകയാണ്. ഖുർആൻ പറയുന്നു:

**നീ പറയുന്നത് ശ്രദ്ധിച്ചുകേൾക്കുന്ന ചിലരും അവരുടെ കൂട്ടത്തിലുണ്ട്. എന്നാൽ, അവർ ഗ്രഹിക്കാത്തവിധം അവരുടെ ഹൃദയങ്ങളിന്മേൽ നാം മൂടികളിടുകയും അവരുടെ കാതുകളിൽ അടപ്പ് വെക്കുകയും ചെയ്തിരിക്കുന്നു. എന്തെല്ലാം ദൃഷ്ടാന്തങ്ങൾ കണ്ടാലും അവരതിൽ വിശ്വസിക്കുകയില്ല. അങ്ങനെ അവർ നിന്റെ അടുക്കൽ നിന്നോടു തർക്കിക്കാനായി വന്നാൽ ആ സത്യനിഷേധികൾ പറയും: ഇത് പൂർവികന്മാരുടെ കെട്ടുകഥകളല്ലാതെ മറ്റൊന്നുമല്ല എന്ന് (അൽഅൻആം: 25).**

**അവരുടെ മനസ്സുകൾക്കും കാതിനും അല്ലാഹു മുദ്രവെച്ചിരിക്കുകയാണ്. അവരുടെ ദൃഷ്ടികളിന്മേലും ഒരു മൂടിയുണ്ട്. അവർക്കാകുന്നു കനത്ത ശിക്ഷയുള്ളത് (അൽബഖറ: 7).**

ഈയാളുകൾക്ക് ഒരിക്കലും മാർഗദർശനം ലഭിക്കുകയില്ലെന്ന് അല്ലാഹു പ്രഖ്യാപിക്കുന്നു. വിധി മാറ്റുക അസംഭവ്യമാണെന്നും എത്ര ശ്രമിച്ചാലും വിധിക്കപ്പുറം ഒന്നുമനുഭവിക്കാൻ കഴിയുകയില്ലെന്നും ഈ സൂക്തങ്ങളിലൂടെ അല്ലാഹു ഓർമിപ്പിക്കുകയാണ്.

'നിന്റെ രക്ഷിതാവ് ഏറെ പൊറുക്കുന്നവനും കരുണയുള്ളവനുമാകുന്നു. അവർ ചെയ്തുകൂട്ടിയതിന് അവൻ അവർക്കെതിരിൽ നടപടി എടുക്കുകയായിരുന്നെങ്കിൽ അവർക്കവൻ ഉടൻതന്നെ ശിക്ഷ നൽകുമായിരുന്നു. പക്ഷേ, അവർക്കൊരു നിശ്ചിത അവധിയുണ്ട്. അതിനെ മറികടന്നുകൊണ്ട് രക്ഷപ്രാപിക്കാവുന്ന ഒരു സ്ഥാനവും അവർ കണ്ടെത്തുകയേയില്ല.' (അൽകഹ്ഫ്: 58)

**അ**ല്ലാഹുവിന് തന്റെ ദാസന്മാരോടുള്ള അപരിമേയമായ ദയയും അനുകമ്പയുമാണ് ഈ വചനം നമ്മെ അനുസ്മരിപ്പിക്കുന്നത്. കരുണാവാരിധിയായ അല്ലാഹു അനന്തമായ തന്റെ ദയയും കാരുണ്യവും സകല വസ്തുക്കളിലും പ്രതിഫലിക്കാൻ വിട്ടിരിക്കുകയാണ്. ശ്വസിക്കുന്ന വായു മുതൽ കഴിക്കുന്ന ആഹാരം വരെ, സദാ മിടിച്ചുകൊണ്ടിരിക്കുന്ന ഹൃദയം മുതൽ സമ്പൂർണമായ പ്രകൃതിസൗന്ദര്യം വരെ എല്ലാ വസ്തുക്കളും വിശദാംശങ്ങളും ദൈവാനുഗ്രഹത്തിന്റെ പ്രതിഫലനമാണ്. മനുഷ്യരെല്ലാം ജീവിതം കണ്ടെത്തുന്നതും നയിക്കുന്നതും അവന്റെ അനുഗ്രഹം കൊണ്ടുതന്നെ.

ചിലർ ഈ സംഭാവനകളെ വിലയിരുത്തി സൃഷ്ടിയുടെ ഉദ്ദേശ്യം മനസ്സിലാക്കുകയും അല്ലാഹുവിന് ദാസ്യവൃത്തി ചെയ്യുകയും ചെയ്യുന്നു. മറ്റു ചിലരാകട്ടെ, കൃതഘ്നതയോടെ തിരിഞ്ഞുകളയുകയാണ് ചെയ്യുന്നത്. ഭൂമുഖത്തെ സകല അനുഗ്രഹങ്ങളും അല്ലാഹു ഓരോരുത്തർക്കും നൽകുന്നുണ്ട്. അതുകൊണ്ടാണ് ഭൗതികാനുഗ്രഹങ്ങൾ കപടവിശ്വാസികൾക്കും മുശ്‌രിക്കുകൾക്കും അവിശ്വാസികൾക്കു പോലും പ്രയോജകീഭവിക്കുന്നത്. അവ വ്യക്തമായിരിക്കാം, ഗുപ്തമായിരിക്കാം. ശ്വസിക്കുന്ന വായു മുതൽ കുടിക്കുന്ന വെള്ളംവരെ വിശ്വാസികൾക്ക് നൽകുന്നതുപോലെ അവിശ്വാസികൾക്കും നൽകുന്നു. അല്ലാഹു അവർക്ക് വസ്തുക്കളും സ്വത്തും നൽകുന്നു. താമസിക്കാൻ ഭവനവും കുടുംബ പരമ്പര തുടരാൻ സന്താന പരമ്പരയും നൽകുന്നു. നല്ല ആഹാരവും ആരോഗ്യവും ശക്തിയും സൗന്ദര്യവും അവൻ അവർക്ക് നൽകുന്നു.

ഈ അനുഗ്രഹങ്ങളെല്ലാം ഉപയോഗിക്കാൻ അവിശ്വാസികളെ അവൻ അനുവദിക്കുന്നു. അവനിലേക്ക് തിരിഞ്ഞു പരിചിന്തനം നടത്തുകയും ഗ്രഹിക്കുകയും നന്ദി പ്രകാശിപ്പിക്കുകയും ചെയ്യാൻ അവർക്ക് സാധ്യമാകാനാണത്. പക്ഷേ, അതെല്ലാം ഭൗതിക ജീവിതത്തിന്റെ മാത്രം കഥ. പാരത്രിക ജീവിതത്തിൽ അത്, ദൈവസാമീപ്യം നേടാനും ദൈവപ്രീതിയാർജിക്കാനും അവ ഉപയോഗപ്പെടുത്തുന്ന നന്ദിയുള്ള വിശ്വാസികൾക്കുള്ളതാണ്. കാരണം അവൻ കരുണാവാരിധിയും വിശ്വാസികൾക്കുമാത്രം സ്വർഗം വാഗ്ദാനം ചെയ്യുന്നവനുമാണ്. അല്ലാഹു പറയുകയാണ്:

**എന്നാൽ പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽക്കർമം പ്രവർത്തിക്കുകയും ചെയ്തവർ ഇതിൽനിന്നൊഴിവാകുന്നു. അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അവർ ഒട്ടും അനീതിക്ക് വിധേയരാകുകയില്ല. പരമകാരുണികൻ തന്റെ ദാസന്മാരോട് അദൃശ്യമായ നിലയിൽ വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥിരവാസത്തിനായുള്ള സ്വർഗത്തോപ്പുകളിൽ (അവർ പ്രവേശിക്കും). തീർച്ചയായും അവന്റെ വാഗ്ദാനം നടപ്പിൽവരുത്തുന്നത് തന്നെയാണ് (മർയം: 60, 61).**

ദൈവികശിക്ഷക്ക് വിധേയരാകാൻ പോകുന്ന ജനതക്ക് ഒരു നിശ്ചിത





സമയമുണ്ടെന്നും ഓരോ മനുഷ്യന്റെയും ജനതയുടെയും ശിക്ഷയുടെ കൃത്യസമയം ദൈവസന്നിധിയിൽ അറിയപ്പെട്ടതാണെന്നും 58-ാം സൂക്തം പരാമർശിക്കുന്നുണ്ട്. 'ഓരോ സമുദായവും അതിന്റെ അവധിവിട്ട് മുന്നോട്ട് പോകുകയോ പിന്നോട്ട് പോകുകയോ ഇല്ലെ'(*അൽമുഅ്മിനൂൻ: 43*)ന്ന് അല്ലാഹു പറയുന്നു.

സമൂഹ നശീകരണ വിപത്തുക്കളായ ഭൂകമ്പം, പ്രളയം, ചുഴലിക്കാറ്റ് തുടങ്ങിയവ സംഭവിക്കുന്ന സമയം, അതിന്റെ കാഠിന്യം, കാലയളവ്, അനന്തര ഫലങ്ങൾ എന്നിവയെല്ലാം ദൈവിക വിധിയിൽ അറിയപ്പെട്ടിരിക്കുന്നു. വിധിനാളിനെ നിഷേധിക്കുകയും അവിശ്വസിക്കുകയും ചെയ്യുന്നവരുടെ വിധിയിൽ ദിവസവും മിനിറ്റും സെക്കന്റും വരെ, സമയത്തെ ചൂഴ്ന്നു നിൽക്കുന്ന അല്ലാഹു നിശ്ചയിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു:

**അദ്ദേഹം(മൂസാ) പറഞ്ഞു: എന്നാൽ നീ പോ. തീർച്ചയായും നിനക്ക് ഈ ജീവിതം മുഴുവൻ 'എന്നെ തൊടരുതേ' എന്ന് വിലപിച്ചുകൊണ്ട് കഴിയേണ്ടിവരും. തീർച്ചയായും നിനക്ക് നിശ്ചിതമായ ഒരവധിയുണ്ട്. അത് ലംഘിക്കപ്പെടുകയേ ഇല്ല. നീ പൂജിച്ചുകൊണ്ടിരിക്കുന്ന നിന്റെ ആ ദൈവത്തിന്റെ നേരെ നോക്കൂ. തീർച്ചയായും നാം അതിനെ ചുട്ടെരിക്കുകയും എന്നിട്ട് പൊടിച്ച് കടലിൽ വിതറിക്കളയുകയും ചെയ്യുന്നതാണ്. (ത്വാഹാ: 97)**

'ആ രാജ്യങ്ങൾ അക്രമത്തിലേർപ്പെട്ടപ്പോൾ അവരെ നാം നശിപ്പിച്ചു കളഞ്ഞു. അവരുടെ നാശത്തിനു നാം ഒരു നിശ്ചിത അവധി വെച്ചിട്ടുണ്ട്.'
(അൽകഹ്ഫ്: 59)

**മ**റ്റുവാക്കുകളിൽ പറഞ്ഞാൽ, ദൈവിക നിയമത്തെ എതിർക്കുന്ന രാജ്യമോ സമൂഹമോ അതിജീവിക്കുകയില്ല. അല്ലാഹുവിനെയും അവന്റെ മതത്തെയും അനാദരിക്കുകയും ഖുർആനിക ധർമശാസ്ത്രത്തിന് വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന ഓരോ ജനതയും നശിപ്പിക്കപ്പെടുകയും ചരിത്രത്താളുകളിൽനിന്ന് തിരോഭവിക്കുകയും ചെയ്യും.

അല്ലാഹുവിന്റെ നിയമത്തോടും, ഇസ്‌ലാമിക ധർമശാസ്ത്രത്തോടും യുദ്ധം പ്രഖ്യാപിച്ച ധാരാളം ജനതകൾ കഴിഞ്ഞുപോയിട്ടുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിലെ കമ്യൂണിസ്റ്റ് ഭരണകൂടങ്ങൾ സമകാലിക ദൃഷ്ടാന്തങ്ങളിൽ ചിലതു മാത്രം. അവിടെ മതസ്ഥാപനങ്ങൾ ഇല്ലായ്മ ചെയ്യപ്പെട്ടു. ഭക്ത ജനങ്ങൾ



മത, വംശീയ സംഘർഷങ്ങളിൽ തകർന്ന ആരാധനാലയങ്ങൾ (ഇടത്), ബോസ്നിയയിലെ തകർന്ന പള്ളി (വലത്), മക്കഡോണിയയിൽ തകർന്ന പള്ളി

പീഡിപ്പിക്കപ്പെട്ടു. മതനേതാക്കൾ വധിക്കപ്പെട്ടു. വിശുദ്ധ ഗ്രന്ഥങ്ങളുടെ പാരായണം നിരോധിക്കപ്പെട്ടു. പക്ഷേ, ഈ ഭരണങ്ങൾക്കൊന്നും കൂടുതൽകാലം നീണ്ടുനിൽക്കാൻ കഴിഞ്ഞില്ല. തിരിഞ്ഞുനോക്കുമ്പോൾ ഗതാനുഗതികമായി അവ പിൻവലിയുന്നതാണ് കാണുന്നത്.

പീഡനം ഒരു നയമായി സ്വീകരിച്ച സ്വേച്ഛാധിപതികളുടെ നിരവധി ഉദാഹരണങ്ങൾ ഖുർആൻ നൽകുന്നുണ്ട്. ഫറോവയുടെയും പരിവാരങ്ങളുടെയും ഭരണം അവയിലൊന്നത്രെ. വിശ്വസിക്കാനുള്ള മൂസായുടെ ക്ഷണം പരസ്യമായി തള്ളിക്കളഞ്ഞ ഫറോവ വിശ്വാസികളെ പീഡിപ്പിക്കുകയായിരുന്നു. ഫലമെന്തായിരുന്നു! അക്രമാസക്തമായ ആ ഭരണത്തിന് ദീർഘായുസ്സുണ്ടായില്ല. ഒരു വലിയ ആപത്തിലൂടെ അത് തുടച്ചുനീക്കപ്പെടുകയായിരുന്നു. ഫറോവയെപ്പറ്റിയുള്ള വിവരണങ്ങൾ താഴെ സൂക്തങ്ങളിൽ കാണാം:

**ഇസ്റാഈൽ സന്തതികളെ നാം കടൽകടത്തി കൊണ്ടുപോയി. അപ്പോൾ ഫിർഔനും അവന്റെ സൈന്യങ്ങളും ധിക്കാരവും അതിക്രമവുമായി അവരെ പിന്തുടർന്നു. ഒടുവിൽ മുങ്ങിമരിക്കാറായപ്പോൾ അവൻ പറഞ്ഞു: 'ഇസ്രാഈൽ സന്തതികൾ ഏതൊരു ദൈവത്തിൽ വിശ്വസിച്ചിരിക്കുന്നുവോ അവനല്ലാതെ യാതൊരു ദൈവവുമില്ല എന്ന് ഞാൻ വിശ്വസിച്ചിരിക്കുന്നു. ഞാൻ(അവന്ന്) കീഴ്പ്പെട്ടവരുടെ കൂട്ടത്തിലാകുന്നു.' (അല്ലാഹു അവനോട് പറഞ്ഞു:) 'മുമ്പൊക്കെ ധിക്കരിക്കുകയും**









ഫറോവ, മൂസ(അ)യെയും അദ്ദേഹത്തിന്റെ ജനതയെയും പീഡിപ്പിക്കുകയും അവരുടെ സത്യവിശ്വാസത്തെ കൈവെടിയാൻ പ്രേരിപ്പിക്കുകയും ചെയ്തു. ഫറോവയുടെ വിധി അല്ലാഹുവിനാൽ നിശ്ചയിക്കപ്പെടുകയും അവനും അവന്റെ കപ്പലും കടലിൽ ആഴ്ത്തപ്പെടുകയും ചെയ്തു.


**കുഴപ്പക്കാരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്തിട്ട് ഇപ്പോഴാണോ (നീ വിശ്വസിക്കുന്നത്?) എന്നാൽ നിന്റെ പിറകെ വരുന്നവർക്ക് നീ ഒരു ദൃഷ്ടാന്തമായിരിക്കേണ്ടതിനു വേണ്ടി ഇന്നു നിന്റെ ശരീരത്തെ നാം രക്ഷപ്പെടുത്തിയെടുക്കുന്നതാണ്. തീർച്ചയായും അധിക ജനവും അശ്രദ്ധരാകുന്നു. (യൂനുസ്: 90-92)**

അക്രമികളും ക്രൂരരുമായിരുന്ന ഇത്തരം ഭരണകൂടങ്ങളെ താൽക്കാലികമായി നിലനിർത്തിയിരുന്നത് ഒരു പരീക്ഷണമെന്ന നിലയിലായിരുന്നു. അല്ലാഹു മുഹമ്മദ് നബിയെ സംബോധന ചെയ്യുന്നു:

**അക്രമികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി അല്ലാഹു അശ്രദ്ധനാണെന്ന് നീ വിചാരിച്ചുപോകരുത്. കണ്ണുകൾ തള്ളിപ്പോകുന്ന ഒരു (ഭയാനകമായ) ദിവസം വരെ അവർക്ക് അവൻ സമയം നീട്ടിക്കൊടുക്കുക മാത്രമാണ് ചെയ്യുന്നത്. (ഇബ്റാഹീം: 42)**

അക്രമികൾ തങ്ങളുടെ ശിക്ഷ കണ്ടെത്തുമെന്ന് ഇതിലൂടെ അല്ലാഹു അദ്ദേഹത്തെ ധരിപ്പിക്കുകയായിരുന്നു. ഈ വസ്തുത മറ്റൊരു സൂക്തത്തിൽ ഇങ്ങനെ വ്യക്തമാക്കപ്പെട്ടിരിക്കുന്നു:

**കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോ**



ദിവ്യത്വം അവകാശപ്പെട്ട ഫറോവയുടെ വിധി ഒരു ദൃഷ്ടാന്തമായി അല്ലാഹു ചൂണ്ടിക്കാട്ടുന്നു. അയാൾക്ക് സംഭവിച്ച അന്ത്യത്തെക്കുറിച്ച് ഖുർആൻ സൂക്തങ്ങൾ വിശദമായി പ്രതിപാദിക്കുന്നു.



**ഷവാർത്ത അറിയിക്കുക. തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്: 'ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ്' എന്നായിരിക്കും (അൽബഖറ: 155,156).**

സ്വന്തം ദുഷ്കൃത്യങ്ങൾ കാരണമാണ് ഇത്തരം ജനത നശിപ്പിക്കപ്പെട്ടതെന്ന് 59-ാം സൂക്തം പ്രസ്താവിക്കുന്നു. ഇപ്പോൾ, ഈ പദത്തിനർഥമെന്തെന്ന് കൃത്യമായി വിശകലനം നടത്തേണ്ടത് അനിവാര്യമാണ്.

അല്ലാഹുവിൽ പങ്കാളികളെ ആരോപിക്കുകയും അവന്റെ വചനങ്ങൾ നിഷേധിക്കുകയും അവന്റെ പ്രവാചകന്മാരെ തള്ളിക്കളയുകയും ചെയ്യുന്നവരാണ് ദുഷ്കൃത്യം ചെയ്യുന്നവരെന്ന് ഖുർആൻ വെളിപ്പെടുത്തുന്നു.

*......അക്രമികളല്ലാതെ നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയില്ല (അൽഅൻകബൂത്ത്: 49)* എന്ന വാക്യം ഈ വസ്തുത വ്യക്തമാക്കുന്നു. തദ്വിഷയകമായ മറ്റുചില സൂക്തങ്ങളിതാ:

**മൂസായുടെ ജനത അദ്ദേഹം പോയതിനുശേഷം അവരുടെ ആഭരണങ്ങൾ കൊണ്ടുണ്ടാക്കിയ മുക്രയിടുന്ന ഒരു കാളക്കുട്ടിയുടെ സ്വരൂപത്തെ ദൈവമായി സ്വീകരിച്ചു. അതവരോട് സംസാരിക്കുകയില്ലെന്നും അവർക്ക് വഴികാണിക്കുകയില്ലെന്നും അവർ കണ്ടില്ലേ?! അതിനെ അവർ(ദൈവമായി) സ്വീകരിക്കുകയും അതോടെ അവർ അക്രമികളാകുകയും ചെയ്തിരിക്കുന്നു. (അൽഅഅ്റാഫ്: 148)**

**വിശ്വാസത്തിനുശേഷം അവിശ്വാസം സ്വീകരിച്ച ജനതയെ അല്ലാഹു എങ്ങനെ നേർവഴിയിലാക്കും? അവരാകട്ടെ, ദൈവദൂതൻ സത്യവാനാണെന്ന് സാക്ഷ്യം വഹിച്ചിട്ടുണ്ട്. അവർക്ക് വ്യക്തമായ തെളിവുകൾ വന്നുകിട്ടിയിട്ടുമുണ്ട്. അക്രമികളായ ജനവിഭാഗത്തെ അല്ലാഹു നേർവഴിയിലാക്കുന്നതല്ല. (ആലുഇംറാൻ: 86)**

**ഈ ഖുർആനിലാകട്ടെ, ഇതിനു മുമ്പുള്ള വേദത്തിലാകട്ടെ ഞങ്ങൾ വിശ്വസിക്കുന്നതേ അല്ല എന്ന് സത്യനിഷേധികൾ പറഞ്ഞു. (നബിയേ) ഈ അക്രമികൾ തങ്ങളുടെ രക്ഷിതാവിന്റെ അടുക്കൽ നിറുത്തപ്പെടുന്ന സന്ദർഭം നീ കണ്ടിരുന്നെങ്കിൽ! അവരിൽ ഓരോ വിഭാഗവും മറുവിഭാഗത്തിന്റെ മേൽ കുറ്റമാരോപിച്ചുകൊണ്ടിരിക്കും. ബലഹീനരായി ഗണിക്കപ്പെട്ടവർ വലുപ്പം നടിച്ചിരുന്നവരോട് പറയും: നിങ്ങളില്ലായിരുന്നുവെങ്കിൽ ഞങ്ങൾ വിശ്വാസികളായിരുന്നേനെ. (സബഅ്: 31)**

**നമ്മുടെ ദൃഷ്ടാന്തങ്ങളെ അപഹസിക്കുന്നതിൽ മുഴുകിയവരെ നീ കണ്ടാൽ അവർ മറ്റുവല്ല വർത്തമാനത്തിലും പ്രവേശിക്കു**

**ന്നതുവരെ നീ അവരിൽനിന്ന് തിരിഞ്ഞുകളയുക. ഇനി വല്ല പ്പോഴും നിന്നെ പിശാച് മറപ്പിച്ചുകളയുന്ന പക്ഷം ഓർമവന്ന തിനു ശേഷം അക്രമികളായ ആ ആളുകളുടെ കൂടെ നീ ഇരി ക്കരുത്. (അൽഅൻആം: 68)**

അതെ, വിശുദ്ധ ഗ്രന്ഥങ്ങളെ നിഷേധിക്കുകയും അല്ലാഹുവിന് പുറമെ ദൈവങ്ങളെ സ്വീകരിക്കുകയും പ്രവാചകന്മാർ സത്യവാദികളാണന്ന് അംഗീ കരിച്ചശേഷം നിഷേധത്തിലേക്ക് തിരിയുകയും ദൈവിക വചനങ്ങളെ പരി ഹസിക്കുകയും ചെയ്യുന്നവരെല്ലാമാണ് 'അക്രമികൾ' എന്നതുകൊണ്ട് വി വക്ഷ. ഇത്തരക്കാരുടെ നിരവധി സ്വഭാവങ്ങൾ ഖുർആൻ അനാഛാദനം ചെയ്യുന്നുണ്ട്. ചുരുക്കത്തിൽ, ദൈവിക മൂല്യങ്ങൾ തള്ളിക്കളയുകയും ദൈവി കാജ്ഞപ്രകാരമുള്ള ആരാധന തിരസ്കരിക്കുകയും അല്ലാഹുവോടും അവന്റെ മതത്തോടും ഗർവ്നടിക്കുകയും പരലോകത്തെയും വിധിനാളി നെയും നിഷേധിക്കുകയും ചെയ്യുന്നവരുടെ ചെയ്തികളാണ് അക്രമങ്ങൾ എന്ന് നിർവചിക്കപ്പെട്ടിരിക്കുന്നത്.

ദൈവ നിഷേധികളായ ആളുകളും സമൂഹങ്ങളും ഇഹലോകത്തും പര ലോകത്തും കഠോര ശിക്ഷക്ക് പാത്രമാകുമെന്ന് ഖുർആൻ വെളിപ്പെടുത്തു ന്നുണ്ട്:

**എന്നാൽ (സത്യം) നിഷേധിച്ചവർക്ക് ഇഹത്തിലും പരത്തിലും അവൻ കഠിനമായ ശിക്ഷ നൽകുന്നതാണ്. അവർക്ക് സഹാ യികളായി ആരും ഉണ്ടായിരിക്കുന്നതുമല്ല.' (ആലുഇംറാൻ: 56)**

അതിക്രമികളായ എല്ലാ ജനതയും ഇരുലോകത്തും ശിക്ഷിക്കപ്പെടു മെന്ന് ഈ സൂക്തം വ്യക്തമാക്കുന്നു. 'വാഗ്ദാന വേള' എന്നാണ് സൂറതുൽ കഹ്ഫ് ഈ സമയത്തെ വിളിക്കുന്നത്. ഈ സമയം ആസന്നമാകുമ്പോൾ ശക്തിയും വൈപുല്യവുമാർന്ന കുറ്റവാളികൾ നശിപ്പിക്കപ്പെടുകയും അവ രുടെ അസ്തിത്വം തുടച്ചുനീക്കപ്പെടുകയും ചെയ്യും. കാരണം, അത് ദൈവിക നിയമമാണ്.


മാത്രമല്ല, നശിപ്പിക്കപ്പെടാനിരിക്കുന്ന ജനതക്കും, പ്രവാചകനും നശീ കരണ ചുമതലയുള്ള മലക്കുകൾക്കുമിടയിൽ ഒരു സമയനിർണയമുണ്ടാ കും. വിധിക്കപ്പെട്ട വിപത്തിന്റെ സമയം അതിലവർ വ്യക്തമാക്കും. ലൂത്വി(അ)നെ സന്ദർശിച്ച മലക്കുകളുടെ നടപടി ഉദാഹരണം.

അദ്ദേഹം ദീർഘകാലം തന്റെ ജനതയെ വിശ്വാസത്തിലേക്ക് പ്രബോ ധനം നടത്തി, ദുഷ്കൃത്യം കൈവിട്ട് സംസ്കാരചിത്തരാകാൻ ഉപദേശി ച്ചു. പക്ഷേ, ദൈവവചനത്തെ അവഗണിക്കുകയും അധാർമികത ഒരു ജീവി തരീതിയായി സ്വീകരിക്കുകയും ചെയ്ത ആ ജനത നിഷേധത്തിൽ ഉറച്ചു നിന്ന് പ്രബോധനത്തെ നിരസിക്കുകയായിരുന്നു. അങ്ങനെ നശീകരണോ ത്തരവിന് അവർ അർഹരായിത്തീരുകയും മലക്കുകൾ അവരുടെ ആസന്ന





മായ നാശത്തെക്കുറിച്ച് ലൂത്വി(അ)നെ അറിയിക്കുകയും ചെയ്തു. ഈ സന്ദർശനത്തെക്കുറിച്ച ഖുർആനിക വിവരണമിങ്ങനെ:



*മരണ സമുദ്രവും അതിന്റെ സമീപ സ്ഥലങ്ങളും... ലൂത്ത് നബിയും അദ്ദേഹ ത്തിന്റെ ജനങ്ങളും ഇവിടെ ജീവിച്ചു എന്നു കരുതപ്പെടുന്നു.*

**നമ്മുടെ ദൂതന്മാർ ലൂത്തിന്റെ അടുത്തുചെന്നപ്പോൾ അവരുടെ കാര്യത്തിൽ അദ്ദേഹം ദുഃഖിതനാവുകയും മനഃപ്രയാസമുണ്ടാ വുകയും ചെയ്തു. അവർ പറഞ്ഞു: താങ്കൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട. താങ്കളെയും കുടുംബത്തെയും തീർച്ച യായും ഞങ്ങൾ രക്ഷപ്പെടുത്തുന്നതാണ്. താങ്കളുടെ ഭാര്യ ഒഴി കെ. അവൾ ശിക്ഷയിൽ അകപ്പെടുന്നവരുടെ കൂട്ടത്തിലായി രിക്കുന്നു. ഈ നാട്ടുകാരുടെ മേൽ അവർ ചെയ്തുകൊണ്ടിരി ക്കുന്ന അധർമത്തിന്റെ ഫലമായി ആകാശത്തുനിന്ന് ഞങ്ങൾ ഒരു ശിക്ഷ ഇറക്കുന്നതാണ്. (അൽഅൻകബൂത്ത്: 33-34)**

**അങ്ങനെ ലൂത്തിന്റെ കുടുംബത്തിൽ ആ ദൂതന്മാർ വന്നെത്തി യപ്പോൾ അദ്ദേഹം പറഞ്ഞു: തീർച്ചയായും നിങ്ങൾ അപരിചി തരായ ആളുകളാണല്ലോ. അവർ (ദൂതന്മാരായ മലക്കുകൾ) പറഞ്ഞു: അല്ല, ഏതൊരു (ശിക്ഷയുടെ) കാര്യത്തിൽ അവർ (ജനങ്ങൾ) സംശയിച്ചിരുന്നുവോ അതുമായാണ് ഞങ്ങൾ താങ്ക**

**ളുടെ അടുത്ത് വന്നിരിക്കുന്നത്. യാഥാർഥ്യവുംകൊണ്ടാണ് ഞങ്ങൾ താങ്കളുടെ അടുത്തുവന്നിരിക്കുന്നത്. തീർച്ചയായും ഞങ്ങൾ സത്യം പറയുന്നവരാകുന്നു. അതിനാൽ താങ്കളുടെ കുടുംബത്തെയുംകൊണ്ട് രാത്രിയിൽ അൽപസമയം ബാക്കിയുള്ളപ്പോൾ യാത്ര ചെയ്തുകൊള്ളുക. താങ്കൾ അവരുടെ പിന്നാലെ അനുഗമിക്കുകയും ചെയ്യുക. നിങ്ങളിൽ ഒരാളും തിരിഞ്ഞുനോക്കരുത്. നിങ്ങൾ കൽപിക്കപ്പെടുന്ന ഭാഗത്തേക്ക് നടന്നുപോയ്ക്കൊള്ളുക. (അൽഹിജ്ർ: 61-65).**

അങ്ങനെ, ദൈവദൂതന്മാർ ആപൽസമയം ലൂത്തിന് വ്യക്തമാക്കിക്കൊടുത്തു. പ്രഭാതത്തിലായിരുന്നു അത് നിശ്ചയിക്കപ്പെട്ടിരുന്നത്.

**നിന്റെ ജീവൻ തന്നെയാണു സത്യം, തീർച്ചയായും അവർ അവരുടെ ലഹരിയിൽ വിഹരിക്കുകയാകുന്നു. അങ്ങനെ സൂര്യോദയത്തോടെ ആ ഘോരശബ്ദം അവരെ പിടികൂടി. അങ്ങനെ നാം ആ രാജ്യത്തെ തലകീഴായ് മറിക്കുകയും ചുട്ടുപഴുത്ത ഇഷ്ടികക്കല്ലുകൾ അവരുടെ മേൽ നാം വർഷിക്കുകയും ചെയ്തു. നിരീക്ഷിച്ചു മനസ്സിലാക്കുന്നവർക്ക് തീർച്ചയായും അതിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട് (അൽഹിജ്ർ: 72-75).**

'മൂസാ തന്റെ ഭൃത്യനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) ഞാൻ രണ്ടു കടലുകൾ കൂടിച്ചേരുന്നിടത്ത് എത്തുകയോ അല്ലെങ്കിൽ സുദീർഘമായ ഒരു കാലഘട്ടം മുഴുവൻ നടന്നു കഴിയുകയോ ചെയ്യുന്നതുവരെ ഞാൻ (ഈ യാത്ര) തുടർന്നുകൊണ്ടേയിരിക്കും.' (അൽകഹ്ഫ്: 60)

**എ**ന്തെങ്കിലും കാര്യം ചെയ്യുമ്പോൾ യുവജനങ്ങളുടെ സഹകരണം തേടുകയും അവരൊന്നിച്ച് പ്രവർത്തിക്കുകയും വേണമെന്നാണ് 'യുവാവ്' (ഭൃത്യൻ എന്നർഥം നൽകിയ 'ഫതൻ' എന്ന മൂലപദത്തിന് യുവാവ് എന്നും അർഥമുണ്ട്- വിവ:) എന്ന പ്രയോഗം പഠിപ്പിക്കുന്നത്. ദൈവപ്രീതിക്കാവ





ശ്യമായ കർമങ്ങളനുഷ്ഠിക്കാൻ ഊർജവും ശക്തിയും പ്രയോഗിക്കാൻ യുവജനങ്ങളെ പ്രേരിപ്പിക്കേണ്ടതാണ്. മൂസയുടെ ജനതയിൽ യുവാക്കൾ മാത്രമാണ് അദ്ദേഹത്തിൽ വിശ്വസിച്ചിരുന്നതെന്ന് താഴെ സൂക്തം വ്യക്തമാക്കുന്നു:

**എന്നാൽ മൂസായെ തന്റെ ജനതയിൽനിന്നുള്ള ചില ചെറുപ്പക്കാരല്ലാതെ മറ്റാരും വിശ്വസിച്ചില്ല. (അതുതന്നെ) ഫിർഔനും അവരിലുള്ള പ്രധാനികളും അവരെ മർദിക്കുമോ എന്ന ഭയപ്പാടോടുകൂടിയായിരുന്നു. തീർച്ചയായും അവൻ അതിരുകവിഞ്ഞവരുടെ കൂട്ടത്തിൽ തന്നെയാകുന്നു. (യൂനുസ്: 83).**

മൂസാ യാത്ര ചെയ്യാനുദ്ദേശിക്കുന്ന സംഗമസ്ഥാനത്തെക്കുറിച്ച് 60-ാം സൂക്തം സൂചിപ്പിക്കുന്നുണ്ട്. രണ്ടു സമുദ്രങ്ങളുടെ സംഗമസ്ഥാനത്തു വെച്ച് താനൊരാളെ കാണുമെന്ന് മൂസാക്കറിയാമായിരുന്നു. ഈ വിശദീകരണത്തോട് യോജിക്കുന്ന ഭൂമിയിലെ ഏത് സ്ഥലവുമാകാം അത്.

'അല്ലെങ്കിൽ സുദീർഘമായൊരു കാലഘട്ടം മുഴുവൻ നടന്നുകഴിയുകയോ ചെയ്യുന്നതുവരെ' എന്ന പ്രയോഗം സംഗമസ്ഥാനം നിർണിതമാണെന്ന് സൂചിപ്പിക്കുന്നു. അതെ, ഒരു നിശ്ചിത സ്ഥലത്തേക്കാണദ്ദേഹം പോകുന്നത്. അവിടെ എത്തിച്ചേരാനുള്ള കാലദൈർഘ്യം പ്രശ്നമല്ല. ഈ സംഗമം അവിടെ വെച്ചേ നടക്കുകയുള്ളൂവെന്നതിനാൽ, ആവശ്യമെങ്കിൽ അവിടെ കാത്തിരിക്കാനും മൂസാ സന്നദ്ധനാണ്.

'അങ്ങനെ അവർ അവ(കടലുകൾ) രണ്ടും കൂടിച്ചേരുന്നിടത്തെത്തിയപ്പോൾ തങ്ങളുടെ മത്സ്യത്തിന്റെ കാര്യം മറന്നുപോയി. അങ്ങനെ അത് കടലിൽ(ചാടി) അത് പോയ മാർഗം ഒരു തുരങ്കം (പോലെ) ആക്കിത്തീർത്തു.' (അൽകഹ്ഫ്: 61)

**മൂ**സയും യുവഭൃത്യനും മത്സ്യം തിന്നാൻ പരിപാടിയിട്ടിരുന്നുവെന്നാണ് ഇതിൽനിന്നു മനസ്സിലാകുന്നത്. പക്ഷേ, അല്ലാഹു ഇരുവരെയും അതെക്കുറിച്ച് മറപ്പിച്ചുകളയുകയും അങ്ങനെ മീനിനെ വെള്ളത്തിലേക്ക് രക്ഷപ്പെടാൻ അനുവദിക്കുകയുമായിരുന്നു.

അപ്പോൾ, ഒരു കാര്യം ഇഷ്ടമുള്ളപ്പോൾ ഓർക്കാനോ ഇഷ്ടമുള്ളപ്പോൾ മറക്കാനോ ഒരാൾക്ക് കഴിയുകയില്ല. ഇവിടെ, മത്സ്യത്തെക്കുറിച്ച് അല്ലാഹു

അവരെ മറപ്പിച്ചുകളയുകയായിരുന്നു. ഈ മറവി അവരുടെ വിധിയിൽ അടയാളപ്പെടുത്തിയിരുന്നുവെന്നതാണ് കാരണം. ദൈവേച്ഛയില്ലെങ്കിൽ അവർ എത്ര ഓർമിക്കാൻ ശ്രമിച്ചാലും അവർക്കതിനാവുകയില്ല.

ഈ വിസ്മൃതിക്കു പിന്നിൽ പല കാരണങ്ങളുണ്ട്. അനുഗൃഹീതനും പ്രമുഖനുമായൊരാളെ കാണാൻ ഈ സ്ഥലത്തെത്തിച്ചേരാൻ മൂസയോട് നിർദേശമുണ്ടായിരുന്നു. അതിനുവേണ്ടി മൂസയും യുവഭൃത്യനും സുദീർഘമായി യാത്ര ചെയ്തു. പക്ഷേ, കൃത്യസ്ഥലത്തെക്കുറിച്ച് അവർക്ക് വിവരം കിട്ടണമല്ലോ. കാരണം, രണ്ടു സമുദ്രങ്ങളുടെ സംഗമസ്ഥാനമായ പ്രദേശം വളരെ വലുതാണല്ലോ. കൃത്യമായ വിവരം ലഭിച്ചില്ലെങ്കിലാകട്ടെ, കാണേണ്ട വ്യക്തിയുടെ കാര്യത്തിൽ അവർക്ക് അബദ്ധവും സംഭവിച്ചേക്കാം. ഇവിടെയാണ് മത്സ്യത്തിന്റെ തിരോധാനം ഒരു കാരണമായി പ്രത്യക്ഷപ്പെടുന്നത്. അതൊരടയാളമത്രെ. കാരണം, കൂടിക്കാഴ്ചയുടെ യഥാർഥ സ്ഥാനം ഈ മത്സ്യം നിർണയിച്ചു കൊടുത്തിരിക്കുകയാണല്ലോ.

അൽപം കൂടി വിശദീകരിച്ചു പറഞ്ഞാൽ, ഏതൊരു കൂടിക്കാഴ്ചക്കും കൃത്യസ്ഥലം നിർണയിക്കുന്നതിന്റെ പ്രാധാന്യം ഈ സൂക്തം വിളിച്ചോതുന്നുണ്ട്. മൂസയുടെ കാര്യത്തിൽ സുപ്രധാനമായൊരു അടയാളംകൊണ്ട് നിർണിതമാണ് കൂടിക്കാഴ്ചയുടെ സ്ഥാനം. ചുരുക്കത്തിൽ, പ്രയാസങ്ങളും സമയനഷ്ടവും ഇല്ലായ്മചെയ്യാനും ആളുകൾക്ക് നിഷ്പ്രയാസം കൂടിക്കാഴ്ച നടത്താനും കൃത്യസ്ഥാനം നിർണയിക്കപ്പെടുകയും അറിയപ്പെടുകയും ചെയ്യേണ്ടതുണ്ട്.

> 'അങ്ങനെ അവർ ആ സ്ഥലം വിട്ടു മുന്നോട്ട് പോയിക്കഴിഞ്ഞപ്പോൾ മൂസാ തന്റെ ഭൃത്യനോട് പറഞ്ഞു: നീ നമുക്ക് നമ്മുടെ ഭക്ഷണം കൊണ്ടുവാ. നമ്മുടെ ഈ യാത്ര നിമിത്തം നമുക്ക് ക്ഷീണം നേരിട്ടിരിക്കുന്നു.'
> (അൽകഹ്ഫ്: 62)





**കൂ**ടിക്കാഴ്ചയുടെ സ്ഥാനം വിട്ടപ്പോൾ മൂസാക്കും ഭൃത്യനും ക്ഷീണവും വിശപ്പും ബാധിച്ചുവെന്ന് ഈ സൂക്തം വ്യക്തമാക്കുന്നു. ആഹാരം കഴിക്കാനൊരുങ്ങിയപ്പോഴാണ് മീനിനെക്കുറിച്ചോർത്തത്. അതിനെ മറന്നു പോന്നുവെന്ന് തിരിച്ചറിയുകയും ചെയ്തു. എന്നാൽ മീനിനെക്കുറിച്ച് മറപ്പിക്കുകയും ഉചിതമായ സമയത്ത് ഓർമിപ്പിക്കുകയും വഴി കൂടിക്കാഴ്ചക്കുള്ള യഥാർഥ സ്ഥാനം കാണിച്ചുകൊടുക്കുകയാണ് അല്ലാഹു ചെയ്തത്.

> 'അവൻ(ഭൃത്യൻ) പറഞ്ഞു: താങ്കൾ കണ്ടുവോ, നാം ആ പാറക്കല്ലിൽ അഭയം പ്രാപിച്ച സന്ദർഭത്തിൽ ഞാൻ ആ മത്സ്യത്തെ മറന്നു പോവുക തന്നെ ചെയ്തു. അത് (പറയാൻ) എന്നെ മറപ്പിച്ചത് പിശാചല്ലാതെ മറ്റാരുമല്ല. അത് കടലിലൂടെ സഞ്ചരിച്ച വഴി ഒരദ്ഭുതമാക്കിത്തീർക്കുകയും ചെയ്തിരിക്കുന്നു. അദ്ദേഹം(മൂസാ) പറഞ്ഞു: അതുതന്നെയാണ് നാം തേടിക്കൊണ്ടിരിക്കുന്നത്. ഉടനെ അവർ രണ്ടുപേരും തങ്ങളുടെ കാൽപാടുകൾ നോക്കിക്കൊണ്ട് മടങ്ങി.'
> (അൽകഹ്ഫ്: 63, 64)

**ത**ങ്ങൾ മത്സ്യം മറന്നത് ഒരു പാറപ്രദേശത്താണെന്ന് മൂസായും ഭൃത്യനും ഓർമിച്ചു. അനുഗൃഹീതനായ ആ മനുഷ്യനെ കാണാനുള്ള രണ്ടു സമുദ്രങ്ങളുടെ സംഗമസ്ഥാനം ഈ പാറപ്രദേശമായിരുന്നു. മത്സ്യം കാരണം കൃത്യസ്ഥാനം കണ്ടെത്താൻ മൂസാക്ക് കഴിഞ്ഞു. ദൗത്യം പൂർത്തിയാക്കിയ മത്സ്യമാകട്ടെ, സമുദ്രത്തിൽ അപ്രത്യക്ഷമാവുകയും ചെയ്തു.

മത്സ്യത്തെക്കുറിച്ച് പിശാച് മറപ്പിച്ചതാണെന്ന് മൂസായുടെ ഭൃത്യൻ പറയുന്നതായി ഈ സൂക്തം പറയുന്നു. മറപ്പിക്കാനുള്ള പിശാചിന്റെ കഴിവിനെക്കുറിച്ച് മറ്റുപല സൂക്തങ്ങളും പറയുന്നുണ്ട്. താഴെ പറയുന്നവ ഉദാഹരണങ്ങൾ:

> **നമ്മുടെ ദൃഷ്ടാന്തങ്ങളെ അപഹസിക്കുന്നതിൽ മുഴുകിയവരെ നീ കണ്ടാൽ അവർ മറ്റുവല്ല വർത്തമാനത്തിലും പ്രവേശിക്കുന്നതുവരെ നീ അവരിൽനിന്ന് തിരിഞ്ഞുകളയുക. ഇനി വല്ലപ്പോഴും നിന്നെ പിശാച് മറപ്പിച്ചുകളയുന്നപക്ഷം ഓർമവന്നതിനുശേഷം അക്രമികളായ ആ ആളുകളുടെ കൂടെ നീ ഇരിക്കരുത്. (അൽഅൻആം: 68)**

**അവർ രണ്ടുപേരിൽനിന്ന് രക്ഷപ്പെടുന്നവനെന്ന് താൻ വിചാരിച്ച ആളോട് അദ്ദേഹം(യൂസുഫ്) പറഞ്ഞു: 'നിന്റെ യജമാനന്റെയടുക്കൽ നീ എന്നെപ്പറ്റി പ്രസ്താവിക്കുക.' എന്നാൽ തന്റെ യജമാനനോട് അത് പ്രസ്താവിക്കുന്ന കാര്യം പിശാച് അവനെ മറപ്പിച്ചുകളഞ്ഞു. അങ്ങനെ ഏതാനും കൊല്ലങ്ങൾ അദ്ദേഹം (യൂസുഫ്) ജയിലിൽ താമസിച്ചു (യൂസുഫ്: 42).**

പിശാചിന് സ്വന്തമായ കഴിവില്ലെന്നത് ശ്രദ്ധേയമാണ്. എന്നാൽ സകല ശക്തികളുടെയും അധികാരങ്ങളുടെയും ഉടമയായ അല്ലാഹു ആളുകളെ മറപ്പിക്കാനുള്ള കഴിവ് അവന് നൽകിയിരിക്കുകയാണ്. സ്വേച്ഛാനുസാരം ഒന്നും ചെയ്യാനവന് കഴിയുകയില്ല. "യാതൊരു ജന്തുവും അവൻ അതിന്റെ നെറുകയിൽ പിടിക്കുന്ന(നിയന്ത്രിക്കുന്ന)തായിട്ടല്ലാതെയില്ല" (*ഹൂദ്: 56*) എന്ന സൂക്തത്തിൽ പറയുന്നതുപോലെ പിശാചടക്കമുള്ള സകല വസ്തുക്കളെയും നിയന്ത്രിക്കുന്നവൻ അല്ലാഹുവാണ്. അപ്പോൾ പിശാചല്ല പ്രത്യുത, അല്ലാഹുവാണ് മൂസായെയും ഭൃത്യനെയും മത്സ്യത്തെക്കുറിച്ച് മറപ്പിച്ചത്.

തങ്ങൾ മത്സ്യത്തെ വിട്ടുപോന്ന സ്ഥലമായിരുന്നു കൂടിക്കാഴ്ചയുടെ സ്ഥാനമെന്ന് മൂസയും ഭൃത്യനും തിരിച്ചറിഞ്ഞതായി 64-ാം സൂക്തത്തിൽനിന്ന് നാം മനസ്സിലാക്കുന്നു. അങ്ങനെ, പ്രസ്തുത സ്ഥലത്തേക്ക് അവർ മടങ്ങുകയാണുണ്ടായത്.

> 'അപ്പോൾ അവർ രണ്ടുപേരും നമ്മുടെ ദാസന്മാരിൽ ഒരാളെ കണ്ടെത്തി. അദ്ദേഹത്തിനു നാം നമ്മുടെ പക്കൽനിന്നുള്ള കാരുണ്യം നൽകുകയും നമ്മുടെ പക്കൽനിന്നുള്ള ജ്ഞാനം പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്' (അൽകഹ്ഫ്: 65)

**മു**മ്പു പറഞ്ഞതുപോലെ, തന്റെ ദാസന്മാരോട് ഏറ്റവും കാരുണ്യവും അനുകമ്പയും ദയയുമുള്ളവനാണ് അല്ലാഹു. ദൈവാനുഗൃഹീതനായ ഖിദ്റിനെ കാണാൻ മൂസാ പുറപ്പെടുന്നു. അതിനാൽ, അനുഗ്രഹം, കാരുണ്യം തുടങ്ങിയ ദൈവികഗുണങ്ങൾ അദ്ദേഹത്തിൽ പ്രതിഫലിക്കുകയായിരുന്നു. അല്ലാഹുവിൽനിന്ന് ഉയർന്ന ജ്ഞാനമാർജിക്കാനും തദ്വാരാ അല്ലാഹുവിന്റെ ഒരു വിശിഷ്ട ദാസനായിത്തീരാനും ഇതദ്ദേഹത്തെ യോഗ്യനാക്കുകയുണ്ടായി. അല്ലാഹുവിന്റെ ഉയർന്ന കാരുണ്യ മനോഭാവത്തിന്റെ മറ്റു നിരവധി ഉദാഹരണങ്ങൾ താഴെ സൂക്തങ്ങളിൽ കാണാം:





അനുകമ്പ എന്ന സങ്കൽപത്തെ ഖുർആൻ അനുസ്മരിപ്പിക്കുകയാണിവിടെ:

**കൂടാതെ വിശ്വസിക്കുകയും ക്ഷമകൊണ്ടും കാരുണ്യം കൊണ്ടു പരസ്പരം ഉപദേശിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ അവൻ ആയിത്തീരുകയും ചെയ്തു. അങ്ങനെ ചെയ്യുന്നവരത്രെ വലതുപക്ഷക്കാർ. (അൽബലദ്: 17,18)**

ഒരു വിശ്വാസിയുടെ മുഖ്യസ്വഭാവമാണ് അനുകമ്പ. ദൈവപ്രീതിക്കുവേണ്ടി ജീവിതം സമർപ്പിക്കുന്ന വിശ്വാസികൾ അവന്റെ നിയമങ്ങൾ പാലിക്കാൻ പരമാവധി പ്രവർത്തിക്കുന്നു. സത്യവിശ്വാസമാണ് അവരുടെ സഹാനുഭൂതിയുടെ സ്രോതസ്സ്. കാരണം, ദൈവേച്ഛയില്ലാതെ ഒന്നും സംഭവിക്കുകയില്ലെന്നും അവൻ നൽകുന്നതിലാണ് തങ്ങളാശ്രയിക്കുന്നതെന്നും അവർക്കറിയാം. ഇതവരെ വിനയാന്വിതരാക്കുന്നു. വിനയാന്വിതർക്കേ സഹാനുഭൂതിയുണ്ടാകുകയുള്ളൂ. അല്ലാത്തവർ സ്വകേന്ദ്രീകൃതരും മറ്റെല്ലാറ്റിനെക്കാളും തങ്ങളുടെ താൽപര്യങ്ങൾക്കും അനുഗ്രഹങ്ങൾക്കും വില കൽപിക്കുന്നവരുമായിരിക്കും. അതിനാൽ മറ്റുള്ളവരുടെ ആവശ്യങ്ങളെ അവർ പരിഗണിക്കുകയില്ല. തന്നിമിത്തം, സ്വാഭാവികമായും അവരോട് സഹാനുഭൂതിയോ കാരുണ്യമോ ഇവർക്ക് തോന്നുകയുമില്ല. എന്നാൽ, പരിപൂർണമായി അല്ലാഹുവിൽ സമർപ്പിച്ചു വിനയാന്വിതരായവരാകട്ടെ മറ്റു ജീവികളോട് അഗാധമായ സഹാനുഭൂതി വെച്ചുപുലർത്തുന്നവരായിരിക്കും.

ദൈവപ്രീതിയാർജിക്കാനുള്ള മോഹമാണ് ഇത്തരം സഹാനുഭൂതിക്ക് വിശ്വാസികളെ പ്രേരിപ്പിക്കുന്നത്. ഏറ്റവും സഹാനുഭൂതിയുള്ളവൻ അല്ലാഹുവാണെന്ന് ഖുർആൻ പ്രസ്താവിക്കുന്നു. അതിനാൽതന്നെ, പരമാവധി സഹാനുഭൂതി വെച്ചുപുലർത്താൻ അവർ യത്നിക്കുന്നു:

**അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും നിങ്ങളുടെ മേൽ ഇല്ലാതിരിക്കുകയും അല്ലാഹു ദയാലുവും കരുണാനിധിയും അല്ലാതിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ (നിങ്ങളുടെ സ്ഥിതി എന്താകുമായിരുന്നു?) (അന്നൂർ: 20)**

പൂർണമായും ദൈവാനുഗ്രഹത്തെയും സഹാനുഭൂതിയെയും ആശ്രയിക്കുകയും അവന്റെ കാരുണ്യം ആത്മാർഥമായി തേടുകയും ചെയ്യുന്ന അവർ മറ്റുള്ളവരോട് കഴിയുംവിധം അനുകമ്പ വെച്ചുപുലർത്തുന്നു.

മറ്റെല്ലാ കാര്യങ്ങളുമെന്നപോലെ, ഖുർആനിക മാർഗദർശനം തന്നെയാണ് അവരുടെ സഹാനുഭൂതിയുടെ സ്രോതസ്സ്. അതിനാൽ, അല്ലാഹു കൽപിക്കുന്നിടത്തും അവൻ വിധിച്ചവരോടും മാത്രമായിരിക്കും അവരുടെ സഹാനുഭൂതിയുണ്ടാകുക. അതിലപ്പുറമില്ല.

ചിലപ്പോൾ, ഒരു വിശ്വാസിയോടു തോന്നുന്ന സ്നേഹവും സഹാനുഭൂതിയും ഇടപെടലും വിമർശനമാകാറുണ്ട്. ഒരാൾ ദുഷ്കൃത്യങ്ങൾ ചെയ്യു

മ്പോഴാണിത് സംഭവിക്കുക. കാരണം, തെറ്റുകൾ തടയാനാണ് വിശ്വാസിയോട് ഖുർആൻ ആജ്ഞാപിക്കുന്നത്. ഇതും യഥാർഥ സഹാനുഭൂതിയാണ്. കാരണം, ദുഷ്കൃത്യങ്ങളിൽ ഏർപ്പെടുന്നതിൽനിന്ന് തടയാനായി ഒരു മുസ്‌ലിമിന് മറ്റൊരു മുസ്‌ലിമിനോട് എതിരിടാവുന്നതാണ്. പക്ഷേ, തന്റെ സഹോദര- സഹോദരിമാർ നരകത്തിലേക്ക് പോകുന്നതിനെ ചെറുക്കാനയാൾക്കാവുകയില്ല. മുസ്‌ലിംകൾ ദൈവപ്രീതിദായകമായ മൂല്യങ്ങൾ പാലിക്കാൻ സഹവിശ്വാസികളെ പ്രേരിപ്പിച്ചുകൊണ്ട് സ്വർഗം നേടിയെടുക്കാൻ അവരെ സഹായിക്കുന്നത് ഇതുകൊണ്ടാണ്. സഹോദരങ്ങളുടെ പരലോക വിധിയെ പരിഗണിക്കാതെ, അവർ ചെയ്യുന്നതെല്ലാം കേവലം നിരീക്ഷകരായി നോക്കിനിൽക്കുകയാണെങ്കിൽ യഥാർഥ സഹാനുഭൂതി അവകാശപ്പെടാൻ അവർക്കെങ്ങനെ കഴിയും?

പ്രവാചകന്റെ സഹാനുഭൂതിയെ അല്ലാഹു വിവരിക്കുന്നതിങ്ങനെ:

**തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽനിന്നുതന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവനും നിങ്ങളുടെ കാര്യത്തിൽ അതീവ താൽപര്യമുള്ളവനും സത്യവിശ്വാസികളോടു അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം (അത്തൗബ: 128).**

ഈ സദ്ഗുണമാതൃകയിൽനിന്ന് മാർഗദർശനം സ്വീകരിച്ചവർ മറ്റുള്ളവരുടെ പരലോക വിധിയിൽ സൂക്ഷ്മബോധമുള്ളവരായിത്തീരുകയും ദൈവകൽപന പ്രകാരം പെരുമാറുകയും ചെയ്യുന്നതാണ്.

'മൂസാ അദ്ദേഹത്തോട് പറഞ്ഞു:
താങ്കൾക്ക് പഠിപ്പിക്കപ്പെട്ട സന്മാർഗ
ജ്ഞാനത്തിൽനിന്ന് എനിക്ക് താങ്കൾ
പഠിപ്പിച്ചുതരുന്നതിനായി ഞാൻ
താങ്കളെ അനുഗമിക്കട്ടെ.'
(അൽകഹ്ഫ്: 66)

**ത**നിക്ക് കാണേണ്ടയാളുടെ വിശദമായ വിവരം വെളിപാട് വഴി മൂസക്ക് ലഭിച്ചിരുന്നുവെന്ന് ഈ സൂക്തത്തിൽനിന്ന് അനുമാനിക്കാം. ദൂരം വകവെക്കാതെ ശരിയായ സംഗമസ്ഥാനത്തെത്താൻ അദ്ദേഹം ശ്രമിക്കുകയായിരുന്നു. എന്തുകൊണ്ടെന്നാൽ മാർഗമധ്യേ കഷ്ടപ്പാടുകൾ അഭിമുഖീകരിക്കേണ്ടിവന്നാൽപോലും ആ പ്രത്യേക മനുഷ്യനിൽനിന്നു വലിയ പ്രയോജനം





തനിക്ക് ലഭിക്കുമെന്ന് അദ്ദേഹത്തിന് ഉറപ്പുണ്ടായിരുന്നു.

അതിനാൽത്തന്നെ കൂടിക്കാഴ്ച നടന്ന ഉടനെ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ അത്യുന്നത സംസ്കാരത്തെയും ജ്ഞാനത്തെയും മൂസ തിരിച്ചറിയുകയും അദ്ദേഹത്തോടൊപ്പം ചേരാൻ അനുമതി തേടുകയും ചെയ്തു. ഈ പ്രത്യേക മനുഷ്യന് ധാരാളം ഉന്നത ജ്ഞാനങ്ങൾ പഠിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് അദ്ദേഹത്തിന് തിരിച്ചറിവുണ്ടായിരുന്നു എന്ന് ഇതിൽനിന്ന് മനസ്സിലാകുന്നു (അല്ലാഹു അഅ്ലം). ഈ മനുഷ്യൻ ഋജുപാതയിലാണെന്നും അതിന്റെ മാർഗദർശകനാണെന്നും അതിനാൽ അദ്ദേഹത്തിൽനിന്ന് പഠിക്കണമെന്നും അദ്ദേഹത്തിന് വെളിപാടുണ്ടായിരിക്കാം (അല്ലാഹു അഅ്ലം).

'അദ്ദേഹം പറഞ്ഞു:
തീർച്ചയായും
താങ്കൾക്ക് എന്റെ
കൂടെ ക്ഷമിച്ചുകഴി
യാൻ സാധിക്കു
കയേ ഇല്ല.'
(അൽകഹ്ഫ്: 67)

**മൂ**സയെക്കുറിച്ച് ഖിദ്റിന് വിശദമായറിയാമെന്നും അല്ലാഹു അറിയിച്ചുകൊടുത്തതനുസരിച്ച് അദ്ദേഹത്തിന് ഭാവികാര്യങ്ങളറിഞ്ഞിരുന്നുവെന്നും ഈ സൂക്തത്തിൽനിന്നനുമാനിക്കാം.

മൂസയുടെ അപേക്ഷ കേൾക്കേണ്ടതാമസം. തന്റെകൂടെ യാത്രചെയ്യാൻ മാത്രം ക്ഷമ അദ്ദേഹത്തിനുണ്ടായിരിക്കുകയില്ലെന്ന് നേരെ പ്രതികരിക്കുകയാണല്ലോ ഖിദ്ർ ചെയ്തത്. മൂസയുടെ പെരുമാറ്റമോ മറ്റോ കാണുന്നതിനു മുമ്പ് അത്തരമൊരു കാര്യം എങ്ങനെയാണദ്ദേഹം പറയുക? ഭാവികാര്യങ്ങളിൽ ചിലത് അദ്ദേഹത്തിന് അറിയുമായിരുന്നുവെന്നതാണ് കാരണം (അല്ലാഹു അഅ്ലം).

ദൈവേച്ഛയോടെയാണ് എല്ലാ കാര്യങ്ങളും നടക്കുന്നതെന്ന് ഈ ജ്ഞാനം സൂചിപ്പിക്കുന്നു. തന്റെ തെരഞ്ഞെടുക്കപ്പെട്ടയാളുകൾക്ക് താൻ ഇച്ഛിക്കുന്ന അളവിൽ മാത്രമാണതവൻ നൽകുന്നത്. അങ്ങനെ അദൃശ്യതയെക്കുറിച്ച അറിവ് അല്ലാഹുവിന്റെ ഇച്ഛകൊണ്ട് മാത്രമാണ് ഖിദ്ർ വെളിപ്പെടുത്തുന്നത്.

മൂസക്ക് സംഭവിക്കാനിരിക്കുന്ന ഓരോ കാര്യവും മുൻകൂട്ടിത്തന്നെ തീരുമാനിക്കപ്പെട്ടതാണ്. ദൈവസന്നിധിയിൽ അതിന്റെ ഓരോ നിമിഷവും അറിയപ്പെട്ടതാണ്. എന്തുകൊണ്ടെന്നാൽ വിധിരേഖയിൽ അതവൻ എഴുതിവെച്ചിട്ടുണ്ട്. അല്ലാഹു തങ്ങൾക്ക് രേഖപ്പെടുത്തിയ വിധി മാത്രമാണ് മനുഷ്യൻ അനുഭവിക്കുന്നതെന്ന് ഇത് വിളിച്ചോതുന്നു. അല്ലാഹുവിന്നും അവന്റെ വിധിക്കും വിശ്വാസികൾ വഴങ്ങണമെന്ന് മറ്റൊരു സൂക്തം ഊന്നിപ്പറയുന്നുണ്ട്:

**(നബിയേ) പറയുക: എനിക്കു തന്നെ ഉപകാരമോ ഉപദ്രവമോ**

**ഉണ്ടാക്കുക എന്നത് എന്റെ അധീനത്തിലല്ല. എല്ലാം അല്ലാഹുവിന്റെ ഉദ്ദേശ്യത്തെ ആശ്രയിച്ചാകുന്നു. എല്ലാ സമൂഹത്തിനും ഒരു അവധിയുണ്ട്. അവരുടെ അവധി വന്നെത്തിയാൽ ഒരു നാഴികനേരം പോലും അവർക്ക് വൈകിക്കാനാവില്ല. അവർക്കത് നേരത്തെയാക്കാനും കഴിയില്ല." (യൂനുസ്: 49).**


> 'താങ്കൾക്ക് സൂക്ഷ്മമായി അറിവില്ലാത്ത ഒരു വിഷയത്തിൽ താങ്കൾക്കെങ്ങനെ ക്ഷമിക്കാനാകും?' (അൽകഹ്ഫ്: 68)

**ഒ**രു ദിവസത്തെ കാലയളവിൽ വിഷമകരവും ആനന്ദദായകവും ആഹ്ലാദകരവുമായ പല കാര്യങ്ങളും മനുഷ്യർക്ക് സംഭവിക്കാം. എന്നാൽ, അല്ലാഹുവിനെക്കുറിച്ചോ, എല്ലാകാര്യങ്ങളും അവൻ വിധിരേഖയിൽ രേഖപ്പെടുത്തിവെച്ചിട്ടുണ്ടെന്ന വസ്തുതയെക്കുറിച്ചോ ചിന്തിക്കാത്തതിനാൽ ബഹുഭൂരിഭാഗമാളുകളും തങ്ങൾക്ക് സംഭവിക്കുന്ന സകലത്തെയും 'ഭാഗ്യ'മോ 'യാദൃച്ഛിക'മോ ആയി വ്യാഖ്യാനിക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. പക്ഷേ, കാര്യങ്ങളെ നന്മയുടെ വെളിച്ചത്തിൽ കാണാനും, പ്രയോജനകരമായ നിഗമനങ്ങൾ ഗ്രഹിക്കാനും അവർക്ക് കഴിയുന്നില്ല. അവർ വിഷണ്ണരും ദുഃഖിതരുമാകുന്നത് ഇതുകൊണ്ടത്രെ. വിശ്വാസികൾക്കും അവിശ്വാസികൾക്കുമിടയിലെ വലിയൊരു വ്യത്യാസമാണിത്. കാരണം, എല്ലാ കാര്യങ്ങളും ദൈവേച്ഛയാൽ സൃഷ്ടിക്കപ്പെട്ടതാണെന്നും എല്ലാം മനുഷ്യനന്മക്കുവേണ്ടിയുള്ളതാണെന്നുമുള്ള സത്യത്തെക്കുറിച്ച് വിശ്വാസികൾ ബോധവാന്മാരാണ്.

ഈ വസ്തുതയെക്കുറിച്ച് അഗാധജ്ഞാനമുള്ളവർ ഇഹലോകത്ത് തങ്ങളെത്ര ചെറുതായാലും സംതൃപ്തരാകുകയും, ഓരോന്നിന്റെയും പിന്നിലുള്ള ഗൂഢസൗന്ദര്യവും നന്മയും കാണുന്നതിൽ വിജയം വരിക്കുകയും ചെയ്യുന്നു. നാം നന്മയാണെന്ന് കരുതിയാലും തിന്മയാണെന്ന് കരുതിയാലും നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന സകലതും സൂക്ഷ്മപദ്ധതിയോടെ, അനന്തമായ അനുഗ്രഹത്തോടു കൂടി അല്ലാഹു സൃഷ്ടിച്ചതാണ്. അവനാണ് ജീവിതം മുഴുവൻ നിയന്ത്രിക്കുന്നത്. കാരണം, എല്ലാറ്റിന്റെയും അധികാരിയാണവൻ. പരിപൂർണവും നിസ്തുലവുമായ രൂപത്തിലും വിവേകത്തോടും സൗന്ദര്യത്തോടും കൂടിയാണ് എല്ലാം അല്ലാഹു സൃഷ്ടിച്ചത്. അതിനാൽ, അല്ലാഹുവിന്റെ അതിരറ്റ ജ്ഞാനം തികച്ചും കുറ്റമറ്റ ഫലങ്ങളേ സൃഷ്ടിക്കുകയുള്ളൂവെന്നറിഞ്ഞുകൊണ്ട് ഈ പൂർണത തിരിച്ചറിയുകയും വിലമതിക്കുകയും, സകല കാര്യങ്ങളിലും വിവേകവും നന്മയും കാണാൻ ശ്രമി







*തങ്ങൾക്ക് ഒരു നേരം ഉണ്ടായത് മോശം അനുഭവമാണെങ്കിലും വിശ്വാസി അത് അല്ലാഹുവിൽനിന്ന് ഉണ്ടായതാണ് എന്നു കരുതി സമാധാനിക്കുന്നു. അല്ലാഹുവിനെ നമിക്കുന്ന ഭക്തജനങ്ങൾ സൽസ്വഭാവം പ്രകടിപ്പിക്കുന്നു. എന്നാൽ വിധിയുടെ ഈ യഥാർഥ മുഖമറിയാത്തവരോ, തങ്ങളുടെ ഓരോ നിമിഷങ്ങളിലും നിരാശാഭരിതരും അസഹ്യാലുക്കളുമാകുന്നു.*

ക്കുകയും ചെയ്യേണ്ടതാണ്. അല്ലാഹുവിൽ വിശ്വസിക്കുകയും എല്ലാ വസ്തുക്കളെയും നന്മയുടെ വീക്ഷണകോണിലൂടെ അളക്കുകയും ഈ രീതിയിൽ വസ്തുതകളെ വ്യാഖ്യാനിക്കുകയും ചെയ്യുന്നവർ ഇഹലോകത്തും പരലോകത്തും എല്ലായ്പ്പോഴും നന്മയും സൗന്ദര്യവും കണ്ടെത്തുന്നു.

അല്ലാഹുവിന്റെ ജ്ഞാനം അപരിമിതമാണ്. മനുഷ്യസമൂഹം പരിമിതിയുള്ളവരുമാണ്. ആളുകൾക്ക് വസ്തുതകളുടെ ദൃശ്യവശങ്ങൾ കൈകാര്യം ചെയ്യാനും, സ്വന്തം അറിവനുസരിച്ച് വിശദീകരിക്കാനും മാത്രമേ കഴിയുകയുള്ളൂവെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. അതിനാൽത്തന്നെ, തികച്ചും നന്മയും സുന്ദരവുമായ ചിലതിനെ എതിരായി അവർ വ്യാഖ്യാനിച്ചേക്കും. ഇത്തരമൊരു സ്ഥിതിവിശേഷത്തിൽ, വിശ്വാസികൾ അല്ലാഹുവിന്റെ അനന്തജ്ഞാനത്തിനും വിവേകത്തിനും വഴങ്ങി സത്യം കണ്ടെത്താനായി നന്മയുടെ കാഴ്ചപ്പാടിലൂടെ വസ്തുക്കളെ വീക്ഷിക്കേണ്ടതാണ്. കാരണം, പ്രതികൂലമായി പ്രത്യക്ഷപ്പെടുന്ന എന്തും വിശ്വാസികളെ സംബന്ധിച്ചേടത്തോളം തങ്ങളുടെ വിധിയിലെ ഒരു പാഠമാണ്. അല്ലാഹു പറയുന്നു:

**യുദ്ധം ചെയ്യാൻ നിങ്ങൾക്കിതാ നിർബന്ധ കൽപന നൽകപ്പെട്ടിരിക്കുന്നു. അതാകട്ടെ, നിങ്ങൾക്ക് അനിഷ്ടകരമാകുന്നു. എന്നാൽ ഒരുകാര്യം നിങ്ങൾ വെറുക്കുകയും (യഥാർഥത്തിൽ) അത് നിങ്ങൾക്ക് ഗുണകരമായിരിക്കുകയും ചെയ്യാം. നിങ്ങളൊരു കാര്യം ഇഷ്ടപ്പെടുകയും (യഥാർഥത്തിൽ) അത് നിങ്ങൾക്ക് ദോഷകരമായിരിക്കുകയും ചെയ്തെന്നും വരാം. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല. (അൽബഖറ: 216)**

'അദ്ദേഹം പറഞ്ഞു: അല്ലാഹു ഉദ്ദേശി
ക്കുന്നപക്ഷം ക്ഷമയുള്ളവനായി
താങ്കൾ എന്നെ കണ്ടെത്തുന്നതാണ്.
ഞാൻ താങ്കളുടെ ഒരു കൽപനക്കും
എതിര് പ്രവർത്തിക്കുന്നതല്ല.'
(അൽകഹ്ഫ്: 69)

**ഈ** വാക്യത്തിൽ നാം കാണുന്നതുപോലെ, ഇൻശാഅല്ലാഹ് (അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം) എന്ന് പറഞ്ഞുകൊണ്ട് മൂസ ഉടനെ പ്രതികരിക്കുകയായിരുന്നു. നിയതിയുടെ പ്രവർത്തനം മനസ്സിലാക്കുകയും അല്ലാഹുവിനു മാത്രമേ വിജയം നൽകാൻ കഴിയൂവെന്ന് ബോധ്യംവരികയും ചെയ്ത വിശ്വാസികളുടെ അല്ലാഹുവിലുള്ള അർപ്പണമാണിത് കാണിക്കുന്നത്.

23, 24 സൂക്തങ്ങളിൽ നാം പ്രസ്താവിച്ചതുപോലെ 'ഇൻശാ അല്ലാഹ്' പറയാതെ 'നാളെ ഞാനിത് ചെയ്യു'മെന്ന് പറയരുതെന്ന് അല്ലാഹു ആജ്ഞാപിച്ചിട്ടുണ്ട്.

എന്തെങ്കിലും കാര്യമാരംഭിക്കുകയോ തീരുമാനമെടുക്കുകയോ പദ്ധതികളാവിഷ്കരിക്കുകയോ ചെയ്യുന്നതിനു മുമ്പ് 'ഇൻശാ അല്ലാഹ്' പറയുന്നതിന്റെ പ്രാധാന്യത്തിലേക്കാണ് ഈ മറുപടിയിലൂടെ മൂസാ നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്. പരമമായ വിജയവും അതാർജിക്കാനുള്ള കഴിവും നൽകുന്നത് അല്ലാഹു മാത്രമാണല്ലോ. പ്രപഞ്ചത്തിൽ നടക്കുന്ന ഏതു കാര്യവും അറിയുന്നവനും നിയന്ത്രിക്കുന്നവനും അല്ലാഹു മാത്രമാണെന്ന് ഓർമിക്കുക മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം അടിസ്ഥാനപരമാണ്.

'അദ്ദേഹം പറഞ്ഞു: എന്നാൽ താങ്കൾ എന്നെ അനുഗമിക്കുന്നപക്ഷം ഒരു കാര്യത്തെപ്പറ്റിയും താങ്കൾ എന്നോട് ചോദിക്കരുത്; അതിനെപ്പറ്റിയുള്ള വിവരം ഞാൻതന്നെ താങ്കൾക്ക് പറഞ്ഞുതരുന്നതുവരെ.' (അൽകഹ്ഫ്: 70)





**പ്ര**വാചകന്മാരെയും ദൂതന്മാരെയും അനുസരിക്കേണ്ടതിന്റെ പ്രാധാന്യമാണ് ഈ സംഭാഷണം ഊന്നിപ്പറയുന്നത്. കണിശമായ ആദരവ് പ്രകടിപ്പിച്ചുകൊണ്ട് അവരോടുള്ള ബാധ്യതയിൽ വിശ്വാസികൾ ശ്രദ്ധപുലർത്തേണ്ടതാണ്.

അതോടൊപ്പം തങ്ങൾ കൂറുകാണിക്കുന്ന ദൈവദൂതന്മാരുടെ പ്രവർത്തനങ്ങളിലെ വിവേകവും നന്മയും ആളുകൾ കാണേണ്ടതാണ്. പ്രവാചകന്മാരുടെ എല്ലാ പ്രവർത്തനങ്ങളിലും അവർ നന്മ പ്രതീക്ഷിക്കണം. അവയിൽ അന്തർലീനമായ വിവേകം കാണാൻ കഴിയുന്നില്ലെങ്കിൽ അതിന്റെ വിശദീകരണം ക്ഷമയോടും ആദരവോടും കാത്തിരിക്കണം. അനാവശ്യ ചോദ്യങ്ങൾ വഴിയോ, ജിജ്ഞാസയിൽ മുഴുകിയോ അവരെ തകിടംമറിക്കരുത്.

അവരുടെ വാക്കുകളിലോ പ്രവർത്തനങ്ങളിലോ അന്തർഭവിച്ചിരിക്കുന്ന വിവേകം പെട്ടെന്ന് മനസ്സിലായില്ലെങ്കിൽ ദൈവദൂതനോ തെരഞ്ഞെടുക്കപ്പെട്ട മറ്റു ആളുകളോ വിശദീകരിക്കുന്നതുവരെ ബഹുമാനപൂർവം കാത്തിരിക്കണം. ഈ കാഴ്ചപ്പാടുള്ളവർ ആ വാക്കും പ്രവൃത്തിയും യുക്തമായിരുന്നുവെന്ന് തിരിച്ചറിയുകയും തങ്ങളുടെ ആദ്യപ്രതികരണം തെറ്റായിരുന്നുവെന്ന് അംഗീകരിക്കുകയും ചെയ്യും. തങ്ങളുടെ വാക്കുകളുടെയോ തീരുമാനങ്ങളുടെയോ പ്രവൃത്തികളുടെയോ പിന്നിൽ ഒളിഞ്ഞിരിക്കുന്ന തത്ത്വം വിശദീകരിക്കുക ആവശ്യമാണെങ്കിൽ ആ ആദരണീയ വ്യക്തികൾ അത് ചെയ്യുമെന്ന് 'ഞാൻതന്നെ താങ്കൾക്ക് പറഞ്ഞുതരുന്നതുവരെ' എന്ന സൂക്തം വ്യക്തമാക്കുന്നു.

'തുടർന്ന് അവർ രണ്ടുപേരും പോയി. അങ്ങനെ
അവർ രണ്ടുപേരും കപ്പലിൽ കയറിയപ്പോൾ
അദ്ദേഹം അത് ഓട്ടയാക്കിക്കളഞ്ഞു. മൂസാ
പറഞ്ഞു: അതിലുള്ളവരെ മുക്കിക്കളയാൻ വേണ്ടി
താങ്കളത് ഓട്ടയാക്കിയിരിക്കയാണോ? തീർച്ച
യായും ഗുരുതരമായ ഒരുകാര്യം തന്നെയാണ്
താങ്കൾ ചെയ്തത്.' (അൽകഹ്ഫ്: 71)

**മൂ**സാ തന്റെ ഭൃത്യനെ ഈ യാത്രയിൽ കൂടെ കൊണ്ടുവരുന്നില്ലെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. അതിന് പല കാരണങ്ങളുണ്ടാകാം. ഏകാധ്യാപക-വിദ്യാർഥി പഠനസമ്പ്രദായത്തിന്റെ പ്രാധാന്യത്തിനു ഊന്നൽകൊടുക്കുക ഉദാഹരണം. വിദ്യാഭ്യാസത്തിലെ അതിവിശിഷ്ടമായൊരു രീതിയാ







ണിത്. കൂടുതലാളുകളുള്ള അന്തരീക്ഷത്തിൽ പഠിക്കാൻ ശ്രമിക്കുന്നവർക്ക് ഏകാഗ്രത നഷ്ടപ്പെടുക എളുപ്പമാണ്. ശ്രദ്ധ കേന്ദ്രീകരിക്കുക പ്രയാസകരവും. മൂന്നുപേരായിരിക്കുമ്പോൾ തന്നെ ഒരാൾ ശ്രദ്ധ തിരിച്ചുകളയാനെളുപ്പമാണല്ലോ. ഇക്കാരണത്താൽ, ഏകാധ്യാപക- വിദ്യാർഥി വിദ്യാഭ്യാസ സമ്പ്രദായത്തിന് ഖുർആൻ സൂചന നൽകുകയാണ്. ഇത് ഏകാഗ്രത സുകരമാക്കുന്നുവെന്നു മാത്രമല്ല, പഠിപ്പിക്കുന്നയാളുമായി നേരിട്ടുള്ള ബന്ധം കൂടുതൽ കാര്യക്ഷമമായ രീതിയിൽ പഠിതാവിന് കഴിവുനൽകുകയും ചെയ്യുന്നു. ലോകമാസകലം അംഗീകാരം നേടിക്കഴിഞ്ഞ സ്വകാര്യ വിദ്യാഭ്യാസത്തിന്റെ ഗുണം സുപ്രധാനമായിത്തീരുന്നത് ഇതുകൊണ്ടത്രെ.

മൂസാക്ക് ഖിദ്റിന്റെ വിലയറിഞ്ഞിരുന്നുവെന്നതും, അദ്ദേഹം ഏറ്റവും ഉത്തമമായത് ചെയ്യാൻ നിർദേശിക്കപ്പെട്ടിരുന്നുവെന്നതുമാണ് ഇവിടെ പ്രസ്താവിക്കപ്പെട്ട മറ്റൊരു കാര്യം.

മറ്റെല്ലാ കാര്യങ്ങളെയുംപോലെ, ഈയവസ്ഥയും നിയതിയിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. മൂസാ അക്ഷമനായിത്തീരുന്നുവെന്ന് ഖിദ്ർ പറഞ്ഞിരുന്നുവല്ലോ. അങ്ങനെ അദ്ദേഹത്തിന് ലഭിച്ചിരുന്ന ഭാവിയെക്കുറിച്ച ജ്ഞാനത്തിന്റെ ഒരുഭാഗം നിവർത്തിയാകുകയായിരുന്നു. മറുവശത്ത്, മൂസാ ചോദ്യം ചോദിക്കുന്നു. അദ്ദേഹത്തിന്റെ നിയതിയിൽ അത് എഴുതപ്പെട്ടിരുന്നുവെന്നതാണ് കാരണം. 'നല്ലത്' (പ്രവാചകനോ, ദൈവദൂതനോ പറ്റുന്ന അബദ്ധം) എന്നാണിത് അറിയപ്പെടുന്നത്. പ്രവാചകന്റെയും ദൂതന്റെയും നിയതികളിലെ ഒരു ഭാഗമാണിത്. കാരണം, അവസാനം, നന്മയിലേക്കായിരിക്കും ഇവ നയിക്കുക. നിയതിയിൽ സമയവും സ്ഥലവും അറിയപ്പെട്ട ഇത്തരം അബദ്ധങ്ങൾ സംഭവിക്കുമെന്ന് ഈ സൂക്തങ്ങളിലൂടെ അല്ലാഹു നമ്മെ അറിയിക്കുകയാണ്.

'അദ്ദേഹം പറഞ്ഞു:
തീർച്ചയായും താങ്കൾക്ക് എന്റെ
കൂടെ ക്ഷമിച്ചുകഴിയാൻ സാധിക്കില്ല എന്ന്
ഞാൻ പറഞ്ഞിട്ടില്ലേ?! മൂസാ പറഞ്ഞു: ഞാൻ
മറന്നുപോയതിന് താങ്കൾ എന്റെ പേരിൽ നട
പടി എടുക്കരുത്. എന്റെ കാര്യത്തിൽ വിഷമകര
മായ യാതൊന്നിനും താങ്കൾ എന്നെ
നിർബന്ധിക്കുകയും ചെയ്യരുത്.'
(അൽകഹ്ഫ്: 72, 73)

അറിവ് വെളിപ്പെടുത്തുമ്പോഴുള്ള ഖിദ്‌റിന്റെ വാക്കുകളിലെ നിശ്ചയം ശ്രദ്ധിക്കുക.

ദൈവേച്ഛയാലാണ് സകലകാര്യങ്ങളും സംഭവിക്കുന്നതെന്ന് 73-ാം സൂക്തം വ്യക്തമാക്കുന്നു. ആളുകൾക്ക് സ്വേച്ഛാനുസാരം സംസാരിക്കാനോ, മറ്റുള്ളവരുടെ സംസാരം തടയാനോ സാധിക്കുകയില്ല. കാരണം, അല്ലാഹുവാണ് അവരിൽ സംസാരം നിവേശിപ്പിക്കുന്നത്. മനുഷ്യരാകട്ടെ അല്ലാത്തവരാകട്ടെ അവൻ ഇച്ഛിക്കുന്നത് അവരെക്കൊണ്ട് പറയിക്കാൻ അവന് കഴിവുണ്ട്. വിധിനാളിൽ, മനുഷ്യന്റെ കാതുകൾക്കും കണ്ണുകൾക്കും ചർമങ്ങൾക്കുപോലും അല്ലാഹു സംസാരശേഷി നൽകുമെന്ന് ഖുർആൻ പറയുന്നുണ്ട്:

**അങ്ങനെ അവർ അവിടെ(നരകത്തിൽ) ചെന്നാൽ അവരുടെ കാതും അവരുടെ കണ്ണുകളും അവരുടെ തൊലികളും അവർക്കെതിരായി അവർ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി സാക്ഷ്യം വഹിക്കുന്നതാണ്. തങ്ങളുടെ തൊലികളോട് അവർ പറയും: നിങ്ങളെന്തിനാണ് ഞങ്ങൾക്കെതിരായി സാക്ഷ്യംവഹിച്ചത്? അവ(തൊലികൾ) പറയും: എല്ലാ വസ്തുക്കളെയും സംസാരിപ്പിച്ച അല്ലാഹു ഞങ്ങളെ സംസാരിപ്പിച്ചതാകുന്നു. ആദ്യതവണ നിങ്ങളെ സൃഷ്ടിച്ചത് അവനാണല്ലോ. അവങ്കലേക്കു തന്നെ നിങ്ങൾ മടക്കപ്പെടുകയും ചെയ്യുന്നു. നിങ്ങളുടെ കാതോ, നിങ്ങളുടെ കണ്ണുകളോ നിങ്ങളുടെ തൊലികളോ നിങ്ങൾക്കെതിരിൽ സാക്ഷ്യം വഹിക്കുമെന്ന് കരുതി നിങ്ങൾ (അവയിൽനിന്നും) ഒളിഞ്ഞിരിക്കാറുണ്ടായിരുന്നില്ലല്ലോ. എന്നാൽ നിങ്ങൾ വിചാരിച്ചത് നിങ്ങൾ പ്രവർത്തിക്കുന്നതിൽ മിക്കതും അല്ലാഹു അറിയില്ലെന്നാണ്. (ഫുസ്സിലത്: 20-22)**

അല്ലാഹുവിന്റെ അനുമതിയില്ലാതെ ഒരു ജീവിക്കും സംസാരിക്കാൻ കഴിയുകയില്ലെന്ന് മറ്റൊരു സൂക്തത്തിൽ അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു:

**ആകാശങ്ങളുടെയും ഭൂമിയുടെയും അവക്കിടയിലുള്ളവയുടെയും രക്ഷിതാവും പരമകാരുണികനുമായുള്ളവന്റെ (സമ്മാനം). അവനുമായി സംഭാഷണത്തിലേർപ്പെടാൻ അവർക്കു സാധിക്കുകയില്ല. റൂഹും മലക്കുകളും അണിയായി നിൽക്കുന്ന ദിവസം; പരമകാരുണികനായ അല്ലാഹു അനുവാദം നൽകിയിട്ടുള്ളവനും സത്യം പറഞ്ഞിട്ടുള്ളവനുമല്ലാതെ അന്ന് സംസാരിക്കുകയില്ല. (അന്നബഅ്: 37,38)**

മുമ്പ് നാം പ്രസ്താവിച്ചതുപോലെ, ഓർമയെപ്പോലെ മറവിയെയും അല്ലാഹു സൃഷ്ടിച്ചിരിക്കുന്നു. നമ്മുടെ മാനസിക പ്രവർത്തനങ്ങളെ -അവ ഭൂതമോ, ഭാവിയോ, വർത്തമാനമോ ആയിരിക്കട്ടെ -അവൻ നിയന്ത്രിക്കുന്നു. താൻ മറക്കുമെന്നും താനുദ്ദേശിക്കാത്ത ഒരു ചോദ്യം തന്നിൽനിന്നു





ണ്ടാകുമെന്നും മൂസയുടെ നിയതിയിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. തന്റെ തലച്ചോറിനെ നിയന്ത്രിക്കാനോ, മറവിയെയോ, നിയതിയിൽ രേഖപ്പെടുത്തപ്പെട്ട വാക്കുകൾ പറയുന്നതിനെയോ തടുക്കാനോ ആർക്കും സാധിക്കുകയില്ല. അല്ലാഹു ഇച്ഛിക്കുമ്പോൾ ഏതും എപ്പോഴും അവൻ മറപ്പിച്ചുകളയുന്നു. അവൻ ഇച്ഛിക്കുകയാണെങ്കിൽ ഓർമ ശക്തി എടുത്തുകളയാനും മുമ്പ് അറിവില്ലാത്ത കാര്യങ്ങൾ ഓർമശക്തിയിൽ നിക്ഷേപിക്കാനും അവന് കഴിയും. എല്ലാം സംഭവിക്കുന്നത് അവന്റെ ഇച്ഛകൊണ്ടുമാത്രം.

'വിഷമകരമായ യാതൊന്നിനും താങ്കൾ എന്നെ നിർബന്ധിക്കരുത്' എന്ന സൂക്തം തന്റെ വിദ്യാഭ്യാസത്തിന് അന്ത്യം കുറിക്കാൻ മൂസാ ആഗ്രഹിച്ചിരുന്നില്ലെന്ന് വ്യക്തമാക്കുന്നു.

'അനന്തരം അവരിരുവരും പോയി. അങ്ങനെ ഒരു ബാലനെ അവർ കണ്ടുമുട്ടിയപ്പോൾ അദ്ദേഹം അവനെ കൊന്നുകളഞ്ഞു. മൂസാ പറഞ്ഞു: നിർദോഷിയായ ഒരാളെ മറ്റൊരാൾക്കു പകരമായിട്ടല്ലാതെ താങ്കൾ കൊന്നുവോ? തീർച്ചയായും നിഷിദ്ധമായ ഒരുകാര്യം തന്നെയാണ് താങ്കൾ ചെയ്തിട്ടുള്ളത്.' (അൽകഹ്ഫ്: 74)

ഇനി ചോദ്യം ചോദിക്കുകയില്ലെന്ന് വാഗ്ദാനം ചെയ്തിരുന്നുവെങ്കിലും സ്വന്തം നിയതിയെ അതിക്രമിക്കാനോ സ്വയം ചോദ്യത്തിൽനിന്ന് വിട്ടുനിൽക്കാനോ മൂസക്ക് കഴിയുകയില്ല. ഖിദ്ർ ദൈവിക ജ്ഞാനപ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് അറിയുകയും താൻ അദ്ദേഹത്തിന്റെ ശിഷ്യനാണെന്ന് പറയുകയും ചെയ്യുന്നുണ്ടെങ്കിലും അദ്ദേഹം ഖിദ്‌റിന്റെ പ്രവൃത്തികൾക്കെതിരെ പ്രതികരിക്കുകയായിരുന്നു. അങ്ങനെ മറ്റൊരു 'നല്ലത്' സംഭവിക്കുന്നു.

എന്നാൽ ജീവൻ നൽകുന്നതും അതെടുത്തുകളയുന്നതും അല്ലാഹു മാത്രമാണെന്ന വസ്തുത ശ്രദ്ധേയമാണ്. അപ്പോൾ ദൈവേച്ഛയോടെയല്ലാതെ ഒരാൾക്ക് മറ്റൊരാളെ കൊല്ലാൻ കഴിയുകയില്ല. താഴെ സൂക്തം ശ്രദ്ധിക്കുക:

**എന്നാൽ നിങ്ങൾ അവരെ കൊലപ്പെടുത്തിയിട്ടില്ല. പക്ഷേ, അല്ലാഹുവാണ് അവരെ കൊലപ്പെടുത്തിയത്. (നബിയേ) നീ എറിഞ്ഞ സമയത്ത് നീ എറിഞ്ഞിട്ടുമില്ല. പക്ഷേ, അല്ലാഹു**

**വാണ് എറിഞ്ഞത്. അല്ലാഹു, അവരെ തന്റെ ഭാഗത്തുനിന്നുള്ള ഗുണകരമായ ഒരു പരീക്ഷണം വിജയകരമായി തരണം ചെയ്യി ക്കേണ്ടതിനുമായിരുന്നു അത്. തീർച്ചയായും അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്. (അൽഅൻഫാൽ: 17)**

അല്ലാഹുവിന്റെ ഒരു യഥാർഥ അടിമയാണ് ഖിദ്ർ. അവന്റെ ആജ്ഞയും ഇച്ഛയുമനുസരിച്ചാണ് അദ്ദേഹത്തിന്റെ പ്രവർത്തനം. അദ്ദേഹത്തിന്റെ വാക്കും പ്രവൃത്തിയുമെല്ലാം ദൈവേച്ഛയനുസരിച്ചാണ്. മാത്രമല്ല, ഈ ജീവിതം മറ്റൊന്നിന്റെ പ്രതിക്രിയയാണോ അല്ലയോയെന്നും, വധിക്കപ്പെട്ട കുട്ടി പരിശുദ്ധനോ അല്ലയോ എന്നും ദൈവേച്ഛയോടെ മാത്രമേ അറിയാൻ കഴിയുകയുള്ളൂ. പക്ഷേ, മൂസയുടെ സംസാരം ദൈവേച്ഛയായതിനാലും അത ദ്ദേഹത്തിന്റെ നിയതിയിൽ രേഖപ്പെടുത്തപ്പെട്ടതിനാലും അദ്ദേഹം സംസാ രിച്ചുവെന്നു മാത്രം.

'അദ്ദേഹം പറഞ്ഞു: തീർച്ചയായും താങ്കൾക്ക് എന്റെ കൂടെ ക്ഷമിച്ചുകഴിയാൻ സാധിക്കുകയേ ഇല്ല എന്ന് ഞാൻ താങ്കളോട് പറഞ്ഞിട്ടില്ലേ? മൂസാ പറഞ്ഞു: ഇതിനുശേഷം വല്ലതിനെപ്പറ്റിയും ഞാൻ താങ്കളോടു ചോദിക്കുകയാണെങ്കിൽ പിന്നെ താങ്കൾ എന്നെ സഹവാസിയാക്കേണ്ടതില്ല. എന്നിൽനിന്ന് താങ്കൾക്ക് ന്യായമായ കാരണം കിട്ടിക്കഴിഞ്ഞു' (അൽകഹ്ഫ്: 75,76)

**അ**തെ, അല്ലാഹു ഇച്ഛിക്കുന്നുവെങ്കിൽ തന്റെ അടിമകൾക്ക് ക്ഷമാശക്തി ലഭിക്കും. അവനിച്ഛിക്കുന്നുവെങ്കിൽ ആ ശക്തി എടുത്തുകളയുകയും ചെയ്യും. അല്ലാഹു മാത്രമാണ് ക്ഷമ നൽകുന്നതെന്ന വസ്തുതയോടൊപ്പം വിശ്വാസികളുടെ സ്തുത്യർഹമായ ഈ സ്വഭാവം നിരവധി സൂക്തങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. താലൂത്തിന്റെ സൈന്യം യുദ്ധവേളയിൽ അല്ലാ ഹുവിനോട് ക്ഷമക്കായി അപേക്ഷിക്കുന്നത് ഉദാഹരണം:


**അങ്ങനെ അവർ ജാലൂത്തിനും സൈന്യങ്ങൾക്കുമെതിരെ പോരിനിറങ്ങിയപ്പോൾ അവർ പ്രാർഥിച്ചു: ഞങ്ങളുടെ നാഥാ, ഞങ്ങളുടെമേൽ നീ ക്ഷമ ചൊരിഞ്ഞുതരികയും ഞങ്ങളുടെ പാദങ്ങൾ ഉറപ്പിച്ചുനിർത്തുകയും സത്യനിഷേധികളായ**





**ജനങ്ങൾക്കെതിരിൽ ഞങ്ങളെ സഹായിക്കുകയും ചെയ്യേ ണമേ. (അൽബഖറ: 250)**

ഖിദ്റിന്റെ അസംതൃപ്തിയെക്കുറിച്ച് മൂസാ ബോധവാനായിരുന്നുവെന്ന് 76-ാം സൂക്തം വെളിപ്പെടുത്തുന്നു. മൂസ അക്ഷമനായിത്തീരുമെന്ന് ഖിദ്ർ ഉറപ്പിച്ചുപറയുന്നുവെങ്കിലും താൻ ക്ഷമാശീലനായിരുന്നുവെന്ന് മൂസാ ഊന്നി പ്പറയുകയാണ്. എന്നാൽ, വാഗ്ദാന പാലനത്തിൽ രണ്ടുതവണ പരാജയം നേരിട്ട മൂസാ സ്ഥിതി വ്യക്തമാക്കാനാഗ്രഹിക്കുകയും അങ്ങനെ വിദ്യാഭ്യാ സത്തിന്റെയും താക്കീതിന്റേതുമായ ഈ പ്രക്രിയക്ക് അന്ത്യം കുറിക്കാതി രിക്കാൻ ഖിദ്റിനെ പ്രേരിപ്പിക്കുന്ന ഒരു പുതിയ കൗശലം പ്രയോഗിക്കു കയും ചെയ്യുകയായിരുന്നു. കഴിവതും ഈ പഠനം നീട്ടിക്കൊണ്ടുപോവുക എന്ന ലക്ഷ്യത്തോടെ അദ്ദേഹം കൂടുതൽ ഉറപ്പും മുൻകരുതലും എടുക്കു കയായിരുന്നു.



ഖദിറു(അ)ം മൂസ(അ)യും കപ്പലിൽ കയറുകയും ഖദിർ(അ) കപ്പലിൽ ഒരു ദ്വാരമുണ്ടാക്കുകയും ചെയ്തു.

ഖദിറു(അ)ം മൂസ(അ)യും അവിടെ തകർന്ന് ഒരു ഭിത്തി കണ്ട ഖദിർ ഉടനെയതു നേരെയാക്കി.

'അനന്തരം അവരിരുവരും പോയി. അങ്ങനെ ഇരു വരും ഒരു രാജ്യക്കാരുടെ അടുക്കൽ ചെന്നപ്പോൾ ആ രാജ്യക്കാരോട് അവർ ഭക്ഷണം ആവശ്യപ്പെട്ടു. എന്നാൽ ഇവരെ സൽക്കരിക്കാൻ അവർ വൈമനസ്യം കാണിക്കുകയാണ് ചെയ്തത്. അപ്പോൾ, പൊളിഞ്ഞു വീഴാനൊരുങ്ങുന്ന ഒരു മതിൽ അവർ അവിടെ കണ്ടെ ത്തി. ഉടനെ അദ്ദേഹം അത് നേരെയാക്കി. മൂസാ പറഞ്ഞു: താങ്കൾ ഉദ്ദേശിച്ചിരുന്നെങ്കിൽ അതിന്റെ പേരിൽ താങ്കൾക്ക് വല്ല പ്രതിഫലവും വാങ്ങാമായി രുന്നു.' (അൽകഹ്ഫ്: 77)

യാത്രക്കിടയിൽ ഇരുവരും ഒരു നഗരത്തിലെത്തി. തൃപ്തികരമായ ആഹാരമോ താമസസൗകര്യമോ ലഭിച്ചില്ലായെന്നതിനാൽ ആ യാത്ര വളരെ ദുഷ്കരമായിരുന്നുവെന്ന് മനസ്സിലാക്കാം.

സത്യവും പ്രയോജനവിദ്യയും തേടുന്ന കാര്യത്തിൽ വിഷമവും ബുദ്ധിമുട്ടും സഹിക്കുന്നതിന്റെ സാധുത ഈ വാക്യത്തിലൂടെ അല്ലാഹു സൂചിപ്പിക്കുകയായിരിക്കാം. ജ്ഞാനവും താക്കീതുകളും നേടാമെന്ന പ്രതീക്ഷയോടെ എന്തു വിഷമവും സഹിച്ചു ഖിദ്റിനോടൊപ്പം നിൽക്കാൻ മൂസ സന്നദ്ധനായിരുന്നു. ഇത് എല്ലാ ജനതക്കുമുള്ള ഒരു സന്ദേശമാണ്. ഇത്തരം സന്ദർഭങ്ങളിൽ ഇതുപോലുള്ള നിശ്ചയവും സ്വഭാവശക്തിയും മുസ്‌ലിംകൾ പ്രദർശിപ്പിക്കേണ്ടതാണ്.

പ്രത്യേക നൈപുണ്യവും കഴിവും അതിവേഗ പ്രവർത്തനവുമുള്ള ആളായിരുന്നു ഖിദ്ർ എന്നും ഈ സൂക്തം സൂചിപ്പിക്കുന്നു. ആർക്കും മനസ്സിലാക്കാൻ കഴിയാത്തവിധം കപ്പൽ കേടുവരുത്താനും ശക്തമായൊരു മതിൽ വേഗത്തിൽ പണിയാനും അദ്ദേഹത്തിനു കഴിഞ്ഞതിൽനിന്നും ഇത് മനസ്സിലാക്കാം. 'അപ്പോൾ പൊളിഞ്ഞുവീഴാനൊരുങ്ങുന്ന ഒരു മതിൽ അവർ അവിടെ കണ്ടെത്തി. ഉടനെ അദ്ദേഹം അത് നേരെയാക്കി' എന്നു പറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ ധൃതതീരുമാനത്തെയും കർമത്തെയും അല്ലാഹു സൂചിപ്പിക്കുകയാണ്. കപ്പൽ പൂർണമായി നശിപ്പിക്കാത്തവിധം ദ്വാരമുണ്ടാക്കി ഉപയോഗശൂന്യമായി അവതരിപ്പിക്കുക വഴി വലിയ സാമർഥ്യമാണ് അദ്ദേഹം പ്രകടിപ്പിച്ചത്. അതെ, കപ്പൽ നിർമാണം, മതിൽ നിർമാണം എന്നിവയിൽ അദ്ദേഹത്തിനു നല്ല പരിചയമുണ്ടായിരുന്നു.

ഇപ്പോൾ, തന്റെ മൂന്നാമത്തേതും അവസാനത്തേതുമായ ചോദ്യം മൂസാ ഖിദ്റിനോട് ചോദിക്കുകയാണ്. ദൈവദത്തമായ തന്റെ ജ്ഞാനത്തിലൂടെ





തന്റെ ജോലിക്ക് പ്രതിഫലം ചോദിക്കുന്നത് അനുവദനീയമോ അല്ലയോ എന്ന് അദ്ദേഹത്തിന് ആദ്യമേ തന്നെ അറിയാമായിരുന്നു. ഇത്തരമൊരു പ്രവൃത്തി നിർബന്ധമൊന്നുമല്ല. കാരണം, സാഹചര്യവും അവസ്ഥയും ആസ്പദമാക്കിയുള്ളതാണത്. വിശ്വാസി ദൈവപ്രീതിക്കായി എന്തു പ്രവൃത്തി ചെയ്യുമ്പോഴും അത് വേതനം നൽകപ്പെടുന്ന ഒരു ജോലിയോ സൗജന്യ തൊഴിലോ ആയിരിക്കും. വേതനം നൽകപ്പെടുന്നതാണെങ്കിൽ തന്നെ, പ്രസ്തുത വേതനംകൊണ്ട് ദൈവപ്രീതിയാർജിക്കാനാകും. ദൈവികാജ്ഞയുടെയും പ്രവാചക ജ്ഞാനത്തിന്റെയും വെളിച്ചത്തിൽ പണമാവശ്യപ്പെടാമോ എന്നത് മനുഷ്യന്റെ വ്യക്തിപരമായ തീരുമാനമാണ്.

'അദ്ദേഹം പറഞ്ഞു: ഇത് ഞാനും താങ്കളും തമ്മിലുള്ള വേർപാടാകുന്നു. ഏതൊരു കാര്യത്തിന്റെ പേരിൽ താങ്കൾക്കു ക്ഷമിക്കാൻ കഴിയാതിരുന്നുവോ അതിന്റെ പൊരുൾ ഞാൻ താങ്കൾക്ക് അറിയിച്ചു തരാം.' (അൽകഹ്ഫ്: 78)

മൂസയുടെ അവസാന ചോദ്യം ഇരുവരുടെയും വേർപാടിന്റെ സമയമാണിതെന്ന് സൂചിപ്പിക്കുന്നു. 'ഇതിനുശേഷം വല്ലതിനെപ്പറ്റിയും ഞാൻ താങ്കളോട് ചോദിക്കുകയാണെങ്കിൽ പിന്നെ താങ്കൾ എന്നെ സഹവാസിയാക്കേണ്ടതില്ല' എന്ന് മൂസ മുമ്പ് പറഞ്ഞപ്പോൾ ഈ അവസ്ഥ മൂസ പ്രസ്താവിക്കണമെന്ന് അല്ലാഹു ഇച്ഛിച്ചിരുന്നുവെന്നതാണ് കാരണം. ഇവിടെ ഊന്നിപ്പറയപ്പെട്ട ന്യായീകരണങ്ങളെക്കുറിച്ച് ദൈവികജ്ഞാനമില്ലാത്തതിനാൽ മൂസക്ക് സ്വയം നിയന്ത്രിക്കാൻ കഴിയുകയില്ലെന്നും, ഇപ്പോൾ താനത് വിശദീകരിക്കുന്നുവെന്നും പറഞ്ഞുകൊണ്ട് ഖിദ്ർ കാരണം പ്രഖ്യാപിക്കുകയായിരുന്നു. ഈ കാരണങ്ങൾ മൂസക്ക് വിശദീകരിച്ചുകൊടുത്തിരുന്നുവെങ്കിൽ അദ്ദേഹത്തിന് ക്ഷമിക്കാൻ കഴിയുമായിരുന്നു. മറ്റുവാക്കുകളിൽ, പ്രവാചകന്മാരോ തെരഞ്ഞെടുക്കപ്പെട്ടവരോ വിശദീകരിക്കാത്ത കാര്യങ്ങളിൽ നന്മയും വിവേകവും ഉണ്ടെന്ന് കരുതേണ്ടതുണ്ട്.

യാത്രയിൽ മൂസയും ഖിദ്റും അനുഭവിച്ച സകല കാര്യങ്ങളും അവരുടെ വിധിയിൽ രേഖപ്പെടുത്തപ്പെട്ടതും ദൈവതീരുമാനങ്ങളുമാണ്. മറിച്ചൊന്നും

സംഭവിച്ചിട്ടില്ല. വേർപാടിന്റെ സമയവും കൂടിക്കാഴ്ചയുടെ സ്ഥല-കാലങ്ങളുമെല്ലാം ദൈവസന്നിധിയിൽ അറിയപ്പെട്ടവയാണ്. കാരണം, കാലാതീതമായ ഭൂതത്തിൽ ഇവയെല്ലാം അവരുടെ വിധിയിൽ രേഖപ്പെടുത്തപ്പെട്ടുകിടക്കുകയാണല്ലോ.

> 'എന്നാൽ ആ കപ്പൽ കടലിൽ ജോലിചെയ്യുന്ന ഏതാനും ദരിദ്രന്മാരുടേതായിരുന്നു. അതിനാൽ ഞാനത് കേടുവരുത്തണമെന്ന് ഉദ്ദേശിച്ചു. (കാരണം) അവരുടെ പിറകെ എല്ലാ (നല്ല) കപ്പലും ബലാൽക്കാരമായി പിടിച്ചെടുക്കുന്ന ഒരു രാജാവുണ്ടായിരുന്നു.' (അൽകഹ്ഫ്: 79)

**വേ**ർപാടു വേളയിൽ ഖിദ്ർ തന്റെ പ്രവർത്തനങ്ങൾ വിശദീകരിച്ചു. ആദ്യസംഭവത്തിലെ കപ്പലിന് ദ്വാരമുണ്ടാക്കുക എന്നതിന് നിരവധി കാരണങ്ങളുണ്ട്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നതിനു മുമ്പ് സഹാനുഭൂതിപരമായ അദ്ദേഹത്തിന്റെ സ്വഭാവത്തെക്കുറിച്ച് ഒരു പര്യാലോചന നന്നായിരിക്കും. ഖിദ്ർ അഗതികളെ സഹായിച്ചു. അവർക്ക് വിഷമം നേരിടുന്നതും അക്രമകാരികൾ മൂലം ദുരിതമുണ്ടാകുന്നതും തടയാനദ്ദേഹം ആഗ്രഹിക്കുകയായിരുന്നുവല്ലോ. ദരിദ്രന്മാരോടും പാവങ്ങളോടും അദ്ദേഹത്തിനുണ്ടായിരുന്ന അനുകമ്പയും സഹാനുഭൂതിയും സ്നേഹവുമാണല്ലോ ഇതു വെളിപ്പെടുത്തുന്നത്. കരുണ, ദയ തുടങ്ങിയ ദൈവിക ഗുണങ്ങൾ അദ്ദേഹത്തിൽ കേന്ദ്രീകരിച്ചിരുന്നു. വിശ്വാസികളെയും അവിശ്വാസികളെയും തമ്മിൽ വേർതിരിക്കുന്ന ഒരു പ്രധാന ഘടകമാണിത്. അല്ലാഹു പറയുന്നു:

> **ആ മലമ്പാത ഏതാണെന്ന് നിനക്കറിയുമോ? അടിമയെ മോചിപ്പിക്കുക, പട്ടിണിയുള്ള നാളിൽ കുടുംബബന്ധമുള്ള അനാഥക്കോ കടുത്ത ദാരിദ്ര്യമുള്ള സാധുവിനോ ഭക്ഷണം കൊടുക്കുക. പിന്നെ(അതോടൊപ്പം) വിശ്വസിക്കുകയും ക്ഷമ കൊണ്ടും കാരുണ്യംകൊണ്ടും പരസ്പരം ഉപദേശിക്കുകയും ചെയ്തവരുടെ കൂട്ടത്തിൽ അവൻ ഉൾപ്പെടുകയും ചെയ്യുക. അങ്ങനെ ചെയ്യുന്നവരത്രെ വലതുപക്ഷക്കാർ. (അൽബലദ്: 12-18)**

പ്രവാചകന്മാരുടെയും നബിമാരുടെയും ഏറ്റവും നിർണായകമായ ഗുണ



അന്ത്യനാളിന്റെ അടയാളങ്ങൾ

ങ്ങളാണ് വിശ്വാസികളോടുള്ള അനുകമ്പയും അലിവും സ്നേഹവും. മറ്റെല്ലാ പ്രവാചകന്മാരെയുംപോലെ അനുകമ്പയും സ്നേഹവുമുണ്ടായിരുന്ന അനുഗൃഹീതനായ ഖിദ്ർ, ദൈവേച്ഛയാൽ ഉന്നത ജ്ഞാനമാർജിക്കുകയും ചെയ്തിരുന്നു. അതിനാൽ കപ്പലിന് ദ്വാരമുണ്ടാക്കി, ഉപയോഗശൂന്യമാക്കി അക്രമകാരികൾ അത് പിടിച്ചെടുക്കാതെ തടഞ്ഞു അവരെ സഹായിക്കാൻ ആഗ്രഹിക്കുകയായിരുന്നു.

ഖിദ്റിന്റെ യുക്തി, മുൻകാഴ്ച, വിവേകം, സൂക്ഷ്മബോധം എന്നിവ ശ്രദ്ധേയങ്ങളാണ്. കാരണം, വളരെ വേഗം കേടുപാട് തീർത്തു വീണ്ടും ഉപയോഗ്യമാക്കാൻ പറ്റിയ രീതിയിലാണദ്ദേഹമത് കേടുവരുത്തിയത്. കപ്പൽ പിടിച്ചെടുക്കാൻ വരുന്നവർ ഈ കേടുപാട് കാണുകയും അങ്ങനെ തങ്ങളുടെ ശ്രമം ഉപേക്ഷിക്കുകയും ചെയ്യുമല്ലോ.

പാവപ്പെട്ട ജനതയെ ഭരിക്കുന്ന ഒരു മർദക ഭരണത്തിന്റെ അവസ്ഥയും ഇവിടെ സ്മരണീയമാകുന്നു. അത് സ്വേച്ഛാധിപത്യമായിരിക്കാം. യാതൊരു നീതീകരണവും കൂടാതെ സ്വേച്ഛാധിപതികൾ വിശ്വാസികളുടെ സമ്പത്ത് പിടിച്ചെടുക്കുകയായിരിക്കാം. തദ്ഫലമായി വിശ്വാസികൾ നിത്യദുരിതത്തിലകപ്പെടുകയും ചെയ്യുമായിരിക്കും.



*സ്റ്റാലിൻ തന്റെ ക്രൂര ഭരണത്തിനു കീഴിൽ പട്ടിണിക്കിട്ട കുട്ടികൾ*

യാതൊരു യുക്തിദീക്ഷയുമില്ലാതെ ജനങ്ങളുടെ സമ്പത്ത് പിടിച്ചെടുക്കുക, ആദ്യകാല ഫ്യൂഡലിസ്റ്റ് സ്വേച്ഛാധിപത്യത്തിലും, ഏകാധിപത്യ ഭരണത്തിലും, ആധുനിക ഫാഷിസ്റ്റ്-കമ്യൂണിസ്റ്റ് ഭരണങ്ങളിലും, സർവസാധാരണമാണ്. ഈ സമഗ്രാധിപത്യ ഭരണകർത്താക്കൾ അരക്ഷിതരായ ജനങ്ങളുടെ സ്വത്തുക്കളെടുത്തു അവരെ വിശക്കുന്നവരും ദരിദ്രരുമാക്കി വിടുന്നു. മനുഷ്യ ചരിത്രത്തിന്റെ തുടക്കം മുതൽ തന്നെ മർദക ഭരണകൂടങ്ങൾ മാനവരാശിയെ ശല്യം ചെയ്തിരുന്നുവെന്ന് ഈ ഉദാഹരണങ്ങൾ വ്യക്തമാക്കുന്നു.

'എന്നാൽ ആ ബാലനാകട്ടെ, അവന്റെ മാതാപിതാക്കൾ സത്യവിശ്വാസികളായിരുന്നു. എന്നാൽ അവൻ അവരെ അതിക്രമത്തിനും അവിശ്വാസത്തിനും നിർബന്ധിതരാക്കിത്തീർക്കുമെന്ന് നാം ഭയപ്പെട്ടു.'
(അൽകഹ്ഫ്:80)

കുട്ടിയുടെ മാതാപിതാക്കൾ വിശ്വാസികളായിരുന്നുവെന്ന് ഈ സൂക്തം വ്യക്തമാക്കുന്നു. അതെ, അക്കാലത്ത് യഥാർഥ മതം നിലനിന്നിരുന്നു. ദൈവേച്ഛയാലായിരുന്നു ഖിദ്ർ കുട്ടിയുടെ ജീവനെടുത്തത്. അവന്റെ മരണസമയവും സ്ഥലവുമെല്ലാം അവന്റെ വിധിരേഖയിൽ അല്ലാഹു രേഖപ്പെടുത്തിയിരുന്നു. ഈ വസ്തുത അല്ലാഹു അനുസ്മരിപ്പിക്കുന്നത് കാണുക:

**അവനത്രെ കളിമണ്ണിൽനിന്ന് നിങ്ങളെ സൃഷ്ടിച്ചത്. എന്നിട്ടവൻ ഒരവധി നിശ്ചയിച്ചിരിക്കുന്നു. അവങ്കൽ നിർണിതമായ മറ്റൊരു അവധിയുമുണ്ട്. എന്നിട്ടും നിങ്ങൾ സംശയിച്ചുകൊണ്ടിരിക്കുന്നു. (അൽഅൻആം: 2)**

മലക്കുകൾ ഓരോ മനുഷ്യന്റെയും ജീവനെടുക്കുന്നുവെന്ന് ഖുർആൻ പറയുന്നതും ഇതുപോലെതന്നെ:

**സത്യനിഷേധികളുടെ മുഖങ്ങളിലും പിൻവശങ്ങളിലും അടിച്ചുകൊണ്ട് മലക്കുകൾ അവരെ മരിപ്പിക്കുന്ന സന്ദർഭം നീ കണ്ടിരുന്നുവെങ്കിൽ! (അവർ (മലക്കുകൾ) അവരോട് പറയും:) ജ്വലിക്കുന്ന അഗ്നിയുടെ ശിക്ഷ നിങ്ങൾ ആസ്വദിച്ചുകൊള്ളുക. (അൽഅൻഫാൽ: 50)**





സത്യത്തിൽ അല്ലാഹുവാണല്ലോ ജീവനെടുക്കുന്നത്. അപ്പോൾ മലക്കുകൾ വെറുമൊരു മാധ്യമം മാത്രം. ഇബ്റാഹീമിന്റെ ഹൃദയം നിറഞ്ഞ പ്രാർഥന മറ്റൊരു ഉദാഹരണമാണ്:

**അതായത് എന്നെ സൃഷ്ടിച്ച് എനിക്ക് മാർഗദർശനം നൽകിക്കൊണ്ടിരിക്കുന്നവൻ. എനിക്ക് ആഹാരം തരികയും കുടിനീർ തരികയും ചെയ്യുന്നവൻ. എനിക്ക് രോഗം ബാധിച്ചാൽ അവനാണ് എന്നെ സുഖപ്പെടുത്തുന്നത്. എന്നെ മരിപ്പിക്കുകയും പിന്നീട് ജീവിപ്പിക്കുകയും ചെയ്യുന്നവൻ. പ്രതിഫല നാളിൽ ഏതൊരുവൻ എന്റെ തെറ്റ് പൊറുത്തുതരുമെന്ന് ഞാൻ ആശ്വസിക്കുന്നുവോ അവൻ. എന്റെ രക്ഷിതാവേ, എനിക്ക് നീ തത്വജ്ഞാനം നൽകുകയും എന്നെ നീ സജ്ജനങ്ങളോടൊപ്പം ചേർക്കുകയും ചെയ്യേണമേ. (അശ്ശുഅറാഅ്: 78-83)**

കുട്ടിയുടെ ജീവനെടുക്കാൻ അല്ലാഹു ഖിദ്റിനോട് ആജ്ഞാപിക്കുകയായിരുന്നു. അങ്ങനെ അല്ലായിരുന്നുവെങ്കിൽ മറ്റൊരാളിലൂടെ അവൻ ഇത് ചെയ്യുമായിരുന്നു. ഒരു അപകടം വഴിയോ ഹൃദയസ്തംഭനം മൂലമോ തലക്ക് മാരകമായ മുറിവ് പറ്റിയോ ആ കുട്ടി കൊല്ലപ്പെട്ടിരിക്കും. അല്ലാഹു പറയുന്നു:

**അല്ലാഹു മനുഷ്യരെ അവരുടെ അക്രമം മൂലം (ഉടനടി) പിടികൂടുകയായിരുന്നുവെങ്കിൽ ഭൂമുഖത്ത് യാതൊരു ജന്തുവെയും അവൻ വിട്ടേക്കുമായിരുന്നില്ല. എന്നാൽ നിർണിതമായ ഒരവധി വരെ അവൻ അവർക്ക് സമയം നീട്ടിക്കൊടുക്കുകയാണ്**



ഈ ട്രെയിൻ അപകടത്തിൽപെട്ട ജനങ്ങൾ ഈ നേരത്തുവരെ മരണത്തിന്റെ അർഥമെന്താണെന്ന് ചിന്തിച്ചിരിക്കില്ല.

**ചെയ്യുന്നത്. അങ്ങനെ അവരുടെ അവധി വന്നാൽ ഒരു നാഴിക നേരം പോലും അവർക്ക് വൈകിക്കാനാവുകയില്ല. അവർക്കത് നേരത്തെയാക്കാനും കഴിയുകയില്ല. (അന്നഹ്ൽ: 61)**

ഈ സംഭവത്തിൽ മലക്കുകൾ അദൃശ്യ മാധ്യമങ്ങളും ഖിദ്ർ ദൃശ്യ മാധ്യമവുമായിരിക്കാൻ അല്ലാഹു തീരുമാനിക്കുകയാണുണ്ടായത്. അങ്ങനെ ഖിദ്ർ ആണ് കുട്ടിയുടെ ജീവനെടുക്കുന്നതായി പ്രത്യക്ഷത്തിൽ തോന്നുന്നത്. യഥാർഥമാകട്ടെ, ദൈവികാജ്ഞ മുഖേനയാണ് അദ്ദേഹം അതു ചെയ്യുന്നത്. ദൈവകൽപനക്ക് വിരുദ്ധമായി അദ്ദേഹം ഒന്നും ചെയ്യുകയില്ലെന്ന് മാത്രമല്ല, ദൈവേച്ഛയില്ലെങ്കിൽ അദ്ദേഹത്തിനത് ചെയ്യാനും കഴിയുകയില്ല. ഈ ദൗത്യത്തിന് അല്ലാഹു അദ്ദേഹത്തെ തെരഞ്ഞെടുത്തിരിക്കുകയാണ്. മൂസ ഒരാളെ വധിച്ച സംഭവത്തിന്റെ സ്ഥിതിയും തഥൈവ. ഖുർആൻ പറയുന്നു:

**പട്ടണവാസികൾ അശ്രദ്ധരായിരുന്ന സമയത്ത് മൂസ അവിടെ കടന്നുചെന്നു. അപ്പോൾ അവിടെ രണ്ടു പുരുഷന്മാർ പരസ്പരം പൊരുതുന്നത് കണ്ടു. ഒരാൾ തന്റെ കക്ഷിയിൽ പെട്ടവൻ. മറ്റൊരാൾ തന്റെ ശത്രുവിഭാഗത്തിൽ പെട്ടവനും. അപ്പോൾ തന്റെ കക്ഷിയിൽ പെട്ടവൻ ശത്രുവിഭാഗത്തിൽ പെട്ടവനെതിരിൽ അദ്ദേഹത്തോട് സഹായം തേടി. മൂസ അവനെ (ശത്രുവിഭാഗത്തിൽ പെട്ടവനെ) മുഷ്ടി ചുരുട്ടി ഇടിച്ചു. അതവന്റെ കഥകഴിച്ചു. മൂസ പറഞ്ഞു: ഇത് പിശാചിന്റെ പ്രവർത്തനത്തിൽ പെട്ടതാകുന്നു. അവൻ വ്യക്തമായും വഴിപിഴപ്പിക്കുന്ന ശത്രുതന്നെയാകുന്നു. അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, തീർച്ചയായും ഞാൻ എന്നോട് അന്യായം ചെയ്തിരിക്കുന്നു. അതിനാൽ നീ എനിക്ക് പൊറുത്തുതരേണമേ. അപ്പോൾ അദ്ദേഹത്തിന് അവൻ പൊറുത്തുകൊടുത്തു. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. (അൽഖസ്വസ്വ്: 15,16)**

പരസ്പരം പൊരുതിക്കൊണ്ടിരിക്കുന്നവരിലൊരാളെ സഹായിക്കാൻ സംഭവത്തിൽ ഇടപെട്ട മൂസാ അവിചാരിതമായി മറ്റെയാളെ വധിക്കുകയായിരുന്നു. ഇവിടെ മൂസയും ഒരു മാധ്യമമായിരുന്നു. ആ മനുഷ്യൻ മൂസയുടെ കൈയാൽ വധിക്കപ്പെട്ടു. ഇവിടെ മൂസ ദൃശ്യമാധ്യമവും മലക്കുകൾ അദൃശ്യമാധ്യമങ്ങളുമാണ്. ജീവനെടുക്കാനുള്ള ചുമതല മലക്കുകൾക്കാണെന്നും യഥാർഥത്തിൽ അത് ചെയ്യുന്നത് അല്ലാഹുവാണെന്നും ഖുർആൻ വ്യക്തമാക്കുന്നു.

ആളുകൾ എത്ര എതിർത്താലും, എവിടെ അഭയം തേടിയാലും എങ്ങോട്ടു പലായനം നടത്തിയാലും ഓരോരുത്തരും എപ്പോഴും തന്റെ മരണത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയാണ്. അതിൽനിന്ന് രക്ഷപ്പെടാനാർക്കും കഴിയുകയില്ലെന്ന് അല്ലാഹു ഓർമിപ്പിക്കുന്നു:





**(നബിയേ) പറയുക: കാര്യമെല്ലാം അല്ലാഹുവിന്റെ അധീനത്തിലാകുന്നു. നിന്നോടവൻ വെളിപ്പെടുത്തുന്നതല്ലാത്ത മറ്റെന്തോ മനസ്സുകളിൽ അവർ ഒളിച്ചുവെക്കുന്നു. അവർ പറയുന്നു: കാര്യത്തിൽ നമുക്ക് വല്ല സ്വാധീനവും ഉണ്ടായിരുന്നുവെങ്കിൽ നാം ഇവിടെ കൊല്ലപ്പെടുമായിരുന്നില്ല. (നബിയേ) പറയുക: നിങ്ങൾ സ്വന്തം വീടുകളിൽ ആയിരുന്നാൽ പോലും കൊല്ലപ്പെടാൻ വിധിക്കപ്പെട്ടവർ തങ്ങൾ മരിച്ചുവീഴുന്ന സ്ഥാനങ്ങളിലേക്ക് (സ്വയം) പുറപ്പെട്ടുവരുന്നതാകുന്നു. നിങ്ങളുടെ മനസ്സുകളിലുള്ളത് അല്ലാഹു പരീക്ഷിച്ചറിയാൻ വേണ്ടിയും നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് ശുദ്ധീകരിച്ചെടുക്കാൻ വേണ്ടിയുമാണിതെല്ലാം. മനസ്സുകളിലുള്ളത് എല്ലാം അറിയുന്നവനാകുന്നു അല്ലാഹു. (ആലു ഇംറാൻ: 154)**

ഇക്കാര്യത്തിൽ ആർക്കും സ്വാതന്ത്ര്യം നൽകപ്പെട്ടിട്ടില്ല. രക്ഷപ്പെടാൻ യാതൊരു മാർഗവുമില്ല. മരണത്തിന് നിശ്ചയിക്കപ്പെട്ട സമയമാകുമ്പോൾ മരണത്തിന്റെ മലക്കുകളെ തള്ളിക്കളയാൻ ആർക്കുമാകുകയില്ല. ഓരോരുത്തരും തങ്ങളുടെ നിശ്ചിത സ്ഥല -സമയത്ത് മരണപ്പെടുന്നതാണെന്ന് ഖുർആൻ വ്യക്തമായി പ്രഖ്യാപിക്കുന്നുണ്ട്:

**(നബിയേ) പറയുക: തീർച്ചയായും ഏതൊരു മരണത്തിൽനിന്ന് നിങ്ങൾ ഓടി അകലുന്നുവോ തീർച്ചയായും അത് നിങ്ങളുമായി കണ്ടുമുട്ടുന്നതാണ്. പിന്നീട് അദൃശ്യവും ദൃശ്യവും അറിയുന്നവന്റെ അടുക്കലേക്ക് നിങ്ങൾ മടക്കപ്പെടുകയും ചെയ്യും. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി അവൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്. (അൽജുമുഅ:8)**

**നിങ്ങൾ എവിടെയായിരുന്നാലും മരണം നിങ്ങളെ പിടികൂടുന്നതാണ്. നിങ്ങൾ ഭദ്രമായി കെട്ടി ഉയർത്തപ്പെട്ട കോട്ടകൾക്കുള്ളിലായാൽ പോലും. (അന്നിസാഅ്: 78)**

ഭാവിയിൽ അവിശ്വാസിയായിത്തീരുമെന്ന് തനിക്ക് ഉത്തമ ബോധ്യമുള്ള ഒരു കുട്ടിയെ ഖിദ്ർ വധിക്കുന്നു. കുടുംബത്തെയും പരിസ്ഥിതിയെയും നികൃഷ്ടമാക്കുകയും പാപസമുദ്രത്തിൽ മുങ്ങുകയും ചെയ്യുന്നതിൽനിന്ന് കുട്ടിയെ തടുക്കുകയും അങ്ങനെ പ്രതിരോധ പ്രവർത്തനം നടത്തുകയുമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.

'അതിനാൽ അവർക്ക് അവരുടെ രക്ഷിതാവ് അവനെക്കാൾ സ്വഭാവശുദ്ധിയിൽ മെച്ചപ്പെട്ടവനും കാരുണ്യത്താൽ കൂടുതൽ അടുപ്പമുള്ളവനുമായ ഒരു സന്താനത്തെ പകരം നൽകണം എന്ന് നാം ആഗ്രഹിച്ചു.'
(അൽകഹ്ഫ്: 81)

## ഖിദ്റിന്റെ സദ്ഗുണങ്ങൾ

ഖിദ്ർ-മൂസാ സംഭവത്തിന്റെ ഈ വിവരണത്തെക്കുറിച്ച് പരിചിന്തനം നടത്തുമ്പോൾ കഴിഞ്ഞ പേജുകളിൽ നാം സവിശദം വിവരിച്ച ഖിദ്റിന്റെ സ്വഭാവഗുണത്തിന്റെ സന്ദേശങ്ങളുൾക്കൊള്ളുന്നതാണ് ഓരോ സൂക്തവുമെന്ന് തിരിച്ചറിയാൻ നമുക്ക് കഴിയുന്നു. അദ്ദേഹത്തിന്റെ സ്വഭാവഗുണങ്ങളെപ്പറ്റി വിചിന്തനം നടത്തുന്നതിന് ആവശ്യമായ തെളിവുകളോടെ അവ ഒരു പട്ടികയാക്കി അവതരിപ്പിക്കുകയാണിവിടെ.

**1. ദൈവികാജ്ഞകൾ ഉടൻ അനുസരിക്കുന്നു:**

ദൈവികാജ്ഞ സ്വീകരിക്കുന്നതിലുള്ള അദ്ദേഹത്തിന്റെ ശുഷ്കാന്തിയാണ് സൂറതുൽ കഹ്ഫിലെ അദ്ദേഹത്തിന്റെ ഏറ്റവും ശ്രദ്ധേയമായ ഗുണം. വെളിപാടുകൾ ലഭിച്ചയുടനെത്തന്നെ അവ അനുസരിക്കുകയായിരുന്നുവല്ലോ അദ്ദേഹം.

**2. അനുകമ്പയും കാരുണ്യവും. ദരിദ്രന്മാരെയും അനാഥരെയും മറ്റും അദ്ദേഹം സഹായിച്ചത് ഇതിന്റെ വ്യക്തമായ തെളിവാണ്.**

**3. വിശ്വാസികൾക്കുള്ള സമർപ്പണവും സഹായവും.**

വിശ്വാസിയായ മാതാവിനെയും പിതാവിനെയും അദ്ദേഹം സഹായിച്ചത് അവർക്കുവേണ്ടിയുള്ള അദ്ദേഹത്തിന്റെ സമർപ്പണമാണല്ലോ വ്യക്തമാക്കുന്നത്.

**4. ബുദ്ധിയും അന്തർദൃഷ്ടിയും ദീർഘദൃഷ്ടിയും.**

അവിശ്വാസികൾക്കെതിരെ അദ്ദേഹം സ്വീകരിച്ച പ്രതിരോധ പ്രവർത്തനങ്ങളും തന്ത്രങ്ങളും അദ്ദേഹത്തിന്റെ ബുദ്ധിയുടെയും ദീർഘദൃഷ്ടിയുടെയും തെളിവാണ്.

**5. അല്ലാഹുവിലുള്ള വിശ്വാസം**

തന്നെ അഭിമുഖീകരിച്ചിരുന്ന വിഷമങ്ങളൊന്നും അദ്ദേഹത്തെ ബാധിച്ചിരുന്നില്ല. ദൈവിക തീരുമാനപ്രകാരമാണ് എല്ലാം സംഭവിക്കുന്നത് എന്നതാണ് കാരണം.

ഖുർആനിക സൂക്തങ്ങളിലൂടെ അദ്ദേഹത്തിന്റെ സ്വഭാവവിശേഷങ്ങൾ അല്ലാഹു നമുക്ക് വെളിപ്പെടുത്തിത്തന്നിരിക്കുകയാണ്. അല്ലാഹു അദ്ദേഹത്തിന് വിവേകവും ഉന്നതജ്ഞാനവും നിർമല സ്വഭാവവും നൽകുകയും ചെയ്തു. മൂസയോടൊപ്പം ചെലവഴിച്ച സമയമത്രയും ഏറ്റവും നല്ല രീതിയിൽ മൂസയെ അദ്ദേഹം വിദ്യയഭ്യസിപ്പിക്കുകയുണ്ടായി. വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ഉപദേശിക്കുകയും ചെയ്തു. ക്ഷമയും ദൃഢനിശ്ചയവും സഹായവും വിവേകവും പ്രദർശിപ്പിച്ചുകൊണ്ട് അദ്ദേഹം ഒരു മാതൃകയാകുകയായിരുന്നു. എല്ലാ അനുഭവങ്ങളിലും അന്തർലീനമായ വിവേകം തേടാൻ പഠിപ്പിക്കുകയും ചെയ്തു.





ഒരു കുടുംബത്തിന്റെ മരണത്തിനോ പൊതുവെയുള്ള മരണത്തിനോ പിന്നിലുള്ള യുക്തിയും നന്മയും കാണാൻ പലർക്കും കഴിയാറില്ല. എന്നാൽ മറ്റെല്ലാമെന്നപോലെത്തന്നെ അതിലും വളരെ യുക്തിയും നന്മയുമുണ്ട്. അവനെക്കാൾ പരിശുദ്ധിയും സഹാനുഭൂതിയുമുള്ള മറ്റൊരു പുത്രനെ അവർക്ക് ലഭിക്കാനും സാധ്യതയുണ്ട്: വിശ്വാസികളോട് ഏറ്റവും ആത്മാർഥതയുള്ളവരെ പകരം കൊണ്ടുവരുമെന്ന് ഈ സൂക്തത്തിൽ അല്ലാഹു മുന്നറിയിപ്പ് നൽകുന്നു:

> **നിന്റെ രക്ഷിതാവ് പരാശ്രയമുക്തനും കാരുണ്യവാനുമാകുന്നു. അവനുദ്ദേശിക്കുകയാണെങ്കിൽ നിങ്ങളെ നീക്കം ചെയ്യുകയും നിങ്ങൾക്കു ശേഷം അവനുദ്ദേശിക്കുന്ന മറ്റൊരു ജനതയെ പകരം കൊണ്ടുവരികയും ചെയ്യുന്നതാണ്. മറ്റൊരു ജനതയുടെ വംശപരമ്പരയിൽനിന്ന് നിങ്ങളെ അവൻ വളർത്തിയെടുത്തതുപോലെ. (അൽഅൻആം: 133)**

'ആ മതിലാണെങ്കിലോ, അത് ആ പട്ടണത്തിലെ അനാഥരായ രണ്ടു ബാലന്മാരുടേതായിരുന്നു. അതിനു ചുവട്ടിൽ അവർക്കായുള്ള ഒരു നിധിയുണ്ടായിരുന്നു. അവരുടെ പിതാവ് ഒരു നല്ല മനുഷ്യനായിരുന്നു. അതിനാൽ അവർ ഇരുവരും യൗവനം പ്രാപിക്കുകയും എന്നിട്ടവരുടെ നിധി പുറത്തെടുക്കുകയും ചെയ്യണമെന്ന് താങ്കളുടെ രക്ഷിതാവ് ഉദ്ദേശിച്ചു. താങ്കളുടെ രക്ഷിതാവിന്റെ കാരുണ്യം എന്ന നിലയിലത്രെ അത്. അതൊന്നും എന്റെ അഭിപ്രായപ്രകാരമല്ല ഞാൻ ചെയ്തത്. താങ്കൾക്ക് ഏതു കാര്യത്തിൽ ക്ഷമിക്കാൻ കഴിയാതിരുന്നുവോ അതിന്റെ പൊരുളാകുന്നു അത്.' (അൽകഹ്ഫ്: 82)

അനാഥരുടെ മതിൽ സംബന്ധമായ കാര്യമാണ് ഖിദ്ർ വിവരിച്ച അവസാനത്തെ യുക്തി. വിശ്വാസികളായ മാതാപിതാക്കളുടെ അനാഥരുടെ കാര്യം ശ്രദ്ധിക്കുന്ന കാര്യമാണീ സൂക്തം ചർച്ച ചെയ്യുന്നത്. തദ്വിഷയകമായ ഒരു ചർച്ച മറ്റൊരിടത്ത് ഇങ്ങനെ കാണാം:

> **അനാഥകളെപ്പറ്റിയും അവർ നിന്നോട് ചോദിക്കുന്നു. പറയുക: അവർക്ക് നന്മ വരുത്തുന്നതെന്തും നല്ലതാകുന്നു. അവരോടൊപ്പം നിങ്ങൾ കൂട്ടുജീവിതം നയിക്കുകയാണെങ്കിൽ (അതിൽ തെറ്റില്ല.) അവർ നിങ്ങളുടെ സഹോദരങ്ങളാണല്ലോ. നാശമുണ്ടാക്കുന്നവനെയും നന്മവരുത്തുന്നവനെയും അല്ലാഹു വേർതി**

**രിച്ചറിയുന്നതാണ്. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ അവൻ നിങ്ങൾക്ക് ക്ലേശമുണ്ടാക്കുമായിരുന്നു. തീർച്ചയായും അല്ലാഹു പ്രതാപശാലിയും യുക്തിമാനുമാകുന്നു. (അൽബഖറ: 220)**

ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ അനാഥരുടെ അവകാശ പരിരക്ഷണം, വിദ്യാഭ്യാസം എന്നിവ ഉറപ്പുവരുത്തുന്നതിൽ മുസ്‌ലിംകൾ ജാഗരൂകരാണ്. അവരുടെ സൽസ്വഭാവവും ദൈവികാജ്ഞ പാലിക്കുന്നതിലുള്ള കണിശതയുമാണതിനു കാരണം. അനാഥരോട് മഹാമനസ്കത കാണിക്കുന്നവരത്രെ അവർ.

**(നബിയേ), അവർ നിന്നോട് ചോദിക്കുന്നു, അവരെന്താണ് ചെലവഴിക്കേണ്ടതെന്ന്. നീ പറയുക: നിങ്ങൾ നല്ലതെന്ത് ചെലവഴിക്കുകയാണെങ്കിലും മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും വഴിപോക്കർക്കും വേണ്ടിയാണത് ചെയ്യേണ്ടത്. നല്ലതെന്ത് നിങ്ങൾ ചെയ്യുകയാണെങ്കിലും തീർച്ചയായും അല്ലാഹു അതറിയുന്നവനാകുന്നു. (അൽബഖറ: 215)**

തങ്ങൾക്ക് ആവശ്യമുണ്ടെങ്കിൽപോലും അപരർക്ക് അവർ മുൻഗണന നൽകുന്നു:

**ആഹാരത്തോട് പ്രിയമുള്ളതോടൊപ്പംതന്നെ അഗതിക്കും അനാഥക്കും തടവുകാരനും അവരത് നൽകുകയും ചെയ്യും. (അൽഇൻസാൻ: 8)**

അനാഥരോട് തെറ്റുചെയ്യുന്നവരെ അല്ലാഹു താക്കീത് ചെയ്യുന്നതിങ്ങനെ:

**തീർച്ചയായും അനാഥകളുടെ സ്വത്തുക്കൾ അന്യായമായി തിന്നുന്നവർ അവരുടെ വയറുകളിൽ തിന്നു(നിറക്കു)ന്നത് തീ മാത്രമാകുന്നു. പിന്നീട് അവർ നരകത്തിൽ കത്തിയെരിയുന്നതുമാണ്. (അന്നിസാഅ്: 10)**

ഇസ്‌ലാമിക നിയമം അനുശാസിക്കുന്നതുപോലെ ഖിദ്ർ അനാഥകളുടെ ക്ഷേമത്തെക്കുറിച്ച് പര്യാലോചന നടത്തുകയും അത് ഭാവിയിലേക്ക് നിക്ഷേപിക്കുകയുമാണ് ചെയ്തത്. താൻ മതിൽ കേടുപാട് തീർത്തിരുന്നില്ലെങ്കിൽ അത് പൊളിഞ്ഞുവീഴുകയും അവരുടെ പിതാവിന്റെ ഭണ്ഡാരം പുറത്തുവരുകയും ചെയ്യുമായിരുന്നു. അനന്തരഫലമാകട്ടെ, അത് ആ കുറ്റവാളികളുടെ കൈയിലെത്തുകയുമാകും. മതിൽ നന്നാക്കുക വഴി കുട്ടികൾ മുതിരുന്നതുവരെ ഭണ്ഡാരം ഗുപ്തമായി നിലകൊള്ളുകയും പിതാവ് ഉദ്ദേശിച്ചതു പോലെ ഭാവിയിൽ അവർക്കതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്യും.

നാം മുമ്പ് പറഞ്ഞതുപോലെ, അനാഥകളോടും ദരിദ്രരോടുമുള്ള ഖിദ്റിന്റെ അനുകമ്പയും അഭിനിവേശവും അല്ലാഹുവിന്റെ അനുകമ്പയെന്ന





ഗുണത്തെ പ്രതിഫലിപ്പിക്കുകയാണ് ചെയ്യുന്നത്. കുട്ടികളുടെ സാമ്പത്തിക സുരക്ഷക്കുള്ള മുൻകരുതൽ സ്വീകരിക്കുന്നതിന്റെ പ്രാധാന്യമാണ് മതിൽ കേടുപാടുതീർക്കുന്നതിലൂടെ അദ്ദേഹം ചൂണ്ടിക്കാട്ടുന്നത്. അല്ലാഹുവിൽ വിശ്വാസമർപ്പിച്ച ഖിദ്ർ അവൻ ഇച്ഛിക്കുന്നേടത്തോളം നീണ്ടുനിൽക്കുന്ന ഒരു മതിൽ പണിയുകയായിരുന്നു.

മാത്രമല്ല, മതിൽ തകർന്നുവീഴുകവഴി വഴിപോക്കർ, പരിസരത്തെ സസ്യങ്ങൾ, മൃഗങ്ങൾ എന്നിവക്ക് വൻ പരിക്കേൽക്കാനിടയുണ്ട്. ആരുടെയെങ്കിലും മരണത്തിന് ഹേതുവുമാകാം. മാത്രമല്ല, പൊളിഞ്ഞ മതിൽ പൂർവസ്ഥിതിയിൽ പണിയുന്നതിലൂടെ തൊഴിലിന്റെ പ്രാധാന്യവും സൂചിപ്പിക്കുന്നുണ്ടാകാം.

'അതൊന്നും എന്റെ അഭിപ്രായപ്രകാരമല്ല ഞാൻ ചെയ്തതെ'ന്ന് ഈ സൂക്തത്തിൽ ഖിദ്ർ പറയുന്നു. അല്ലാഹു എല്ലാ കാര്യങ്ങളും തന്റെ മുൻതീരുമാനപ്രകാരം ചെയ്യുന്നുവെന്ന് ബോധ്യമുള്ള അദ്ദേഹം സ്വന്തം പ്രവർത്തനങ്ങളൊന്നുംതന്നെ തന്റെ തീരുമാനഫലമല്ലെന്ന് കഴിയാവുന്നത്ര നല്ല രീതിയിൽ വ്യക്തമാക്കുകയായിരുന്നു.

'അവർ നിന്നോട് ദുൽഖർനൈനിയെ പ്പറ്റി ചോദിക്കുന്നു. നീ പറയുക: അദ്ദേഹത്തെപ്പറ്റിയുള്ള വിവരം ഞാൻ നിങ്ങൾക്ക് ഓതിക്കേൾപ്പിച്ചുതരാം.'
(അൽകഹ്ഫ്: 83)

ദുൽഖർനൈനിയുടെ കഥ, ചരിത്രത്തിലുടനീളം വിവിധ പണ്ഡിതന്മാർ വിവരിച്ചിട്ടുണ്ട്. വിശ്വാസികൾക്കുള്ള അനുസ്മരണമെന്ന നിലക്കാണിത് അവതരിപ്പിക്കപ്പെട്ടിരിക്കുന്നതെന്നും നിഗൂഢാശയങ്ങളുടെയും യുക്തികളുടെയും പ്രകടനവുമായി ബന്ധപ്പെട്ടതാണിതെന്നും ഈ സൂക്തം പ്രസ്താവിക്കുന്നു.

വിശ്വാസികളുടെ പ്രയോജനാർഥം കൂടുതൽ ഉദാഹരണങ്ങൾ നൽകാനാണ് ദുൽഖർനൈൻ സംഭവം ഖുർആൻ ഉപയോഗപ്പെടുത്തിയിരിക്കുന്നത്. അവർക്ക് പാഠം പഠിക്കാനുപയുക്തമായ സംഭവങ്ങൾ വിവരിക്കുകയാണത്. അവയുടെ ആശയങ്ങൾ വളരെ വ്യക്തവും സുഗ്രഹവുമായതിനാൽ

ഗ്രഹിക്കാനും മനസ്സിലാക്കാനും അക്ഷരാർഥത്തിലെടുക്കുകയും പര്യാലോചന നടത്തുകയും ചെയ്യാമല്ലോ. അല്ലാഹു പറയുന്നു:

**ഒരു പ്രമാണ ഗ്രന്ഥമത്രെ ഇത്. അതിലെ വചനങ്ങൾ ആശയഭദ്രതയുള്ളതാക്കപ്പെട്ടിരിക്കുന്നു. പിന്നീടത് വിശദീകരിക്കപ്പെട്ടിരിക്കുന്നു. യുക്തിമാനും സൂക്ഷ്മജ്ഞാനിയുമായ അല്ലാഹുവിന്റെയടുക്കൽനിന്നുള്ളതത്രെ അത്. (ഹൂദ്: 1)**

പഠിക്കണമെന്ന ഉദ്ദേശ്യത്തോടെ, ശുദ്ധഹൃദയത്തോടെയായിരിക്കണം വിശ്വാസികൾ ഖുർആൻ പാരായണം നടത്തേണ്ടത്. കാരണം, ഈ സൂക്തങ്ങൾ സുവ്യക്ത ദൃഷ്ടാന്തങ്ങളാണെന്ന് ഖുർആൻ പറയുന്നു:

**അപ്രകാരം വ്യക്തമായ ദൃഷ്ടാന്തങ്ങളായിക്കൊണ്ട് നാം ഇത്(ഗ്രന്ഥം) അവതരിപ്പിച്ചിരിക്കുന്നു. അല്ലാഹു താനുദ്ദേശിക്കുന്നവരെ നേർവഴിയിലേക്ക് നയിക്കുന്നതാണ്. (അൽഹജ്ജ്: 16)**

തദ്വിഷയകമായ മറ്റു ചില സൂക്തങ്ങൾ:

**ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും നേർവഴികാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചുകാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമദാൻ. (അൽബഖറ: 185)**

**.......നിങ്ങൾക്കിതാ അല്ലാഹുവിങ്കൽനിന്ന് ഒരു പ്രകാശവും വ്യക്തമായൊരു ഗ്രന്ഥവും വന്നിരിക്കുന്നു. അല്ലാഹു തന്റെ പൊരുത്തം തേടിയവരെ അതുമുഖേന സമാധാനത്തിന്റെ വഴികളിലേക്ക് നയിക്കുന്നു. തന്റെ ഉത്തരവ് മുഖേന അവരെ അന്ധകാരങ്ങളിൽനിന്ന് അവൻ പ്രകാശത്തിലേക്ക് കൊണ്ടുവരികയും നേരായ പാതയിലേക്ക് നയിക്കുകയും ചെയ്യുന്നു (അൽമാഇദ: 15,16).**

> ‘തീർച്ചയായും നാം അദ്ദേഹത്തിന് ഭൂമിയിൽ സ്വാധീനം നൽകുകയും എല്ലാ കാര്യത്തിനുമുള്ള മാർഗങ്ങൾ സൗകര്യപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം ഒരു മാർഗം പിന്തുടർന്നു.’ (അൽകഹ്ഫ്: 84,85)





ഭരണവും അധികാരവുമാണ് ഈ സൂക്തത്തിലെ വിഷയം. രാഷ്ട്രീയവും സാമ്പത്തികവും പ്രതിരോധപരവുമായ കാര്യങ്ങളിൽ ഭരണകൂടം സുശക്തമായിരിക്കണം. ഭരണകൂടം ദുർബലമായാൽ സങ്കീർണ പ്രശ്നങ്ങളെ അതിന് നേരിടേണ്ടിവരും. അതിനെ ദുർബലമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന വിദേശ ശക്തികളും ആഭ്യന്തരശക്തികളും ഉണ്ടാക്കുന്ന പ്രശ്നങ്ങൾ പ്രത്യേകിച്ചും. സാമ്പത്തിക പ്രശ്നങ്ങൾ, ലഹളകൾ, വിപ്ലവങ്ങൾ എന്നിവ രാജ്യത്ത് ഉണ്ടാകാനും കലഹത്തിലേക്ക് വലിച്ചിഴക്കപ്പെടാനും ഇത് വഴിവെക്കും. എന്നാൽ ഇതിൽനിന്ന് തികച്ചും വ്യത്യസ്തമായിരുന്നു ദുൽഖർനൈനിയുടെ രാജ്യഭരണം. കാരണം, അത് സുശക്തവും ധിഷണാപരവുമായിരുന്നു.

‘എല്ലാ കാര്യത്തിനുമുള്ള മാർഗങ്ങൾ നാം അദ്ദേഹത്തിന് സൗകര്യപ്പെടുത്തിക്കൊടുത്തു’വെന്ന പ്രയോഗം പ്രശ്നപരിഹാരത്തിനുള്ള കഴിവ് അദ്ദേഹം ആർജിച്ചിരുന്നുവെന്നാണ് സൂചിപ്പിക്കുന്നത്. ബുദ്ധിയും തീക്ഷ്ണതയും അവബോധവുമുള്ള വിശ്വാസിയായിരുന്നു അദ്ദേഹമെന്ന് അർഥം. ദൈവസിദ്ധമായ ഈ കഴിവുകളിലൂടെ എല്ലാ കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങളും അദ്ദേഹം പരിഹരിക്കുകയും പ്രതിബന്ധങ്ങളെ നീക്കുകയും ചെയ്തിരുന്നു. അല്ലാഹു അദ്ദേഹത്തിന് മാർഗം തെളിയിച്ചുകൊടുക്കുകയും ഉന്നതജ്ഞാനത്താൽ അതിനെ ബലപ്പെടുത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ ഗുണങ്ങൾ പ്രസിദ്ധമായിരുന്നുവെന്നത് അന്യത്ര വിവരിക്കുന്നുണ്ട്. ഈ ഗുണങ്ങൾ കാരണം മറ്റുള്ളവർ അദ്ദേഹത്തോട് അഭിപ്രായങ്ങളും ഉപദേശങ്ങളും തേടിയിരുന്നു.

> ‘അങ്ങനെ അദ്ദേഹം സൂര്യാസ്തമയ സ്ഥാനത്തെത്തിയപ്പോൾ അത് ചളിവെള്ളമുള്ള ഒരു ജലാശയത്തിൽ മറഞ്ഞുപോകുന്നതായി കണ്ടു. അതിന്റെ അടുത്ത് ഒരു ജനവിഭാഗത്തെയും അദ്ദേഹം കണ്ടെത്തി. (അദ്ദേഹത്തോട്) നാം പറഞ്ഞു: ഹേ! ദുൽഖർനൈൻ, ഒന്നുകിൽ നിനക്ക് ഇവരെ ശിക്ഷിക്കാം. അല്ലെങ്കിൽ നിനക്ക് അവരിൽ നന്മയുണ്ടാക്കാം.’ (അൽകഹ്ഫ്: 86).

ദുൽഖർനൈൻ ആദ്യം പോയത് പടിഞ്ഞാറ് ഭാഗത്തേക്കായിരിക്കുമെന്നാണ് ഈ സൂക്തത്തിൽനിന്ന് മനസ്സിലാകുന്നത്. കാരണം, ഭൂമിയിൽ ഏറ്റവും പടിഞ്ഞാറ് ഭാഗത്തായിരിക്കുമല്ലോ സൂര്യാസ്തമയം നടക്കുന്നത്. യൂറോപ്പായിരുന്നു വിവക്ഷയെങ്കിൽ പോർത്തുഗീസോ, സ്പെയിനോ, ജിബ്രാൾട്ടർ കടലിടുക്കോ ആയിരിക്കണം ഈ രാജ്യം. ഇനി ആഫ്രിക്കയായിരുന്നു വിവക്ഷിതമെങ്കിൽ, അതിന്റെ ഏറ്റവും പടിഞ്ഞാറു രാജ്യങ്ങൾ സെനഗലും മൗറിത്താനിയയുമാണ്. (അല്ലാഹു അഅ്ലം)

ഈ പടിഞ്ഞാറൻ പ്രദേശം ചളിനിറഞ്ഞ ഒരു നീരുറവയായിരുന്നുവെന്ന് ഇവിടെ പ്രസ്താവിക്കുന്നു. 'ഐനുൻ ഹാമിയ' എന്നാണിതിന്റെ അറബി പ്രയോഗം. 'ഐൻ' എന്ന അറബിപദത്തിന് കണ്ണ്, നീരുറവ, ഉറവിടം എന്നൊക്കെയാണർഥം. 'ഹാമിയ'യാകട്ടെ 'കറുത്തചളി, മലിനമായ ചളിപിടിച്ച' എന്നീ അർഥങ്ങളുള്ള പദവുമാണ്.

ബദീഉസ്സമാൻ സഈദ് നൂർസി സൂചിപ്പിക്കുന്നതു പോലെ, ദുൽഖർനൈൻ പോയത് ആഫ്രിക്കയിലേക്കാണ്. അദ്ദേഹം പറയുന്നു:

ഒന്നാമതായി, കടുത്ത വേനൽചൂട്, ചെളിപ്രദേശം, സൂര്യാസ്തമയനേരം, അഗ്നിപർവതസ്ഫോടന സമയം എന്നിവയുമായി ബന്ധപ്പെടുത്തി ദുൽഖർനൈനിയുടെ പടിഞ്ഞാറൻ യാത്രയെ വ്യാഖ്യാനിക്കുമ്പോൾ ആഫ്രിക്കയുടെ പൂർണമായ കൈയേറ്റം പോലുള്ള വൈജ്ഞാനിക വിഷയങ്ങളിലേക്കുള്ള സൂചനയാണ് ലഭിക്കുക. വസന്തകാലം ഒരു രൂപാലങ്കാരം കൂടിയത്രെ. ഒരു വൻ സമുദ്രം ദൂരെ നിന്ന് കൊച്ചു കുളം പോലെ തോന്നുന്നു. ചെളിക്കു പിന്നിലെന്ന് തോന്നുന്ന ഒരു സമുദ്രത്തെയും ഉഷ്ണം കാരണം



സൂര്യാസ്തമയ നേരത്ത് അദ്ദേഹം എത്തിച്ചേർന്നപ്പോൾ അത് ചെളി നിലത്ത് അസ്തമിക്കുന്നത് ദുൽഖർനൈനി കണ്ടു





അതിൽനിന്നുയരുന്ന മൂടൽ മഞ്ഞിനെയും നീരാവിയെയും മലിനമായൊരു നീരുറവയോട് സാദൃശ്യപ്പെടുത്തുന്നതും കാലാവസ്ഥ, സൂര്യൻ, കണ്ണ് എന്നർഥമുള്ള 'ഐൻ' എന്ന അറബിവാക്ക് പ്രയോഗിക്കുന്നതും വാഗ്വിലാസ രഹസ്യങ്ങൾ പ്രകാരം വളറെ അർഥസമ്പുഷ്ടവും ഉചിതവുമത്രെ.

അറ്റ്ലാന്റിക് സമുദ്രത്തെ 'ചളിയായ നീരുറവ' എന്ന് വിശേഷിപ്പിച്ചതിൽനിന്ന് ദൂരം കാരണം ആ വൻ സമുദ്രത്തെ ഒരു ഉറവയായാണ് ദുൽഖർനൈനിക്ക് തോന്നിയതെന്ന് സൂചിപ്പിക്കുന്നു. പക്ഷേ, ഖുർആൻ എല്ലാ കാര്യങ്ങളെയും വളരെ അടുത്തുനിന്ന് കാണുന്നതിനാൽ ദുൽഖർനൈനിക്കുണ്ടായ മിഥ്യാദർശനം അതിനില്ല. ഖുർആൻ ആകാശത്തുനിന്ന് വരികയും അവയെ നോക്കുകയും ചെയ്യുന്നതിനാൽ ചിലപ്പോൾ ഭൂമിയെ ഒരു അരങ്ങായും മറ്റു ചിലപ്പോൾ കൊട്ടാരമായും വേറെ ചിലപ്പോൾ തൊട്ടിലോ പുസ്തകത്തിന്റെ പുറമോ ആയും കാണുന്നു. അതിനാൽ, മഞ്ഞുമൂടിയ അറ്റ്ലാന്റിക് സമുദ്രത്തെ നീരുറവയെന്ന് വിളിക്കുന്നത് അതിന്റെ ഏറ്റവും വലിയ ഉൽകൃഷ്ടതയാണ് കാണിക്കുന്നത്. (Bediuzzemen seid Nursi Risale-i Nur Collection.The Sixteenth Flahe, Dhulqarnoya Sew the sun setting in a spring of muddy water)

ചക്രവാളത്തിലെ സൂര്യാസ്തമയം വളരെ ദൂരെനിന്ന് വീക്ഷിക്കുന്ന ഒരാൾക്ക് സൂര്യൻ സമുദ്രത്തിൽ ആണ്ടുപോകുന്നതായോ, പർവതങ്ങളിന്മേൽ, അസ്തമയത്തിന് പിന്നിലുള്ള വസ്തുക്കളനുസരിച്ച് ഇറങ്ങുന്നതായോ തോന്നുമല്ലോ. ഇത് വ്യക്തിയുടെ നിലപാടും, വീക്ഷിക്കുന്ന സ്ഥലത്തിന്റെ അവസ്ഥയുമനുസരിച്ചായിരിക്കുമെന്ന് വ്യക്തമാണല്ലോ.

ഈ രാജ്യത്തെത്തിയ ദുൽഖർനൈൻ അവിടത്തുകാരെ കണ്ടുമുട്ടുന്നു. അവരോട് എങ്ങനെ പ്രതികരിക്കണമെന്ന് അല്ലാഹു അദ്ദേഹത്തോട് പറയുന്നു: അവർ തന്നോട് കൂറ് വാഗ്ദാനം ചെയ്യുകയും മുസ്‌ലിം ജീവിതരീതി സ്വീകരിക്കുകയും ചെയ്യുകയാണെങ്കിൽ അവരോട് നല്ലനിലയിൽ വർത്തിക്കണം. ഇനി ദൈവിക നിയമം ധിക്കരിക്കുകയും ഇസ്‌ലാമിനെ കൈക്കൊള്ളാതെ കുറ്റകൃത്യങ്ങൾ ചെയ്യുകയുമാണെങ്കിൽ തദനുസാരം വർത്തിക്കണം.

ദൈവിക നിയമമനുസരിച്ചായിരിക്കും ദുൽഖർനൈനിയുടെ പ്രതികരണം. നന്മ പ്രവർത്തിക്കുകയും നല്ല നിലയിൽ വർത്തിക്കുകയും ചെയ്യുന്നവരോട് തദനുസാരമായ പെരുമാറ്റമാണുണ്ടായിരിക്കുക. ചീത്ത പ്രവർത്തിക്കുകയും ദുഷ്ടതയെയും എതിർപ്പിനെയും ഇഷ്ടപ്പെടുകയും ചെയ്യുന്നവരോട് അതനുസരിച്ചു പെരുമാറാനും ഉചിതമായി പ്രതികരിക്കാനുമുള്ള അധികാരം ഒരു ന്യായാധിപനു മാത്രമാണല്ലോ ഉണ്ടാകുക. ദുൽഖർനൈൻ രാജ്യനേതാവെന്നതിനു പുറമെ വിധിനടത്താനുള്ള അധികാരമുള്ളയാൾ കൂടിയായിരുന്നുവെന്നാണിതിൽനിന്ന് മനസ്സിലാകുന്നത്. അന്നത്തെ നിയമപ്രകാരമുള്ള, കാരാഗൃഹത്തിലടക്കുക, ബന്ധനം, മറ്റു ശിക്ഷാ രീതികൾ എന്നിവയിൽ നിന്ന് അദ്ദേഹത്തിന് ഇഷ്ടമുള്ളത് തെരഞ്ഞെടുക്കാവുന്നതാണ്.

കുറ്റവാളികൾ എതിർക്കുകയോ ആക്രമിക്കുകയോ ചെയ്യുമ്പോൾ രാജ്യം സർവശക്തിയുമുപയോഗിച്ചു പ്രതിരോധിക്കും. 'നിനക്ക് ഇവരെ ശിക്ഷിക്കാം' എന്ന വാക്യം രാജ്യത്തിന്റെ പ്രതിരോധ ശക്തിയെയാണ് സൂചിപ്പിക്കുന്നത്. ഈ ശിക്ഷാമാധ്യമങ്ങളെക്കുറിച്ച് പരിചിന്തനം നടത്തുമ്പോൾ ദുൽഖർനൈനിയുടെ സുരക്ഷാ സൈനികശക്തിയെക്കുറിച്ച് പറയേണ്ടതുണ്ട്.

'നീരുറവ'യെ വിവിധ രീതികളിലാണ് പണ്ഡിതന്മാർ വ്യാഖ്യാനിച്ചിരിക്കുന്നത്. ദുൽഖർനൈൻ, ഒരു ശൂന്യാകാശ യാത്ര നടത്തുമ്പോൾ സൂര്യൻ തമോഗർത്തത്തിലേക്ക് താഴുന്നത് കണ്ടുവെന്നാണ് ഒരു വ്യാഖ്യാനം. സൗരയൂഥത്തിൽ മരിച്ചുകൊണ്ടിരിക്കുന്ന സൂര്യന്മാർ തകരുകയും തമോഗർത്തങ്ങൾ രൂപം കൊള്ളുകയും ചെയ്യുന്നു. ഈ തരത്തിലുള്ള നക്ഷത്രങ്ങൾ സാന്ദ്രീഭവിക്കുകയും അവയുടെ പദാർഥത്തിന്റെ സന്ദ്രത നാടകീയമായി വർധിക്കുകയും ചെയ്യുന്നു. നമ്മുടെ സൂര്യന്റെ മൂന്നിരട്ടിയുള്ള നക്ഷത്രങ്ങൾ കുറഞ്ഞ കിലോമീറ്റർ വ്യാസത്തിലേക്ക് ചുരുങ്ങുകയും അതിന്റെ ഗുരുത്വാകർഷണ ശക്തി വർധിക്കുകയും ചെയ്യുന്നു. അതിനാൽ പ്രകാശത്തെയും ശബ്ദത്തെയും സമയത്തെത്തന്നെയും വിഴുങ്ങുകയും ചെയ്യുന്നു. അവയുടെ ഗുരുത്വം മറ്റു നക്ഷത്രങ്ങളെ തള്ളുകയും അവ വിഴുങ്ങുന്ന ഓരോ നക്ഷത്രത്തിനും ആനുപാതികമായി ഗുരുത്വാകർഷണ ശക്തി വർധിക്കുകയും ചെയ്യുന്നു.

സ്വന്തം ഗുരുത്വത്തള്ളലിനകത്ത് വരുന്ന എന്തിനെയും അത് വിഴുങ്ങുന്നതിനാൽ അവ കറുത്ത ചതുപ്പുനിലയായി തോന്നുന്നു. പ്രകാശം പ്രതിഫലിപ്പിക്കുന്നില്ലെന്നതിനാൽ അവയെ കറുത്ത ദ്വാരങ്ങളെന്ന് വിളിക്കപ്പെടുന്നു.

'അദ്ദേഹം (ദുൽഖർനൈൻ) പറഞ്ഞു:
എന്നാൽ ആര് അക്രമം പ്രവർത്തിച്ചുവോ,
അവനെ നാം ശിക്ഷിക്കുന്നതാണ്. പിന്നീട്
അവൻ തന്റെ രക്ഷിതാവിങ്കലേക്ക് മടക്കപ്പെടു
കയും അപ്പോൾ അവൻ ഗുരുതരമായ
ശിക്ഷ അവന് നൽകുകയും ചെയ്യുന്നതാണ്'
(അൽകഹ്ഫ്: 87).

**ഒ**രു മുസ്‌ലിംരാഷ്ട്രത്തെ ഭരിച്ചിരുന്ന മുസ്‌ലിം ഭരണാധികാരിയായിരുന്നു ദുൽഖർനൈൻ എന്നാണ് ഈ വാക്യത്തിന്റെ ശൈലിയിൽനിന്ന് മനസ്സിലാകുന്നത്. സ്വജനതയെ അല്ലാഹുവെയും പരലോകത്തെയും കുറിച്ച് അനുസ്മരിപ്പിച്ചുകൊണ്ട് ഇസ്‌ലാമിക രീതിയിലാണദ്ദേഹം സംസാരിക്കുന്നത്.

കുറ്റവാളികൾ നിലവിലെ നിയമമനുസരിച്ച് ശിക്ഷിക്കപ്പെടുമെന്ന് ദുൽഖർനൈൻ വ്യക്തമാക്കുന്നു. അവിശ്വാസികൾ ഈ ലോകത്ത് ശിക്ഷിക്കപ്പെടുമെന്ന് അല്ലാഹു പ്രഖ്യാപിക്കുന്നു. പക്ഷേ, അത് അവരുടെ ശിക്ഷയുടെ ഒരു ഭാഗം മാത്രം. കാരണം *"....പരലോക ശിക്ഷയാകട്ടെ കൂടുതൽ ഗൗരവമുള്ളതാകുന്നു; അവർ അറിഞ്ഞിരുന്നുവെങ്കിൽ!" (അൽഖലം: 33)* എന്നാണ് അല്ലാഹു പറയുന്നത്.

അല്ലാഹുവെയും പരലോകത്തെയും നിഷേധിക്കുകയും ഖുർആനികാജ്ഞകൾ കൈവിടുകയും ചെയ്യുന്നവർക്ക് തങ്ങളർഹിക്കുന്ന ശിക്ഷ പരലോകത്തെന്നപോലെ ഇഹലോകത്തും ലഭിക്കും. പ്രവാചകന്മാരുടെ പ്രബോധനം അവഗണിച്ചതിന്റെ പേരിൽ നിരവധി രാഷ്ട്രങ്ങൾ ശിക്ഷിക്കപ്പെട്ടതായി ചരിത്രത്തിലുടനീളം കാണാം. ഈ രാഷ്ട്രങ്ങളുടെ നശീകരണ വിവരം വെളിപ്പെടുത്തുന്ന സൂക്തങ്ങളിൽ പരലോകശിക്ഷ കൂടുതൽ വികൃതവും ഭീകരവുമാണെന്ന് പറയുന്നുണ്ട്. അല്ലാഹു പറയുന്നത് കാണുക:

**അങ്ങനെ ദുരിതംപിടിച്ച ഏതാനും ദിവസങ്ങളിൽ അവരുടെ നേർക്ക് ഉഗ്രമായൊരു ശീതക്കാറ്റ് നാം അയച്ചു. ഐഹിക ജീവിതത്തിൽ തന്നെ അവർക്ക് അപമാനകരമായ ശിക്ഷ നാം ആസ്വദിപ്പിക്കാൻ വേണ്ടിയത്രെ അത്. എന്നാൽ പരലോകത്തിലെ ശിക്ഷയാണ് കൂടുതൽ അപമാനകരം. അവർക്ക് സഹായമൊന്നും നൽകപ്പെടുകയില്ല (ഫുസ്സിലത്: 16).**

**അതിരുകവിയുകയും തന്റെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാതിരിക്കുകയും ചെയ്തവർക്ക് അപ്രകാരമാണ് നാം പ്രതിഫലം നൽകുന്നത്. പരലോകത്തെ ശിക്ഷ കൂടുതൽ കഠിനമായതും നിലനിൽക്കുന്നതും തന്നെയാകുന്നു." (ത്വാഹാ: 127)**

നരകത്തിൽ അവിശ്വാസികളെ കാത്തിരിക്കുന്ന ശിക്ഷ 'ഭയാനകം' എന്നാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. ഇഹലോകത്തേതിനെക്കാൾ കൂടുതൽ വേദനാജനകമാണതെന്ന് നിരവധി ഖുർആനിക വിവരണങ്ങളിൽനിന്ന് മനസ്സിലാകുന്നു. അതിനാൽത്തന്നെ, ഭൗതിക ദുരിതങ്ങളെക്കുറിച്ച് വേവലാതിപ്പെടുന്നതിനു മുമ്പ് പരലോക ശിക്ഷയെക്കുറിച്ച് പരിചിന്തനം നടത്തുകയും ഭയപ്പെടുകയും വേണം. ആ ഭയം പശ്ചാത്താപത്തിലേക്ക്, നിഷേധം കൈവിട്ടു ദൈവാർപ്പണത്തിലേക്ക് മനുഷ്യരെ നയിക്കുന്നതാണ്.

'എന്നാൽ ആര് വിശ്വസിക്കുകയും സൽക്കർമം പ്രവർത്തിക്കുകയും ചെയ്തുവോ അവനാണ് പ്രതിഫലമായി അതിവിശിഷ്ടമായ സ്വർഗമുള്ളത്. അവനോട് നാം നിർദേശിക്കുന്നത് നമ്മുടെ കൽപനയിൽനിന്ന് എളുപ്പമുള്ളതായിരിക്കുകയും ചെയ്യും' (അൽകഹ്ഫ്: 88).

**കേ**വലമൊരു രാഷ്ട്രനേതാവോ ന്യായാധിപനോ മാത്രമായിരുന്നില്ല ദുൽഖർനൈൻ. പ്രത്യുത, ഒരു സത്യ പ്രബോധകൻ കൂടിയായിരുന്നുവെന്ന് ഈ സൂക്തം വെളിപ്പെടുത്തുന്നു. ദൈവപ്രീതിക്കനുസൃതമായി അദ്ദേഹം ആളുകളെ വിദ്യയഭ്യസിപ്പിക്കുകയും ഭരിക്കുകയും ചെയ്തിരുന്നു.

ആളുകളെ കണ്ടുമുട്ടുമ്പോൾ തന്നെ അദ്ദേഹം ദൈവവിശ്വാസം പ്രബോധനം ചെയ്യുന്നു. ഭക്തിയിലേക്കും ഖുർആൻ വിവരിച്ച സൽക്കർമങ്ങളിലേക്കും ക്ഷണിക്കുന്നു. പ്രാർഥനക്കും ആരാധനക്കും വിളിക്കുന്നു. ഇവക്ക് പ്രചോദനമേകാൻ അവർക്ക് വാഗ്ദാനം നൽകപ്പെട്ട ഇഹ-പര പ്രതിഫലങ്ങളിലേക്ക് അവരുടെ ശ്രദ്ധക്ഷണിക്കുകയും ചെയ്യുന്നു. ഓരോ പ്രവാചകനും ഇങ്ങനെ തങ്ങളുടെ ജനതയെ പ്രബോധനം ചെയ്യുന്നു. നിരന്തരം മാർഗദർശനത്തിലേക്ക് ക്ഷണിക്കുന്നു. അവരുടെ മനഃസാക്ഷിയെ, അന്തഃകരണത്തെ ഉത്തേജിപ്പിക്കാനായി പല സൂത്രങ്ങളും വികസിപ്പിച്ചെടുക്കുന്നു.

ജനങ്ങളുടെ പ്രതികരണമെന്തായാലും നിശ്ചയദാർഢ്യതയോടെ നല്ലത് കൽപിക്കുകയും തിയ്യത് നിരോധിക്കുകയും ചെയ്യുക വിശ്വാസിയുടെ ബാധ്യതയാണ്. പ്രവാചകന്മാർക്കെന്നപോലെ, നിഷ്കളങ്ക വിശ്വാസികളെ സംബന്ധിച്ചിടത്തോളം സുപ്രധാനമായൊരു കാര്യമാണിത്. അല്ലാഹു പറയുന്നു:

**നന്മയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്ന ഒരു സമുദായം നിങ്ങളിൽനിന്ന് ഉണ്ടായിരിക്കട്ടെ. അവരത്രെ വിജയികൾ (ആലുഇംറാൻ: 104)**

കാര്യങ്ങൾ സങ്കീർണമാക്കാതെ മുസ്‌ലിംകൾക്ക് സുകരമാക്കുക എന്നതാണ് മറ്റൊരു വിജ്ഞാനശകലം. സച്ചരിതരെ സംബന്ധിച്ചിടത്തോളം തങ്ങളുടെ പ്രവർത്തനങ്ങൾ, തീരുമാനങ്ങൾ, ദൈനംദിന പ്രശ്നങ്ങൾ എന്നിവയിൽ കാര്യങ്ങൾ സുകരവും ആശ്വാസദായകവും ആനന്ദകരവുമായിരിക്കും. ഈ വസ്തുത വിശ്വാസികളെ അല്ലാഹു അനുസ്മരിപ്പിക്കുന്നത് നോക്കുക:

**...നിങ്ങൾക്ക് ആശ്വാസംവരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്. നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല (അൽബഖറ: 185).**

**തീർച്ചയായും ആലോചിച്ചു മനസ്സിലാക്കാൻ ഖുർആൻ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ചു മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ? (അൽഖമർ: 17).**

അതെ, സുകര മാർഗം തെരഞ്ഞെടുക്കുന്നത് ഖുർആനികാവശ്യമാണെന്ന് വിശ്വാസികൾ മനസ്സിലാക്കണം. മാത്രമല്ല, *'കൂടുതൽ എളുപ്പമുള്ളതിലേക്ക് നിനക്ക് നാം സൗകര്യമുണ്ടാക്കിത്തരുന്നതാണ്' (അൽഅഅ്ലാ:8)* എന്ന ദൈവിക വാഗ്ദാനം മനസ്സിൽ പച്ചപിടിച്ചുനിൽക്കുകയും വേണം. അല്ലാഹു പറയുകയാണ്:





**അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യേണ്ട മുറപ്രകാരം നിങ്ങൾ സമരം ചെയ്യുക. അവൻ നിങ്ങളെ ഉത്കൃഷ്ടരായി തെരഞ്ഞെടുത്തിരിക്കുന്നു. മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെ മേൽ അവൻ ഉണ്ടാക്കിയിട്ടില്ല. നിങ്ങളുടെ പിതാവായ ഇബ്റാഹീമിന്റെ മാർഗമത്രെ അത്. മുമ്പ് (മുൻ വേദങ്ങളിലും) ഇതിലും (ഈ വേദത്തിലും) അവൻ (അല്ലാഹു) നിങ്ങൾക്ക് മുസ്‌ലിംകളെന്ന് പേർ നൽകിയിരിക്കുന്നു. ദൈവദൂതൻ നിങ്ങൾക്ക് സാക്ഷിയാകുവാനും നിങ്ങൾ ജനങ്ങൾക്ക് സാക്ഷികളായിരിക്കുവാനും വേണ്ടി. ആകയാൽ നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും അല്ലാഹുവെ മുറുകെ പിടിക്കുകയും ചെയ്യുക. അവനാണ് നിങ്ങളുടെ രക്ഷാധികാരി. എത്ര നല്ല രക്ഷാധികാരി! എത്ര നല്ല സഹായി! (അൽഹജ്ജ്: 78).**

'പിന്നെ, അദ്ദേഹം മറ്റൊരു മാർഗം പിന്തുടർന്നു. അങ്ങനെ സൂര്യോദയ സ്ഥാനത്തെത്തിയപ്പോൾ അത് ഒരു ജനതയുടെ മേൽ ഉദിച്ചുയരുന്നതായി അദ്ദേഹം കണ്ടെത്തി. അതിന്റെ (സൂര്യൻ) മുമ്പിൽ അവർക്ക് നാം യാതൊരു മറയും ഉണ്ടാക്കിക്കൊടുത്തിട്ടില്ല. അപ്രകാരംതന്നെ (അദ്ദേഹം പ്രവർത്തിച്ചു) അദ്ദേഹത്തിന്റെ പക്കലുള്ളതിനെപ്പറ്റി നാം പൂർണമായി അറിഞ്ഞിട്ടുണ്ടുതാനും'
(അൽകഹ്ഫ്: 89-91).


**ദു**ൽഖർനൈനിയുടെ രണ്ടാമത്തെ യാത്ര കിഴക്ക് ഭാഗത്തേക്കായിരുന്നു. ഒരു ഭൂപടത്തിന്റെ സഹായത്തോടെ ഈ സൂക്തം വായിക്കുകയാണെങ്കിൽ കൊറിയ, ചീന അഥവാ മഞ്ചൂറിയ (വടക്കൻ ചീന) എന്നിവിടങ്ങളിലേക്കായിരുന്നു അദ്ദേഹം പോയിരുന്നതെന്ന് മനസ്സിലാകും.

'സൂര്യന്റെ മുമ്പിൽ യാതൊരു മറയും നാം ഉണ്ടാക്കിക്കൊടുത്തിട്ടില്ലാത്ത ജനം' എന്നാണല്ലോ സൂക്തത്തിൽ പറയുന്നത്. 'മറ' എന്നതിന്റെ അറബി പദം 'സിത്റ്' എന്നാണ്. മറയ്ക്കുക, മൂടുക എന്നർഥമുള്ള 'സതറ'യിൽ നിന്നാണതിന്റെ നിഷ്പത്തി. അപ്പോൾ, വസ്ത്രങ്ങളുടെയോ കെട്ടിടങ്ങളു

ടെയോ രൂപത്തിലുള്ള ഒരു മറയും അവർക്കുണ്ടായിരുന്നില്ലെന്നാണ് പശ്ചാത്തലത്തിൽനിന്ന് മനസ്സിലാകുക.

അതിനാൽ, ഈ ജനത വീടുകളിലായിരുന്നില്ല. പ്രത്യുത തുറന്ന സ്ഥലത്തായിരുന്നു താമസിച്ചിരുന്നതെന്നും ഇതിൽനിന്ന് വിചാരിക്കാവുന്നതാണ്. ഏതെങ്കിലും തരത്തിലുള്ള മറയോ കുടയോ ഇല്ലാത്ത ഇവർ നാടോടികളോ പകൽ സമയങ്ങളിൽ ഭൂഗർഭത്തിനകത്ത് കഴിയുകയും രാത്രി സമയങ്ങളിൽ പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യുന്നവരോ ആയിരിക്കാം. അല്ലെങ്കിൽ ഉടയാടകളോ നാഗരികതയോ ഇല്ലാത്തവരായിരിക്കാം. ഈ സൂക്തം ഉമർ നസൂഹിബിൽമെൻ വ്യാഖ്യാനിക്കുന്നതിങ്ങനെയാണ്:

“ദുൽഖർനൈൻ തന്റെ യാത്രക്കിടയിൽ പിറവിയെടുക്കുന്ന സ്ഥലത്ത് എത്തി. സൂര്യരശ്മിയിൽനിന്ന് സുരക്ഷ നൽകുന്ന തുണിയോ കെട്ടിടമോ പർവതമോ ഒന്നും അവിടത്തുകാർക്കുണ്ടായിരുന്നില്ല. ഈയാളുകൾ സൂര്യനുദിച്ചാൽ സമുദ്രത്തിലോ ഭൂഗർഭ ഗുഹകളിലോ കടക്കുകയും സൂര്യാസ്തമനത്തോടെ ജോലിക്കായി പുറത്തുവരികയും ചെയ്യുന്നവരായിരിക്കാം.” (Omar Nasuhi Bilmen: Kuran-i-Kerim in Turkee Meali Aligi ie Tafsir Commentary of Quran) Bilmen Publication. Vol. 4. p. 1989)



*സൂര്യോദയ സമയത്തും ദുൽഖർനൈനി എത്തിച്ചേർന്നു.*






വസ്തുതകളുടെ സത്തയെക്കുറിച്ച ദുൽഖർനൈന്റെ അറിവിനെക്കുറിച്ചാണ് 91-ാം സൂക്തത്തിൽ പറയുന്നത്. ജ്ഞാനമുൾക്കൊള്ളുന്ന സത്തയുടെ അറബി പദം 'ഖബർ' (خبر) എന്നാണ്. പൂർണമായറിയുക, സത്യത്തെ പൂർണമായി പരിചയമുള്ളവനാകുക എന്നെല്ലാമാണതിനർഥം.

അല്ലാഹുവിന്റെ തെരഞ്ഞെടുത്ത ചിലയാളുകൾക്ക് മാത്രം നൽകപ്പെട്ട ഒരു പ്രത്യേക ജ്ഞാനമാണിത്. 68-ാം സൂക്തം സൂചിപ്പിച്ചതു പോലെ ഖിദ്ർ ഇത്തരത്തിലൊരാളായിരുന്നു.

> പിന്നെ അദ്ദേഹം മറ്റൊരു മാർഗം പിന്തുടർന്നു. അങ്ങനെ അദ്ദേഹം രണ്ടു പർവതനിരകൾക്കിടയിലെത്തിയപ്പോൾ അവയുടെ ഇപ്പുറത്തുണ്ടായിരുന്ന ഒരു ജനതയെ അദ്ദേഹം കാണുകയുണ്ടായി. പറയുന്നതൊന്നും മിക്കവാറും അവർക്ക് മനസ്സിലാക്കാനാവുന്നില്ല (അൽകഹ്ഫ്: 92-93).

**മൂ**ന്നാം തവണ ദുൽഖർനൈൻ സഞ്ചരിച്ചത് കിഴക്കിനും പടിഞ്ഞാറിനുമിടയിലെ ഒരു പ്രദേശത്തേക്കായിരുന്നു. ഹിമാലയൻ പ്രദേശങ്ങളിലെ ഒരു പ്രദേശമായിരിക്കാമത്. ബദീഉസ്സമാൻ സഈദ് നൂർസി ഈ പ്രദേശങ്ങളെക്കുറിച്ച് സൂചന നൽകുന്നുണ്ട്. അദ്ദേഹം നമ്മെ അനുസ്മരിപ്പിക്കുന്നു:

“ദിവസങ്ങളോളം സഞ്ചരിക്കാൻ മാത്രം വിശാലതയുള്ള ഒരു പ്രദേശത്തെ വലയം ചെയ്യുന്നതാണ് ചീനയിലെ വൻമതിൽ. ഇന്ത്യയിലെയും ചീനയിലെയും കിരാത വർഗക്കാരുടെ ആക്രമണത്തിൽനിന്ന് പീഡിത ജനതയെ പ്രതിരോധിക്കാൻ വേണ്ടി നിർമിക്കപ്പെട്ടതായിരുന്നു അത്. ഹിമാലയത്തിന്റെ പിൻഭാഗത്തുനിന്ന് കിഴക്കു മുതൽ പടിഞ്ഞാറു വരെ വൻ നശീകരണ പ്രവർത്തനങ്ങൾ നടത്തി പലതവണ മനുഷ്യർക്ക് അസ്വസ്ഥത സൃഷ്ടിച്ചവരായിരുന്നു ഈ കിരാതർ. ഹിമാലയ പർവതങ്ങൾക്കടുത്ത് നീണ്ട ഒരു മതിൽ നിർമിക്കപ്പെട്ടിരുന്നു. അവരുടെ ഇടക്കിടക്കുള്ള ആക്രമണങ്ങളെ കുറേക്കാലം അത് പ്രതിരോധിച്ചിരുന്നു.” (Bodiuzzemen Seid Nursi: Risale-i-Nur Collection. The Sixteenth Flasties: Where the barrier of Dhul Qornayn? Who were Eng and Manog?)



*രണ്ടു പർവത പാർശ്വങ്ങളുടെ ഇട സമ മാക്കിത്തീർത്തിട്ട് അദ്ദേഹം പറഞ്ഞു: 'നിങ്ങൾ കാറ്റൂതുക.' (അൽകഹ്ഫ്: 96)*



ബദീഉസ്സമാൻ സഈദ് നൂർസി പറഞ്ഞതു പോലെ ഈ രണ്ടു പർവത ങ്ങളും പർവതശൃംഖലയായിരിക്കാം.

താൻ കണ്ടയാളുകൾ സംസാരം വളരെ കഷ്ടിച്ചേ മനസ്സിലാക്കിയിരു ന്നുള്ളൂവെന്ന് ഈ സൂക്തം പറയുന്നു. തികച്ചും വ്യത്യസ്തമോ അസാധാ രണമോ ആയ സംസാരമായിരുന്നു അവർക്കുണ്ടായിരുന്നതെന്ന് ഒരുപക്ഷേ ഇത് സൂചിപ്പിക്കുന്നുണ്ടായിരിക്കാം.

എന്നാൽ, അവരുടെ ഭാഷ സംസാരിക്കാൻ കഴിഞ്ഞിരുന്നതിനാലോ, അല്ലെങ്കിൽ അതറിയുന്നവർ തന്റെ സംഘത്തിലുണ്ടായിരുന്നതിനാലോ ദുൽഖർനൈനിക്ക് അവരുമായി ആശയവിനിമയം നടത്താൻ കഴിഞ്ഞിരു ന്നു. ഇത്തരം കാര്യങ്ങളിൽ പരിശീലനം നേടിയ ഒരു പ്രത്യേക വിഭാഗം അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നുവെന്ന് ഈ സൂക്തം സൂചിപ്പിക്കുന്നു.

താൻ പോകുന്നിടത്തെല്ലാം ദരിദ്രരെയും ദുരിതബാധിതരെയും ക്ഷീണി തരെയും കണ്ടുമുട്ടിയിരുന്നുവെന്ന് സൂക്തം സൂചിപ്പിക്കുന്നു. പൗരസ്ത്യ ദേശത്തുള്ളവർക്ക് സൂര്യനിൽനിന്ന് സുരക്ഷ നേടാൻ പോലും കഴിഞ്ഞിരു ന്നില്ലെങ്കിൽ പർവതങ്ങൾക്കിടയിൽ കഴിഞ്ഞിരുന്ന ആളുകൾ സംസ്കാര ത്തെയും സാങ്കേതിക വിദ്യയെയും കുറിച്ചറിയാത്തവരും കിരാതരുമായി രുന്നു. പുറത്തുനിന്നുള്ള ശത്രുക്കളിൽനിന്ന് സ്വയം പ്രതിരോധിക്കാനവർക്ക് കഴിഞ്ഞിരുന്നുമില്ല. ഇങ്ങനെ അരാജകത്വ ഭീഷണി നേരിട്ടുകൊണ്ടിരിക്കു കയായിരുന്നു അവർ. ദാരിദ്ര്യവും അസ്വസ്ഥതയുമായിരിക്കാം ദുൽഖർ നൈന്റെ സഹായം തേടാനവർക്ക് ഹേതുവായത്. അക്കാലത്തെ സ്ഥിതി മനസ്സിലാക്കാനുള്ള സുപ്രധാന ഘടകങ്ങളാണവ.

'അവര്‍ പറഞ്ഞു:
ഹേ ദുല്‍ഖര്‍നൈന്‍, തീര്‍ച്ച
യായും യഅ്ജൂജ്-മഅ്ജൂജ് വിഭാഗങ്ങള്‍
ഭൂമിയില്‍ കുഴപ്പമുണ്ടാക്കുന്നവരാകുന്നു.
ഞങ്ങള്‍ക്കും അവര്‍ക്കുമിടയില്‍ താങ്കള്‍
ഒരു മതില്‍ക്കെട്ട് ഉണ്ടാക്കിത്തരണമെന്ന
വ്യവസ്ഥയില്‍ ഞങ്ങള്‍ താങ്കള്‍ക്ക്
ഒരു കരം നിശ്ചയിച്ചുതരട്ടെയോ?'
(അല്‍കഹ്ഫ്: 94).

മറ്റൊരു ഭാഷയിൽനിന്ന് അറബിയിലേക്ക് പരിചയപ്പെടുത്തപ്പെട്ട 'യഅ്ജൂജ് -മഅ്ജൂജ് എന്നീ പദങ്ങളിൽനിന്ന് രാജ്യത്ത് ദുഷ്ടതകൾക്ക് ഹേതുവായ ഒരു ജനതയെയാണ് നാം മനസ്സിലാക്കുന്നത്. നാട്ടുകാരെ പീഡിപ്പിക്കുകയും ദ്രോഹിക്കുകയും ചെയ്തിരുന്ന ഒന്നോ അതിലധികമോ ജനതതികളായിരുന്നു ഇവരെന്ന് പണ്ഡിതന്മാരുടെ വ്യാഖ്യാനങ്ങൾ സൂചിപ്പിക്കുന്നു.

ഇവരുടെ ദുഷ്ടതകളാൽ വിഷമിച്ചിരുന്ന നാട്ടുകാർ ദുൽഖർനൈനിയുടെ സഹായം തേടുകയും പകരം നികുതി വാഗ്ദാനം ചെയ്യുകയുമായിരുന്നു. അദ്ദേഹം ഒറ്റ വ്യക്തിയെ പ്രതിനിധാനം ചെയ്യുകയായിരുന്നില്ല. പ്രത്യുത ഒരു ജനതയുടെ ഭരണാധിപനും സൈനിക കമാണ്ടറുമായിരുന്നുവെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. പ്രവാചകനായ സുലൈമാൻ അങ്ങനെയായിരുന്നുവല്ലോ.

ബഹുഭാഷാ പണ്ഡിതരുടെ ഒരു സംഘം അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നുവെന്ന് മുൻവാക്യങ്ങളിൽനിന്ന് നാം മനസ്സിലാക്കി. എന്നാൽ കെട്ടിടനിർമാണ വിദഗ്ധരുടെയും സിവിൽ എഞ്ചിനീയർമാരുടെയും ഒരു സംഘവും അദ്ദേഹത്തോടൊന്നിച്ചുണ്ടായിരുന്നുവെന്ന് ഈ സൂക്തങ്ങൾ സൂചിപ്പിക്കുന്നു. കെട്ടിടനിർമാണ പ്രവർത്തനങ്ങളിലും സിവിൽ എഞ്ചിനീയറിംഗിലും ദുൽഖർനൈനിക്ക് താൽപര്യവും അറിവുമുണ്ടായിരുന്നുവെന്നാണ് ആ ജനങ്ങളുടെ അഭ്യർഥനകളിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. അദ്ദേഹത്തിന്റെ ഈ വൈദഗ്ധ്യം പ്രസിദ്ധവും, ആവശ്യഘട്ടത്തിൽ മറ്റു ജനതക്ക് അദ്ദേഹത്തിന്റെ സഹായം ലഭ്യവുമായിരിക്കാം. അദ്ദേഹത്തിന്റെ ജനതയുടെ വലുപ്പവും ശക്തിയുമാണിതെല്ലാം കാണിക്കുന്നത്.

ദുരാചാരങ്ങളും ദുഷ്ടതകളും തടയുന്ന കാര്യത്തിലും അദ്ദേഹം പ്രശസ്തനായിരുന്നു. ദുരിതങ്ങളും പ്രയാസങ്ങളുമനുഭവപ്പെടുന്നവരും മാനസിക അസ്വസ്ഥതകളോ ബാഹ്യസമ്മർദങ്ങളോ അഭിമുഖീകരിച്ചിരുന്നവരും അദ്ദേഹത്തിന്റെ സഹായം തേടിയിരുന്നത് അതുകൊണ്ടായിരുന്നു. അദ്ദേഹത്തിന്റെ സൈനിക ശക്തിയിലും, ദുരാചാരങ്ങൾ തടയാനുള്ള കഴിവിലും അവർക്ക് വിശ്വാസമുണ്ടായിരുന്നതിനാലും, ശക്തമായൊരു രാജ്യത്തെ അദ്ദേഹം ഭരിക്കുകയുമായിരുന്നതിനായിരുന്നു അയൽരാജ്യക്കാർ അദ്ദേഹത്തിന്റെ സഹായം തേടിയതും അദ്ദേഹത്തിന് രാജ്യത്ത് നിയമവും വ്യവസ്ഥയും കൊണ്ടുവരാൻ കഴിഞ്ഞതും. ഒരു രാജ്യം മറ്റൊരു രാജ്യത്തിന്റെ സഹായം തേടുന്നതും അതിന്റെ പ്രതിഫലമായി കരം കൊടുക്കുന്നതും ആ രാജ്യക്കാർക്ക് തങ്ങളുടെ പ്രശ്നങ്ങൾ സ്വയം പരിഹരിക്കാൻ കഴിയാത്തതിനാലും മറ്റെ രാജ്യത്തിനതിനു കഴിഞ്ഞതിനാലുമാണല്ലോ. അതെ, സഹായിയായ രാജ്യം സുശക്തവും സുസ്ഥാപിതവുമാണ്.

ദുൽഖർനൈൻ ഊർജസ്വലനും കിഴക്കും പടിഞ്ഞാറും ആദരിക്കപ്പെട്ടവനുമായിരുന്നുവെന്നതിൽനിന്നും ശക്തരായ ഒരു ജനതയെ അദ്ദേഹം ഭരിച്ചിരുന്നുവെന്ന് മനസ്സിലാക്കാം. അതിനാൽ സ്വന്തം രാജ്യത്തും ചുറ്റുഭാഗ






ങ്ങളിലും നീതിയും സമാധാനവും സുരക്ഷയും കൈവരുത്തുകയെന്ന തന്റെ ഉത്തരവാദിത്വത്തെക്കുറിച്ച് ബോധവനായ ഒരു നേതാവായിരുന്നു അദ്ദേഹം. നീതിക്കും സമാധാനത്തിനും സുരക്ഷക്കും വേണ്ടി പ്രവർത്തിക്കുക ഓരോ മുസ്‌ലിമിന്റെയും ഉത്തരവാദിത്വമാണെന്ന് ഈ സൂക്തത്തിലൂടെ അല്ലാഹു സൂചിപ്പിക്കുന്നു. ലോകം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ ഓരോ രാജ്യവും തങ്ങളുടെ കഴിവനുസരിച്ച് താൽപര്യമെടുക്കുകയും സാമ്പത്തികവും മറ്റുമായ കാര്യങ്ങളിൽ സഹായിക്കുകയും ചെയ്യുക ബാധ്യതയാണ്. തന്റെ കാലത്തെന്നപോലെ അന്ത്യനാളുകളിൽ ഇസ്‌ലാമിക മൂല്യങ്ങൾ ലോകത്തെ ഭരിക്കുമെന്ന് ദുൽഖർനൈൻസംഭവം വിളിച്ചോതുന്നു.

ഈ സുവിശേഷം അല്ലാഹു വെളിപ്പെടുത്തുന്നു:

**"നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു: അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയതുപോലെത്തന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും അവൻ തൃപ്തിപ്പെട്ടുകൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും ഭയപ്പാടിന്നുശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്ന പക്ഷം അവർ തന്നെയാകുന്നു ധിക്കാരികൾ" (അന്നൂർ: 55)**



*ദുൽഖർനൈനി(അ) ഒരുപാടു രാജ്യങ്ങൾ ഭരിച്ചിരുന്ന മുസ്‌ലിം ചക്രവർത്തിയായിരുന്നുവെന്ന് നമുക്കീ ഭൂപടത്തിൽനിന്നും മനസ്സിലാക്കാം.*

> അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവ് എനിക്ക് അധീനപ്പെടുത്തിത്തന്നിട്ടുള്ളത് (അധികാരവും ഐശ്വര്യവും) (നിങ്ങൾ നൽകുന്നതിനെക്കാൾ) ഉത്തമമത്രെ. എന്നാൽ (നിങ്ങളുടെ ശാരീരിക) ശക്തികൊണ്ട് നിങ്ങളെന്നെ സഹായിക്കുവിൻ. നിങ്ങൾക്കും അവർക്കുമിടയിൽ ഞാൻ ബലവത്തായ ഒരു മതിൽ ഉണ്ടാക്കിത്തരാം. (അൽകഹ്ഫ്: 95)

ദുൽഖർനൈനിയുടെ ഭരണ നൈപുണ്യമാണ് ഈ സൂക്തത്തിലൂടെ പരാമർശിക്കുന്നത്. അതിശക്തമായിരുന്നു അദ്ദേഹത്തിന്റെ രാജ്യം. സ്വന്തം ജനതക്കെന്നപോലെ, മറ്റു പാവപ്പെട്ട ജനതക്കും വിശ്വാസമുറപ്പിക്കുകയും ഭരണരീതി, പ്രയോഗം എന്നിവയിലൂടെ ജനങ്ങളിൽ ആശങ്കക്ക് ഹേതുവാകാതിരിക്കുകയും ചെയ്യുന്നതായിരുന്നു അത്. ദൈവേച്ഛയാൽ അഭേദ്യമായിരുന്നു അതെന്നാണ് തോന്നുന്നത്. കാരണം, പ്രത്യക്ഷമോ പരോക്ഷമോ ആയ സമ്മർദമോ എതിർപ്പോ ശക്തിയോ അതിനെ ബാധിച്ചിരുന്നില്ലെന്നും ഭരണഭദ്രത കാരണം എതിർപ്പുകളോ അഭിപ്രായ ഭിന്നതകളോ അതിനെ ഇളക്കിയിരുന്നില്ലെന്നും ഈ സൂക്തം സൂചിപ്പിക്കുന്നുണ്ട്.

താൻ നൽകിയിരുന്ന സഹായങ്ങൾക്ക് അദ്ദേഹം എന്തെങ്കിലും പാരിതോഷികങ്ങൾ സ്വീകരിച്ചിരുന്നില്ല. പ്രവാചകന്മാരുടെ ഈ ഗുണത്തെക്കുറിച്ച് ഖുർആൻ വേറെയും ഉദാഹരണങ്ങൾ നൽകുന്നുണ്ട് സുലൈമാൻ നബിയുടെ ഉദാഹരണം. ഖുർആൻ പറയുന്നു:


**'ഞാൻ അവർക്ക് ഒരു പാരിതോഷികം കൊടുത്തയച്ചിട്ട് എന്തൊരു വിവരവുംകൊണ്ടാണ് ദൂതന്മാർ മടങ്ങിവരുന്നതെന്ന് നോക്കാൻ പോകുകയാണ്. അങ്ങനെ അവൻ (ദൂതൻ) സുലൈമാന്റെ അടുത്തുചെന്നപ്പോൾ അദ്ദേഹം പറഞ്ഞു: 'നിങ്ങൾ എന്നെ സമ്പത്തു തന്ന് സഹായിക്കുകയാണോ? എന്നാൽ എനിക്ക് അല്ലാഹു നൽകിയിട്ടുള്ളതാണ് നിങ്ങൾക്കവൻ നൽകിയിട്ടുള്ളതിനെക്കാൾ ഉത്തമം. പക്ഷേ, നിങ്ങൾ നിങ്ങളുടെ പാരിതോഷികം കൊണ്ട് സന്തോഷംകൊള്ളുകയാകുന്നു' (അന്നംല്: 35,36).**





സുലൈമാൻ നബിയും ദുൽഖർനൈനും പാരിതോഷികം നിരസിക്കാൻ പല കാരണങ്ങളും ഉണ്ടായിരിക്കാം. പാരിതോഷിക സ്വീകരണം ചിലപ്പോൾ എതിർ ഫലങ്ങളുണ്ടാക്കാൻ ഹേതുവായേക്കും. ദാതാക്കൾക്ക് ഇവരോടുള്ള ബഹുമാനം, അനുസരണം, സമർപ്പണം എന്നിവ കുറഞ്ഞുപോകുക പോലുള്ള കാര്യങ്ങൾ ഉദാഹരണം. മനഃശാസ്ത്രപരമായി മനുഷ്യനിലുണ്ടാകുന്ന ഒരു മാനസികാവസ്ഥയാണിത്. ഫീസോ പ്രതിഫലമോ സ്വീകരിക്കാതെ ഈ സാഹചര്യമൊഴിവാക്കുന്നതാണ് നല്ലതെന്ന് ഈ സൂക്തം സൂചിപ്പിക്കുന്നു. ഇത്തരമൊരു സമീപനം, സഹായം ലഭിച്ചവരുടെ സ്നേഹവും ബാന്ധവവും വർധിപ്പിക്കുമെന്നതിൽ സംശയമില്ല. മാത്രമല്ല, സുലൈമാൻ നബിയെപ്പോലെത്തന്നെ, പ്രതിഫലേച്ഛയില്ലാതെ സഹായം ചെയ്തിരുന്ന ഒരു വലിയ രാജ്യാധിപനായിരുന്നു ദുൽഖർനൈൻ.

എന്നിരുന്നാലും ജോലിക്കാര്യത്തിൽ അദ്ദേഹം ജനങ്ങളുടെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രദേശവാസികൾക്ക് തൊഴിലും ഉത്തരവാദിത്വ പദവിയും നൽകാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നുവെന്നാണിതിൽനിന്ന് മനസ്സിലാകുക. ഇതു വഴി അവർക്ക് കലയും ശാസ്ത്രവും പഠിപ്പിക്കുകയും സംസ്കാരത്തിലും സാങ്കേതിക വിദ്യയിലും പുരോഗതി നേടാൻ അവരെ



*സാബ എന്ന അക്കാലത്തെ ശക്തമായ രാജ്യത്തിന്റെ രാജ്ഞിയായിരുന്നു ബിൽക്കീസ്. സുലൈമാൻ നബിക്ക് അവർ നൽകിയ ഉപഹാരങ്ങൾ അദ്ദേഹം തിരസ്ക്കരിച്ചു. സുലൈമാൻ നബിക്ക് ഉപഹാരങ്ങൾ എത്തിക്കുന്ന വാഹന വ്യൂഹത്തെയാണ് ഇവിടെ കാണിക്കുന്നത്.*

സഹായിക്കുകയുമായിരുന്നു അദ്ദേഹം. മാത്രമല്ല, തൊഴിൽരഹിതരെ ഉപയോഗപ്പെടുത്തുകയും സ്വന്തം രാജ്യത്തിന്റെ പ്രതിരോധത്തിൽ പങ്കാളികളാക്കിക്കൊണ്ട് തന്റെ പുതിയ തൊഴിലാളികളെ ഉപയുക്തരാക്കുകകൂടി ചെയ്തു അദ്ദേഹം. നീതിയുടെയും ബഹുമാനത്തിന്റെയും നിഷ്കളങ്കതയുടെയും അടിത്തറ മേൽ കെട്ടിപ്പടുക്കപ്പെട്ട ഈ ബന്ധം പരസ്പര വിശ്വാസം ഊട്ടിയുറപ്പിക്കുകയും ജനപിന്തുണയാർജിക്കുകയും ചെയ്യുമെന്നതിൽ സംശയമില്ല.

ഇത്തരമൊരു പ്രക്രിയക്ക് നിരവധി മുഖങ്ങളുണ്ട്. ജനവിദ്യാഭ്യാസം, വിദഗ്ധ തൊഴിലാളികളുടെ വർധന, അലസതയിൽനിന്നും നിഷ്ക്രിയത്വത്തിൽനിന്നുമുള്ള മോചനം, സ്വപ്രയത്നത്തിലൂടെ വിജയത്തിലെത്തിച്ചേരാനുള്ള ഉന്നതമായ മനോഭാവം എന്നിവ അക്കൂട്ടത്തിൽ പെടുന്നു. അത് ജനങ്ങളുടെ ആത്മവിശ്വാസം വർധിപ്പിക്കുകയും ചെയ്യും. കാരണം രാജ്യപുരോഗതിക്കു വേണ്ടി പ്രവർത്തിക്കുന്നവർ കുഴപ്പങ്ങൾക്ക് ഹേതുവാക്കുകയോ എതിർപ്പുകൾക്കും പ്രതിഷേധങ്ങൾക്കും വശംവദരാക്കുകയോ ഇല്ലല്ലോ. സഹകരണത്തിന്റേതായ ഈ കാലത്ത് ജനങ്ങളെ ഭരിക്കുക വളരെ സുകരമാണ്. മാത്രമല്ല, ജനങ്ങളിൽ സമത്വബോധം സജീവമാകുകയും സ്വരാജ്യ സേവനം അവർ ആസ്വദിക്കുകയും ചെയ്യും. ദൈവപ്രീതിക്കായി ചെയ്യുന്ന കാര്യങ്ങളിൽ ഇത് സുപ്രധാനമാണ് എന്നതിൽ സംശയമില്ല. എന്നാൽ, ഇക്കാര്യത്തിൽ എല്ലാവരും ശുഷ്കാന്തി കാണിക്കുമെന്നോ ദൈവപ്രീതി നേടുമെന്നോ നാം പ്രതീക്ഷിക്കുന്നില്ല. ഇത് മനസ്സിലാക്കി, അവരുടെ ദൈവാർപ്പണത്തിന്റെ അളവോ അഭാവമോ പരിഗണിക്കാതെ, ഓരോരുത്തരുടെയും അവകാശങ്ങൾ ഉറപ്പുനൽകപ്പെടേണ്ടതുണ്ട്. ഇവിടെയാണ് ദുൽഖർനൈന്റെ നയം എത്രമാത്രം ബുദ്ധിപൂർവമായിരുന്നുവെന്ന് നാം മനസ്സിലാക്കുന്നത്.

ഭേദിക്കാൻകഴിയാത്ത ഭദ്രമായൊരു കെട്ട് ദുൽഖർനൈൻ നിർമിച്ചതായും അത് ഉന്നത സാങ്കേതിക വിദ്യയുടെയും ഭദ്രമായ ആർക്കിടെക്ചറിന്റെയും മാതൃകയായിരുന്നുവെന്നും ഈ സൂക്തം സൂചിപ്പിക്കുന്നു. ഓരോ കെട്ടിടവും, പാലങ്ങൾ പ്രത്യേകിച്ചും, ഭൂകമ്പം, പ്രളയം, മഴ, സൈനികാക്രമണം പോലുള്ള പ്രകൃതി വിപത്തുകളെ അതി ജീവിക്കാൻ കഴിയും വിധം സുദൃഢമായി നിർമിക്കപ്പെടുക വളരെ പ്രധാനമാണ്.

> 'നിങ്ങൾ എനിക്ക് ഇരുമ്പു കട്ടികൾ കൊണ്ടുവന്നുതരൂ. അങ്ങനെ ആ രണ്ട് പർവത പാർശ്വങ്ങളുടെ ഇട സമമാക്കിത്തീർത്തിട്ട് അദ്ദേഹം പറഞ്ഞു. നിങ്ങൾ കാറ്റൂതുക. അങ്ങനെ അത് (പഴുപ്പിച്ച്) തീ പോലെ ആക്കിയപ്പോൾ അദ്ദേഹം പറഞ്ഞു: നിങ്ങളെനിക്ക് ഉരുക്കിയ ചെമ്പ് കൊണ്ടുവന്നുതരൂ. ഞാനത് അതിന്മേൽ ഒഴിക്കട്ടെ.' (അൽകഹ്ഫ്: ൯൬)







**ഈ** സൂക്തപ്രകാരം ഈ കെട്ട് ഒരു കോൺക്രീറ്റ് കെട്ടിടമാകാം. ഇന്ന് മിക്കവാറും കെട്ടിടങ്ങൾക്കും വൻ അണക്കെട്ടുകൾക്കും ഈ നിർമാണ രീതി സ്വീകരിച്ചുവരുന്നുണ്ടല്ലോ.

ഈ കെട്ടിടനിർമാണത്തിൽ ദുൽഖർനൈൻ ഇരുമ്പും ഉരുക്കിയ ചെമ്പും, ചില വ്യാഖ്യാതാക്കളുടെ അഭിപ്രായ പ്രകാരം താറും ഉപയോഗിച്ചിരുന്നുവെന്ന് ഈ സൂക്തം വിളിച്ചോതുന്നു. പാലങ്ങളുടെയും



*ആധുനിക കാലത്ത് അണക്കെട്ട് ഉണ്ടാക്കാൻ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യതന്നെയാണ് ദുൽഖർനൈനിയും ഉപയോഗിച്ചത്. താഴത്തെ ചിത്രത്തിൽ പാളികളിട്ട ഭിത്തിയാണ്. അതിന് തകർച്ചയെ ഒട്ടും ഭയക്കേണ്ടതില്ല.*

അണക്കെട്ടുകളുടെയും ബലം കൂട്ടാനുപയുക്തമായ അതിശക്തമായ ലോഹമാണ് ഇരുമ്പ്. അതല്ലെങ്കിൽ ചെറിയ കേടുപാടുകളും കമ്പനവുമെല്ലാം അണക്കെട്ടിന്റെ തകർച്ചക്ക് കാരണമാകാം.

അണക്കെട്ട് നിർമാണത്തിൽ അദ്ദേഹം ഇരുമ്പ് ബ്ലോക്കുകളും കുമ്മായവും ഉപയോഗിച്ചിട്ടുണ്ടാകാം. കുമ്മായം ചേർത്ത് ഇരുമ്പ് ബ്ലോക്കുകൾ നീളത്തിൽ ചേർത്തുവെച്ചുകൊണ്ട് സുദൃഢമായൊരു കോൺക്രീറ്റ് കെട്ട് അദ്ദേഹം നിർമിച്ചിരിക്കാൻ സാധ്യതയുണ്ട് (അല്ലാഹു അഅ്ലം).

'ഉരുക്കിയ ചെമ്പ്' എന്ന് പരിഭാഷപ്പെടുത്തപ്പെടുന്ന 'ഖിത്വ്റ്' എന്ന അറബിപദത്തിന് 'താർ' എന്നും അർഥമുണ്ട്. ഈർപ്പം, സമുദ്രജലം എന്നിവയിൽനിന്ന് ഇരുമ്പിനെ സംരക്ഷിക്കുന്ന താർ, പൈൻ മരത്തിൽ നിന്നോ കരിയിൽ നിന്നോ ലഭിക്കുന്ന ഒരു സംരക്ഷക ലേപനമത്രെ. കറ, തുരുമ്പ് എന്നിവയിൽനിന്ന് ഇരുമ്പിനെ മുക്തമാക്കാനായി ദുൽഖർനൈൻ ഈ കെട്ടിന്മേൽ താർ ഒഴിച്ചിരിക്കാം. ആധുനിക കോൺക്രീറ്റ് കെട്ടിടങ്ങളിൽ സാധാരണ ഇത്തരം ഇൻസുലേഷൻ പദാർഥം കണ്ടുവരുന്നുണ്ട്.

കെട്ടിന്റെ ഉറപ്പിനുവേണ്ടി കുമ്മായം ലേപനംചെയ്ത ചരൽ, ചുണ്ണാമ്പ്, മണൽ, വെള്ളം എന്നിവയുമായി താർ ചേർന്ന ഇരുമ്പിനെ അദ്ദേഹം കലർത്തിയിട്ടുണ്ടായിരിക്കാം. മണലും ചുണ്ണാമ്പുകല്ലും ചേർത്ത കുമ്മായം, സാധാരണയിൽ ദ്വാരങ്ങളുണ്ടാക്കാൻ എളുപ്പമാണ്. പക്ഷേ, ഇരുമ്പിന്റെ ശക്തി ലഭിക്കുന്നതോടെ അത് നശീകരണക്ഷമമല്ലാതായിത്തീരുകയാണ്.

പിന്നെ ആ മതിൽക്കെട്ട് കയറിമറിയുവാൻ അവർക്ക് (യഅ്ജൂജ്, മഅ്ജൂജ്) സാധിച്ചില്ല. അതിനു തുളയുണ്ടാക്കുവാനും അവർക്ക് സാധിച്ചില്ല.

> 'അദ്ദേഹം (ദുൽഖർനൈനി) പറഞ്ഞു: ഇത് എന്റെ രക്ഷിതാവിങ്കൽനിന്നുള്ള കാരുണ്യമത്രെ. എന്നാൽ എന്റെ രക്ഷിതാവിന്റെ വാഗ്ദത്ത സമയം വന്നാൽ അവൻ അതിനെ തകർത്തു നിരപ്പാക്കിക്കളയുന്നതാണ്. എന്റെ രക്ഷിതാവിന്റെ വാഗ്ദാനം യാഥാർഥ്യമാകുന്നു.' (അൽകഹ്ഫ്: 97-98)





ഭേദിക്കാൻ കഴിയാത്തതാണ് ഈ മതിൽക്കെട്ട് എന്ന് ആദ്യ സൂക്തം വെളിപ്പെടുത്തുന്നു. നിർമാണപരമായി അത്യുന്നത നിലവാരമാണതിനെന്ന് ഇത് സൂചിപ്പിക്കുന്നു. പിളർക്കാൻ കഴിയാത്തതാണെന്ന പരാമർശം അതിന്റെ ഭദ്രതയാണ് വിളിച്ചോതുന്നത്. ഇന്നത്തെ കോൺക്രീറ്റ്-ഇരുമ്പ് നിർമാണരീതി ഉപയോഗിച്ചാണതിന്റെ നിർമാണമെന്ന് ഈ വസ്തുതകളിൽനിന്ന് മനസ്സിലാക്കാം.

98-ാം സൂക്തപ്രകാരം, ഈ പദ്ധതി പൂർത്തിയായ ഉടനെ ദുൽഖർനൈനി ചെയ്തത് അല്ലാഹുവിന്റെ കാരുണ്യത്തെയും അനുഗ്രഹത്തെയും അനുസ്മരിക്കുകയായിരുന്നു. ദൈവേച്ഛ ഉണ്ടായിരുന്നില്ലെങ്കിൽ ഇത്തരമൊരു കെട്ട് നിർമിക്കാൻ സാധ്യമാകുമായിരുന്നില്ലെന്ന് മനസ്സിലാക്കിയ അദ്ദേഹം, ഉടനെത്തന്നെ ഇതിന്റെ യഥാർഥ നിർമാതാവ് അല്ലാഹുവാണെന്ന് ഓർമിക്കുകയും സ്വന്തം കഴിവുകൊണ്ട് ആർജിച്ചതാണെന്ന ജനങ്ങളുടെ ധാരണ ഇല്ലാതാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ഈ മതിൽ അന്ത്യനാൾവരെ നിലകൊള്ളുമെന്നും 98-ാം സൂക്തം സൂചിപ്പിക്കുന്നു. തുടർവാക്യത്തിലെ 'വാഗ്ദാനം' എന്ന പദം 'ആ ദിവസ'ത്തെയാണ് കുറിക്കുന്നത്. അന്ത്യദിനം വരെ അത് നിലകൊള്ളുമെന്നർഥം.

ഈ മതിലിന്റെ യഥാർഥ സ്ഥാനം ഭൗതിക ലോകത്തു വെച്ച് കണ്ടുപിടിക്കാനോ കണ്ടുപിടിക്കാതിരിക്കാനോ സാധ്യതയുണ്ട്. എന്തുകൊണ്ടെന്നാൽ, അതെക്കുറിച്ചുള്ള ജ്ഞാനം അല്ലാഹുവിൽ നിക്ഷിപ്തമാണ്. വിധിനാൾ വരെ അത് നശിക്കുകയില്ലെന്നതാണ് സുപ്രധാന കാര്യം. അന്ന് എല്ലാം നശിപ്പിക്കപ്പെടുമല്ലോ. അന്ന് പർവതങ്ങൾ നീങ്ങുമെന്നും ഭൂമുഖത്ത് ഒന്നുംതന്നെ അവശേഷിക്കുകയില്ലെന്നും നിരവധി സൂക്തങ്ങൾ വെളിപ്പെടുത്തുന്നു. ചില ഉദാഹരണങ്ങൾ:

**പർവതങ്ങളെ നാം സഞ്ചരിപ്പിക്കുകയും തെളിഞ്ഞുനിരപ്പായ നിലയിൽ ഭൂമി നിനക്ക് കാണുമാറാകുകയും തുടർന്ന് അവരിൽനിന്ന് (മനുഷ്യരിൽനിന്ന്) ഒരാളെയും വിട്ടുകളയാതെ നാം അവരെ ഒരുമിച്ചുകൂട്ടുകയും ചെയ്യുന്ന ദിവസം (ശ്രദ്ധേയമാകുന്നു). (അൽകഹ്ഫ്: 47)**

**ഭൂമി നീട്ടപ്പെടുകയും അതിലുള്ളത് അത് (പുറത്തേക്ക്) ഇടുകയും, അത് കാലിയായിത്തീരുകയും അതിന്റെ രക്ഷിതാവിന് അത് കീഴ്പ്പെടുകയും ചെയ്യുമ്പോൾ അത് (അങ്ങനെ കീഴ്പ്പെടാൻ) കടപ്പെട്ടിരിക്കുന്നുതാനും (അൽഇൻശിഖാഖ്: 3-5).**

**പർവതങ്ങളെ സംബന്ധിച്ച് അവർ നിന്നോട് ചോദിക്കുന്നു. പറയുക: എന്റെ രക്ഷിതാവ് അവയെ പൊടിച്ച് പാറ്റിക്കളയുന്നതാണ്. എന്നിട്ട് അവൻ അതിനെ സമനിരപ്പായ മൈതാനമാക്കിവിടുന്നതാണ്. ഇറക്കമോ കയറ്റമോ നീ അവിടെ കാണുകയില്ല (ത്വാഹാ: 105-107).**

## ദുൽഖർനൈനി സൂക്തങ്ങളുടെ മറ്റു സാധ്യതകൾ

ഭാവിയിൽ നടക്കാനിരിക്കുന്ന സംഭവങ്ങളെയായിരിക്കാം ഈ സൂക്തങ്ങൾ സൂചിപ്പിക്കുന്നതെന്നതാണ് മറ്റൊരു സാധ്യത.

അല്ലാഹുവിന്റെ സന്നിധിയിൽ എല്ലാ കാലവും ഒന്നാണല്ലോ. ഭൂതവും ഭാവിയും വർത്തമാനവുമെല്ലാം ഒരേയവസരത്തിലാണല്ലോ അവന്റെ സന്നിധിയിൽ അനുഭവപ്പെടുന്നത്. ചില സൂക്തങ്ങളിൽ അന്ത്യദിനം, സ്വർഗ നരകങ്ങൾ എന്നിവയെല്ലാം സംഭവിച്ചുകഴിഞ്ഞതു പോലെയാണ് പ്രസ്താവിക്കപ്പെട്ടിരിക്കുന്നത്. താഴെ സൂക്തങ്ങൾ ഉദാഹരണം:

> **കാഹളത്തിൽ ഊതപ്പെട്ടു, അപ്പോൾ ആകാശഭൂമികളിലുള്ളവർ ചലനമറ്റവരായിത്തീർന്നു; അല്ലാഹു ഉദ്ദേശിച്ചവരൊഴികെ. പിന്നീട് അതിൽ (കാഹളത്തിൽ) മറ്റൊരിക്കൽ ഊതപ്പെട്ടു. അപ്പോഴതാ അവർ എഴുന്നേറ്റു നോക്കുന്നു. ഭൂമി അതിന്റെ രക്ഷിതാവിന്റെ പ്രഭകൊണ്ട് പ്രകാശിക്കുകയും ചെയ്തു. പ്രവാചകന്മാരും സാക്ഷികളും കൊണ്ടുവരപ്പെടുകയും ജനങ്ങൾക്കിടയിൽ സത്യപ്രകാരം വിധിക്കപ്പെടുകയും ചെയ്തു. അവരോട് അനീതി കാണിക്കപ്പെടുകയില്ല. (അസ്സുമർ: 68, 69)**


ഈ സംഭവങ്ങളെല്ലാം നമ്മെ സംബന്ധിച്ചിടത്തോളം ഭാവിയിൽ നടക്കാനിരിക്കുന്നതാണെങ്കിലും സംഭവിച്ചുകഴിഞ്ഞതുപോലെയാണല്ലോ പറയപ്പെട്ടിരിക്കുന്നത്. അതിനാൽത്തന്നെ, ദുൽഖർനൈനി കഥ ഭാവികാര്യങ്ങളിൽ പെട്ടതും നമുക്ക് ഭൂതകാലത്ത് നടന്നതായി പറഞ്ഞുതന്നതുമായിരിക്കാനിടയുണ്ട്. അൽകഹ്ഫ്: 84-ാം സൂക്തത്തിൽ 'അദ്ദേഹത്തിന് എല്ലാ കാര്യത്തിനുമുള്ള മാർഗങ്ങൾ നാം സൗകര്യപ്പെടുത്തിക്കൊടുക്കുകയും ചെയ്തു'വെന്ന് പറയുന്നു. ദുൽഖർനൈനി ഭാവിയിൽ ലോകം ഭരിക്കുമെന്നായിരിക്കാം ഇവിടെ സൂചിപ്പിക്കപ്പെടുന്നത്.

ആധുനിക യുഗത്തിൽ ശക്തനായൊരു നേതാവിന് അല്ലെങ്കിൽ രാഷ്ട്രത്തിന് വാർത്താവിനിമയ സാങ്കേതിക വിദ്യയും വ്യവസ്ഥാപിത അധികാരവും ഉണ്ടായിരിക്കണമല്ലോ. ഒരു നേതാവിനെ സംബന്ധിച്ചിടത്തോളം എല്ലാ കാര്യങ്ങളും നേരിട്ട് പരിശോധിക്കാൻ കഴിയുകയില്ലല്ലോ. അതിനാൽ, ഉപഗ്രഹങ്ങളും മറ്റു വാർത്താവിനിമയ മാധ്യമങ്ങളും ഉപയോഗപ്പെടുത്തി മുഖ്യമായ തലസ്ഥാന നഗരിയിൽ താമസിച്ചുകൊണ്ട് മറ്റു പ്രദേശങ്ങൾ അദ്ദേഹം നിയന്ത്രിക്കുമെന്ന്





നമുക്ക് കരുതാം. 'എന്റെ രക്ഷിതാവ് എനിക്ക് അധീനപ്പെടുത്തിത്തന്നിട്ടുള്ളത് (നിങ്ങൾ നൽകുന്നതിനെക്കാൾ) ഉത്തമമാണെ'ന്ന് 95-ാം സൂക്തത്തിൽ അദ്ദേഹം പറയുന്നതു പ്രകാരം അദ്ദേഹത്തിന്റെ അധികാരം സുസ്ഥാപിതമായിരിക്കും. ഈ കഥ ഈ വീക്ഷണത്തിലൂടെ പരിശോധിക്കുകയാണെങ്കിൽ ഓരോ സൂക്തവും വ്യത്യസ്തമായ ഓരോ സന്ദേശമാണ് നൽകുന്നതെന്ന് മനസ്സിലാകും. ഉദഹാരണമായി, ദുൽഖർനൈനി ആദ്യം പടിഞ്ഞാറോട്ടും പിന്നെ കിഴക്കോട്ടും പോകുന്നു. വീണ്ടും തിരിച്ചുപോകുന്നു. ഉപഗ്രഹങ്ങളിലെ പ്രക്ഷേപണ ചാനലുകൾ മാറ്റി മാറ്റി വിവിധ പ്രദേശങ്ങളുമായി വാർത്താവിനിമയ ബന്ധം അദ്ദേഹം സ്ഥാപിക്കുന്നുവെന്നായിരിക്കാം ഇത് സൂചിപ്പിക്കുന്നത്. ഈ സൂക്തങ്ങളിൽ ഇടക്കിടക്ക് 'കണ്ടെത്തി' എന്ന് പ്രയോഗിച്ചതായി കാണാം. ജലാശയത്തിനടുത്ത് അദ്ദേഹം ഒരു ജനതയെ 'കണ്ടെത്തുന്നു'. കിഴക്ക് ഭാഗത്തെത്തിയപ്പോൾ പറയുന്നതൊന്നും മനസ്സിലാ



*ഭൂമിയിലെ വിശദമായ ചിത്രങ്ങൾ എടുക്കാൻ സാറ്റലൈറ്റ് സൗകര്യം കൊണ്ട് സാധ്യമാകുന്നു. സാറ്റലൈറ്റുകൾ എല്ലാ രാജ്യങ്ങളുടെയും വിവരങ്ങൾ ചോർത്തി ചാര പ്രവർത്തനം നടത്തുന്നു. ഇടതു വശം കാണുന്നത് സാറ്റലൈറ്റ് എടുത്ത വാഷിംഗ്ടണും വലതുവശം വെനീസുമാണ്.*

കാത്ത മറ്റൊരു ജനതയെയും അദ്ദേഹം 'കണ്ടെത്തുന്നു.' ഉപഗ്രഹ ചാനലുപയോഗിച്ചുള്ള 'സർച്ചി'ലൂടെയുള്ള കണ്ടെത്തലുകളായിരിക്കാം അത്.

കിഴക്കുഭാഗത്തുള്ളവർക്ക് സൂര്യന്റെ മുമ്പിൽ യാതൊരു മറയും ഉണ്ടായിരുന്നില്ലെന്ന് ഈ സൂക്തങ്ങൾ പറയുന്നു. വാർത്താവിതരണ സാങ്കേതികവിദ്യയുടെ വെളിച്ചത്തിൽ ഈ വിവരണത്തെ പരിചിന്തനം നടത്തിയാൽ സാധ്യതയുള്ള രണ്ടു സന്ദേശങ്ങൾ ഇവിടെയുണ്ട്. ഉപഗ്രഹങ്ങൾ വഴി ഈ പ്രദേശങ്ങളെ ദുൽഖർനൈനി വീക്ഷിക്കുകയോ അവിടത്തെ വിവരങ്ങൾ ശേഖരിക്കുകയോ ആയിരിക്കാം. അല്ലെങ്കിൽ ഇന്ന് പല സ്ഥലങ്ങളിലും പ്രയോഗിച്ചുകൊണ്ടിരിക്കുന്ന ഇൻഫ്രാറെഡ് ടെക്നോളജിയായിരിക്കും സൂചന. ഉദാഹരണമായി, വൈദ്യശാസ്ത്രം, രോഗനിദാനശാസ്ത്രം, അന്തരീക്ഷ വിജ്ഞാനീയം, ക്രിമിനലോളജി, വാർത്തകൾ, വ്യവസായം, മറ്റു മേഖലകൾ എന്നിവയിൽ ഇൻഫ്രാ കേമറ ഉപയോഗപ്പെടുത്തുന്നു, മനുഷ്യശരീരം വളരെ വിശദമായി നിരീക്ഷിക്കാനും ഈ ക്യാമറകൾക്ക് കഴിയും.

ഉപഗ്രഹങ്ങളും ടി.വി. പ്രക്ഷേപണങ്ങളും വഴി ജനങ്ങളെ അഭിസംബോധന ചെയ്യാനും തദ്വാരാ ജനങ്ങളുടെ ആവശ്യങ്ങളും



*കുറ്റകൃത്യങ്ങൾ കൃത്യമായി പരിശോധിച്ചറിയാനുള്ള സാങ്കേതിക മാർഗമാണ് ഇൻഫ്രാറെഡ്. ഇരുട്ടിൽ നടക്കുന്ന കുറ്റകൃത്യങ്ങൾപോലും ഇൻഫ്രാറെഡ് കിരണങ്ങൾ ഉപയോഗിച്ചു തെളിയിക്കാം.*





പരാതികളും മനസ്സിലാക്കാനും അദ്ദേഹത്തിനു കഴിയും. അങ്ങനെ യഥോചിതം അവയെ നിയന്ത്രിക്കാൻ സാധിക്കും. അവർ എവിടെ ജീവിക്കുന്നുവെന്നത് പ്രശ്നമല്ല.

ഭീകരതയുടെയോ അരാജകത്വത്തിന്റെയോ ഒരു ക്ലാസിക്കൽ ചിത്രീകരണമായിരിക്കാം യഅ്ജൂജ്-മഅ്ജൂജിന്റെ ദുർനടപടി. അല്ലെങ്കിൽ പ്രക്ഷേപണ മാധ്യമങ്ങൾ വഴി നടത്തിയ കുറ്റമാകാം. ഉദാഹരണമായി ദുഷിച്ച ആശയങ്ങളുടെ പ്രക്ഷേപണം തടഞ്ഞുനിറുത്തി ദുൽഖർനൈനി അവരുടെ ദുർനടപടി തടയുകയുമായിരിക്കാം. ഉദാഹരണമായി, ഒരു ഇലക്ട്രോമാഗ്നറ്റിക് ഫീൽഡ് നിർമിക്കാൻ സൂക്തത്തിൽ പറയപ്പെട്ട ചെമ്പും ഇരുമ്പും അദ്ദേഹം പ്രയോഗിക്കുകയും അങ്ങനെ റേഡിയോ, ടി.വി. പ്രക്ഷേപണങ്ങൾ തടഞ്ഞുനിറുത്തുകയും ചെയ്തേക്കാം. ഒരു ഇരുമ്പ് കോറിക്ക് ചുറ്റും ചെമ്പുകമ്പികൾ ചുറ്റിയ ട്രാൻസ്ഫോർമറുകൾ ഇലക്ട്രോമാഗ്നറ്റിക് ഫീൽഡിന് ടി.വിയുടെയും റേഡിയോവിന്റെയും പ്രക്ഷേപണങ്ങൾ തടഞ്ഞുനിറുത്താൻ കഴിയും.

ഒരു വലിയ പ്രാദേശിക സാറ്റലൈറ്റ് ഡിഷ് വിവക്ഷിക്കപ്പെടാനും ഇവിടെ സാധ്യതയുണ്ട്. വലുതായതിനാൽ യഅ്ജൂജ്-മഅ്ജൂജിന്റെ ആഗോള ശിഥിലീകരണ സിസ്റ്റത്തെ ദുർബലമാക്കാൻ അതിന് കഴിഞ്ഞേക്കാമല്ലോ. വിലയും കനവും കുറഞ്ഞതും പൊതുവെ കാര്യക്ഷമമല്ലാത്തതുമായ അലൂമിനിയംകൊണ്ട് നിർമിതമായിരിക്കാം ഈ ഡിഷുകളുടെ ഉപരിതലം. വളരെ നല്ലൊരു വിദ്യുച്ഛക്തിവാഹക വസ്തുവായതിനാൽ ചെമ്പ് തെരഞ്ഞെടുക്കപ്പെടുകയായിരിക്കാം. പക്ഷേ, ഇത്തരം വലിയൊരു ഡിഷ് ചെമ്പു ഷീറ്റുകൾകൊണ്ട് പൊതിയുന്നത് ബുദ്ധിപൂർവകമായിരിക്കില്ല. എന്നാൽ, ഉരുക്കിയ ചെമ്പുകൊണ്ട് പൂശപ്പെട്ട ഡിഷ് ആകട്ടെ അതിന് ഏറ്റവും മിനുസമായ ഉപരിതലവും ഉയർന്ന കാര്യക്ഷമതയും നൽകുന്നു. എതിർ പ്രക്ഷേപണമോ മാഗ്നറ്റിക് ഫീൽഡ് വഴിയോ സൃഷ്ടിക്ക



പ്പെട്ട മതിൽ അഥവാ തടസ്സമായിരിക്കാം 'അദൃശ്യ തടസ്സം' കൊണ്ട് വിവക്ഷ.

93-ാം സൂക്തത്തിലെ 'സദ്ദൈനി' എന്ന പദം ചില പണ്ഡിതന്മാർ 'സുദ്ദൈനി' എന്നും തുടർവചനത്തിലെ 'സദ്ദു' എന്നത് 'സുദ്ദ്' എന്നും വായിച്ചിട്ടുണ്ട്. ആദ്യത്തെ അവസ്ഥയിൽ ദൃശ്യതടസ്സം എന്നും രണ്ടാമത്തേതു പ്രകാരം 'അദൃശ്യതടസ്സം എന്നുമാണർഥം. *'പിന്നെ ആ മതിൽക്കെട്ട് കയറിമറിയുവാൻ അവർക്ക് (യഅ്ജൂജ്-മഅ്ജൂജ്) സാധിച്ചില്ല. അതിന് തുളയുണ്ടാക്കാനും അവർക്ക് സാധിച്ചില്ല'* എന്ന് 97-ാം സൂക്തത്തിന്റെ വിവക്ഷ ഇതായിരിക്കാനിടയുണ്ട്. കാരണം, ട്രാൻസ്മിറ്ററിന്റെ പ്രക്ഷേപണം ദുർബലപ്പെടുത്താൻ അവർ ശ്രമിക്കുന്നു. മറ്റു പ്രക്ഷേപിണികളിലൂടെ പ്രക്ഷേപണം നടത്തുന്ന വ്യാജ സ്റ്റേഷനുകളെ സൂചിപ്പിക്കാൻ 'സംപ്രേക്ഷണത്തിന് തുളയുണ്ടാക്കുന്ന' എന്ന ഇപ്പോഴത്തെ പ്രയോഗം അർഥവത്താണ്.

'പറയുന്നതൊന്നും മിക്കവാറും മനസ്സിലാക്കാനാവുന്നില്ല' എന്ന പ്രയോഗം ഈ ഉപഗ്രഹ പ്രക്ഷേപണം ചിലപ്പോൾ ചിലയാളുകൾക്ക് മനസ്സിലാക്കാൻ കഴിയുകയില്ലായെന്നാവം. പക്ഷേ, സാധാരണ നിലയിലുള്ള പ്രക്ഷേപണം പുനഃസ്ഥാപിക്കപ്പെടുന്നതോടെ അവർ മനസ്സിലാക്കാൻ തുടങ്ങുമെന്ന് സൂചിപ്പിക്കുന്നുണ്ടാകാം. 86-ാം സൂക്തത്തിലെ 'ചളിവെള്ള ജലാശയം' എന്ന പ്രയോഗം ശ്രദ്ധേയമാണ്. കാരണം, ടി.വി. സ്ക്രീനിലൂടെ സൂര്യാസ്തമയം ദർശിക്കുന്നവർക്ക് സൂര്യൻ ചളിവെള്ളത്തിൽ അസ്തമിക്കുന്നതായി തോന്നുമല്ലോ. സമുദ്രത്തിൽ വളരെ ദൂരെ സൂര്യൻ അസ്തമിക്കുമ്പോൾ നിറം മാറി ചാരനിറമായി പ്രത്യക്ഷപ്പെടുമല്ലോ.' 'ചളിവെള്ളമുള്ള ജലാശയം' എന്നർഥമുള്ള 'ഐനിൻ അമിഅതിൻ' എന്ന പ്രയോഗം വ്യക്തതയില്ലാത്ത ഈ ദർശനത്തെ സൂചിപ്പിക്കുന്നുണ്ടായിരിക്കാം. ആഗോളതലത്തിൽ അദ്ദേഹത്തിന് ബന്ധമുണ്ടാകുമെന്നാണ് കിഴക്കിനോടും പടിഞ്ഞാറിനോടുമുള്ള അദ്ദേഹത്തിന്റെ ബന്ധം സൂചിപ്പിക്കുന്നത്.







'(അന്ന്) അവരിൽ ചിലർ മറ്റുചിലരുടെ മേൽ തിരമാലകൾപോലെ തള്ളിക്കയറുന്ന രൂപത്തിൽ നാം വിട്ടേക്കുന്നതാണ്. കാഹളത്തിൽ ഊതപ്പെടുകയും അപ്പോൾ നാം അവരെ ഒന്നിച്ച് ഒരുമിച്ചുകൂട്ടുകയും ചെയ്യും. അവിശ്വാസികൾക്ക് അന്നേദിവസം നാം നരകത്തെ ശരിയാംവണ്ണം കാണിച്ചുകൊടുക്കുന്നതാണ്.'
(അൽകഹ്ഫ്: 99-100)

മനുഷ്യരും മൃഗങ്ങളും സസ്യങ്ങളും നക്ഷത്രങ്ങളുമെന്നു മാത്രമല്ല, സൃഷ്ടിക്കപ്പെട്ട എല്ലാം ചരമമടയുമെന്ന് വ്യക്തമാക്കുന്നു. "ലോക രക്ഷിതാവിങ്കലേക്ക് ജനങ്ങൾ എഴുന്നേറ്റുവരുന്ന ദിവസം" (അൽമുത്വഫ്ഫിഫീൻ:6) എന്നാണ് ആ ദിനത്തെ ഖുർആൻ വിശേഷിപ്പിക്കുന്നത്.

അതൊരു ഭീകരദിനമാണ്. അവിശ്വസിച്ചിരുന്നവർക്ക് അല്ലാഹുവിന്റെ സ്പഷ്ടമായ കഴിവും ശക്തിയും ആദ്യമായി അനുഭവപ്പെടുന്ന ദിവസം. അവർക്കത് വലിയ ദുരിതത്തിന്റെയും ഭീകരതയുടെയും പശ്ചാത്താപത്തിന്റെയും അദ്ഭുതത്തിന്റെയും ദിവസമായിരിക്കും. ഭൗതിക ലോകത്ത് അനുഭവിച്ചിരുന്നതിനെക്കാൾ അവർണനീയമായ ഭയമായിരിക്കും അന്നുള്ളവരെ പിടികൂടുക.

ഭൂമിയുടെയും പ്രപഞ്ചത്തിന്റെയും അന്ത്യത്തിന്റെ തുടക്കമായൊരു കാഹളശബ്ദത്തോടെയായിരിക്കും ഈ നാഴികയാരംഭിക്കുക. പിന്നെ, പിന്നോട്ടു പോകാൻ യാതൊരു വഴിയുമുണ്ടായിരിക്കയില്ല. കാരണം, ഭൗതിക ജീവിതാന്ത്യത്തിന്റെയും പരലോകമെന്ന യഥാർഥ ജീവിതത്തിന്റെ തുടക്കത്തിന്റെയും ശബ്ദമാണത്. അവിശ്വാസികൾക്ക് അനന്തമായ ഭീതിയും ഭീകരതയും ദുരിതവും ഭയവും ഇതോടെയാരംഭിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം ഈ ദിനമെങ്ങനെയായിരിക്കുമെന്ന് ഖുർആൻ പറയുന്നു:

**എന്നാൽ കാഹളത്തിൽ ഊതപ്പെട്ടാൽ അന്ന് ഒരു പ്രയാസകരമായ ദിവസമായിരിക്കും. സത്യനിഷേധികൾക്ക് എളുപ്പമുള്ളതല്ലാത്ത ഒരു ദിവസം. (അൽമുദ്ദസ്സിർ: 8-10)**

തിരമാലകൾ കണക്കെ അന്ന് ഈയാളുകൾ പരസ്പരം മുന്നോട്ടും പിന്നോട്ടും ചലിച്ചുകൊണ്ടിരിക്കുമെന്ന് അൽകഹ്ഫ് സൂറത്ത് വ്യക്തമാക്കുന്നു. ഭീതി കുടിപ്പിക്കപ്പെട്ടതു പോലെയിരിക്കും. ആ ഭീതി അവരുടെ സകല നിയന്ത്രണങ്ങളും നഷ്ടപ്പെടുത്തും. തങ്ങളെന്തു ചെയ്യുന്നുവെന്നോ എങ്ങോട്ടു പോകുന്നുവെന്നോ അവർക്ക് യാതൊരു ബോധവുമുണ്ടായിരിക്കുകയില്ല.

മരണം മുതൽ ഈ പേടിയും ഭീതിയും ശാശ്വതമായി അവരോടൊപ്പമുണ്ടായിരിക്കും. കൊച്ചു കുട്ടികളുടെ മുടിപോലും നരപ്പിക്കുന്ന ഭീതി. ഖുർആൻ പറയുന്നു:

**"എന്നാൽ നിങ്ങൾ അവിശ്വസിക്കുകയാണെങ്കിൽ, കുട്ടികളെ നരച്ചവരാക്കിത്തീർക്കുന്ന ഒരു ദിവസത്തെ നിങ്ങൾക്കെങ്ങനെ സൂക്ഷിക്കാനാവും? അതുനിമിത്തം ആകാശം പൊട്ടിപ്പിളരുന്നതാണ്. അല്ലാഹുവിന്റെ വാഗ്ദാനം പ്രാവർത്തികമാക്കപ്പെടുന്നതാകുന്നു" (അൽമുസ്സമ്മിൽ: 17,18).**

തങ്ങളുടെ കർമങ്ങളെക്കുറിച്ച് അല്ലാഹു അശ്രദ്ധനാണെന്ന് കരുതിയിരുന്നവർ അവന്റെ നിസ്സഹായരായ അടിമകളാണ് തങ്ങളെന്നും വിധിനാൾ വരെ തങ്ങൾക്ക് സമയമനുവദിച്ചുതന്നതായിരുന്നുവെന്നും മനസ്സിലാക്കും. അതവന്റെ വാഗ്ദാനമായിരുന്നതിനാലാണങ്ങനെ ചെയ്തതെന്നവർ തിരിച്ചറിയും:

**"അക്രമികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി അല്ലാഹു അശ്രദ്ധനാണെന്ന് നീ വിചാരിച്ചുപോകരുത്. കണ്ണുകൾ തള്ളിപ്പോകുന്ന (ഭയാനകമായ) ഒരു ദിവസം വരെ അവർക്കവൻ സമയം നീട്ടിക്കൊടുക്കുക മാത്രമാണ് ചെയ്യുന്നത്'' (ഇബ്റാഹീം: 42).**

മറ്റു സൂക്തങ്ങളിൽ ആ ദിനം ഇങ്ങനെ വിവരിക്കപ്പെടുന്നു:

**"ഭയങ്കരമായ ആ സംഭവം! ഭയങ്കരമായ സംഭവം എന്നാൽ എന്താകുന്നു? ഭയങ്കരമായ സംഭവമെന്നാൽ എന്താണെന്ന് നിനക്കറിയാമോ? മനുഷ്യന്മാർ ചിന്നിച്ചിതറിയ പാറ്റയെപ്പോലെയും പർവതങ്ങൾ കടഞ്ഞ രോമം പോലെയും ആയിത്തീരുന്ന ദിവസം" (അൽഖാരിഅ: 1-5).**

അന്ന് ആളുകൾ സുബോധം നഷ്ടപ്പെട്ടവരെപ്പോലെയായിരിക്കുമെന്ന് മറ്റൊരു സൂക്തം പറയുന്നു:

**"മനുഷ്യരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുവിൻ, തീർച്ചയായും ആ അന്ത്യസമയത്തെ പ്രകമ്പനം ഭയങ്കരമായ ഒരു കാര്യം തന്നെയാകുന്നു. നിങ്ങൾ അത് കാണുന്ന ദിവസം ഏതൊരു മുലകൊടുക്കുന്ന മാതാവും താൻ**





**മുലയൂട്ടുന്ന കുഞ്ഞിനെപ്പറ്റി അശ്രദ്ധയിലായിപ്പോകും. ഗർഭവതിയായ ഏതൊരു സ്ത്രീയും തന്റെ ഗർഭത്തിലുള്ളത് പ്രസവിച്ചുപോകുകയും ചെയ്യും. ജനങ്ങളെ മത്തുപിടിച്ചവരായി നിനക്ക് കാണുകയും ചെയ്യാം. (യഥാർഥത്തിൽ) അവർ ലഹരി ബാധിച്ചവരല്ല. പക്ഷേ, അല്ലാഹുവിന്റെ ശിക്ഷ കഠിനമാകുന്നു" (അൽഹജ്ജ്: 1,2).**

അന്നത്തെ ആളുകളുടെ നിസ്സഹായാവസ്ഥ ഖുർആൻ വിവരിക്കുന്നതിങ്ങനെ:

**ചന്ദ്രന് ഗ്രഹണം ബാധിക്കുകയും സൂര്യനും ചന്ദ്രനും ഒരുമിച്ചുകൂട്ടപ്പെടുകയും ചെയ്താൽ! അന്നേ ദിവസം മനുഷ്യൻ പറയും; എവിടെയാണ് ഓടി രക്ഷപ്പെടാനുള്ളതെന്ന്. ഇല്ല, യാതൊരു രക്ഷയുമില്ല. നിന്റെ രക്ഷിതാവിങ്കലേക്കാണ് അന്നേദിവസം ചെന്നുകൂടൽ" (അൽഖിയാമ: 7-12).**

'എന്റെ സന്ദേശത്തിന്റെ മുമ്പിൽ ആരുടെ കണ്ണുകൾക്ക് മൂടി വീണു പോകുകയും അത് കേട്ടുഗ്രഹിക്കാൻ ആർക്ക് സാധിക്കാതാവുകയും ചെയ്തിരുന്നുവോ അവരത്രെ (ആ അവിശ്വാസികൾ)' (അൽകഹ്ഫ്: 101).

**ദൈ**വസ്മരണയെക്കുറിച്ച അവിശ്വാസികളുടെ അശ്രദ്ധയാണീ സൂക്തം ഊന്നിപ്പറയുന്നത്. മറ്റൊരു സൂക്തത്തിൽ അല്ലാഹു പറയുകയാണ്:

**"(നബിയേ) പറയുക: പരമകാരുണികനിൽനിന്ന് രാത്രിയും പകലും നിങ്ങൾക്ക് രക്ഷ നൽകാനാരുണ്ട്? അല്ല, അവർ (ജനങ്ങൾ) തങ്ങളുടെ രക്ഷിതാവിന്റെ ഉദ്ബോധനത്തിൽനിന്ന് തിരിഞ്ഞുകളയുന്നവരാകുന്നു" (അൽഅമ്പിയാഅ്: 42).**

ദൈവിക സൂക്തങ്ങൾ നിഷേധിക്കുന്ന അവർ വിശ്വാസത്തിലേക്കുള്ള മാർഗദർശനത്തിനായി അവതരിപ്പിച്ച ഖുർആൻ ശ്രദ്ധിക്കാൻ വിസമ്മതിക്കുകയാണ്. അവർ പ്രപഞ്ച സൃഷ്ടിയിലെ ദൈവിക ചിഹ്നങ്ങളെ അവഗണിക്കുകയാണ്. ദൈവസ്മരണയുടെ പ്രാധാന്യം പല സൂക്തങ്ങളും വ്യക്തമാക്കുന്നുണ്ട്:

**വിനയത്തോടും ഭയപ്പാടോടും കൂടി വാക്ക് ഉച്ചത്തിലാകാതെ രാവിലെയും വൈകുന്നേരവും നീ നിന്റെ രക്ഷിതാവിനെ മനസ്സിൽ സ്മരിക്കുക. നീ ശ്രദ്ധയില്ലാത്തവരുടെ കൂട്ടത്തിലാകരുത്." (അൽഅഅ്റാഫ്: 205)**

തങ്ങളുടെ കാര്യങ്ങളിലെല്ലാം ദൈവപ്രീതി തേടാൻ മനുഷ്യൻ ബാധ്യസ്ഥനാണ്. അവന്റെ ആജ്ഞാനിർദേശങ്ങൾ പാലിക്കാൻ അവൻ നിർദേശിക്കപ്പെട്ടിരിക്കുന്നു. ദൈവസ്മരണയുടെ പ്രാധാന്യം താഴെ സൂക്തത്തിൽ വ്യക്തമാക്കപ്പെടുന്നു:

**(നബിയേ,) നിനക്ക് ദിവ്യബോധനം നൽകപ്പെട്ട ഈ വേദം ഓതിക്കേൾപ്പിക്കുകയും നമസ്കാരം മുറപോലെ നിർവഹിക്കുകയും ചെയ്യുക. നിശ്ചയം, നമസ്കാരം നീചവൃത്തിയിൽനിന്നും നിഷിദ്ധകർമത്തിൽനിന്നും തടയുന്നു. അല്ലാഹുവെ ഓർമിക്കുക എന്നത് ഏറ്റവും മഹത്തായ കാര്യം തന്നെയാണ്. നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അത് അല്ലാഹു അറിയുന്നു. (അൽഅൻകബൂത്ത്: 45)**

വിശ്വാസികളെക്കുറിച്ച് അല്ലാഹു പറയുന്നതിങ്ങനെ:

**സത്യവിശ്വാസികളേ, നിങ്ങളുടെ സ്വത്തുക്കളും സന്താനങ്ങളും അല്ലാഹുവെപ്പറ്റിയുള്ള സ്മരണയിൽനിന്ന് നിങ്ങളുടെ ശ്രദ്ധ തിരിച്ചുവിടാതിരിക്കട്ടെ. ആർ അങ്ങനെ ചെയ്യുന്നുവോ അവർ തന്നെയാകുന്നു നഷ്ടക്കാർ" (അൽമുനാഫിഖൂൻ: 9).**

അതെ, ദൈവസ്മരണയാണ് മറ്റെന്തിനെക്കാളും പ്രാധാന്യമർഹിക്കുന്നത്. മറ്റൊരു സൂക്തം ഇങ്ങനെ വായിക്കാം:

**നിന്റെ രക്ഷിതാവിന്റെ നാമം സ്മരിക്കുകയും (മറ്റു ചിന്തകൾ വെടിഞ്ഞു) അവങ്കലേക്ക് മാത്രമായി മടങ്ങുകയും ചെയ്യുക." (അൽമുസ്സമ്മിൽ: 8)**

ദൈവസ്മരണയിൽ വിശ്വാസികളുടെ ദൃഢനിശ്ചയത്തെക്കുറിച്ച് താഴെ സൂക്തം വ്യക്തമാക്കുന്നു:

**അവയിൽ രാവിലെയും സന്ധ്യാസമയങ്ങളിലും ചില ആളുകൾ അവന്റെ മഹത്വം പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹുവെ സ്മരിക്കുന്നതിൽനിന്നും നമസ്കാരം മുറപോലെ നിർവഹിക്കുന്നതിൽനിന്നും സകാത്ത് നൽകുന്നതിൽനിന്നും കച്ചവടമോ ക്രയവിക്രയമോ അവരുടെ ശ്രദ്ധ തിരിച്ചുവിടുകയില്ല. ഹൃദയങ്ങളും കണ്ണുകളും ഇളകിമറിയുന്ന ഒരുദിവസത്തെ അവർ ഭയപ്പെട്ടുകൊണ്ടിരിക്കുന്നു (അന്നൂർ: 37).**

ഖുർആൻപാരായണം ശ്രവിക്കാനുള്ള ക്ഷമ അവിശ്വാസികൾക്കുണ്ടായിരിക്കുകയില്ലെന്ന് അൽകഹ്ഫ് 101-ാം സൂക്തം സമർഥിക്കുന്നു. ഖുർആൻ





ശ്രദ്ധിക്കുന്നവർ തങ്ങളുടെ മനഃസാക്ഷിക്കനുസൃതമായി നന്മയെ സ്വീകരിക്കുകയും അങ്ങനെ സത്യം പുലർത്താൻ തുടങ്ങുകയും മറ്റുള്ളവരെ ഉപദേശിക്കുകയും ചെയ്യുമെന്നതിനാൽ അതിൽനിന്ന് ആളുകൾ പിന്തിരിയുന്നത് കാണാനാണവർ ആഗ്രഹിക്കുന്നത്. സത്യത്തിലേക്കുള്ള ക്ഷണം തിരസ്കരിക്കുന്നതിന് അവർ നിരവധി രീതികൾ വികസിപ്പിച്ചെടുക്കുന്നത് ഇതുകൊണ്ടത്രെ. താഴെ സൂക്തം ശ്രദ്ധിക്കുക:

**സത്യനിഷേധികൾ പറഞ്ഞു: നിങ്ങൾ ഈ ഖുർആൻ ശ്രദ്ധിച്ചു കേൾക്കരുത്. അത് പാരായണം ചെയ്യുമ്പോൾ നിങ്ങൾ ബഹളമുണ്ടാക്കുക. നിങ്ങൾക്ക് (അതിനെ) അതിജയിക്കാൻ കഴിഞ്ഞേക്കാം (ഫുസ്സിലത്: 26).**

അതെ, ഖുർആനിന്റെ ശബ്ദം കേൾക്കാതിരിക്കാനും, അത് കേൾക്കുമ്പോൾ വിഷയം മാറ്റാനോ പാരായണം തടസ്സപ്പെടുത്താനോ അവിശ്വാസികൾ ശ്രമിക്കുന്നു. ഇതിലെല്ലാം പരാജയപ്പെടുന്നപക്ഷം അവർ അക്രമവും ഭീഷണിയും പ്രയോഗിക്കുന്നു. വിശ്വാസികളെ നിശ്ശബ്ദരാക്കാൻ സകല സമ്മർദങ്ങളും പ്രയോഗിക്കുന്നു. തങ്ങളുടെ മനസ്സാക്ഷിയെ ഖുർആൻ സ്പർശിക്കുകയും അതിന്റെ സ്വാധീനതയിൽ അകപ്പെട്ടുപോകുകയും വഴി തങ്ങളുടെ അബദ്ധങ്ങളെ തിരിച്ചറിയാൻ ഇടവരും എന്ന ഭീതിയാണ് ഇതിനവരെ പ്രേരിപ്പിക്കുന്നത്. ഖുർആൻ പാരായണം കേൾക്കുകയോ, സൃഷ്ടിസത്യത്തെക്കുറിച്ച് പറയപ്പെടുകയോ ചെയ്യുമ്പോൾ അവരുടെ മുഖഭാവത്തിലും സ്വഭാവത്തിലും ഈ ഭീതി പ്രകടമാകും. ഖുർആനിക മൂല്യങ്ങളെ മുറുകെപ്പിടിക്കുന്നതാണ് തങ്ങളുടെ യുക്തിക്കുള്ള ഏകമാർഗമെങ്കിലും സത്യത്തിന്റെ ശബ്ദം ശ്രദ്ധിക്കാൻ അവിശ്വാസികൾക്കാവുകയില്ല:

**നിങ്ങളുടെ മുമ്പിൽ വരാനിരിക്കുന്നതും നിങ്ങളുടെ പിന്നിൽ കഴിഞ്ഞതുമായ ശിക്ഷയെ നിങ്ങൾ സൂക്ഷിക്കുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം എന്ന് അവരോട് പറയപ്പെട്ടാൻ (അവരത് അവഗണിച്ചേക്കാം). അവരുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിൽപ്പെട്ട ഏതൊരു ദൃഷ്ടാന്തം അവർക്ക് വന്നെത്തിയാലും അവർ അതിൽനിന്ന് തിരിഞ്ഞുകളയാതിരിക്കുകയില്ല" (യാസീൻ: 45, 46).**

എന്നാൽ ഖുർആനിനു നേരെ ചെവി കൊട്ടിയടക്കുന്നവർ വിധിനാളിൽ വലിയ ദുഃഖത്തിനടിപ്പെടുമെന്ന് മനസ്സിലാക്കണം. മരണം തങ്ങളുടെ അന്ത്യം കുറിച്ചിരുന്നെങ്കിൽ എന്നവർ ആഗ്രഹിക്കുന്ന ദിവസമാണത്. ഖുർആൻ പറയുന്നു:

**എന്നാൽ ഇടതു കൈയിൽ ഗ്രന്ഥം നൽകപ്പെട്ടവനാകട്ടെ ഇപ്രകാരം പറയുന്നതാണ്: ഹാ, എന്റെ ഗ്രന്ഥം എനിക്ക് നൽകപ്പെടാതിരുന്നെങ്കിൽ! എന്റെ വിചാരണ എന്താണെന്ന് ഞാൻ അറിയാതിരുന്നെങ്കിൽ (എത്രനന്നായിരുന്നു!) അത് (മരണം) എല്ലാം**

**അവസാനിപ്പിക്കുന്നതായിരുന്നുവെങ്കിൽ (എത്ര നന്നായിരുന്നു!) എന്റെ ധനം എനിക്ക് പ്രയോജനപ്പെട്ടില്ല. എന്റെ അധികാരം എന്നിൽനിന്ന് നഷ്ടപ്പെട്ടു പോയി!' (അൽഹാഖ്വ: 25-29)**

> 'എനിക്കു പുറമെ എന്റെ ദാസന്മാരെ രക്ഷാ
> കർത്താക്കളായി സ്വീകരിക്കാമെന്ന്
> അവിശ്വാസികൾ വിചാരിച്ചിരിക്കയാണോ?
> തീർച്ചയായും അവിശ്വാസികൾക്ക്
> സൽക്കാരം നൽകുവാനായി നാം
> നരകത്തെ ഒരുക്കിവെച്ചിരിക്കുന്നു.'
> (അൽകഹ്ഫ്: 102)

**അ**തെ, ചിലയാളുകൾ അല്ലാഹുവിനെ വിസ്മരിച്ച് മറ്റുള്ളവരെ സ്നേഹിതരും സംരക്ഷകരുമായെടുക്കുന്നു. ആവശ്യഘട്ടങ്ങളിൽ ഈ സംരക്ഷകർ സഹായിക്കുമെന്നും തങ്ങളുടെ കഷ്ടതകൾ ശ്രദ്ധിക്കുമെന്നും അവർ തെറ്റിദ്ധരിക്കുന്നു. മനുഷ്യരിൽനിന്ന് മോക്ഷവും സഹായവും പ്രതീക്ഷിക്കുന്നത് വലിയ അസംബന്ധമാണ്. കാരണം, ദൈവേച്ഛയില്ലാതെ ആർക്കും ആരെയും സഹായിക്കാൻ കഴിയുകയില്ലല്ലോ. സർവാസ്തിത്വങ്ങളും അവന്റെ സൃഷ്ടിയുടെ ഭാഗമാണ്. അവന്റെ ഇച്ഛകൊണ്ടു മാത്രമാണവർക്ക് ആസ്തിക്യമുണ്ടായത്. അത് തുടർന്നുകൊണ്ടിരിക്കുന്നതും തദ്ദൈവ ബുദ്ധിമുട്ടുകൾ അകറ്റുന്നതും ദുഃഖം നൽകുന്നതും ആരോഗ്യവും ആഹാരവും നൽകുന്നതും ചിരിയും കണ്ണുനീരുമുണ്ടാക്കുന്നതും അവൻ മാത്രം. ചുരുക്കത്തിൽ മറ്റുള്ളവരെല്ലാം തികച്ചും നിസ്സഹായരും പരാധീനരും ആശ്രിതരുമാണ്. അവർക്ക് കഴിവോ പോംവഴിയോ ഇല്ല. സ്വയം സഹായിക്കാൻപോലും അവർക്ക് കഴിവില്ല. അതിനാൽ അല്ലാഹുവിൽ മാത്രമാണ് മനുഷ്യർ വിശ്വാസമർപ്പിക്കേണ്ടത്. അവനിൽനിന്നാണ് സഹായം പ്രതീക്ഷിക്കേണ്ടത്. മറ്റു കാര്യങ്ങൾ തേടേണ്ടതും അവനിൽനിന്നു മാത്രം.

വസ്തുത ഇതായിരിക്കെ, അല്ലാഹുവിനെ സ്മരിച്ചു അവനിൽ വിശ്വാസമർപ്പിക്കാതെ, യുക്തികളിലും മറ്റു വ്യത്യസ്ത കാര്യങ്ങളിലും ആളുകളിലും വിശ്വാസമർപ്പിക്കുകയും, സൃഷ്ടികൾ സ്വതന്ത്രശക്തികളും, കഴിവുകളും സ്വാധീനതയുള്ളവയുമാണെന്ന് കരുതുകയും ചെയ്തുകൊണ്ട് അവയിൽനിന്ന് സഹായം തേടുന്നതും അവയെ സംരക്ഷകരായെടുക്കുന്നതും വ്യക്തമായ ശിർക്കായിത്തീരുന്നു.





ഗുരുതരമായ ഈ അബദ്ധത്തെക്കുറിച്ച് ഖുർആൻ പറയുന്നു:

**തങ്ങൾക്ക് സഹായം ലഭിക്കാൻവേണ്ടി അല്ലാഹുവിനു പുറമെ പല ദൈവങ്ങളെയും അവർ സ്വീകരിച്ചിരിക്കുന്നു. അവരെ സഹായിക്കാൻ അവർക്ക് (ദൈവങ്ങൾക്ക്) സാധിക്കുകയില്ല. അവർ അവർക്ക് (ദൈവങ്ങൾക്കു) വേണ്ടി സജ്ജീകരിക്കപ്പെട്ട പട്ടാളമാകുന്നു (യാസീൻ: 74,75).**

പരമശിക്ഷയുടെ വേദിയായ നരകത്തിൽ അല്ലാഹുവിന്റെ ഖഹ്ഹാർ (കീഴടക്കുന്നവൻ), ജബ്ബാർ (പരമാധികാരി), മുൻതഖിം (ശിക്ഷിക്കുന്നവൻ) എന്നീ ഗുണങ്ങൾ ശാശ്വതമായി പ്രതിഫലിക്കും. ഈ ശാശ്വത ദുരിതങ്ങൾ അവിശ്വാസികൾക്ക് സൽക്കാരമായി സജ്ജീകരിക്കപ്പെട്ടിരിക്കുന്നുവെന്ന് 102-ാം സൂക്തം വ്യക്തമാക്കുന്നു.

കർമങ്ങളെല്ലാം ദൈവസാന്നിധ്യത്തിൽ കണക്കുചേർത്തശേഷം അവിശ്വാസികൾക്ക് തങ്ങളുടെ രേഖകൾ പിൻഭാഗത്തിലൂടെ നൽകപ്പെടുന്നു. തങ്ങൾ നരകത്തിലെ ശാശ്വത ദുരിതത്തിലേക്കാണ് ആട്ടിയോടിക്കപ്പെടുന്നതെന്ന് അപ്പോൾ അവർ മനസ്സിലാക്കുന്നു. ഓരോ നരകവാസിക്കൊപ്പവും ഈരണ്ട് മലക്കുകളുണ്ടായിരിക്കും. ഒരാൾ നരകത്തിലേക്ക് നയിക്കുന്നവൻ. മറ്റെയാൾ സാക്ഷിയും. അല്ലാഹു പറയുന്നു:

**കാഹളത്തിൽ ഊതപ്പെടുകയും ചെയ്യും. അതാകുന്നു താക്കീതിന്റെ ദിവസം. കൂടെ ഒരു ആനയിക്കുന്നവനും ഒരു സാക്ഷിയുമുള്ള നിലയിലായിരിക്കും ഏതൊരാളും (അന്ന്) വരുന്നത്. (അന്ന് സത്യനിഷേധിയോട് പറയപ്പെടും:) തീർച്ചയായും നീ ഇതിനെപ്പറ്റി അശ്രദ്ധയിലായിരുന്നു. എന്നാൽ ഇപ്പോൾ നിന്നിൽ നിന്ന് നിന്റെ ആ മൂടി നാം നീക്കംചെയ്തിരിക്കുന്നു. അങ്ങനെ നിന്റെ ദൃഷ്ടി ഇന്ന് മൂർച്ചയുള്ളതാകുന്നു. അവന്റെ സഹചാരി (മലക്ക്) പറയും: ഇതാകുന്നു എന്റെ പക്കൽ തയ്യാറുള്ളത് (രേഖ). (അല്ലാഹു മലക്കുകളോട് കൽപിക്കും:) സത്യനിഷേധിയും ധിക്കാരിയുമായിട്ടുള്ള ഏതൊരുത്തനെയും നിങ്ങൾ നരകത്തിൽ ഇട്ടേക്കുക. അതായത് നന്മയെ മുടക്കുന്നവനും അതിക്രമകാരിയും സംശയാലുവുമായ ഏതൊരുത്തനെയും. അതെ, അല്ലാഹുവിനോടൊപ്പം വേറെ ദൈവത്തെ സ്ഥാപിച്ച ഏതൊരുവനെയും. അതിനാൽ കഠിനമായ ശിക്ഷയിൽ അവനെ നിങ്ങൾ ഇട്ടേക്കുക" (ഖാഫ്: 20-26).**

ആ ഭീകരസ്ഥലത്തേക്ക് അവിശ്വാസികൾ നയിക്കപ്പെടുന്ന രീതി ഇതാണ്. അവർ ഓരോ വിഭാഗമായി നരകത്തിൽ ചുരുട്ടിയെറിയപ്പെടും. ഭീകരവും വീർപ്പുമുട്ടിക്കുന്നതുമായ നരകശബ്ദം ദൂരെ നിന്നുതന്നെ അവർ കേൾക്കുകയും ചെയ്യും:

**“അവർ അതിൽ (നരകത്തിൽ) എറിയപ്പെട്ടാൽ അതിന്നവർ ഒരു ഗർജനം കേൾക്കുന്നതാണ്. അത് തിളച്ചുമറിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യും. കോപം നിമിത്തം അത് പൊട്ടിപ്പിളർന്നുപോകുമാറാകും. അതിൽ(നരകത്തിൽ) ഓരോ സംഘവും എറിയപ്പെടുമ്പോഴൊക്കെ അതിന്റെ കാവൽക്കാർ അവരോട് ചോദിക്കും: നിങ്ങളുടെയടുത്ത് മുന്നറിയിപ്പുകാരൻ വന്നിരുന്നില്ലേ?” (അൽമുൽക്: 7,8).**

തങ്ങളുടെ ഉയിർത്തെഴുന്നേൽപ്പ് സമയം മുതൽത്തന്നെ തങ്ങളെ കാത്തിരിക്കുന്നതെന്താണെന്ന് അവർക്കറിയുമെന്ന് ഈ സൂക്തങ്ങൾ വെളിപ്പെടുത്തുന്നു. ലജ്ജയും മാനക്ഷയവും നിമിത്തം അവർ തലകുനിക്കും. മാനഹാനിയും ഒറ്റപ്പെടലും നിസ്സഹായതയും കാരണം അവരുടെ പൊങ്ങച്ചം നഷ്ടമാകും. ലജ്ജകാരണം കൺകോണുകളിലൂടെയായിരിക്കും അവർ ശ്രദ്ധിക്കുക. അല്ലാഹു പറയുന്നു:

**നിന്ദ്യതയാൽ കീഴൊതുങ്ങിയവരായിക്കൊണ്ട് അവർ അതിന് (നരകത്തിനു മുമ്പിൽ പ്രദർശിപ്പിക്കപ്പെടുന്നത് നിനക്കു കാണാം. ഒളികണ്ണിട്ടായിരിക്കും അവർ നോക്കുന്നത്. വിശ്വസിച്ചവർ പറയും: ഉയിർത്തെഴുന്നേൽപിന്റെ നാളിൽ സ്വദേഹങ്ങളും തങ്ങളുടെ സ്വന്തക്കാരും നഷ്ടപ്പെട്ടവരാരോ അവർ തന്നെയാകുന്നു തീർച്ചയായും നഷ്ടക്കാർ. ശ്രദ്ധിക്കുക, തീർച്ചയായും അക്രമികൾ നിരന്തരമായ ശിക്ഷയിലാകുന്നു” (അശ്ശൂറാ: 45).**

സത്യനിഷേധികൾ നരകകവാടത്തിൽ സ്വീകരിക്കപ്പെടുന്ന രീതി താഴെ സൂക്തത്തിൽ വിവരിക്കപ്പെടുന്നു:

**സത്യനിഷേധികൾ കൂട്ടംകൂട്ടമായി നരകത്തിലേക്ക് നയിക്കപ്പെടുന്നു. അങ്ങനെ അവർ അതിന്നടുത്തുവന്നാൽ അതിന്റെ വാതിലുകൾ തുറക്കപ്പെടും. ‘നിങ്ങൾക്ക് നിങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങൾ ഓതിക്കേൾപ്പിക്കുകയും നിങ്ങൾക്കുള്ളതായ ഈ ദിവസത്തെ കണ്ടുമുട്ടുന്നതിനെപ്പറ്റി താക്കീത് നൽകുകയും ചെയ്യുന്ന നിങ്ങളുടെ കൂട്ടത്തിൽ നിന്നു തന്നെയുള്ള ദൂതന്മാർ നിങ്ങളുടെ അടുക്കൽ വന്നിട്ടില്ലേ’ എന്ന് അതിന്റെ (നരകത്തിന്റെ) കാവൽക്കാർ അവരോട് ചോദിക്കുകയും ചെയ്യും. അവർ പറയും: ‘അതെ, പക്ഷേ, സത്യനിഷേധികളുടെ മേൽ ശിക്ഷയുടെ വചനം സ്ഥിരപ്പെട്ടു പോയി.’ (അവരോട്) പറയപ്പെടും: ‘നിങ്ങൾ നരകത്തിന്റെ വാതിലുകളിലൂടെ പ്രവേശിക്കുക. നിങ്ങളതിൽ നിത്യവാസികളായിരിക്കും. അഹങ്കാരികളുടെ പാർപ്പിടം എത്ര വിചിത്രം” (അസ്സുമർ: 71-72).**





നരക കവാടം അവർക്കു പിന്നിൽ കൊട്ടിയടക്കപ്പെടും. ‘കഠിന’ (ആലുഇംറാൻ: 4)വും ‘വേദനയേറിയ’(ആലുഇംറാൻ: 21)തും ‘കനത്ത’*(ആലുഇംറാൻ: 176)*തുമായ ശിക്ഷയാണവർ അഭിമുഖീകരിക്കാനിരിക്കുന്നതെന്ന് ഖുർആൻ പറയുന്നു. അത് സമാനതയില്ലാത്തതാണെന്ന് താഴെ സൂക്തം പ്രസ്താവിക്കുന്നു:

**അന്നേ ദിവസം അല്ലാഹു ശിക്ഷിക്കുന്ന പ്രകാരം ഒരാളും ശിക്ഷിക്കുകയില്ല. അവൻ പിടിച്ചു ബന്ധിക്കുന്നതുപോലെ ഒരാളും പിടിച്ചുബന്ധിക്കുന്നതുമല്ല (അൽഫജ്ർ: 25,26).**

നരകത്തിലേക്ക് വിധിക്കപ്പെട്ടവർ ആളിക്കത്തുന്ന(അൽമആരിജ്: 15)തും കത്തിജ്ജ്വലിക്കുന്നതു(അൽഫുർഖാൻ: 11)മായ അഗ്നിയിലേക്ക് ചുഴറ്റിയെറിയപ്പെടുമെന്ന് മറ്റൊരു സൂക്തം പറയുന്നു:

**എന്നാൽ ഏതൊരാളുടെ തുലാസുകൾ തൂക്കം കുറഞ്ഞതായോ അവന്റെ സങ്കേതം ‘ഹാവിയ’യായിരിക്കും. ‘ഹാവിയ’ എന്നാൽ എന്താണെന്ന് നിനക്കറിയാമോ? ചൂടേറിയ നരകാഗ്നിയത്രെ അത്” (അൽഖാരിഅ: 8-11).**

നരകത്തിൽ സത്യനിഷേധികളെ കാത്തിരിക്കുന്ന ശാരീരികവും മാനസികവുമായ ദുരിതങ്ങളിൽ ഒന്നു മാത്രമാണ് അഗ്നി. നാനാ ഭാഗത്തുനിന്നും ദുരിതങ്ങൾ വലയംചെയ്യുന്നു. അവർക്കാകട്ടെ, സ്വയം രക്ഷിക്കാനുള്ള അവസരം ലഭിക്കുകയില്ല. തങ്ങളെ ബാധിക്കുന്ന വേദനയെ തിരിച്ചുകളയാനും അവർക്കാവുകയില്ല. അത് ശാശ്വതമായി തുടർന്നുകൊണ്ടിരിക്കുകയായിരിക്കും.

‘(നബിയേ,) പറയുക: കർമങ്ങൾ ഏറ്റവും നഷ്ടകരമായിത്തീർന്നവരെ സംബന്ധിച്ചു നാം നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ? ഐഹിക ജീവിതത്തിലെ തങ്ങളുടെ പ്രയത്നം പിഴച്ചുപോയവരത്രെ അവർ. അവർ വിചാരിക്കുന്നതാകട്ടെ, തങ്ങൾ നല്ല പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നുവെന്നാണ്. തങ്ങളുടെ രക്ഷിതാവിന്റെ ദൃഷ്ടാന്തങ്ങളിലും അവനുമായി കണ്ടുമുട്ടുന്നതിലും വിശ്വസിക്കാത്തവരത്രെ അവർ. അതിനാൽ അവരുടെ കർമങ്ങൾ നിഷ്ഫലമായിപ്പോയിരിക്കുന്നു. അതിനാൽ നാം അവർക്ക് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ യാതൊരു തൂക്കവും (സ്ഥാനവും) നിലനിർത്തുകയില്ല.’
(അൽകഹ്ഫ്: 103-105)

**ഇ**ഹലോകജീവിതത്തിൽ കഠിനാധ്വാനംചെയ്തു സാമ്പത്തിക വിജയവും ജോലിയും നേടുകയും കലാ-ശാസ്ത്ര കണ്ടുപിടിത്തങ്ങൾ നടത്തുകയും ചെയ്തയാളുകളെക്കുറിച്ചത്രെ ഈ സൂക്തങ്ങൾ സൂചിപ്പിക്കുന്നത്. ദൈവാസ്തിക്യവും വഹ്‌യും നിഷേധിക്കുന്നതിനാൽ ഇവയെല്ലാം പരലോകത്ത് പാഴായിപ്പോകുകയായിരിക്കും.

അവരുടെ നേട്ടങ്ങളും കണ്ടുപിടിത്തങ്ങളും എത്ര വലുതാണെങ്കിലും ഖുർആനിക വചനങ്ങളെ നിഷേധിക്കുന്നുവെങ്കിൽ പരലോകത്ത് അത് വലിയ നഷ്ടമായിരിക്കും. താഴെ സൂക്തങ്ങളും വിശദീകരിക്കുന്നത് ഇതത്രെ:

**സത്യവിശ്വാസത്തെ ആരെങ്കിലും തള്ളിക്കളയുന്ന പക്ഷം അവന്റെ കർമം നിഷ്ഫലമായിക്കഴിഞ്ഞു. പരലോകത്ത് അവൻ നഷ്ടംപറ്റിയവരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യും. (അൽമാഇദ: 5)**

**നമ്മുടെ ദൃഷ്ടാന്തങ്ങളെയും പരലോകത്തെ കണ്ടുമുട്ടുന്നതിനെയും നിഷേധിച്ചുകളഞ്ഞവരാരോ അവരുടെ കർമങ്ങൾ നിഷ്ഫലമായിരിക്കുന്നു. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിന്റെ ഫലമല്ലാതെ അവർക്ക് നൽകപ്പെടുമോ? (അൽഅഅ്റാഫ്: 147)**

**നിങ്ങളുടെ മുമ്പുണ്ടായിരുന്നവരെപ്പോലെത്തന്നെ നിങ്ങളെക്കാൾ കനത്ത ശക്തിയുള്ളവരും കൂടുതൽ സ്വത്തുകളും സന്തതികളുമുള്ളവരായിരുന്നു അവർ. അങ്ങനെ തങ്ങളുടെ ഓഹരികൊണ്ടവർ സുഖമനുഭവിച്ചു. എന്നാൽ നിങ്ങളുടെ ആ മുൻഗാമികൾ അവരുടെ ഓഹരികൊണ്ട് സുഖമനുഭവിച്ചതു പോലെ ഇപ്പോൾ നിങ്ങളുടെ ഓഹരികൊണ്ട് നിങ്ങളും സുഖമനുഭവിച്ചു. അവർ (അധർമ്മത്തിൽ) മുഴുകിയതുപോലെ നിങ്ങളും മുഴുകി. അത്തരക്കാരുടെ കർമങ്ങൾ ഇഹത്തിലും പരത്തിലും നിഷ്ഫലമായിരിക്കുന്നു. അവർ തന്നെയാണ് നഷ്ടംപറ്റിയവർ. (അത്തൗബ: 69)**

അവിശ്വാസികളുടെ അധ്വാനങ്ങൾ പാഴായിപ്പോകുമ്പോൾ വിശ്വാസികൾക്ക് തങ്ങളുടെ സുകൃതങ്ങളുടെ ഫലങ്ങൾ ഏറ്റവും ആസ്വാദ്യകരമായ രീതിയിൽ ലഭിക്കുമെന്ന് ഈ സൂക്തങ്ങൾ വ്യക്തമാക്കുന്നു. അവരുടെ യാതൊരു ശ്രമവും നഷ്ടമാവുകയില്ലെന്ന് താഴെ സൂക്തങ്ങൾ പ്രസ്താവിക്കുന്നു:

**അപ്പോൾ അവരുടെ രക്ഷിതാവ് അവർക്ക് ഉത്തരം നൽകി. പുരുഷനാകട്ടെ സ്ത്രീയാകട്ടെ, നിങ്ങളിൽനിന്ന് പ്രവർത്തിക്കുന്ന ഒരാളുടെയും പ്രവർത്തനം ഞാൻ നിഷ്ഫലമാക്കുകയില്ല. നിങ്ങളെല്ലാം ഒരേ വർഗത്തിൽ പെട്ടവരാണല്ലോ. ആകയാൽ സ്വന്തം**





**നാടു വെടിയുകയും സ്വന്തം വീടുകളിൽനിന്ന് പുറത്താക്കപ്പെടുകയും എന്റെ മാർഗത്തിൽ മർദിക്കപ്പെടുകയും യുദ്ധത്തിലേർപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തിട്ടുള്ളവരാരോ അവർക്ക് ഞാൻ അവരുടെ തെറ്റുകൾ മായ്ച്ചുകൊടുക്കുന്നതും താഴ്ഭാഗത്തുകൂടി അരുവികളൊഴുകുന്ന സ്വർഗത്തോപ്പുകളിൽ അവരെ പ്രവേശിപ്പിക്കുന്നതുമാണ്. അല്ലാഹുവിങ്കൽ നിന്നുള്ള പ്രതിഫലമത്രെ അത്. അല്ലാഹുവിന്റെ പക്കലാണ് ഉത്തമമായ പ്രതിഫലമുള്ളത്. (ആലുഇംറാൻ: 195)**

**പശ്ചാത്തപിക്കുന്നവർ, ആരാധനയിലേർപ്പെടുന്നവർ, സ്തുതികീർത്തനം ചെയ്യുന്നവർ, നോമ്പനുഷ്ഠിക്കുന്നവർ, കുമ്പിടുകയും സാഷ്ടാംഗം നടത്തുകയും ചെയ്യുന്നവർ, സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്നവർ, അല്ലാഹുവിന്റെ അതിർവരമ്പുകളെ കാത്തുസൂക്ഷിക്കുന്നവർ. (ഇങ്ങനെയുള്ള) സത്യവിശ്വാസികൾക്ക് സന്തോഷവാർത്ത അറിയിക്കുക. (അത്തൗബ: 112)**

> ‘അതത്രെ അവർക്കുള്ള പ്രതിഫലം. അവിശ്വസിക്കുകയും എന്റെ ദൃഷ്ടാന്തങ്ങളെയും ദൂതന്മാരെയും പരിഹസിക്കുകയും ചെയ്തതിനുള്ള (ശിക്ഷയായ) നരകം.’
> (അൽകഹ്ഫ്: 106)

**അ**തെ, ദൈവിക ദൃഷ്ടാന്തങ്ങളെയും ദൂതന്മാരെയും പരിഹസിച്ചതിനാൽ അവിശ്വാസികൾ നരകത്തിൽ ദുരിതമനുഭവിക്കുമെന്ന് ഈ സൂക്തം വ്യക്തമാക്കുന്നു. ഖുർആൻ ശ്രവണത്തിൽനിന്ന് തടയാനായി പലപ്പോഴും ഉപയോഗപ്പെടുത്തിയിരുന്ന ഒരു മാർഗമായിരുന്നു പരിഹാസം. അവിശ്വാസികൾ പരസ്പരം ശുപാർശ ചെയ്തിരുന്ന ഈ ദുഃസ്വഭാവത്തെ താഴെ സൂക്തങ്ങളിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു:

**അവരുടെ രക്ഷിതാവിങ്കൽ നിന്നുള്ള ഏതൊരു ദൃഷ്ടാന്തം അവർക്കു വന്നുകിട്ടുമ്പോഴും അവരതിനെ അവഗണിച്ചുകളയുകതന്നെയാകുന്നു. അങ്ങനെ ഈ സത്യം അവർക്ക് വന്നുകിട്ടിയപ്പോഴും അവരതിനെ നിഷേധിച്ചുകളഞ്ഞു. എന്നാൽ അവർ**

**എന്തൊന്നിനെ പരിഹസിച്ചുകൊണ്ടിരിക്കുന്നുവോ അതെക്കുറിച്ച വൃത്താന്തങ്ങൾ വഴിയെ അവർക്ക് വന്നെത്തുന്നതാണ്. (അൽഅൻആം: 4,5)**

ഇതിനു പുറമെ മറ്റൊരു സൂക്തത്തിൽ പറയുകയാണ്:

**അങ്ങനെ അദ്ദേഹം നമ്മുടെ ദൃഷ്ടാന്തങ്ങളുമായി അവരുടെ അടുത്തുചെന്നപ്പോൾ അവരതാ അവയെ കളിയാക്കി ചിരിക്കുന്നു. (അസ്സുഖ്റുഫ്: 47)**

എന്തു പറയുന്നുവെന്ന് കേൾക്കാൻ ഇവർ ഇഷ്ടപ്പെടുന്നില്ലെന്നതത്രെ പരിഹാസത്തിനു കാരണം. പരലോകത്തിന്റെ ആസ്തിക്യത്തെയോ, ജീവിത-മരണങ്ങളുമായി ബന്ധപ്പെട്ട തങ്ങളുടെ ഉത്തരവാദിത്വങ്ങളെയോ കുറിച്ച് ചിന്തിക്കാൻ സ്വന്തം മനസ്സാക്ഷി പ്രചോദിതമായിത്തീരുമെന്നതാണവരുടെ ഭീതിക്ക് കാരണം. പ്രവാചകന്മാർ വഴി അല്ലാഹു അയച്ച ദൈവിക മതത്തെ പരിഹസിക്കാനവർ കാർട്ടൂണുകൾ വരക്കുന്നു. ഹാസ്യ ലേഖനങ്ങളെഴുതുന്നു. ഇങ്ങനെ ചെയ്യുകവഴി തമാശ തോന്നുമെന്നാണവരുടെ പ്രതീക്ഷ. ഇതു വഴി ഖുർആനിക യാഥാർഥ്യം മറച്ചുവെക്കാനാണവരുടെ ശ്രമം.

സ്വന്തം അപകർഷബോധം മറച്ചുവെക്കാൻ ദുർബലർ പ്രയോഗിക്കുന്ന ഒരു തന്ത്രമാണ് പരിഹാസം. സത്യത്തിനെതിരെ അവർക്കൊരു തെളിവുമില്ലല്ലോ. സത്യത്തെ പരിഹസിക്കാൻ കുറച്ചുകാലത്തേക്കുമാത്രമേ അവർക്ക് കഴിയുകയുള്ളൂ. *'എന്നാൽ അല്ലാഹു ആകട്ടെ അവരെ പരിഹസിക്കുകയാകുന്നു. അതിക്രമത്തിൽ വിഹരിക്കാൻ അവരെ അയച്ചുവിട്ടിരിക്കുകയുമാകുന്നു. (അൽബഖറ: 15)* എന്ന സൂക്തത്തിൽ അങ്ങനെയാണ് പറഞ്ഞിരിക്കുന്നത്. അവർ പരിഹസിച്ചതിനെ അവർ കണ്ടുമുട്ടും. *'അവർ സമ്പാദിച്ചതിന്റെ ദൂഷ്യങ്ങൾ അവർക്ക് വെളിപ്പെടുകയും ചെയ്യും. എന്തൊന്നിനെപ്പറ്റി അവർ പരിഹസിച്ചുകൊണ്ടിരുന്നുവോ അതവരെ വലയം ചെയ്യുകയും ചെയ്യും (അസ്സുമർ: 48).* ഖുർആനിനെ പരിഹസിച്ചവർക്ക് നരകത്തിന്റെ മുമ്പിൽവെച്ച് എന്തു സംഭവിക്കുന്നുവെന്ന് ഖുർആൻ വിശകലനം നടത്തുന്നതിങ്ങനെ:

**പക്ഷേ, നിനക്ക് (അല്ലാഹുവിന്റെ കഴിവിൽ)അത്ഭുതം തോന്നി; അവരാകട്ടെ പരിഹസിക്കുകയും ചെയ്യുന്നു. ഉപദേശം നൽകപ്പെട്ടാൽ അവർ ആലോചിക്കുന്നില്ല. അവർ ഏതൊരു ദൃഷ്ടാന്തം കണ്ടാലും തമാശയാക്കിക്കളയുന്നു. അവർ പറയും: ഇത് പ്രത്യക്ഷമായൊരു ജാലവിദ്യ മാത്രമാകുന്നുവെന്ന്. (അവർ പറയും:) മരിച്ചു മണ്ണും അസ്ഥിശകലങ്ങളുമായിക്കഴിഞ്ഞാൽ ഞങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടുകതന്നെ ചെയ്യുമോ? ഞങ്ങളുടെ പൂർവ പിതാക്കളും (ഉയിർത്തെഴുനേൽപിക്കപ്പെടുമോ?) പറയുക: അതെ, (അന്ന്) നിങ്ങൾ അപമാനിതരായിരിക്കുകയും ചെയ്യും. എന്നാൽ അത് ഒരു ഘോര ശബ്ദം മാത്രമായിരിക്കും. അപ്പോഴതാ അവർ (എഴുന്നേറ്റുനിന്ന്) നോക്കുന്നു. അവർ പറയും: അഹോ! ഞങ്ങൾക്ക് കഷ്ടം! ഇത് പ്രതിഫലത്തിന്റെ ദിനമാണല്ലോ. (അവർക്ക് മറുപടി നൽകപ്പെടും:) അതെ, നിങ്ങൾ നിഷേധിച്ചു തള്ളിക്കളഞ്ഞിരുന്ന നിർണായകമായ തീരുമാനത്തിന്റെ ദിവസമത്രെ ഇത്. (അസ്സ്വാഫ്ഫാത്ത്: 12-21)**





> 'തീർച്ചയായും വിശ്വസിക്കുകയും
> സൽക്കർമങ്ങൾ പ്രവർത്തിക്കുകയും
> ചെയ്തവരാരോ അവർക്ക് സൽക്കാരം
> നൽകാനുള്ളതാകുന്നു സ്വർഗത്തോപ്പുകൾ അവരതിൽ നിത്യവാസികളായിരിക്കും. അതിൽനിന്ന് വിട്ടുമാറാൻ
> അവർ ആഗ്രഹിക്കുകയില്ല.'
> (അൽകഹ്ഫ്: 107,108)

**അ**ന്ത്യനാളിൽ, നിസ്വാർഥ വിശ്വാസികൾക്ക് തങ്ങളുടെ കർമങ്ങളുടെ കണക്കുകൾ വലതുഭാഗത്തിലൂടെയായിരിക്കും ലഭിക്കുക. ലളിത വിചാരണയോടെ സ്വർഗത്തിലേക്ക് നിശ്ചയിക്കപ്പെട്ടയാളുകൾക്കാണ് ഖുർആൻ ഈ പ്രയോഗം നടത്തിയിട്ടുള്ളത്. ഇതെക്കുറിച്ച് പറയുന്ന മറ്റു ചില സൂക്തങ്ങളിങ്ങനെയാണ്:

**എന്നാൽ (പരലോകത്ത്) ഏതൊരുവന് തന്റെ രേഖ വലതുകൈയിൽ നൽകപ്പെട്ടുവോ അവൻ ലഘുവായ വിചാരണക്ക് (മാത്രം) വിധേയനാകുന്നതാണ്. അവൻ അവന്റെ സ്വന്തക്കാരുടെ അടുത്തേക്ക് സന്തുഷ്ടനായിക്കൊണ്ട് തിരിച്ചുപോകുകയും ചെയ്യും. (അൽഇൻശിഖാഖ്: 7-9)**

ഒരിക്കൽ വിചാരണ ചെയ്യപ്പെട്ടുകഴിഞ്ഞാൽ വിശ്വാസികൾക്ക് വലിയ ആഹ്ലാദമാണുണ്ടാകുക. കാരണം, അവർക്ക് മുക്തി ലഭിച്ചുകഴിഞ്ഞു. ഖുർആൻ പറയുന്നു:

**നിർഭയരായി, ശാന്തിയോടെ അതിൽ പ്രവേശിച്ചുകൊള്ളുക**

**(എന്ന് അവർക്ക് സ്വാഗതം ആശംസിക്കപ്പെടും). (അൽ ഹിജ്ർ:46)**

സ്വർഗപ്രവേശത്തിന് അനുമതി ലഭിച്ച ഒരു വിശ്വാസി ഇങ്ങനെ പറയും:

**സ്വർഗത്തിൽ പ്രവേശിക്കുക എന്ന് പറയപ്പെട്ടു. അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവ് എനിക്ക് പൊറുത്തുതരികയും ആദരിക്കപ്പെട്ടവരുടെ കൂട്ടത്തിൽ എന്നെ ഉൾപ്പെടുത്തുകയും ചെയ്തതിനെപ്പറ്റി എന്റെ ജനത അറിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു! (യാസീൻ: 26,27)**

*മറ്റു സൂക്തങ്ങൾ പ്രകാരം വിശ്വാസികളോട് അപ്പോൾ ഇങ്ങനെ പറയപ്പെടും:* **ഇത് സത്യവാന്മാർക്ക് തങ്ങളുടെ സത്യസന്ധത പ്രയോജനപ്പെടുന്ന ദിവസമാണ്. അവർക്ക് താഴ്ഭാഗത്തുകൂടി അരുവികളൊഴുകുന്ന സ്വർഗത്തോപ്പുകളുണ്ട്. (അൽമാഇദ: 119)**

കാരണം, എണ്ണമറ്റ സമ്മാനങ്ങളാണ് സ്വർഗത്തിൽ വിശ്വാസികളെ കാത്തിരിക്കുന്നത്:

**സ്ഥിരവാസത്തിനുള്ള സ്വർഗത്തോപ്പുകളിൽ അവർ പ്രവേശിക്കുന്നതാണ്. സ്വർണം കൊണ്ടുള്ള ചില വളകളും മുത്തും അവർക്കവിടെ അണിയിക്കപ്പെടും. അവിടെ അവരുടെ വസ്ത്രം പട്ടായിരിക്കും. അവർ പറയും: ഞങ്ങളിൽനിന്ന് ദുഃഖം നീക്കംചെയ്ത അല്ലാഹുവിന് സ്തുതി. തീർച്ചയായും ഞങ്ങളുടെ രക്ഷിതാവ് ഏറെ പൊറുക്കുന്നവനും നന്ദിയുള്ളവനുമത്രെ. തന്റെ അനുഗ്രഹത്താൽ സ്ഥിരവാസത്തിനുള്ള ഈ ഭവനത്തിൽ ഞങ്ങളെ കുടിയിരുത്തിയവരാകുന്നു അവൻ. യാതൊരു ബുദ്ധിമുട്ടും ഇവിടെ ഞങ്ങളെ ബാധിക്കുകയില്ല. യാതൊരു ക്ഷീണവും ഇവിടെ ഞങ്ങളെ സ്പർശിക്കുകയില്ല. (ഫാത്വിർ: 33-35)**

സ്വർഗാനുഗ്രഹങ്ങൾ അവർണനീയമാണ്. പഞ്ചേന്ദ്രിയങ്ങൾക്ക് ഏറ്റവും ആഹ്ലാദവും ആമോദവുമായിരിക്കും അവിടെ ലഭിക്കുകയെന്ന് ഖുർആൻ പറയുന്നു. എന്നാൽ ദൈവപ്രീതിയാണ് അതിലേറ്റം വലിയ സമ്മാനം. ദൈവം തങ്ങൾക്ക് നൽകിയതിന്റെ പേരിൽ അവനെ പ്രീതിപ്പെടുത്തുകയും നന്ദി പ്രകാശിപ്പിക്കുകയും ചെയ്തതു വഴി ലഭിക്കുന്ന ശാന്തിയും സന്തോഷവുമാണ് യഥാർഥ സന്തോഷം. സ്വർഗവാസികളെക്കുറിച്ച് ഖുർആൻ പറയുന്നു:

**അവരെപ്പറ്റി അല്ലാഹു തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെപ്പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു. അതത്രെ മഹത്തായ വിജയം. (അൽമാഇദ: 119)**





'(നബിയേ,) പറയുക: സമുദ്രജലം എന്റെ രക്ഷിതാവിന്റെ വചനങ്ങളെഴുതാനുള്ള മഷിയായിരുന്നെങ്കിൽ എന്റെ രക്ഷിതാവിന്റെ വചനങ്ങൾ തീരുന്നതിനു മുമ്പായി സമുദ്രജലം തീർന്നുപോകുകതന്നെ ചെയ്യുമായിരുന്നു. അതിനു തുല്യമായ മറ്റൊരു സമുദ്രംകൂടി നാം സഹായത്തിന് കൊണ്ടുവന്നാലും ശരി.' (അൽകഹ്ഫ്: 109)

**അ**നന്തമായ ദൈവിക ജ്ഞാനത്തെ ഒരു ഉപമയിലൂടെ വിവരിക്കപ്പെട്ടിരിക്കുകയാണിവിടെ. ആകാശഭൂമികളെയും അവക്കിടയിലുള്ളവയെയും കുറിച്ച് അല്ലാഹുവിനറിയാം. പ്രകൃതിനിയമത്തെയും ശാസ്ത്രത്തെയും കുറിച്ച് അവനറിയാം. എവിടെയും എപ്പോഴും സംഭവിക്കുന്നത് അവനറിയാം. കാരണം അവയെല്ലാം അവന്റെ സൃഷ്ടികളാണ്.

ദൈവികജ്ഞാനത്തിന് പരിധികളില്ല. ഇപ്പോൾ ജീവിക്കുന്നവരും എപ്പോഴെങ്കിലും ജീവിച്ചിരുന്നവരുമായ ഏത് മനുഷ്യരെയും, ഓരോ മരത്തിൽനിന്നും വീണുകൊണ്ടിരിക്കുന്ന ഇലകളെയും, ബില്യൻ കണക്കായ ഗാലക്സികളിലെ ബില്യൻ കണക്കിൽ നക്ഷത്രങ്ങൾക്കിടയിലെ ഓരോ നക്ഷത്രങ്ങളെയും, ഒരിക്കലും എഴുതിയാൽ തീരാത്ത കാര്യങ്ങളെയും കുറിച്ച് ഒരേസമയം അവനറിയാം. ഭൂമിയിലെ ഓരോ സംഭവങ്ങളും അവനറിയാം. ഏതു കാലത്ത് ജീവിച്ച ബില്യൻ കണക്കിൽ മനുഷ്യരുടെയും മൃഗങ്ങളുടെയും സസ്യങ്ങളുടെയും ജനിറ്റിക് കോഡ്സ് അവനറിയാം. ശൂന്യാകാശത്തെ ഓരോ ഘടകത്തെയുമെന്നപോലെ മനുഷ്യനകത്തും പുറത്തുമുള്ള സകലത്തെയും അവൻ നിയന്ത്രിക്കുന്നു. അനന്തമായ തന്റെ ജ്ഞാനത്തെക്കുറിച്ച് നിരവധി സൂക്തങ്ങളിൽ അതവൻ വ്യക്തമാക്കിയിരിക്കുന്നു. ചില സൂക്തങ്ങളിതാ:

**ആകാശങ്ങളിലും ഭൂമിയിലുമുള്ളവയും, ചിറകു നിവർത്തിപ്പിടിച്ചുകൊണ്ട് പക്ഷികളും അല്ലാഹുവിന്റെ മഹത്വം പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നു എന്നു നീ കണ്ടില്ലേ? ഓരോരുത്തർക്കും തന്റെ പ്രാർഥനയും കീർത്തനവും എങ്ങനെയെന്ന് അറിവുണ്ട്. അവർ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു അറിയുന്നവനത്രെ. (അന്നൂർ: 41)**

**ശ്രദ്ധിക്കുക: അവനിൽനിന്ന് (അല്ലാഹുവിൽനിന്ന്) ഒളിക്കാൻ വേണ്ടി അവർ തങ്ങളുടെ നെഞ്ചുകൾ മടക്കിക്കളയുന്നു. ശ്രദ്ധിക്കുക: അവർ തങ്ങളുടെ വസ്ത്രങ്ങൾകൊണ്ട് പുതച്ചു മൂടുമ്പോൾ പോലും അവർ രഹസ്യമാക്കുന്നതും പരസ്യമാക്കുന്നതും അവൻ അറിയുന്നു. തീർച്ചയായും അവൻ നെഞ്ചുകളിലുള്ളത് അറിയുന്നവനാകുന്നു. (ഹൂദ്: 5)**

**അവരുടെ മുമ്പിലുള്ളതും അവർക്ക് പിന്നിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽനിന്ന് അവനിച്ഛിക്കുന്നതല്ലാതെ (മറ്റൊന്നും) അവർക്ക് സൂക്ഷ്മമായി അറിയാൻ കഴിയില്ല. അവന്റെ അധികാര പീഠം ആകാശഭൂമികളെ മുഴുവൻ ഉൾക്കൊള്ളുന്നതാകുന്നു. അവയുടെ സംരക്ഷണം അവന് ഒട്ടും ഭാരമുള്ളതല്ല. അവൻ ഉന്നതനും മഹാനുമത്രെ. (അൽബഖറ: 255)**

**അവൻ തന്നെയാണ് ആകാശങ്ങളിലും ഭൂമിയിലും സാക്ഷാൽ ദൈവം. നിങ്ങളുടെ രഹസ്യവും നിങ്ങളുടെ പരസ്യവും അവൻ അറിയുന്നു. നിങ്ങൾ നേടിയെടുക്കുന്നതും അവൻ അറിയുന്നു. (അൽഅൻആം: 3)**

'(നബിയേ,) പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാണെന്ന് എനിക്ക് ബോധനം നൽകപ്പെടുന്നു. അതിനാൽ വല്ലവനും തന്റെ രക്ഷിതാവുമായി കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ അവൻ സൽക്കർമം പ്രവർത്തിക്കുകയും തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കു ചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ.'

(അൽകഹ്ഫ്: 110)

കഴിഞ്ഞുപോയതും നിലവിലുള്ളതുമായ സകല ജനതയിലേക്കും സത്യമാർഗത്തിലേക്ക് പ്രബോധനം നടത്താൻ പ്രവാചകന്മാർ അയക്കപ്പെട്ടിട്ടുണ്ട്. ദൈവാസ്തിക്യവും ഏകത്വവും ജനതക്ക് വിവരിച്ചുകൊടുക്കുകയും





സൽപന്ഥാവിലേക്ക് ക്ഷണിക്കുകയും, അല്ലാഹു അവരിൽനിന്ന് ഇച്ഛിക്കുന്നതും അവരുടെ ബാധ്യതകളും അറിയിച്ചുകൊടുക്കുകയും, നരക ശിക്ഷയെക്കുറിച്ച മുന്നറിയിപ്പും സ്വർഗത്തെക്കുറിച്ച സുവാർത്തയും നൽകുകയും ചെയ്യുന്ന അനുഗൃഹീതരത്രെ അവർ.

ഗ്രഹിക്കുകയും സ്മരിക്കുകയും ചെയ്യുന്ന വിശ്വാസികളെ സംബന്ധിച്ചിടത്തോളം പ്രവാചകജീവിതങ്ങൾ അമൂല്യ പാഠങ്ങളാൽ നിർഭരമാണ്. അവരുടെ കുലീന ഗുണങ്ങളും സ്വഭാവങ്ങളും അനുകരണീയങ്ങളാണ്. അവർക്കിടയിൽ വിവേചനം കൽപിക്കാൻ വിശ്വാസികൾക്കനുവാദമില്ല. അവരുടെ ഉപദേശങ്ങളും മുന്നറിയിപ്പുകളും കണിശമായി പാലിക്കേണ്ടതാണ്.

ഒരേ വിശ്വാസമാണ് ദൈവദൂതന്മാർ പ്രബോധനം നടത്തിയിരുന്നതെന്ന് ഖുർആൻ വ്യക്തമാക്കുന്നു. അല്ലാഹുവിൽ വിശ്വസിക്കാനും യഥാർഥ വെളിപാട് അനുസരിക്കാനും കൽപനകൾ ലംഘിക്കാതിരിക്കാനും അവർ ജനതയോട് പ്രബോധനം നടത്തി. അതിനാൽ തന്നെ, പ്രവാചകന്മാർക്കിടയിൽ വിവേചനം കണിക്കാതെ, അവർ കൊണ്ടുവന്നതിൽ വിശ്വസിക്കുകയും അവരുടെ ക്ഷണം സ്വീകരിക്കുകയും ചെയ്യുക വിശ്വാസികളുടെ ബാധ്യതയാണ്. ഖുർആൻ പറയുന്നു:

**നിങ്ങൾ പറയുക: അല്ലാഹുവിലും അവങ്കൽനിന്ന് ഞങ്ങൾക്ക് അവതരിപ്പിച്ചുകിട്ടിയതിലും, ഇബ്റാഹീമിനും ഇസ്മാഈലിനും ഇസ്ഹാഖിനും യഅ്ഖൂബിനും യഅ്ഖൂബ് സന്തതികൾക്കും അവതരിപ്പിച്ചു കൊടുത്തതിലും മൂസാ, ഈസാ എന്നിവർക്ക് നൽകപ്പെട്ടതിലും സർവ പ്രവാചകന്മാർക്കും അവരുടെ രക്ഷിതാവിങ്കൽനിന്ന് നൽകപ്പെട്ടതി(സന്ദേശങ്ങളിലും)ലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല. ഞങ്ങൾ അവന് (അല്ലാഹുവിന്) കീഴ്പ്പെട്ടു ജീവിക്കുന്നവരുമാകുന്നു. (അൽബഖറ: 136)**

സന്മാർഗവും സത്യവിശ്വാസവുമാണ് ഓരോ പ്രവാചകനും പ്രബോധനം നടത്തിയത്. അത് അവരുടെ ജനതകൾക്കും നമുക്കും ബാധകമാണ്. അവർ പ്രബോധനം ചെയ്ത അടിസ്ഥാന വിശ്വാസ സങ്കൽപം, സദാചാരം അവരുടെ അത്യുന്നത സ്വഭാവങ്ങൾ എന്നിവ നാം അടക്കമുള്ള ഓരോ ജനതയുടെയും മാർഗദർശനത്തിന്റെ സ്രോതസ്സുകളത്രെ. അവർ പ്രബോധനം നടത്തിയ സത്യങ്ങളും അവരുടെ അനുകരണീയ ധാർമിക ഗുണങ്ങളും ഖുർആൻ വ്യക്തമാക്കുന്നുണ്ട്. അവരുടെ പന്ഥാവ് പിന്തുടരാൻ വിശ്വാസികളോട് അല്ലാഹു കൽപിക്കുകയാണ്:

**നാം വേദവും വിജ്ഞാനവും പ്രവാചകത്വവും നൽകിയിട്ടുള്ളവരത്രെ അവർ. ഇനി ഇക്കൂട്ടർ അവയൊക്കെ നിഷേധിക്കുകയാണെങ്കിൽ അവയിൽ അവിശ്വസിക്കുന്നവരല്ലാത്ത ഒരു**

**ജനവിഭാഗത്തെ നാമത് ഭരമേൽപിച്ചിട്ടുണ്ട്. അവരെയാണ് അല്ലാഹു നേർവഴിയിലാക്കിയിട്ടുള്ളത്. അതിനാൽ അവരുടെ നേർമാർഗത്തെ നീ പിന്തുടർന്നുകൊള്ളുക. (നബിയേ,) പറയുക: ഇതിന്റെ പേരിൽ യാതൊരു പ്രതിഫലവും ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നില്ല. ഇത് ലോകർക്കു വേണ്ടിയുള്ള ഒരു ഉദ്ബോധനമല്ലാതെ മറ്റൊന്നുമല്ല. (അൽഅൻആം: 89,90)**

അതിനാൽ പ്രവാചകന്മാരെക്കുറിച്ച ഖുർആനിക വിവരണങ്ങൾ വായിക്കുകയും അവരുടെ ഉപദേശങ്ങൾ സ്വീകരിക്കുകയും പാത പിന്തുടരുകയും ചെയ്യുക വിശ്വാസികളുടെ ബാധ്യതയത്രെ.



# സമാപ്തം

സൂറതുൽ കഹ്ഫ് ഉൾക്കൊള്ളുന്ന വെളിപാടുകൾ, ജ്ഞാനത്തിന്റെ ഭൂതകാലസ്മരണകൾ, അതിന്റെ മറ്റു പാഠങ്ങൾ എന്നിവ ഈ പുസ്തകത്തിലുടനീളം നാം പരിശോധനാവിധേയമാക്കി. *"....അല്ലാഹു നിങ്ങൾക്കു ചെയ്ത അനുഗ്രഹം നിങ്ങളോർക്കുക. നിങ്ങൾക്ക് സാരോപദേശം നൽകിക്കൊണ്ട് അവനവതരിപ്പിച്ച വേദവും വിജ്ഞാനവും ഓർമിക്കുക." (അൽബഖറ: 231)* എന്ന സൂക്തത്തിൽ അല്ലാഹു നിർദേശിച്ചപോലെ ഇതിലെ അന്തർലീനജ്ഞാനവും നാം വിശദീകരിച്ചു.

ഈ സൂക്തങ്ങളിലെ ജ്ഞാനം ഗ്രഹിക്കുകയും തദനുസാരം ജീവിതം രൂപപ്പെടുത്തുകയും അവ ആളുകൾക്ക് പ്രബോധനം നടത്തുകയും ചെയ്യുക എന്നത് ഓരോ മുസ്ലിമിന്റെയും ബാധ്യതയത്രെ. അല്ലാഹു പറയുന്നു:

**തീർച്ചയായും അവരുടെ ചരിത്രത്തിൽ ബുദ്ധിമാന്മാർക്ക് പാഠമുണ്ട്. അത് കെട്ടിയുണ്ടാക്കാവുന്ന ഒരു വർത്തമാനമല്ല. പ്രസ്തുത, അതിന്റെ മുമ്പുള്ളതിനെ(വേദങ്ങളെ) ശരിവെക്കുന്നതും എല്ലാ കാര്യത്തെയും സംബന്ധിച്ചുള്ള വിശദീകരണവും വിശ്വസിക്കുന്ന ജനതക്ക് മാർഗദർശനവും കാരുണ്യവുമാകുന്നു അത്. (യൂസുഫ്: 111)**

മാർഗദർശനവും ജ്ഞാനവുമന്വേഷിക്കുന്നവരെ സംബന്ധിച്ചിടത്തോളം സമർപ്പണം, അനുസരണം, വിധിക്കുള്ള വഴങ്ങൽ, ഭൗതികവും താൽക്കാലികവുമായ ഈ ജീവിതം, അല്ലാഹുവിന്റെ സ്ഥലകാലാതീത ആസ്തിക്യം, പ്രത്യേക ജ്ഞാനങ്ങളിൽ അനുഗൃഹീതരായ അവന്റെ ദാസന്മാർ, ദൈവിക വെളിപാടിനെതിരെ അഹങ്കരിക്കുന്നവർ കാത്തിരിക്കുന്ന അന്ത്യം, വിശ്വാസികൾ കാത്തിരിക്കുന്ന അനുഗൃഹീത ഭാവി എന്നിവയെക്കുറിച്ച മനനം ഉൾക്കൊള്ളുന്നതാണ് നിങ്ങളുടെ കൈയിലുള്ള ഈ പുസ്തകം.

അന്ത്യനാളിന്റെ ആനന്ദപ്രഭമായ കാലഘട്ടം സമീപിച്ചുകൊ

ണ്ടിരിക്കുന്നുവെന്ന വിശ്വാസികൾക്കുള്ള സുവാർത്ത ഇതുൾക്കൊള്ളുന്നു. ഈ വീക്ഷണകോണിലൂടെ നോക്കുമ്പോൾ ഇസ്‌ലാമിക ഭരണകാലത്ത് ഉത്കൃഷ്ടതയിലെത്തുകയും ഈസാ(അ)യുടെ ആഗമനത്തോടെ അവസാനിക്കുകയും ചെയ്യുന്ന അന്ത്യകാലത്തെ ഇസ്‌ലാമിന്റെ വ്യത്യസ്ത ഭാവങ്ങൾ -തുടക്കം, പുരോഗതി, ഒടുക്കം- സുറതുൽ കഹ്ഫ് ചൂണ്ടിക്കാട്ടുന്നതായി കാണാം.

ആഴമേറിയ വിശ്വാസവും വിജ്ഞാനവുമുള്ളവർക്ക് വിജയവും അധികാരവും വാഗ്ദാനം ചെയ്തതായി നിരവധി വചനങ്ങളിൽ നിന്ന് മനസ്സിലാക്കാം. ദൈവേച്ഛയാൽ, സൂറതുന്നൂറിലെ വാഗ്ദാനം പുലരുന്ന ഒരവസാന യുഗമത്രെ ഇത്:

> **നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽക്കർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയതുപോലെത്തന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും അവൻ തൃപ്തിപ്പെട്ടു കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും അവരുടെ ഭയപ്പാടിനുശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്; എന്നോട് യാതൊന്നും അവർ പങ്കു ചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്നപക്ഷം അവർതന്നെയാകുന്നു ധിക്കാരികൾ. (അന്നൂർ: 55)**



# പരിണാമവാദത്തിന്റെ തട്ടിപ്പുകൾ

**സൃ**ഷ്ടിവാദത്തെ നിഷേധിക്കുന്ന ഡാർവിനിസം അഥവാ പരിണാമവാദം സത്യത്തിൽ ശാസ്ത്രീയമായ ഒരസംബന്ധവും പരാജയവുമാണ്. പ്രപഞ്ചത്തിലും അതിലെ ജീവജാലങ്ങളിലും ഒരദൃശ്യശക്തിയുടെ രൂപകൽപന കണ്ടെത്താനാകുമെന്ന് ശാസ്ത്രം തെളിവുനൽകുന്നതിനാൽ, യാദൃച്ഛികമായി അചേതന വസ്തുവിൽനിന്ന് രൂപംകൊണ്ടതാണ് ജീവൻ എന്ന അതിന്റെ സിദ്ധാന്തം കാലഹരണപ്പെട്ടതാണ്. പരിണാമസിദ്ധാന്തത്തെ പരിരക്ഷിക്കാനായി ഇന്ന് നടന്നുവരുന്ന പ്രചാരണങ്ങളെല്ലാം വാസ്തവത്തിൽ, ശാസ്ത്രമെന്ന പേരിൽ കബളിപ്പിക്കുന്ന വസ്തുതകളാണ്. അവ മിക്കതും ശാസ്ത്രമെന്ന പേരിൽ വ്യാജമായി നിർമിക്കുന്ന വ്യാഖ്യാനങ്ങളും മറയത്തരങ്ങളുമാണ്.

1980- കൾക്കുശേഷം നടന്ന പ്രത്യേകമായ ഗവേഷണങ്ങളും, വലിയൊരു വിഭാഗം ശാസ്ത്രജ്ഞരും പരിണാമവാദത്തിന്റെ അവകാശങ്ങൾ അടിസ്ഥാനരഹിതമാണെന്ന് തെളിയിച്ചിട്ടുണ്ട്. അതിനാൽ ഇത്തരം പ്രചാരണങ്ങൾക്ക് സത്യത്തെ മൂടിവെക്കാനാവില്ല. കഴിഞ്ഞ ഏറെ കൊല്ലങ്ങളായി ശാസ്ത്രലോകത്തിൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ വഞ്ചനയാണ് പരിണാമവാദം.

പ്രത്യേകിച്ചും അമേരിക്കയിലെ ജീവശാസ്ത്രം, രാസിക ജീവശാസ്ത്രം, ഫോസിൽ ശാസ്ത്രം പോലുള്ള വ്യത്യസ്ത ശാസ്ത്രമേഖലകളിൽ പഠനം നടത്തുന്ന ശാസ്ത്രജ്ഞന്മാർ പരിണാമവാദം കാലഹരണപ്പെട്ടതാണെന്നും

ജീവന്റെ ആവിർഭാവത്തിന് പിന്നിൽ ഏതോ 'ബുദ്ധിപരമായ രൂപകൽപന' വായിച്ചെടുക്കാനാവുമെന്നും തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ 'ബുദ്ധിപരമായ രൂപകൽപന' എന്ന പരാമർശം അല്ലാഹുവാണ് ജീവജാലങ്ങളെ സൃഷ്ടിച്ചതെന്ന ആശയത്തിന്റെ ഒരു ശാസ്ത്രീയാവിഷ്കാരമാണ്.

## ഡാർവിനിസത്തിന്റെ ശാസ്ത്രീയമായ തകർച്ച

പരിണാമവാദ ചിന്തകൾക്ക് പുരാതന ഗ്രീസിനോളം പഴക്കം അവകാശപ്പെടാമെങ്കിലും അത് ഒരു പ്രബല സിദ്ധാന്തമായിത്തീർന്നത്. 1859-ൽ ചാൾസ് ഡാർവിന്റെ ജീവവർഗങ്ങളുടെ ആവിർഭാവം (The Origin of Species) എന്ന കൃതിയുടെ പ്രകാശനത്തോടെയാണ്. ഈ കൃതിയിൽ ഭൂമിയിൽ ജീവവർഗങ്ങളെ വ്യത്യസ്തരീതിയിൽ അല്ലാഹു സൃഷ്ടിച്ചതിനെ ഡാർവിൻ നിഷേധിക്കുകയും ഒരു പൊതു പൂർവികനിൽനിന്ന് കാലാന്തരത്തിലൂടെ ചെറിയ ചെറിയ പരിണാമങ്ങളിലൂടെയാണ് വ്യത്യസ്ത ജീവവർഗങ്ങൾ ഉണ്ടായതെന്ന് സിദ്ധാന്തവത്കരിക്കുകയും ചെയ്യുന്നു. ഡാർവിൻ തന്റെ സിദ്ധാന്തം പടുത്തുയർത്തിയിരിക്കുന്നത് സമൂർത്തവും ശാസ്ത്രീയവുമായ ഏതെങ്കിലും തെളിവുകളുടെ അടിസ്ഥാനത്തിലല്ല പകരം വെറും സങ്കൽപം മാത്രമാണ് അവക്കെല്ലാം പ്രേരണയായി വർത്തിക്കുന്നത്. ഈ ഗ്രന്ഥത്തിന്റെ പ്രധാനപ്പെട്ട ഒരു ദീർഘാധ്യായത്തിൽ തെളിവുകളുടെ അഭാവത്തെ (Difficulties of the theory) പറ്റി അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്. അതിനാൽത്തന്നെ ഗൗരവപരമായ പല ചോദ്യങ്ങൾക്കു മുമ്പിലും ഈ സിദ്ധാന്തം അപ്പാടെ പതറുന്നു.

തനിക്കുശേഷം ഉണ്ടായേക്കാവുന്ന ശാസ്ത്രീയ പുരോഗതിയും കണ്ടുപിടുത്തങ്ങളും ഈ പ്രശ്നങ്ങളെ ലഘൂകരിക്കും എന്നാണ് ഡാർവിൻ പ്രത്യാശ പുലർത്തിയിരുന്നത്. എന്നാൽ ഈ പ്രത്യാശക്ക് വിപരീതമായി പുതിയ കണ്ടുപിടിത്തങ്ങൾ കാര്യങ്ങളെ കുറേകൂടി സങ്കീർണമാക്കുകയാണുണ്ടായത്.

പുതിയതായി ശാസ്ത്രം കണ്ടെത്തിയേക്കാവുന്ന വസ്തുതകൾ തന്റെ കാലത്തെ ശാസ്ത്രീയ തെളിവുകളുടെ അഭാവത്തെ നിവാരണം ചെയ്യുമെന്ന് അദ്ദേഹം കരുതി. എന്നാൽ ഇപ്പോഴത്തെ കണ്ടെത്തലുകൾ ഡാർവിനിസത്തിന്റെ ശാസ്ത്രീയമായ തീർപ്പുകളെ കുറേകൂടി ഗുരുതരമാക്കിയിരിക്കുകയാണ്. ഡാർവിനിസത്തിന്റെ പരാജയത്തെ, ശാസ്ത്രീയമായ അവലോകനത്തിൽ മുഖ്യമായും മൂന്നു വ്യത്യസ്ത വിഷയങ്ങൾക്കു കീഴീൽ ചർച്ച ചെയ്യാം.

1. ഭൂമിയിൽ ജീവൻ എങ്ങനെ ആവിർഭവിച്ചു എന്ന് ഈ സിദ്ധാന്തത്തിന് കൃത്യമായി വിശദീകരിക്കാനാകുന്നില്ല.

2. പരിണാമവാദം മുന്നോട്ടുവെക്കുന്ന പരിണാമ പ്രക്രിയാ നിയമങ്ങളെ പറ്റിയോ അതിന്റെ ചാലകശക്തിയെ പറ്റിയോ ശാസ്ത്രീയമായ തെളിവുകൾ ഒന്നുംതന്നെ ഇല്ല.





3. പരിണാമ സിദ്ധാന്തം മുന്നോട്ടുവെക്കുന്ന വാദഗതികൾക്ക് നേർ വിപരീതദിശയിലാണ് ഇതുവരെ ലഭ്യമായിട്ടുള്ള ഫോസിൽ തെളിവുകൾ.

## കീഴടക്കാനാവാത്ത ആദ്യ വൈതരണി ജീവന്റെ ആവിർഭാവം

പരിണാമ സിദ്ധാന്തം വാദിക്കുന്നത് 3.8 കോടി വർഷങ്ങൾക്കു മുമ്പുണ്ടായ ഒരേകകോശജീവിയിൽനിന്നാണ് ഈ ലോകത്തിലെ സർവ ജീവജാലങ്ങളും പരിണമിച്ചുണ്ടായതെന്നാണ്. ഇത്തരം പരിണാമം യാഥാർഥ്യത്തിൽ സംഭാവ്യമായിട്ടുണ്ടെങ്കിൽ, അതിന്റെ തെളിവുകൾ ഫോസിൽ തെളിവുകളിൽ എന്തുകൊണ്ടു കാണുന്നില്ല? ആദ്യമായും അവസാനമായും നമുക്ക് ഒരു ചോദ്യം കൂടി അവരോട് ചോദിക്കേണ്ടിവരുന്നു. എങ്ങനെയാണ് ആദ്യത്തെ ഏകകോശ ജീവി ലോകത്തിൽ രൂപപ്പെട്ടത്.

ഏതെങ്കിലും ഒരദൃശ്യശക്തിയുടെ ഇടപടലിനെയോ സൃഷ്ടിവാദത്തെയോ പരിണാമവാദം നിഷേധിക്കുകയും ഈ ഏകകോശജീവി, പ്രകൃതിയുടെ നിയമങ്ങൾക്കുള്ളിൽ യാദൃച്ഛികമായി രൂപപ്പെട്ടതാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. ഈ യാദൃച്ഛികത ഏതെങ്കിലും തരത്തിലുള്ള മുൻകൂട്ടിയുള്ള ഒരു ആസൂത്രണ രീതിയുടെയോ, പദ്ധതിയുടെയോ ഫലമല്ലെന്നും അചേതന വസ്തുവിൽനിന്ന് യാദൃച്ഛികമായിട്ടാണ് ഏകകോശ ജീവി രൂപപ്പെട്ടതെന്നുമുള്ള ഈ അവകാശവാദം, ജീവശാസ്ത്ര നിയമങ്ങളുടെ പരിധിക്കുള്ളിൽ നിലനിൽക്കാത്ത ഒന്നാണ്.

## ജീവൻ ജീവനിൽനിന്ന് രൂപം കൊള്ളുന്നു

തന്റെ ഈ കൃതിയിൽ ജീവന്റെ തുടക്കം എവിടെനിന്നുണ്ടായി എന്നതിനെ പറ്റി ഡാർവിൽ ഒരിക്കലും പരമാശിച്ചു കാണുന്നില്ല. ജീവജാലങ്ങളുടെ ഘടന അതിസരളവും ലളിതവുമാണെന്നാണ് അദ്ദേഹത്തിന്റെ കാലത്തെ പഴഞ്ചൻ ശാസ്ത്രം വിശ്വസിച്ചിരുന്നത്. മധ്യകാലം തൊട്ട് വിശ്വസിച്ചിരുന്നത് അചേതന വസ്തുക്കൾ ഒത്തുചേരുമ്പോൾ പുനരുൽപാദനം നടക്കുന്നു എന്നാണ്. അതായത്, പുതിയ ജൈവിക രൂപങ്ങൾ ഉണ്ടായിത്തീരുന്നു എന്നാണ്. പഴകിയ ഭക്ഷണ വസ്തുക്കളിൽ കീടങ്ങൾ സ്വഭാവികമായി ജനിക്കപ്പെടുന്നു എന്നാണ് അന്ന് കരുതിയിരുന്നത്. ഈ വിശ്വാസത്തെ പരീക്ഷണ വിധേയമാക്കാനുള്ള ഒട്ടേറെ ധീരമായ ശ്രമങ്ങൾ അന്നു നടന്നു. പഴകിയ ഇറച്ചിയിൽ പുഴുക്കൾ വരുന്നത് സ്വാഭാവിക ജനനമായിട്ടാണ് എന്നാണ് ആദ്യം കരുതിയിരുന്നത്. പിന്നീട് അത് തിരുത്തപ്പെട്ടത്, പഴയ ഭക്ഷണപദാർഥങ്ങളിൽ കീടങ്ങളും പുഴക്കളും സ്വാഭാവികമായി ഉൽപാദിക്കപ്പെടുന്നതല്ല, നഗ്നനേത്രങ്ങൾകൊണ്ട് കാണാൻകഴിയാത്ത രൂപത്തിൽ ലാർവകളായി മുമ്പേ അവ അതിൽ കുടികൊണ്ടിരുന്നു എന്നാണ്.

ഡാർവിൻ തന്റെ കൃതി എഴുതുമ്പോൾ ബാക്റ്റീരിയ അചേതന വസ്തുക്കളിൽനിന്ന് സ്വാഭാവികമായി രൂപമെടുക്കുന്നതെന്നാണ് അന്ന് ശാസ്ത്ര

ലോകത്തിൽ പരക്കെ വിശ്വസിച്ചിരുന്നത്. ഡാർവിന്റെ 'ജീവവർഗത്തിന്റെ ഉൽപത്തി' എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ട് അഞ്ചു വർഷങ്ങൾക്കുശേഷം ലൂയി പാസ്റ്റർ തന്റെ നീണ്ട പരീക്ഷണങ്ങളുടെയും പഠനങ്ങളുടെയും ശാസ്ത്രീയ ബലത്തിൽ സ്വാഭാവിക ജനനം തെറ്റായ ഒരു വിശ്വാസമാണ് എന്നു തെളിയിച്ചു. ഇത് ഡാർവിനിസത്തിനെതിരായ ശക്തമായ ഒരു കാൽവെപ്പായിരുന്നു.

1964-ൽ സോർബോണിൽ നടന്ന തന്റെ പരീക്ഷണങ്ങളുടെ വിജയാഘോഷ വേളയിൽ ലൂയി പാസ്റ്റർ ഇങ്ങനെ പറഞ്ഞു: "സ്വാഭാവിക ജനനത്തെക്കുറിച്ചുള്ള സിദ്ധാന്തം ഈ ലളിതമായ പരീക്ഷണങ്ങളുടെ മാരകമായ അടിയുടെ ആഘാതമേറ്റ് ഇനി ഒരിക്കലും രക്ഷപ്രാപിക്കുകയില്ല."

കുറേകാലം സ്വയം സാധൂകരണത്തിനു വേണ്ടി ഇത്തരം കണ്ടുപിടിത്തങ്ങളെ അത് നിരോധിക്കാൻ ശ്രമിച്ചെങ്കിലും പിന്നീടുണ്ടായ അഭൂതപൂർവമായ ശാസ്ത്രവികാസം ജീവകോശങ്ങൾക്ക് അതിസങ്കീർണമായ ഘടനയാണുള്ളതെന്ന് തെളിയിച്ചു. അങ്ങനെ ജീവൻ യാദൃച്ഛികമായി രൂപം കൊണ്ടതാണെന്നുള്ള ആശയത്തിന് ഒട്ടേറെ വൈതരണികളിലൂടെ കടന്നു പോകേണ്ടിവന്നു.

## 20-ാം നൂറ്റാണ്ടിലെ പൂർത്തീകരിക്കാനാകാത്ത ശ്രമങ്ങൾ

ജീവന്റെ ആവിർഭാവത്തെപ്പറ്റി ഗൗരവപരമായ ഗവേഷണം നടത്തിയ 20-ാം നൂറ്റാണ്ടിലെ റഷ്യൻ ജീവശാസ്ത്രജ്ഞനായിരുന്നു അലക്സാണ്ടർ ഒപ്പാറിൻ. വ്യത്യസ്തമായ വാദമുഖങ്ങൾ ഉന്നയിച്ചുകൊണ്ട് ജീവൻ യാദൃച്ഛികമായി രൂപംകൊണ്ടതാണെന്ന് അദ്ദേഹം തെളിയിക്കാൻ ശ്രമിച്ചു. പക്ഷേ, ഈ ശ്രമങ്ങളും വൃഥാവിലാവുകയാണുണ്ടായത്. ഒടുവിൽ അദ്ദേഹത്തിന് ഇങ്ങനെ തുറന്നുപറയേണ്ടിവന്നു:

"നിർഭാഗ്യവശാൽ ജീവകോശത്തിന്റെ ആവിർഭാവത്തെപ്പറ്റിയുള്ള പ്രശ്നം ഒരുപക്ഷേ ജീവരൂപത്തിന്റെ പരിണാമത്തെ പറ്റിയുള്ള പഠനത്തിൽ നമ്മെ കുഴക്കുന്ന ഏറ്റവും വിഷമംപിടിച്ച കാര്യമാണ്."

ഒപ്പാറിന്റെ പരിണാമ ചിന്താഗതിക്കാരായ ശിഷ്യന്മാർ ഈ പ്രശ്നത്തെ പരിഹരിക്കാനായി ഒട്ടേറെ പരീക്ഷണങ്ങൾ സംഘടിപ്പിച്ചു. അതിൽ ഏറ്റവും ശ്രദ്ധപിടിച്ചുപറ്റിയത് 1953-ൽ അമേരിക്കൻ രസതന്ത്രജ്ഞനായ സ്റ്റാനെല്ലി മില്ലർ നടത്തിയ പരീക്ഷണമാണ്. പുരാതന പ്രപഞ്ചത്തിൽ നിലനിന്നിരുന്നു എന്ന് അദ്ദേഹം അനുമാനിച്ചിരുന്ന അന്തരീക്ഷത്തെ കൃത്രിമമായി ഉണ്ടാക്കിയെടുത്ത് അതിൽ വേണ്ടത്ര ഊർജ്ജം സന്നിവേശിപ്പിച്ച്, ഒട്ടേറെ അമിനോ അമ്ലങ്ങളുടെ ജൈവരൂപങ്ങളെ ഘടിപ്പിച്ച് അദ്ദേഹം ജീവൻ ഉണ്ടാക്കാനുള്ള ശ്രമങ്ങൾ നടത്തി.

ഒരു ഫലവും കിട്ടാതെ വർഷങ്ങൾ കടന്നുപോയിക്കൊണ്ടിരിക്കേ മില്ലറുടെ പരീക്ഷണങ്ങൾ അസാധുവാണെന്ന് പ്രഖ്യാപിക്കപ്പെട്ടു. കാരണം





കൃത്രിമമായി സജ്ജമാക്കിയ പരീക്ഷണശാലയിലെ അന്തരീക്ഷം ഭൂമിയുടെ സ്വാഭാവിക അന്തരീക്ഷവുമായി യോജിക്കുന്നതായിരുന്നില്ല.

നീണ്ടനാളത്തെ നിശ്ശബ്ദതക്ക് വിരാമമിട്ടുകൊണ്ട് മില്ലർ താൻ സൃഷ്ടിക്കാൻനോക്കിയ കൃത്രിമ അന്തരീക്ഷം അനുചിതമായിരുന്നുവെന്നും ഉചിതമായ അന്തരീക്ഷമുണ്ടാക്കാൻ ശാസ്ത്രലോകത്തിന് ഒരിക്കലും കഴിയില്ല എന്നും തുറന്നുപറഞ്ഞു. അങ്ങനെ ജീവന്റെ ആവിർഭാവത്തെക്കുറിച്ച് വിശദീകരിക്കാനായി. 20-ാം നൂറ്റാണ്ടിൽ നടന്ന പരിണാമവാദികളായ ശാസ്ത്രജ്ഞന്മാരുടെ എല്ലാ പരീക്ഷണങ്ങളും വൃഥാവിലായി

1998-ൽ എർത്ത് മാഗസിനിൽ വന്ന ഒരു ലേഖനത്തിൽ സാർഡിയാഗോ സ്ക്രിപ്സ് ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രസിദ്ധ ജൈവരസതന്ത്ര ശാസ്ത്രജ്ഞനായ ജഫ്രിബാസ ഇങ്ങനെ എഴുതുന്നു:

"ഇരുപതാം നൂറ്റാണ്ട് പിന്നിടുമ്പോഴും നാം അഭിമുഖീകരിക്കുന്ന പരിഹൃതമല്ലാത്ത ഏറ്റവും വലിയ ചോദ്യം, അതായത് ഭൂമിയിൽ ജീവൻ എങ്ങനെ ആവിർഭവിച്ചു എന്ന ചോദ്യം ഇരുപതാം നൂറ്റാണ്ടിലും അപരിഹൃതമായിത്തന്നെ തുടരും."

## ജീവന്റെ സങ്കീർണ ഘടന

ഇത്തരം ഒരു വലിയ പ്രതിസന്ധിയിലേക്ക് പരിണാമവാദം കൂപ്പുകുത്തുന്നതിനുള്ള പ്രധാന കാരണം, നാം ലളിതമാണെന്ന് കരുതുന്ന ജീവകോശത്തിന്റ ഘടന അവശ്വസനീയമായ രീതിയിൽ സങ്കീർണമാണന്നതാണ്. മനുഷ്യ നിർമിതമായ എല്ലാ സാങ്കേതിക യുക്തി- നിർമാണ കൗശലങ്ങൾക്കുമപ്പുറത്താണ് അതിന്റെ അതിസങ്കീർണത. ഇന്ന് ലോകത്തുള്ള ഏറ്റവും അത്യാധുനിക ലബോറട്ടറികളിൽ ഒന്നിൽപോലും ജൈവ രാസിക സംയോഗത്തിലൂടെ ഒരു ജീവകോശത്തെ നിർമിക്കാനുള്ള പരിശ്രമങ്ങൾ വിജയിച്ചിട്ടില്ല.

യാദൃച്ഛികമായുണ്ടായതെന്നു വിശദീകരിക്കപ്പെടുന്ന ജീവകോശത്തെ കൃത്രിമമായി നിർമിക്കാനുള്ള എല്ലാ ശ്രമങ്ങൾക്കും, മനുഷ്യമസ്തിഷ്കത്തിനു കഴിയാത്ത രീതിയിലുള്ള അളവുകോലുകൾ ആവശ്യമായിവരുന്നു. കോശത്തിന്റെ നിർമാണ ഘടകമായ പ്രോട്ടീനുകൾ ആകസ്മികമായി ഉദ്ഗ്രഥിക്കപ്പെട്ട് ജൈവകോശമായിത്തീരാനുള്ള സാധ്യതകൾ; $10^{950}$ സാധത്യകൾക്കുള്ളിൽ ഒന്നു മാത്രമാണ്. 500-ൽ പരം അമിനോ അമ്ലങ്ങൾ കൊണ്ടാണ് ഒരു പ്രോട്ടീൻ തന്മാത്ര രൂപംകൊണ്ടിരിക്കുന്നത്. നമ്മുടെ ഗണിത ശാസ്ത്രത്തിൽ $10^{50}$-നു താഴെയുള്ള സൂക്ഷ്മ രീതിയിലുള്ള ഗണനാസൂത്രവും, പ്രോട്ടീൻ ഉദ്ഗ്രഥനവും പ്രായോഗികമായി അസാധ്യമാണ്.

ജീവകോശത്തിന്റെ ന്യൂക്ലിയസ്സിലുള്ള D.N.A, ജനതിക രഹസ്യങ്ങൾ സമാഹരിക്കപ്പെട്ടിട്ടുള്ള വിസ്മയകരമായ ഒരു ഡാറ്റാബാങ്കാണ്. D.N.A -യിൽ അടയാളപ്പെടുത്തിയിട്ടുള്ള രഹസ്യങ്ങൾ തിട്ടപ്പെടുത്താൻ ശ്രമിക്കുകയാണെ

ങ്കിൽ അത് 500 പേജുകൾ വീതമുള്ള 900 വിജ്ഞാനകോശ വാല്യങ്ങൾ ഉൾക്കൊണ്ടിട്ടുള്ള ഒരു വമ്പൻ ലൈബ്രറിയുടെ അത്രക്കുവരും.

ഈ സന്ദർഭത്തിൽ മറ്റൊരു സമസ്യകൂടി ആവിർഭവിക്കുന്നു. D.N.A എന്നു പറയുന്നത് എൻസൈമുകൾ എന്ന് വിളിക്കപ്പെടുന്ന പ്രത്യേക തരം പ്രോട്ടീനുകളുടെ നേർപകർപ്പാണ്. ഈ എൻസൈമുകൾ എങ്ങനെയാണ് ഘടിപ്പിക്കപ്പെട്ടിരിക്കുന്നതെന്ന രഹസ്യം കുടികൊള്ളുന്നതും D.N.A യുടെ രഹസ്യ രേഖകളിലാണ്. ഇവ രണ്ടും അനുപൂരകമായി വർത്തിക്കുകയും ഒരേ നേരം അസ്സൽ പകർപ്പുകളായി നിലനിൽക്കുകയും ചെയ്യുന്നു. ജീവ കോശത്തിന്റെ പ്രത്യേകതകൾ നമ്മെ ബോധ്യപ്പെടുത്തുന്നത്, ജീവരഹസ്യം അതിൽത്തന്നെ ഒരു പ്രഹേളികയാണെന്നാണ്.

സയിന്റിഫിക് അമേരിക്കൻ മാഗസിനിന്റെ 1994 സെപ്തംബർ ലക്കത്തിൽ കാലിഫോർണിയയിലെ സാൻഡിയാഗോ യൂനിവേഴ്സിറ്റിയിലെ പ്രൊഫസർ ലെസ്‌ലി ഓർഗൻ ഇങ്ങനെ എഴുതുന്നു:

“അതീവ സങ്കീർണവും ശക്തവുമായി കൂടിച്ചേർന്നിരിക്കുന്ന പ്രോട്ടീനുകളും ന്യൂക്ലിക് ആസിഡുകളും ഒരേ നേരത്തും ഒരേ സ്ഥലത്തും ജൈവികമായി ഒന്നായിച്ചേർന്നു നിൽക്കുന്നു ഒന്നിനോട് ബന്ധപ്പെടാതെ മറ്റേതിനു അസ്തിത്വമില്ല. അതുകൊണ്ടുതന്നെ ഒറ്റനോട്ടത്തിൽ ജീവന്റെ രഹസ്യം രാസികമായ പ്രതിമാനങ്ങളിലല്ല കുടികൊള്ളുന്നതെന്ന കാര്യത്തിൽ ഒറ്റ നോട്ടത്തിൽത്തന്നെ ഒരാൾക്ക് എത്തിച്ചേരാൻ കഴിയും.”

ജീവന്റെ ആവിർഭാവം പ്രകൃതിപരമായ കാരണത്താലല്ല എന്നത് നിസ്തർക്കമാണ്. അത് പ്രകൃത്യതീത ശക്തിയുടെ സാന്നിധ്യംകൊണ്ട് സൃഷ്ടിക്കപ്പെടാനേ ന്യായമായും കാരണമുള്ളൂ. ഈ യാഥാർഥ്യം സൃഷ്ടിവാദത്തെ നിഷേധിക്കുന്ന പരിണാമവാദത്തെ തീർച്ചയായും അപ്രസക്തമായ ഒന്നാക്കി മാറ്റുന്നു.

## സാങ്കൽപികമായ പരിണാമ പ്രക്രിയ

രണ്ടാമത്തെ പ്രധാനപ്പെട്ട സംഗതി ഡാർവിനിസം ഒരു സിദ്ധാന്തമെന്ന നിലയിൽ മുന്നോട്ടുവെക്കുന്ന പരിണാമ പ്രക്രിയ എന്ന ആശയം തള്ളിക്കളയേണ്ട ഒന്നാണെന്നതാണ്. അവർ പറയുന്ന പരിണാമ പ്രക്രിയക്ക് യഥാർഥത്തിൽ ഒട്ടും തന്നെ പരിണാമത്തെ ത്വരിതപ്പെടുത്താനുള്ള ശക്തിയില്ല.

ഡാർവിൻ തന്റെ സിദ്ധാന്തങ്ങളെ മുഖ്യമായും ഉന്നയിച്ചത് ‘പ്രകൃതിപരമായ തെരഞ്ഞെടുപ്പ്’ എന്ന പരിണാമ പ്രക്രിയയെ മുൻനിറുത്തിയാണ്. ഈ പ്രക്രിയയെ വളരെയധികം തെളിവുകളോടുകൂടിയാണ് തന്റെ പ്രഖ്യാത ഗ്രന്ഥത്തിൽ അദ്ദേഹം വിവരിക്കുന്നത്.

ജീവിതം നിലനിർത്താനുള്ള സമരത്തിൽ ജീവജാലങ്ങൾ തങ്ങളുടെ സ്വഭാവത്തെ ഉചിതമായി മാറ്റിയെടുക്കുന്നു എന്നതാണ് പ്രകൃതിപരമായ തെരഞ്ഞെടുപ്പ് എന്നതുകൊണ്ടർഥമാക്കുന്നത്. ഉദാഹരണത്തിന് വന്യ





മൃഗങ്ങളുടെ ഭീഷണികൊണ്ട് മാൻകൂട്ടങ്ങൾ അതിവേഗം ഓടി, തങ്ങളുടെ അതിജീവനം ഉറപ്പാക്കുന്നു ഇപ്രകാരം മാൻകൂട്ടത്തിലെ ഓരോ മാനും വേഗത യാർജിക്കുന്നു. പക്ഷേ, ഈ പ്രക്രിയതന്നെ എന്തുകൊണ്ട് മറ്റൊരു രീതിയിൽ പരിണമിക്കുന്നില്ല എന്ന് ആരും തന്നെ ചോദിക്കുന്നില്ല. ഉദാഹരണത്തിന് മാനുകൾക്ക് പരിണാമ പ്രക്രിയ എന്നു പേരിട്ടു വിളിക്കുന്ന ഈ പ്രവർത്തനത്തിലൂടെ കുതിരകൾ ആകാൻ കഴിയുമോ?

അതുകൊണ്ട് പരിണാമ പ്രക്രിയ എന്ന ആശയത്തിന് പരിണാമത്തിനു വേണ്ട ശക്തി പ്രദാനംചെയ്യാനാകില്ല. ഡാർവിൻ ഈ വിഷയങ്ങളെ പറ്റി വളരെ ബോധവാനായിരുന്നു. തന്റെ കൃതിയിൽ (ജീവന്റെ ഉല്പത്തി) അദ്ദേഹം ഇങ്ങനെ പ്രസ്താവിക്കുന്നു: “അനുയോജ്യമായ ജീവവ്യതിയാനങ്ങളോ, വ്യത്യസ്തതകളോ ഉണ്ടാകുന്നതുവരെ പ്രകൃതിപരമായ തെരഞ്ഞെടുപ്പ് എന്ന പ്രക്രിയ സാധ്യമാവുകയില്ല.”

## ലാമാർക്ക് സംഭവം

എങ്ങനെയാണ് ഉചിതമായ ഈ വ്യതിയാനങ്ങൾ സംഭവിക്കുക? അക്കാലത്ത് നിലനിന്നിരുന്നു വളരെ പഴക്കമേറിയ ശാസ്ത്രീയ അറിവുകളുടെ പിൻബലത്തിൽ ഇതിനുത്തരം കാണാൻ ഡാർവിൻ പരിശ്രമിച്ചു. അതിന് അദ്ദേഹം ആധാരമായി സ്വീകരിച്ചത് ഫ്രഞ്ചു ജീവശാസ്ത്രജ്ഞനായ ഷവിലയൻ ഡി ലാമാർക്കിന്റെ (1744-1829) കണ്ടുപിടിത്തങ്ങളെയാണ്.

ഡാർവിനുമുമ്പ് ജീവിച്ചിരുന്നു ഒരു ജീവശാസ്ത്രനായിരുന്നു ലാമാർക്ക്. ഒരു തലമുറയിൽനിന്ന് മറ്റൊരു തലമുറയിലേക്ക് ജീവിവർഗങ്ങൾ പാരമ്പര്യ ഗുണങ്ങൾ കൈമാറുന്നു എന്നതായിരുന്നു ലാമാർക്കിന്റെ സിദ്ധാന്തം. ഈ സിദ്ധാന്തത്തിന്റെ പിൻബലത്തോടെ ഒരു തലമുറയിൽനിന്ന് മറ്റൊരു തലമുറയിലേക്ക് പാരമ്പര്യമായി ജീവവ്യതിയാനങ്ങൾ ജീവിവർഗങ്ങൾക്ക് കൈമാറാൻ കഴിയുമെന്ന് ഡാർവിൻ സിദ്ധാന്തിച്ചു.

ഉദാഹരണത്തിന് ഉയർന്ന മരങ്ങളിലെ ഇലകൾ തിന്നാൻ കഴിയാതിരുന്ന ആന്റിലോപ്സ് എന്ന പുരാതന ജീവികളാണ് കാലക്രമേണേ ജിറാഫ് ആയി രൂപംകൊണ്ടതെന്നും ഈ പ്രക്രിയ ഒട്ടേറെ തലമുറകളിലൂടെയാണ് സംഭവിക്കുന്നതെന്നും വിശദീകരിക്കപ്പെട്ടു.

മറ്റു ചില ഉദാഹരണങ്ങൾ കൂടി ഡാർവിൻ തന്റെ ‘ജീവവർഗങ്ങളുടെ ഉൽപത്തി’ എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നു. അതിലൊന്ന് ഭക്ഷണ ദൗർബല്യംകൊണ്ട് വലഞ്ഞ കരടികളുടെ മുൻഗാമികൾ ജലത്തിൽ അതു തേടിപ്പോയപ്പോഴാണ് തിമിംഗലങ്ങൾ രൂപകൊണ്ടതെന്നാണ്.

പക്ഷേ, പിന്നീട് വന്ന ജോർജ് മെൻഡലിന്റെ (1822-’84) സിദ്ധാന്തത്തോടുകൂടി പാരമ്പര്യ നിയമങ്ങൾ ദൃഢീകൃതമാവുകയും പാരമ്പര്യ ശാസ്ത്രം ആധികാരകമായി ഉടലെടുക്കുകയും ചെയ്തു. അത് 20-ാം നൂറ്റാണ്ടിൽ ശാസ്ത്ര ലോകത്ത് ആധിപത്യം സ്ഥാപിച്ചത് ഒരു തലമുറയിൽനിന്ന് മറ്റൊരു

തലമുറയിലേക്ക് അനുക്രമിക്കുന്നു പാരമ്പര്യ ഗുണങ്ങൾ സംക്രമിക്കുന്നു എന്ന മെൻഡലിന്റെ വാദത്തെ അപ്പാടെ തകർത്തെറിഞ്ഞുകൊണ്ടാണ്. ഇങ്ങനെ പരിണാമപ്രക്രിയ എന്ന ആശയത്തിലൂടെ ഡാർവിൻ സ്ഥാപിക്കാൻ ശ്രമിച്ച 'പ്രകൃതിപരമായ തെരഞ്ഞെടുപ്പ്' എന്ന വാദമുഖം വെറും മിഥ്യയാണെന്ന് തെളിഞ്ഞു.

## നിയോ ഡാർവിനിസവും ഉൾപരിവർത്തനവും

നേരത്തേ പറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനായി 1930 കളുടെ അവസാനം ഡാർവിനിസ്റ്റുകൾ ആധുനിക ഉൽഗ്രഥനം സിദ്ധാന്തം അഥവാ ഉൾപരിവർത്തനം എന്ന പരികൽപനയിൽ അഭയം നേടി. നിയോ ഡാർവിനിസം പരിണാമവാദത്തിൽ കൂട്ടിച്ചേർത്ത് ഉൾപരിവർത്തന നിയമത്തെ ഇങ്ങനെ പറയാം: റേഡിയഷൻ മുതലായ ബാഹ്യ കാരണങ്ങൾ കൊണ്ട് ജീവികളുടെ ജനതിക കോശങ്ങളിലുണ്ടാകുന്ന വക്രതകൾ ഉൾപരിവർത്തനമായി മാറി ഉചിതമായ പാരമ്പര്യ വ്യതിയാനങ്ങൾക്ക് കാരണമാകുന്നു. ഇത്തരം പ്രക്രിയയിലൂടെയാണ് ഒട്ടേറെ സങ്കീർണമായ അവയവങ്ങൾ (ഉദാ: ചെവി, കണ്ണ്, കരൾ, ചിറക്) രൂപംകൊണ്ടതെന്നും അങ്ങനെത്തന്നെയാണ് ദശലക്ഷക്കണക്കിന് ജീവവർഗങ്ങൾ ഭൂമിയിൽ ഉണ്ടായതെന്നും നിയോ ഡാർവിനിസ്റ്റുകൾ സിദ്ധാന്തവത്കരിക്കുന്നു. ഉൾപരിവർത്തനം എന്താണെന്ന് ആഴത്തിൽ മനസ്സിലാക്കുകയാണെങ്കിൽ അവ വെറും ജനതിക തകരാറുകൾ ആണെന്ന് മനസ്സിലാക്കാം. യഥാർഥമായ അന്വേഷണങ്ങൾ ഉൾപരിവർത്തന നിയമത്തെ തരംതാഴ്ന്ന ഒരു സിദ്ധാന്തമായി കാണാൻ നമ്മെ പ്രേരിപ്പിക്കുന്നു. ഉൾപരിവർത്തന സിദ്ധാന്തത്തിലൂടെ ജീവികൾ പുരോഗമനത്തിലേക്ക് വികസിക്കുകയല്ല, പ്രത്യുത അവ വൈകൃതത്തിലേക്ക് പരിണമിക്കുകയാണ്.

ഇതിനുള്ള കാരണം വളരെ ലളിതമാണ് D.N.Aയുടേത്. അതിസൂക്ഷ്മവും സങ്കീർണവുമായ ഘടനയാണ്. അതിനാൽ സാരവത്തായ ആഘാതങ്ങൾ അതിനെ വികൃതമായ പുനഃസൃഷ്ടിക്ക് പ്രേരിപ്പിക്കുന്നു. ജനിതക ശാസ്ത്രജ്ഞനായ ബി.ജെ. രംഗനാഥൻ ഇങ്ങനെ വിശദീകരിക്കുന്നു: "ഒന്നാമതായി, സ്വാഭാവികമായ ഉൾപരിവർത്തനങ്ങൾ പ്രകൃതിയിൽ അപൂർവമായേ സംഭവിക്കുന്നുള്ളൂ. രണ്ടാമതായി, മിക്ക ഉൾപരിവർത്തനങ്ങളും അവ ശക്തമാണെങ്കിൽ സാധാരണയായി ജനിതക കോശഘടനയിൽ നടക്കുന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കാളും ഉപദ്രവകരമാണ്. വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ജനിതക വ്യവസ്ഥകൾക്ക് ശക്തവും ആകസ്മികവുമായ വ്യതിയാനങ്ങൾ ദോഷകരമാണ്. ഉദാഹരണത്തിന്, ഭൂകമ്പത്തിൽ നല്ല രീതിയിൽ സ്ഥിതിചെയ്യുന്ന ഒരു കെട്ടിടം ശക്തമായി കുലുങ്ങി എന്നു കരുതുക. ആകസ്മികമായുണ്ടായ ആഘാതം ഇനി ഒരിക്കലും നന്നാക്കിയെടുക്കാൻ കഴിയാത്ത വിധത്തിൽ ആ കെട്ടിടത്തെ ബാധിക്കും."





ഉൾപരിവർത്തനത്തെ നിയോ ഡാർവിനിസ്റ്റുകൾക്ക് തങ്ങൾക്കു വേണ്ട ഉദാഹരണമായി പറയാൻ സാധിക്കില്ല. ഇത്തരം ജനതിക വ്യതിയാനങ്ങൾ ഉപകാരപ്രദമാകുന്നത് ജനതിക കോശങ്ങളുടെ പുരോഗതിക്കുവേണ്ടി പുതിയ കാര്യങ്ങൾ പഠിക്കാനും നിരീക്ഷിക്കാനും മാത്രമാണ്. ഇതിൽനിന്ന് മനസ്സിലാക്കാനുള്ളത്, പരിണാമ പ്രക്രിയയെ സ്ഥാപിച്ചെടുക്കാൻ വേണ്ടി അവതരിപ്പിക്കാറുള്ള ഉൾപരിവർത്തനം വാസ്തവത്തിൽ ജീവവർഗങ്ങളെ അപഭംഗപ്പെടുത്താനും ദുർബലമാക്കാനുമാണ് കാരണമായിത്തീരുന്നത്. (ഉൾപരിവർത്തനത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് അർബുദം). നാശകരമായ ഒരു പ്രക്രിയ പരിണാമ പ്രക്രിയ ആവുകയില്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ, പ്രകൃതിപരമായ തെരഞ്ഞെടുപ്പുകൾ ജീവികൾക്കൊരിക്കലും സ്വയം സാസ്യമാവുകയില്ല എന്ന് ഡാർവിൻ സമ്മതിച്ചിട്ടുണ്ടല്ലോ! ഈ സംഗതികളെല്ലാം തെളിയിക്കുന്നത് പരിണാമ പ്രക്രിയ എന്ന ഒന്ന് പ്രകൃതിയിലെങ്ങും ഇല്ല എന്നാണ്. അതുകൊണ്ടുതന്നെ പരിണാമം എന്നു പേരിട്ടുവിളിക്കുന്ന സാങ്കൽപിക പ്രക്രിയയും പ്രകൃതിയിലെങ്ങും സ്ഥാനം നേടുന്നില്ല.

## ഫോസിൽ തെളിവുകൾ ഇടക്കുള്ള കണ്ണികൾക്ക് ഒരടയാളവും ലഭ്യമാക്കുന്നില്ല

പരിണാമവാദം എടുത്തുപറയുന്ന പ്രത്യേക തെളിവുകളായ ഫോസിൽ രേഖകളിൽ അത് വാദിക്കുന്ന ഒരു തെളിവും കാണാനാകുന്നില്ല. ഈ സിദ്ധാന്തം പറയുന്ന പ്രകാരം ഇപ്പോഴുള്ള എല്ലാ ജീവജാലങ്ങളും ഒരു ആദിമ പൂർവികനിൽനിന്ന് ഉരുത്തിരിഞ്ഞവയാണ്. മറ്റൊരു രീതിയിൽ പറഞ്ഞാൽ, നാമിപ്പോൾ കാണുന്ന ജീവജാലങ്ങൾ കോടിക്കണക്കിന് വർഷങ്ങളിലൂടെ പരിണമിച്ചുണ്ടായവയാണ്.

ഇത്തരം ഒരു പരികൽപനയിൽ, ഈ നീണ്ട പരിണാമങ്ങൾക്കിടയിൽ ഇപ്പോൾ ഭൂമിയിൽ കാണാനാവാത്ത ഒട്ടേറെ ജീവവർഗങ്ങൾ തീർച്ചയായും നിലനിന്നിരിക്കണം. ഉദാഹരണത്തിന്, പകുതി മത്സ്യവും പകുതി ഉരഗവുമായ ജീവികൾ ഭൂമുഖത്ത് നിലനിന്നിരിക്കുമല്ലോ? അവയിൽ പലതും മത്സ്യങ്ങളുടെ ജനിതക പാരമ്പര്യം സ്വീകരിച്ച് മത്സ്യങ്ങൾ ആയിത്തീർന്നിരിക്കണം. അതുപോലെ പക്ഷികളുടെയും ഉരഗങ്ങളുടെയും അംശങ്ങൾ കൂടിച്ചേർന്ന വർഗങ്ങൾ പിന്നീട് പക്ഷികളുടെ ജനതിക പാരമ്പര്യം സ്വീകരിച്ച് പക്ഷികളായി മാറിയിരിക്കണം.

പരിണാമദശയിലെ ദീർഘകാലയളവിൽ ഈ ജീവികളിൽ പലതും അതിജീവനം സാധ്യമാകാതെ, ദുർബലരും അംഗവിഹീനരുമായി മറഞ്ഞുപോയിരിക്കണം. പരിണാമവാദികൾ ഇത്തരം ഇടക്കാല ജീവിവർഗങ്ങളെ പരാമർശിക്കുകയും സംക്രമണകാല ജീവികളായി ഇവ ചരിത്രാതീതകാലത്ത് നിലനിന്നിരുന്നു എന്ന് വിശ്വസിക്കുകയും ചെയ്യുന്നു.

ഇത്തരം ജീവികൾ യഥാർഥത്തിൽ ഭൂമുഖത്ത് നിലനിന്നിരുന്നെങ്കിൽ

തീർച്ചയായും അവ ദശലക്ഷക്കണക്കിനോ കോടിക്കണക്കിനോ അവയുടെ എണ്ണത്തിലും തരത്തിലും ഉണ്ടായിരിക്കേണ്ടതാണ്. ജീവവർഗങ്ങളുടെ ഉൽപത്തിയിൽ ഡാർവിൻ ഇങ്ങനെ വിശദമായി പറയുന്നു:

“എന്റെ സിദ്ധാന്തം സത്യമാണെങ്കിൽ എല്ലാ വർഗത്തെയും പരസ്പരം ബന്ധിപ്പിക്കുകയും ഒരുമിച്ചുചേർക്കുകയും ചെയ്ത പരിണാമ ശൃംഖലകൾക്കിടയിലെ വൈവിധ്യമാർന്ന അനേകതരം ജീവികൾ ഭൂമിയിൽ നിലനിന്നിരിക്കണം. ഭാവിയിൽ കണ്ടെത്തിയേക്കാവുന്ന ഫോസിലുകളിൽ ഇവയുടെ മുൻകാല ജീവിതത്തിന്റെ തെളിവുകൾ തീർച്ചയായും കാണാനാവുന്നതാണ്.”

## ഡാർവിന്റെ പ്രതീക്ഷകൾ തകർന്നടിയുന്നു

19-ാം നൂറ്റാണ്ടിന്റെ പകുതി തൊട്ട് ഇത്തരം ഇടക്കാല ജീവികളുടെ ഫോസിലുകൾക്ക് പരിണാമവാദികൾ തീവ്രമായി തെരച്ചിൽ ആരംഭിച്ചെങ്കിലും ഒന്നുംതന്നെ കണ്ടെത്താനായില്ല പരിണാമവാദികളുടെ പ്രതീക്ഷകൾക്കു വിപരീതമായി ഫോസിൽ പഠനങ്ങളെല്ലാം തെളിയിച്ചത് ജീവൻ ഭൂമിയിൽ പ്രത്യക്ഷപ്പെട്ടത് വളരെ പെട്ടെന്നും, ഇന്നു കാണുന്ന രീതിയിൽ മുഴുവൻ രൂപത്തിലുമാണെന്നാണ്.

അതിപ്രശസ്തനായ ബ്രിട്ടീഷ് ഫോസിൽ ശാസ്ത്രജ്ഞൻ ഡെറക്.വി. അഗർ ഈ വസ്തുതയെ ഊന്നിപ്പറയുന്നു; അദ്ദേഹം ഒരു പരിണാമവാദിയാണെങ്കിലും:

“ഞങ്ങൾ ഫോസിൽ രേഖകൾ വിശദമായി പരിശോധിച്ചപ്പോൾ അവയുടെ ക്രമത്തിലും ജീവവർഗങ്ങളുടെ രൂപത്തിലും ഞങ്ങൾക്ക് വീണ്ടും വീണ്ടും കണ്ടെത്താനായത് ഒരിക്കലും ക്രമപ്രകാരത്തിലുള്ള അനുസൃത പരിണാമം ഫോസിൽ രൂപങ്ങൾക്കിടയിൽ കാണാനാകുന്നില്ല എന്നാണ്. പെട്ടെന്നുണ്ടായ ഒരു ആകസ്മിക സംഭവം പോലെയാണ് ഓരോ ജീവിവർഗവും ഉണ്ടായിത്തീർന്നത്. മറ്റു ജീവവർഗത്തിൽനിന്നും വ്യതിരിക്തമായി...”

ഈ പ്രസ്താവന വെളിവാക്കുന്നത് എല്ലാ ജീവജാലങ്ങളും ഒരേ നേരം ആവിർഭവിക്കുകയും മൊത്തമായിത്തന്നെ രൂപംകൊള്ളുകയും ചെയ്തു എന്നാണ്. ഇവക്കിടയിൽ കണ്ണികളായി നിലകൊള്ളുന്ന ‘മധ്യവർത്തി രൂപങ്ങൾ’ ഒന്നുംതന്നെ ഇല്ല. ഈ തെളിവുകൾ ഡാർവിന്റെ അനുമാനത്തിന് നേർ എതിർദിശയിലാണ്. അറിയപ്പെടുന്ന പരിണാമ ജീവശാസ്ത്രജ്ഞനായ ഡുഗ്ലാസ് ഫുത്യാമയും (Dueglas futuyma) ഈ സത്യത്തെ ശരിവെച്ചിട്ടുണ്ട്.

സൃഷ്ടിവാദത്തിനും പരിണാമവാദത്തിനുമിടയിൽ ജീവജാലങ്ങളുടെ ആവിർഭാവത്തെപ്പറ്റിയുള്ള എല്ലാ വിശദീകരണങ്ങളും ഇതുവരെ നടന്നു കഴിഞ്ഞിട്ടുണ്ട്. ജീവജാലങ്ങളുടെ ആവിർഭാവം ഭൂമിയിൽ വികസിച്ച രൂപത്തിൽ തന്നെയായിരിക്കാം. അല്ലാതെയും ആകാം. പെട്ടെന്നു രൂപമെടുത്തതല്ലെങ്കിൽ അവ ഏതോ പുരാതന പൂർവികനിൽനിന്ന് പരിണമിച്ചുവന്നതാകാം. ഒരുമിച്ച് രൂപമെടുത്തതാണെങ്കിൽ അവ ഏതോ സർവശക്തന്റെ ധിഷണയാൽ സൃഷ്ടിക്കപ്പെട്ടതായി വന്നുചേരുന്നു.





ഫോസിൽ തെളിവുകൾ വ്യക്തമാക്കുന്നത് ജീവജാലങ്ങൾ ഇന്നു കാണുന്ന രീതിയിൽ തന്നെ ഭൂമിയിൽ ആവിർഭവിച്ചതാണെന്നാണ്. ജീവന്റെ ആവിർഭാവം ഡാർവിന്റെ അനുമാനത്തിൽനിന്നും വ്യത്യസ്തമായി, പരിണാമത്തിലൂടെയല്ല ദൈവ സൃഷ്ടിയിലൂടെയാണ്.

## മനുഷ്യപരിണാമത്തിന്റെ കഥ

പരിണാമവാദം നമ്മുടെ മുന്നിൽ ഏറ്റവും കൂടുതൽ വാദിക്കുന്നത് മനുഷ്യന്റെ ഉൽഭവത്തെപ്പറ്റിയാണ്. ഡാർവിനിസ്റ്റുകൾ അവകാശപ്പെടുന്നത് ആധുനിക മനുഷ്യൻ വാനര സദൃശമായ ജീവികളിൽനിന്നു പരിണമിച്ചുണ്ടായി എന്നാണ്. 4-5 ദശലക്ഷം വർഷങ്ങൾക്കു മുമ്പ് ആരംഭിച്ചതായി സങ്കൽപിക്കപ്പെടുന്ന ഈ പരിണാമ പ്രക്രിയക്കിടക്ക് ആധുനിക മനുഷ്യനും അവന്റെ ആദിമപൂർവികനുമിടക്ക് ഒട്ടേറെ പരിണാമ രൂപങ്ങൾ നിലനിന്നിരിക്കണമെന്ന് ഊഹിക്കപ്പെടുന്നു. തികച്ചും ഭാവനാധിഷ്ഠിതമായ ഈ തിരക്കഥയിൽ നാല് അടിസ്ഥാന വിഭാഗങ്ങളെ അവർ നിർണയം ചെയ്തിട്ടുണ്ട്.

1. ആസ്ട്രാലോ പിത്തികസ്
2. ഹോമോ ഹാബിലിസ്
3. ഹോമോ എറെക്റ്റ്യുസ്
4. ഹോമോ സാപ്പിയൻസ്

മനുഷ്യന്റെ ആദിമ പൂർവികരെ പരിണാമവാദികൾ വിശേഷിപ്പിച്ചിരിക്കുന്നത് ആസ്ട്രാലോ പിത്തികസ് എന്ന ആഫ്രിക്കൻ വാനരനെയാണ്. ഈ ജീവിവർഗം വംശനാശം വന്ന് അപ്രത്യക്ഷമായ പുരാതനവാഹര വംശമല്ലാതെ മറ്റൊന്നുമല്ല. ആസ്ട്രാലോ പിത്തികസിന്റെ വ്യത്യസ്ത മാതൃകകളെപ്പറ്റി ഇംഗ്ലണ്ടിൽനിന്നും അമേരിക്കയിൽനിന്നുമുള്ള വിശ്വശ്രേഷ്ഠരായ രണ്ടു ശരീരഘടനാ ശാസ്ത്രജ്ഞർ വിശദമായ ഗവേഷണങ്ങൾ നടത്തിയിട്ടുണ്ട്. ലോർഡ് സോലിസുക്കർമാനും, ചാൾസ് ഓക്സനാഡും. ഇവർ വെളിവാക്കുന്നത് ആസ്ട്രാലോ പിത്തികസ് നാമാവശേഷമായ സാധാരണ വാനര വംശത്തിൽ പെട്ടവയാണെന്നും, അവക്ക് മനുഷ്യനോട് സദൃശമായ എന്തെങ്കിലും ഐകരൂപ്യമില്ല എന്നുമാണ്.

ആസ്ട്രാലോ പിത്തികസിൽനിന്നു മനുഷ്യനിലേക്ക് വികസിക്കുന്ന ഘട്ടങ്ങളെ ഹോമോ എന്ന് പരിണാമ ശൃംഖലയിൽ നാമകരണം ചെയ്തിരിക്കുന്നു. ഹോമോ എന്നാൽ മനുഷ്യൻ, അഥവാ മനുഷ്യ സ്വഭാവമാർന്നത് എന്നാണർഥം. വ്യത്യസ്തമായ ഫോസിലുകളെ ഒരു പ്രത്യേക ശ്രേണിയിൽ ചേർത്തുവെച്ചുകൊണ്ട് കൗതുകകരമായ ഒരു പരിണാമ പദ്ധതിയാണ് ഇവർ

തയ്യാറാക്കിയിരിക്കുന്നത്. ഈ ഫോസിലുകൾക്കു തമ്മിൽ പരസ്പര ബന്ധം തെളിയിക്കാൻ കഴിയാത്തതിനാൽ ഈ അനുക്രമ പദ്ധതി വെറും ഒരു കെട്ടു കഥയായി അവശേഷിക്കുന്നു.

20-ാം നൂറ്റാണ്ടിലെ ഏറ്റവും പ്രധാനിയായ ഒരു പരിണാമ ശാസ്ത്ര ജ്ഞന്റെ 'ഒരു ദീർഘമായ വാദഗതി' (One long argument) എന്ന കൃതിയിൽ ഇങ്ങനെ വായിക്കാം:

"ജീവന്റെ ആവിർഭാവത്തെയും ഹോമോസാപ്പിയൻസിനെയും കുറി ച്ചുള്ള ചരിത്രപരമായ സമസ്യകൾ ശരിയായ ഒരു വിശദീകരണത്തിന് വഴ ങ്ങാൻ കഴിയാത്തവിധം ദുഷ്കരമായിരിക്കുന്നു."

ആസ്ട്രാലോ പിത്തികസ് > ഹോമോഹാബിലിസ് > ഹോമോ എറെക് റ്റ്യുസ് > ഹോമോ സാപ്പിയൻസ് എന്ന രീതിയിൽ പരിണാമ ശാസ്ത്രജ്ഞ ന്മാർ വാനരന്റെ മനുഷ്യരിലേക്കുള്ള പരിണാമത്തിന് ഒരു ശ്രേണീബന്ധം ഉണ്ടാക്കിയിട്ടുണ്ട്. ഈ ശ്രേണീബന്ധത്തിലെ ഓരോന്നും അതിനു മുമ്പത്തെ വംശത്തിൽനിന്ന് പരിണമിച്ചു എന്ന നിലയിൽ ഒരോന്നിന്റെയും പൂർവികൻ മുമ്പത്തെ വംശമാണ് എന്ന് സ്ഥാപിക്കുന്നതാണ് ഈ ശൃംഖലാബന്ധം. എന്നാൽ ഫോസിൽ ശാസ്ത്രത്തിൽ നടന്ന പുതിയ കണ്ടുപിടിത്തങ്ങൾ ഈ നാലു വംശങ്ങളും ഒരേകാലത്ത് ഭൂമിയിൽ ജീവിച്ചിരുന്നതായി തെളി വുനൽകുന്നു.

ഇതിനെക്കാൾ തീർച്ചയായും ദുരൂഹമായിട്ടുള്ളത് ഹോമോ എറെക്റ്റ്യുസ് എന്ന അവാന്തര വിഭാഗം ആധുനിക കാലം വരെ ജീവിച്ചിരുന്നു എന്ന വസ്തുതയാണ്. കൂടാതെ, ഹോമോ സാപ്പിയൻസ് നിയോണ്ടർത്താലുകളും ഹോമോ സാപ്പിയൻസ് ഹോമോ സാപ്പിയൻസുകളും (ആധുനിക മനുഷ്യൻ) ഒരേ ഭൂവിഭാഗങ്ങളിൽ ഒരേകാലത്ത് ജീവിച്ചു എന്ന തെളിവുകളാണ്.

ഇത്തരം തെളിവുകൾ വ്യക്തമായും സൂചിപ്പിക്കുന്നത് മുകളിലുള്ള വംശ ത്തെയും താഴെയുള്ള വംശത്തിന്റെ പുർവികനായി രേഖപ്പെടുത്തിയിട്ടുള്ള ഈ ശ്രേണീ ശൃംഖല വെറും കെട്ടുകഥയാണെന്നാണ്. ഹാർവാർഡ് യൂനി വേഴ്സിറ്റിയിലെ ഫോസിൽ ശാസ്ത്രജ്ഞനായ സ്റ്റീഫെൻ ജേഗൗൾഡ് (Stephen jay Gould) പരിണാമസിദ്ധാന്തത്തിലെ ഈ സമസ്യയെപ്പറ്റി വിശദീ കരിക്കുന്നു:

"ഒന്ന് മറ്റൊന്നിൽനിന്ന് ക്രമപ്രകാരം രൂപപ്പെട്ടു എന്നു കരുതുന്ന മനു ഷ്യന്റെ പൂർവികരായ മൂന്നു വാനര വംശങ്ങളുടെയും യഥാർഥമായ ശ്രേണീ ബന്ധം എന്താണ്? ഈ മൂന്നു വാനരവംശങ്ങളും ഭൂമിയിൽ ജീവിച്ചിരുന്ന കാലത്ത് പരിണാമപരമായ പ്രവണതകൾ ഒന്നുംതന്നെ പ്രകടിപ്പിച്ചിട്ടില്ല എന്നു വേണം കരുതാൻ..."

ചുരുക്കത്തിൽ, അർധമനുഷ്യനും, അർധവാനരനുമൊക്കയായി മാധ്യ മങ്ങളിലും പാഠപുസ്തകങ്ങളിലും പ്രത്യക്ഷപ്പെടുന്ന വിവിധതരം ചിത്ര





ങ്ങൾകൊണ്ട് സ്ഥാപിക്കപ്പെടുന്ന മനുഷ്യപരിണാമത്തിന്റെ രംഗമണ്ഡലം യഥാർഥത്തിൽ ശാസ്ത്രീയമായ അടിത്തറയില്ലാത്ത വെറുമൊരു പ്രചാരണം മാത്രമാണ്.

അത്യധികം അംഗീകരിക്കപ്പെട്ട വ്യക്തിമായ ബ്രിട്ടീഷ് ശാസ്ത്രജ്ഞൻ ലോർഡ് സോളി ബുക്കർമാൻ ഏകദേശം 15 വർഷം ആസ്ട്രാലോപിത്തിക സിന്റെ ഫോസിലുകളിൽ ഗവേഷണവും പ്രത്യേക പഠനവും നടത്തിയ ശേഷം മനുഷ്യവംശത്തിന്, വാനരവംശജരുമായി ഒരുതരത്തിലുള്ള ജീവ ശാസ്ത്രപരമായ ബന്ധവുമില്ലെന്ന് സമ്മതിച്ചിട്ടുണ്ട്.

## ഡാർവിന്റെ സമവാക്യം

നാമിപ്പോൾ പരിശോധിച്ച സാങ്കേതികവും ശാസ്ത്രീയവുമായ കാര്യ ങ്ങളെല്ലാം കാണിക്കുന്നത്, ഒരു പരിണാമവാദി എത്തരം അന്ധവിശ്വാസ ങ്ങളാണ് പുലർത്തുന്നതെന്നാണ്! നാം പരിശോധിച്ച കാര്യങ്ങൾ ഒരു കുട്ടി ക്കുപോലും വ്യക്തമായി മനസ്സിലാക്കാൻ കഴിയുംവിധം ലളിതമാണ്.

ജീവൻ യാദൃച്ഛികമായി രൂപപ്പെട്ടു എന്നാണ് പരിണാമവാദം സിദ്ധാ ന്തീകരിക്കുന്നത്. ജീവരഹിതവും ബോധരഹിതവുമായ ആറ്റങ്ങൾ കൂടി ച്ചേർന്ന് എങ്ങനെയോ മനുഷ്യനിൽപ്പെട്ട ജീവവർഗങ്ങൾ രൂപപ്പെട്ടു എന്നാ ണവർ അവകാശപ്പെടുന്നത്. ജീവന്റെ അടിസ്ഥാന ഘടകങ്ങളെ ഒരുമിച്ചെ ടുക്കുകയാണെങ്കിൽ അവ കാർബൺ, ഫോസ്ഫറസ്, നൈട്രജൻ, പൊട്ടാസ്യം മുതലായ മൂലകങ്ങളുടെ ഒരു കൂമ്പാരമായിരിക്കും.

ഏതൊക്കെ രീതിയിൽ വിധേയമാക്കിയാലും ഈ ആറ്റമിക് കൂമ്പാര ങ്ങൾക്ക് ഒരു ചെറിയ ജീവകോശത്തെപ്പോലും നിർമിക്കാൻ കഴിയുകയില്ല. നിങ്ങൾക്ക് സമ്മതമാണെങ്കിൽ ഒരു പരിണാമവാദിയുടെ സാന്നിധ്യത്തിൽ ത്തന്നെ ഈ വിഷയത്തിൽ നമുക്കൊരു പരീക്ഷണം നടത്താവുന്നതും അതിന്റെ ഫലം പരിശോധിക്കാവുന്നതുമാണ്.

ജീവജാലങ്ങളിൽ അടങ്ങിയിരിക്കുന്ന അനേകം ഘടകങ്ങളെ അതായത്, ഫോസ്ഫറസ്, നൈട്രജൻ, കാർബൺ, ഓക്സിജൻ, ഇരുമ്പ്, മഗ്നീഷ്യം മുത ലായ മൂലകങ്ങളെ പരിണാമ ശാസ്ത്രജ്ഞന്മാർ വലിയ ബാരലിൽ കൊണ്ടു വരട്ടെ. സാധാരണ അന്തരീക്ഷത്തിൽ പരീക്ഷണത്തിനുപയോഗിക്കാൻ കഴി യാത്ത മൂലകങ്ങളും പദാർഥങ്ങളും ബാരൽകണക്കിന് അവർ ആവശ്യപ്പെ ടുന്ന പക്ഷം കൊണ്ടുവരട്ടെ; ഇവക്കൊപ്പം അമിനോ അമ്ലങ്ങളുടെ ഒട്ടേറെ മിശ്രിതവും ചേർക്കട്ടെ; സാധാരണ ഭൗമാന്തരീക്ഷത്തിൽ സംയോജിപ്പിക്കാൻ കഴിയാത്തതാണിവ. കൂടാതെ പല പ്രോട്ടീനുകളും സംയോജിക്കാൻ $10^{950}$-ൽ ഒരു സാധ്യതയാണുള്ളത്. ഈ മിശ്രിതത്തെ അവർക്കിഷ്ടമുള്ള താപ ത്തിലോ ശീതത്തിലോ വേണ്ടവിധം രൂപപ്പെടുത്തട്ടെ. ശാസ്ത്ര സാങ്കേ തികവിദ്യയുടെ എല്ലാ കഴിവുകളും ഉപയോഗിച്ച് അവയെ വേണ്ടവിധം അവർ തയ്യാറാക്കട്ടെ. ലോകത്തിലെ ഏറ്റവും വിദഗ്ധരായ ശാസ്ത്രജ്ഞരെ ഇക്കാ

ര്യങ്ങൾക്കുവേണ്ടി നിയോഗിക്കട്ടെ; ദശലക്ഷക്കണക്കിനോ, കോടിക്കണക്കിനോ വർഷങ്ങൾ ഈ വിദഗ്ധർ ബാരലുകൾക്കടുത്ത് കാത്തിരിക്കട്ടെ, മനുഷ്യനെ ഉണ്ടാക്കാൻ ആവശ്യമെന്നു കരുതുന്ന എല്ലാ പദാർഥങ്ങളും എല്ലാ സൗകര്യങ്ങളും അവർക്ക് ചെയ്തുകൊടുത്താലും ഈ ബാരലുകളിൽനിന്ന് അവർക്ക് ഒരു മനുഷ്യനെ സൃഷ്ടിക്കാൻ കഴിയുമോ?

ഇലട്രോൺ മൈക്രോസ്കോപ്പ് ഉപയോഗിച്ചുകൊണ്ട് തന്റെ കോശഘടനപരിശോധിക്കുന്ന ഒരു പ്രൊഫസർക്ക് ആ കോശത്തിൽനിന്ന് ജിറാഫുകളെയോ, സിംഹങ്ങളെയോ തേനീച്ചകളെയോ, കുതിരകളെയോ.... അങ്ങനെ ദശലക്ഷക്കണക്കിന് ജീവജാലങ്ങളിൽ ഏതെങ്കിലുമൊന്നിനെ സൃഷ്ടിക്കാൻ കഴിയുമോ? തീർച്ചയായും അയാൾക്കൊരിക്കലും ഇവയിലേതെങ്കിലും ജീവിയുടെ കോശത്തെ നിർമിക്കാനാവില്ല.

ചുരുക്കത്തിൽ ചേതനയില്ലാത്ത തന്മാത്രകൾക്ക് ഒന്നിച്ചുചേർന്ന് ഒരു ജീവകോശമാകാനാവില്ല. ഈ ജീവകോശത്തെ വിഘടിപ്പിച്ച് രണ്ടായിത്തീരാൻ അവക്ക് തീരുമാനമെടുക്കാനാവില്ല. പദാർഥം അചേതനമാണ്. ജീവരഹിതമായ ആ പദാർഥങ്ങൾക്ക് അല്ലാഹുവിന്റെ ഉന്നതമാർന്ന സൃഷ്ടികർമത്തിലൂടെ മാത്രമേ ജീവിഗുണം കൈവരൂ.

പരിണാമവാദം അവർ അവകാശപ്പെടുന്ന എല്ലാ കാര്യങ്ങൾക്കും നേർവിപരീതമാണ്. അത് യുക്തിവിരുദ്ധവും മിഥ്യയുമാണ്.

●

NB: ഈ ലേഖനത്തിന്റെ പ്രസക്തഭാഗങ്ങൾ മാത്രമേ വിവർത്തനം നടത്തിയിട്ടുള്ളൂ.
വിവർത്തകൻ -*പി.എ.എൻ*